# ശേഷിച്ച ക്ഷണം

ജീവിതത്തിന്റെ മദ്ധ്യത്തിൽ
നേരിട്ട ഒരാപത്തിൽ
ശരീരത്തിന്റെ മദ്ധ്യംവച്ച്
തളർന്നുപോയ
മലബാറിലെ
ക്ലാരമ്മ എന്ന വീട്ടമ്മയുടെ
തളരാത്ത മനസ്സിന്റെ കഥ

കുഞ്ഞുമോൻ തോട്ടപ്പള്ളി

Malayalam
**Sheshicha Kashanam**
(Clarammayude Jeevacharithram)

Author: Kunjumon Thottappally

DTP & Cover Design: Graphic Design

Printed at:
Ebenezer Press, Thrissur -12

For Copies and more details:
Kunjumon Thottappally
Lakkattoor P.O.,
Kottayam 686 502
Mob: 9447868593

## 14-ാം വർഷത്തിലേക്ക്



ക്ലാരമ്മയുടെ ജനനം 1952-ൽ കീഴ്വായ്പൂര് കരകനിലയാനി വീട്ടിൽ: അപ്പൻ ജോസഫ്. അമ്മ ത്രേസ്യാമ്മ. വിദ്യാഭ്യാസം: എസ്.എസ്.എൽ.സി. (1969) ചെമ്പേരി ഹൈസ്കൂൾ (കണ്ണൂർ) തൊഴിൽ: തയ്യലും എംബ്രോയിഡറിയും. ഭർത്താവ് തോമസ് തട്ടാപറമ്പിൽ കുടിയാന്മല. മക്കൾ ജോമോൻ, ജിഷമോൾ, ജോമോൾ രക്ഷാനുഭവം: 1982 (കുടിയാന്മല ബ്രദറൺ സഭ). വീഴ്ചയിൽ നട്ടെല്ലൊടിഞ്ഞ 2001 ജൂലൈ 5 മുതൽ ദൈവകരത്തിലെ ശേഷിച്ച കഷണം. പുരാവസ്തു ഗവേഷകർക്കു ശേഷിച്ച കഷണം നിധിയാണ്. കുറ്റാന്വേഷകർക്കു കേസ്സു തെളിയിക്കാനൊരു ശേഷിച്ചകഷണം മതി. ശേഷിച്ച കഷണത്തെ നിസ്സാരവൽക്കരിക്കാതെ അതിനെക്കൊണ്ടു നൽപ്പെഴുന്ന മഹത്തായ വേലകൾ ചെയ്യുന്ന ശില്പികൾക്കുടയവൻ യഥാർത്ഥ ആത്മീയതയ്ക്കൊരു ഗൈഡ് എന്ന നിലയിൽ ഈ ശേഷിച്ച കഷണത്തെ ഉപയോഗപ്പെടുത്തട്ടെ.

**സന്ദേശം**

ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി

**പുസ്തകാഭിപ്രായം**

ജെയിംസ് വർഗീസ് IAS

**ആശംസകൾ**

1. ക്ലാരമ്മ ദൈവകരവിരുതിന്റെ വീരപുത്രി
   കെ.എ. ഫിലിപ്പ് മൈലപ്ര

2. നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ
   ജോൺ കുര്യൻ കോട്ടയം

3. ക്ലാരമ്മ ദൈവകൃപ പകരപ്പെട്ട മൺപാത്രം
   സി.റ്റി. ജോണിക്കുട്ടി, എരുമേലി

4. കർത്താവിനെ സ്നേഹിക്കുന്ന ക്ലാരമ്മ
   സിറിയക് ജെ. പടവിൽ

5. ബൈബിൾ ക്ലാരമ്മയുടെ ശക്തിയുടെ രഹസ്യം
   ജോസഫ് ആന്റണി

**ആമുഖം**

കുഞ്ഞുമോൻ തോട്ടപ്പള്ളി






## ഉള്ളടക്കം


1 ദുഃഖിതരെങ്കിലും......
2 ധൈര്യം ഒരു സ്വർഗ്ഗീയ കുടുംബസ്വത്ത്
3 തയ്യലും സത്യാന്വേഷണവും
4 ജീവിത പങ്കാളിയും മക്കളും
5 പശ്ചാത്താപമോ പ്രായശ്ചിത്തം?
6 ബൈബിൾ കൃഷ്ണൻ   എന്ന വിശ്വാസി
7 മുലപ്പാൽ വേറെ മിൽമാപ്പാൽ വേറെ
8 സ്ത്രീകളുടെ കാതുകളും മൂക്കും തുളയ്ക്കണമോ?
9 സ്ത്രീകൾക്കു ചെയ്യാവുന്ന സുവിശേഷ വേലകൾ
10 വീട്ടിലെ തിരുവത്താഴം
11 വെള്ളം കൊണ്ടൊരത്ഭുതം
12 ദൈവത്തിന്റെ ഭാഷയേത്?
13 ദൈവം മനസ്സിനെ പാകപ്പെടുത്തുന്നു
14 2001 ജൂലൈ 5
15 ഈയ്യോബിനു കർത്താവു വരുത്തിയ അവസാനം
16 വീർപ്പുമുട്ടിയ്ക്കുന്ന സഹോദര സ്നേഹം
17 മഹാപ്രതിഫലം ഇവിടെയല്ല - അവിടെയാണ്
18 കൊച്ചുകാര്യങ്ങൾക്കും കർത്താവ്
19 മെഡിക്കൽ മിഷൻ സ്വന്തം വീട്
20 മക്കളും കൊച്ചുമക്കളും
21 രാധിക
22 കനകക്കുന്നിൽ നിന്നും ചില കനകക്കട്ടകൾ
23 കൊല്ലം സോദരീഭവൻ ശുശ്രൂഷകൾ
24 അമ്മ വിശ്വാസത്തിലേക്ക്
25 ഒരുനാൾ തോമാച്ചനും.......
26 അബിത മരുമകളല്ല - മകളാണ്
27 ഏലിയാവിന്റെ ദൈവം എവിടെ?
28 ചവറ്റുകൊട്ടയെയും മാനിക്കുന്ന കർത്താവ്
29 സമാധാനത്തിന്റെ ദൈവവും ദൈവസമാധാനവും
30 കർത്താവിന്റെ ഫയർ ഫോഴ്സ്
31 തിരുനാമം നിമിത്തം.....
32 തുല്യമായി വീതിയ്ക്കുന്ന നീതിയുള്ള കർത്താവ്
33 പ്രതിഫലം സ്നേഹത്തിന്
34 പ്രാർത്ഥനയ്ക്കും പ്രതിഫലം
35 ബ്രദറൺ സഭയും ബൈബിളും
36 പ്രാർത്ഥന എന്ന ധൂപവർഗ്ഗം
37 മനുഷ്യരുടെ മുമ്പിൽ കൈനീട്ടാതെ ദൈവ മുമ്പാകെ കൈകൂപ്പുക
38 കുടിയാന്മല സഭയെ നനച്ചവർ
39 ശേഷിച്ച കഷണം
40 ശീതകാലത്തിനു  മുമ്പേ...

സന്ദേശം:

No. 1626/Pre-Sec/CM/2014 26-11-2014



**ഉമ്മൻചാണ്ടി**
കേരളാ മുഖ്യമന്ത്രി

## സന്ദേശം

ജീവിതത്തിൽ തിരിച്ചടികൾ സ്വഭാവികമാണ്. അവയെ അതിജീവിക്കുന്നവരെ സമൂഹം വിജയികളായി കണക്കാക്കും. എന്നാൽ, ശാരീരിക പരിമിതികൾ മറന്ന്, സ്വന്തം നേട്ടങ്ങൾക്കുപരി സമൂഹ നന്മയ്ക്കായി പ്രവർത്തിക്കുന്നവർക്ക് സമൂഹത്തിന്റെ ഹൃദയത്തിലാകും സ്ഥാനം. വീഴ്ചയിൽ നട്ടെല്ലിനേറ്റ ക്ഷതം മൂലം അരയ്ക്കു താഴേയ്ക്കു തളർന്നുപോയിട്ടും സാമൂഹിക സേവനപാതയിൽ മുന്നോട്ടു പോകുന്ന ശ്രീമതി ക്ലാരമ്മ ഇതിന് ഉദാഹരണമാണ്. ശ്രീമതി ക്ലാരമ്മയെക്കുറിച്ച് ശ്രീ. കുഞ്ഞുമോൻ തോട്ടപ്പള്ളി എഴുതിയ ഈ ജീവചരിത്രം എല്ലാവർക്കും പ്രചോദനമാകട്ടെ.

എല്ലാ ആശംസകളും

**ഉമ്മൻചാണ്ടി**
*(ബഹു. കേരള മുഖ്യമന്ത്രി)*





**JAMES VARGHESE**
Principal Secretary to Govt.,
LSGD & PORTS

Res. Address:
TC 2/1032 (18), Old Pattom
Road, Medical College PO,
Thiruvananthapuram..
0471 2321129, 2517219, (O)
0471 2443351 (R)

2014 December15th

# പുസ്തകാഭിപ്രായം

**ജയിംസ് വറുഗീസ് IAS**

**ഈ** പുസ്തകം പ്രതിപാദ്യവിഷയത്തോടു നീതിപുലർത്തിയിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. തന്റെ കാര്യങ്ങൾ എല്ലാം പറഞ്ഞ് മഹത്വമെടുക്കാൻ വിമുഖതയുള്ള സഹോദരി ക്ലാരമ്മ തന്നെക്കുറിച്ച് പറയാവുന്നതെല്ലാം പറയാതിരുന്നതാകണം അതിന്റെ ഒരു കാരണം. ഒരു പക്ഷേ മറ്റുള്ളവർക്കു പ്രയോജനമുണ്ടാകുമെന്നു പറഞ്ഞ് പ്രേരിപ്പിച്ചാകണം സ്നേഹപൂർവ്വം നിർബന്ധിച്ച് സഹോദരൻ കുഞ്ഞുമോൻ തോട്ടപ്പള്ളി ദൈവനാമ മഹത്വത്തിനായി ഇത്രയുമെങ്കിലും ഊറ്റിയെടുത്തത്. താൻ പ്രാണനുതുല്യം സ്നേഹിക്കുന്ന കുടിയാന്മല സഭയുളവാകാൻ ദൈവമെടുത്തുപയോഗിച്ച കർത്തൃദാസന്റെ ഉപദേശം ദൈവഹിതപ്രകാരമെന്നുള്ളത് തിരിച്ചറിയാൻ സഹോദരിക്ക് കഴിഞ്ഞതുകൊണ്ടായിരിക്കണം സഹോദരി അത്രയുമെങ്കിലും മനസ്സുതുറന്നത്. പുസ്തകം ആത്മകഥാശൈലിയിൽ രൂപപ്പെടുത്തിയതിനാൽ സഹോദരി മറ്റുള്ളവരെ എങ്ങനെ സ്വാധീനിക്കുമെന്നുള്ളത് പൂർണ്ണമായി ചേർക്കാൻ കുഞ്ഞുമോൻ തോട്ടപ്പള്ളി സഹോദരന് പരിമിതിയുണ്ടായിരിക്കണം. അതുകൊണ്ടു തന്നെ ഒരു പുസ്തകാഭി പ്രായത്തിന് വളരെ പ്രസക്തിയുണ്ട്.

ക്ലാരമ്മ സഹോദരിയെ ഞാൻ പരിചയപ്പെടുന്നത് ഏകദേശം ഇരുപത്തഞ്ചുവർഷം മുമ്പ് ഒരു ക്യാമ്പിൽവച്ചായിരുന്നു. താൻ ശയ്യാവലംബയാകുന്നതുവരെ അനേക ക്യാമ്പുകളിൽ ഒരുമിച്ച്

കർത്താവിന്റെ ശുശ്രൂഷയിലായിരിപ്പാൻ കർത്താവു സഹായിച്ചു. തന്റെ താഴ്മയിലൂടെയും പ്രാർത്ഥനാശീലത്തിലൂടെയും മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലൂടെയും വെളിപ്പെട്ടുവന്ന സഹോദരിയുടെ ഉന്നതമായ ആത്മിയതയിലേക്കു അന്നേ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. വളരെ ബുദ്ധുമുട്ടുസഹിച്ച് പെൺകുട്ടികളെ മലബാറിൽനിന്നും കേരളത്തിന്റെ വിവിധഭാഗങ്ങളിൽ ക്യാമ്പുകൾക്ക് കൊണ്ടുവരാനും മടങ്ങി ഭവനത്തിലെത്തുവോളം അവരെ സംരക്ഷിക്കുവാനും താൻ കാണിച്ചിരുന്ന ശ്രദ്ധ പ്രശംസാർഹമായിരുന്നു. മറ്റുള്ളവരുടെ ആത്മീകവളർച്ച തന്റെ ഒരു തപസ്യയായിരുന്നു.

എന്നാൽ തീ പൊന്നിന്റെ മാറ്റു വെളിപ്പെടുത്തുന്നതുപോലെ കഷ്ടതയാണ് സഹോദരിയുടെ ആത്മീക മാറ്റു വെളിപ്പെടുത്തിയത്. തീവ്രമായ കഷ്ടത സഹോദരിയുടെ വിശ്വാസവും ആത്മീക തീഷ്ണതയും പ്രാർത്ഥനയും സുവിശേഷവേലയും വർദ്ധിപ്പിച്ചേയുള്ളെന്ന് മലബാറിൽനിന്നുള്ള സഹോദരന്മാരിൽനിന്നും അറിയാനിടയായി. അത് എന്നെ അത്ഭുത പരതന്ത്രനാക്കി. കഷ്ടത നിരാശ വർദ്ധിപ്പിക്കുമെന്നും ദൈവാശ്രയം നശിപ്പിക്കുമെന്നുമാണല്ലോ ലോകത്തിന്റെ തത്വശാസ്ത്രം! എന്നാൽ സഹോദരിയുടെ കാര്യത്തിൽ അതു മറിച്ചായിരുന്നു എന്ന് അറിയാനിടയായി.

സഹോദരിയുടെ ഉന്നതമായ ആത്മീകാനുഭവത്തെക്കുറിച്ചുള്ള കേൾവിയുടെ അടിസ്ഥാനത്തിൽ സഹോദരിയെ കാണാനായി വലിയ താൽപര്യമുണ്ടായി. രണ്ടുവർഷം മുമ്പൊരിക്കൽ തിരുവിതാംകൂറിന്റെ തെക്കു താമസിക്കുന്ന ഞാൻ സമയക്കുറവ് അവഗണിച്ച് മലബാറിന്റെ വടക്കുതാമസ്സിക്കുന്ന ക്ലാരമ്മ സഹോദരിയെ കാണാനായി പോയി. ചെല്ലുമെന്നറിഞ്ഞപ്പോൾ സഹോദരന്മാർ ചില മീറ്റിംഗുകൾ ക്രമീകരിച്ചിരുന്നെങ്കിലും യാത്രോദ്ദേശ്യം സഹോദരിയെ കാണുകയെന്നുള്ളതു മാത്രമായിരുന്നു.

ഒരു നല്ല വചനശുശ്രൂഷയെക്കാൾ പ്രയോജനകരമായിരുന്നു ആ സന്ദർശനം എന്നുപറഞ്ഞാൽ അൽപംപോലും അതിശയോക്തിയുണ്ടാവില്ല. അതിന് ഏതാനും മാസം മുമ്പ് താൻ കാലുചൊറിയാൻ ശ്രമിച്ചപ്പോൾ എല്ലൊടിഞ്ഞുപോയതടക്കമുണ്ടായിരുന്ന പല വേദനകളും മറന്ന് സഹോദരി സുസ്മേരവദനയായി കാണപ്പെട്ടു.





സംസാരിച്ച വിഷയങ്ങളെല്ലാം ആത്മീകമായിരുന്നു. പോയകാലത്ത് അനുഭവിച്ച ആത്മീക നന്മകളും ദൈവം ജീവിതത്തിൽ ചെയ്ത അത്ഭുതങ്ങളും പ്രാർത്ഥനാവിഷയങ്ങളും ആത്മീക പ്രോജക്ടുകളും പ്രിയപ്പെട്ടവർ നന്നായി നോക്കുന്നതും ഇങ്ങനെ പല കാര്യങ്ങളും പങ്കുവച്ചു. തന്റെ മരുമകളുടെയും മകന്റെയും കരുതലിനെക്കുറിച്ചുള്ള സാക്ഷ്യം പ്രിയപ്പെട്ടവരുടെ ആത്മിക നിലവാരത്തെ കാണിക്കുന്നതായിരുന്നു. കഷ്ടതയിലൂടെ കടന്നുപോകുന്ന സഹോദരി ദൈവത്തോട് എത്ര അടുത്താണ് കഴിയുന്നത് എന്നെനിക്കടുത്തറിയാനായിടയായി. കഷ്ടതയിലൂടെ കടന്നുപോകുന്നവരുടെ വായിൽനിന്നും സാധാരണ അതൃപ്തിയും ശാപവുമാണല്ലോ വരുന്നത്? നിരാശയുടെ ഒരുവാക്കു പോലും തന്റെ വായിൽനിന്നും വന്നില്ല. ആശ്വസിപ്പിക്കാനായി ചെന്ന ഞാൻ ആശ്വിസിപ്പിക്കപ്പെട്ടു എന്നതാണു സത്യം. ജീവിതത്തിലെ എത്രയും കൈപ്പേറിയ അനുഭവങ്ങൾക്കിടയിലും ദൈവത്തിൽതന്നെ ആശ്രയിക്കണമന്നുള്ള പാഠം ദൈവം എന്നെ പഠിപ്പിച്ചു.

കഷ്ടത ഇത്രയധികം സഹിഷ്ണതയും സിദ്ധതയും പ്രത്യാശയും ഉണ്ടാക്കുമെങ്കിൽ (റോമർ 5:3) കഷ്ടത നല്ലതാണെന്നു പഠിപ്പിക്കുന്ന ഒന്നാണ് സഹോദരിയുടെ ജീവിതം. അത് തന്മയത്വമായും സത്യസന്ധമായും പകർത്തിയ സഹോദരൻ കുഞ്ഞുമോൻ തോട്ടപ്പള്ളിക്ക് ദൈവനാമത്തിൽ നന്ദി കരേറ്റുന്നു. ദൈവം വളരെ ഉപയോഗിച്ചിട്ടുള്ള മുന്നണി സുവിശേഷകനായ അദ്ദേഹത്തെ കുടിയാന്മലയുടെ പുത്രിയുടെ ഊഷരജീവിതത്തിലെ വജ്രങ്ങൾ കുഴിച്ചെടുക്കാൻ ഉപയോഗിച്ചത് ദൈവഹിതം മാത്രം. അവന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

ഒപ്പ്

**ജയിംസ് വർഗ്ഗീസ്**

# ക്ലാരമ്മ: ദൈവ കരവിരുതിന്റെ വീരപുത്രി

**കെ.എ. ഫിലിപ്പ്, മൈലപ്ര**

**ക്ലാ**രമ്മയുടെ മാതാവ് ത്രേസ്യാമ്മ മകൾക്ക് ഒരു വിശുദ്ധയുടെ ജീവിതം നേർന്നുകൊണ്ടാണ് ആ പേരു നൽകിയത്. പേരിന്റെ അർത്ഥം ചിന്തയിൽ ഉണ്ടായിരുന്നോ എന്ന് അറിഞ്ഞുകൂടാ. ക്ലാര എന്ന ലാറ്റിൻ പദത്തിന് പ്രകാശമുള്ള (Light) എന്നാണർത്ഥം. ക്ലാരമ്മയ്ക്ക് ഇവ രണ്ടും അതായത്, വിശുദ്ധിയും വെളിച്ചവും ദൈവം വേറൊരു നിലയിൽ നൽകുക തന്നെ ചെയ്തു. രക്ഷിക്കപ്പെട്ടതിനാലുള്ള വിശുദ്ധീകരണവും (1 യോഹ. 1:7) അതിന്റെ അടിസ്ഥാനത്തിൽതന്നെ വെളിച്ചമായ കർത്താവിന്റെ മകളായിത്തീർന്നതിനാലുള്ള ആത്മീയ ശോഭയുമാണത് (1 തെസ്സ. 5:5, എഫേ 5:8).

ഒരു സാധാരണ ജീവിതത്തിലെ അസാധാരണതകളാണ് ക്ലാരമ്മയുടെ ജീവിത സന്ദേശം. യേശുക്രിസ്തുവിനു സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ജീവിതംകൊണ്ട് ഒരു അബല (സ്ത്രീ എന്നർത്ഥം മാത്രം)യ്ക്കുപോലും സാധിക്കാവുന്ന കാര്യങ്ങൾക്ക് പരിധിയില്ല എന്ന ആത്മീയ നിയമമാണ് ഇവിടെ തെളിയുന്നത്. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി 4:13) എന്നാണ് അതിന്റെ പൗലോസ് ഭാഷ്യം. പൗലോസിന്റെ ജീവിതാഭിലാഷങ്ങളിലൊന്ന് "ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ അനുഭവിച്ചറിയുക" എന്നുള്ളതായിരുന്നല്ലോ. അതേ ചിന്തയാണ് ക്ലാരമ്മയെയും ഭരിച്ചിരുന്നത്. അപകടംമൂലം ഉണ്ടായ ശാരീരിക തളർച്ചയെപ്പറ്റി സഹോദരി പറഞ്ഞ വാക്കുകളിൽനിന്ന് അതു വ്യക്തമാണ്. ഇനിയുമുള്ള കാലം കർത്താവിന്റെ സഹായത്താൽ മാത്രം കഴിയാമല്ലോ എന്ന സന്തോഷവും സംതൃപ്തിയും. ശരീരത്തിന്റെ പകുതിയിലധികം ഭാഗത്തെ തളർത്തിക്കൊണ്ട് തന്നെ ഒരു ആജീവനാന്തശയ്യാവലംബിയാക്കിയ അതിദാരുണമായ വിപത്തിനു നേരേയുള്ള അത്യുദാത്തമായ ക്രിസ്തീയ പോസിറ്റീവ് പ്രതികരണമല്ലേയിത്? ഇത് എത്രപേർക്കു സാധിക്കും? ദൈവകൃപയിലും ദൈവാശ്രയത്തിലും ഊന്നിയ നിശ്ചയദാർഢ്യമാണ് ഇവിടെ ദൃശ്യമാകുന്നത്.

ഈ ജീവിതത്തിന് അക്ഷരം നൽകാൻ മുന്നോട്ടുവന്ന എന്റെ സ്നേഹിതൻ കുഞ്ഞുമോൻ തോട്ടപ്പള്ളിയെ ഞാൻ അഭിനന്ദിക്കുന്നു.





ഒന്നോ രണ്ടോ തലമുറയിൽപെട്ട ഏതാനുംപേരുടെ സ്മൃതിയിലും അധരങ്ങളിലും തങ്ങിനിന്നശേഷം മനുഷ്യസഹജമായ വിസ്മൃതിയിൽ മറഞ്ഞുപോകുന്നതാകരുത് ഈ തേജസ്വിയുടെ ക്രിസ്തു-ജീവിതം എന്ന ചിന്തയാണ് അദ്ദേഹത്തെ ഭരിച്ചത് എന്ന് എനിക്കുറപ്പുണ്ട്. പതിമൂന്നു വർഷമായി ഒരു ഇടുങ്ങിയ മുറിയിലെ ഒരു ശയ്യയിൽ ഒതുങ്ങിയ ഈ ജീവിതത്തിന്റെ ധന്യതയും അതിലേക്ക് മന്ദം മന്ദം എന്നാൽ ഇടറാതെ, സഹോദരി ക്ലാരമ്മ പദമൂന്നിയതും ഗ്രന്ഥകർത്താവ് സരളമായ ഭാഷയിലും അത്യാവശ്യ സ്ഥാനങ്ങളിൽ നിർദ്ദോഷ നർമ്മം കലർത്തിയും അതേസമയം ശക്തമായ വിശ്വാസസ്ഥാപന വിരുത് (Apologetic skill) തെളിയിച്ചും, ഒപ്പം ജീവചരിത്രാംശങ്ങൾ ഒട്ടും ചോർന്നുപോകാതെ ശ്രദ്ധിച്ചുമാണ് ഈ ക്ലാസിക് രചിച്ചിരിക്കുന്നത്.

സത്യാന്വേഷികൾക്ക് വഴികാട്ടിയും ദുഃഖിതർക്ക് ആശ്വാസവും കഷ്ടതയുടെ നടുവിൽ പെട്ടുഴന്നു വലയുന്നവർക്ക് ധീരമായ സഹനശക്തിയുമാണ് ക്ലാരമ്മയുടെ ചലനാത്മകവും ആത്മശക്തി തുടിക്കുന്നതുമായ ഈ ജിവചരിത്രം. അസംഖ്യം അനുവാചകരെ ഈ ഗ്രന്ഥം ക്ലാരമ്മയുടെ കർത്താവിങ്കലേക്ക് ആകർഷിപ്പിക്കട്ടെ, ആത്മീയമായി ആനന്ദിപ്പിക്കട്ടെ, ആവേശഭരിതരാക്കട്ടെ എന്ന് ആശംസിക്കുന്നു. ഗ്രന്ഥകർത്താവിനും എന്റെ ശുഭാശംസകൾ. ദൈവനാമം എല്ലാംകൊണ്ടും മഹത്വപ്പെടട്ടെ.

കെ.എ. ഫിലിപ്പ്
മൈലപ്ര

30-11-2014

# നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ

**ജോൺ കുര്യൻ**

**ക**ർത്താവിൽ എന്റെ പ്രിയ സഹോദരി ക്ലാരമ്മയുടെ ജീവിത മൂല്യങ്ങൾ ക്രോഡീകരിച്ചു പുസ്തകമാക്കുവാൻ സുവിശേഷകൻ കുഞ്ഞുമോൻ തോട്ടപ്പള്ളിയെ പ്രേരിപ്പിച്ച ദൈവത്തിനു സ്തോത്രം. ഇതുമൂലം അനേകർ ദൈവത്തിന്റെ സൗജന്യ രക്ഷാമാർഗ്ഗം അറിയുവാനും അറിഞ്ഞവർ ആത്മീയ ജീവിതത്തിന്റെ വെല്ലുവിളികൾ സധൈര്യം ഏറ്റെടുക്കുവാനും സന്നദ്ധരാകുമെന്നതിനു സംശയമില്ല.

കുടിയാന്മലയിലെ മുൻ നിരക്കാരായിരുന്ന കർത്തൃദാസന്മാരായ പൌലോസ് തുടിയൻ കുഞ്ഞുമോൻ തോട്ടപ്പള്ളി മുതൽപ്പേരോടൊത്ത് വളരെ വർഷങ്ങളായി ആ സഭയുടെ വളർച്ചയ്ക്കായി എളിയ പങ്കുവഹിക്കുന്ന ആളെന്നുള്ള നിലയിൽ എനിക്കു പറയാൻ കഴിയും, ഇതൊരു നിർവ്യാജമായ ആവിഷ്ക്കരണമാണ്; അതിശയോക്തി തെല്ലുമില്ല. ഇതിലെ സംഭവങ്ങളിൽ പലതും സഹോദരി എന്നോടും പങ്കു വച്ചിട്ടുള്ളതാണ്.

കേരളത്തിൽ ഇത്ര ആത്മീയ ഉത്സാഹം ഉള്ളതും ഒരു സഭയുടെ കെട്ടുപണിയിൽ സഹോദരന്മാർക്കു തുല്യം ഉപയോഗപ്പെട്ടതുമായ ഒരു സഹോദരിയെ ഞാൻ വേറെ കണ്ടിട്ടില്ല. ശരീരത്തിനു സാരമായ വൈകല്യം സംഭവിച്ചെങ്കിലും ഏൽപ്പിക്കപ്പെട്ട ആത്മീയ ശുശ്രൂഷകൾ അഭംഗുരം തുടരുവാൻ സഹായിക്കുന്ന ക്ലാരമ്മയിലെ ദൈവകൃപയെ ഉദാഹരിച്ചുകൊണ്ടു ഞാൻ പലയിടത്തും സംസാരിച്ചിട്ടുണ്ട്.

എന്റെ കുടുംബാംഗങ്ങളിൽ ചിലർ ഓപ്പറേഷൻ തിയേറ്ററിലും ഐ.സി.യു.വിലും ആയിരിക്കെ വാതിലിനു വെളിയിൽ ചില രാവും ചില പകലും ഇരിക്കാൻ ഇടയായപ്പോൾ ക്ലാരമ്മ സഹോദരിയെ ഓർക്കുമായിരുന്നു. ഒരു ചുവടുപോലും ഒന്നു പിച്ചവയ്ക്കുവാൻ ഈ ആയുസ്സിൽ ഇനി സാധിക്കുകയില്ലെന്നറിഞ്ഞിട്ടും എന്തൊരു ധൈര്യം? എന്തൊരു പ്രത്യാശ?

ദൈവകൃപയെ പരസ്യമായ കാഴ്ചയാക്കാൻ തെരഞ്ഞെടുക്കപ്പെടുന്നവർ ധനികരോ വിദ്യാസമ്പന്നരോ ആയിരിക്കണമെന്നില്ല. ഉഴുതുന്നവരെയും വിതയ്ക്കുന്നവരെയും കൊയ്തുമെതിക്കുന്നവരെയും കാട്ടത്തിപ്പഴം പെറുക്കിനടക്കുന്നവരെയും കൂടാരപ്പണിക്കാരെയും ദൈവകൃപയുടെ പ്രായോജിത പരിപാടിയിൽ വേഷമിടുവാൻ





ദൈവം കണ്ടെത്തിയ ചരിത്രമാണു ബൈബിളിന്റെ ഇതിവൃത്തം. ആ ദൈവകൃപയാണു കേരളത്തിന്റെ അതിർത്തി ഗ്രാമത്തിലെ ഒരു സാധാരണ പെൺകൊടിയിൽ വ്യാപരിച്ച് അവളെ അസാധാരണ യാക്കിയത്.

മുകളിൽ കാർമേഘപടലങ്ങൾ ചടുലനൃത്തം ചവിട്ടുന്ന ഈ ഗൃഹാന്തരീക്ഷത്തിൽനിന്നും ഏകമകൻ ജോമോനെങ്ങനെ ബൈബിൾ നെഞ്ചോടു ചേർത്തുവച്ച് ജനനന്മലാക്കാക്കി സുവിശേഷഘോഷണത്തിനിറങ്ങിത്തിരിക്കാൻ സാധിച്ചു? ആ മേഘമണ്ഡലങ്ങൾക്കും മീതേയുള്ള ദൈവത്തിന്റെ അഗ്നിസ്തംഭം അവയ്ക്കു വെള്ളിവെളിച്ചം പൂശിയിരിക്കുന്നു. അതാണതിനു കാരണം. ദൈവകൃപയുടെ പ്രഭാപൂരമാണാവീടിനെ ആവരണം ചെയ്തിരിക്കുന്നത്.

മൂന്നു മക്കൾക്കും അവരുടെ കുടുംബങ്ങൾക്കും മേൽ നിരാശയുടെ കരിനിഴൽ വീഴ്ത്താൻ സാത്താനായിട്ടില്ല. അമ്മയോടുള്ള ദൈവത്തിന്റെ ഇടപെടൽ അവരെ ആ ദൈവത്തോടു ഒന്നുകൂടെ അടുപ്പിച്ചിട്ടേയുള്ളു. നവോമിയോടുള്ള ദൈവത്തിന്റെ ഇടപെടൽ രൂത്തിനെ യഹോവയോട് ഒട്ടിച്ചേർക്കുകയായിരുന്നില്ലേ?

ക്ലാരമ്മയെ ശുശ്രൂഷിച്ച രാധികയ്ക്കും രാപകൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന അബിതയ്ക്കും വേർപെട്ട ദൈവജനത്തിന്റെ ആദരവ്. ഈ സഹോദരിയുടെ ജീവിതം സഫലമാണെന്നു തിരുവെഴുത്തിലെ നിരവധി ഉപദേശസത്യങ്ങളുടെ പിൻബലത്തോടെ സമർത്ഥിച്ച എന്റെ സുഹൃത്ത് ശ്രീ. തോട്ടപ്പള്ളിയ്ക്കും പ്രണാമം.

"നിങ്ങളും ശരീരത്തിൽ ഇരിക്കുന്നവരാകയാൽ" എന്ന എബ്രായ ലേഖന വാക്യപ്രകാരം ഈ മനസ്സുതുറക്കൽ പലരുടേയും ഹൃദയവും ഭവനവും കർത്താവിനായി മലർക്കെ തുറക്കപ്പെടുവാൻ കാരണമാകട്ടെ എന്നാണെന്റെ പ്രാർത്ഥന. ഇക്കാലത്തു മുഴുവൻ മലയാളികളും വായിച്ചിരിക്കേണ്ട ഒരു ഉത്തമ ഗ്രന്ഥമാണിതെന്നാണെന്റെ പക്ഷം. കാലികമാണ്, ഹൃദയസ്പർശിയാണ്, കുടുംബപരമാണ്, ഉപദേശപരമാണ്, പണ്ഡിതോചിതമാണ്, ആഹ്വാനപ്രദമാണ്, സർവ്വോപരി ദൈവനാമത്തിനു മഹത്വം നൽകുന്നതാണ്.

**ജോൺ കുര്യൻ**
കോട്ടയം

13-11-2014

# ക്ലാരമ്മ: ദൈവകൃപ പകരപ്പെട്ട മൺപാത്രം

സി.റ്റി. ജോണിക്കുട്ടി

**ക്ലാ**രമ്മ തോമസിന്റെ ജീവചരിത്രത്തിലൂടെ ഒരു വായനായാത്രയ്ക്കു അവസരം ലഭിച്ചതിൽ സന്തോഷിക്കുന്നു. കാൽനൂറ്റാണ്ടുകൾക്കു പിറകിലെ 2 വർഷത്തിന്റെ ഹ്രസ്വമായ പരിചയമാണുള്ളത്. മൂന്നര പതിറ്റാണ്ടു പിന്നിടുന്ന ആത്മീയ സപര്യയ്ക്കിടെ ഇത്രയേറെ വചനബോധവും സുവിശേഷദാഹവും ദീർഘവീക്ഷണവുമുള്ള അധികം വനിതകളെ കണ്ടിട്ടില്ല എന്നതാണു ശരി.

എന്തുകൊണ്ടു ഈ വിധമൊരു പ്രതിസന്ധിയിലൂടെ കടന്നു പോകേണ്ടിവരുന്നു എന്നതു സാധാരണ മനസ്സുകളിൽ ഉയരാവുന്ന ചോദ്യം തന്നെ. ക്ലാരമ്മയുടെ ജീവിതം വേദപുസ്തക ചരിത്രത്താളുകളോടു ചേർത്തു വായിച്ചാൽ ഉത്തരം കിട്ടും. അതിലെ കഥാപാത്രങ്ങളുടെ അനുഭവ വഴികളിലൂടെ പ്രയാണം ചെയ്യണം.

ദൈവത്തിന്റെ സ്നേഹിതനായ അബ്രഹാമിനു വാഗ്ദത്ത സന്തതിയെ യാഗപീഠത്തിൽ കിടത്തേണ്ടിവന്നു. കൈകാലുകൾ ബന്ധിതനായി കിടക്കുന്ന വാത്സല്യപുത്രന്റെ നെഞ്ചിനു നേരെ കത്തി ഉയർത്തേണ്ടിവന്ന ആ പിതാവിന്റെ നെഞ്ചിടിപ്പിന്റെ ഗ്രാഫ് ദൈവം അളന്നു. ദൈവത്തോടുള്ള സ്നേഹം തെല്ലുപോലും ഒരിക്കലും താണു കണ്ടിട്ടില്ല. നീ എന്നെ സ്നേഹിക്കുന്നു എന്നുള്ളതായിരുന്നു റിസൽട്ട്.

അല്പം താമസിച്ചാലും തന്നെ സ്നേഹിച്ചു മരിച്ചവരുടെ കല്ലറയ്ക്കരികിലേക്കു താൻ വരികയും ഉയിർപ്പിന്റെ ഗംഭീരധ്വനി മുഴക്കി മരിച്ചവരെ മടക്കിവരുത്തി ജീവിച്ചിരിക്കുന്നവരോടൊപ്പം സന്തോഷിക്കാനവസരം ഒരുക്കുകയും ചെയ്യുമെന്നു പഠിപ്പിക്കുവാനാണു തന്നെ സ്നേഹിച്ച ബെഥാന്യയിലെ സഹോദരിമാരെ യേശു കണ്ണീർമഴയത്തേക്കിറക്കി വിട്ടത്.

വിശ്വാസവീഥിയിൽ ഏകാന്തപഥികയായിരുന്ന ക്ലാരമ്മയ്ക്ക് അനുവദിച്ച അത്യന്തം വേദനാ നിർഭരമായ രംഗങ്ങളിലൂടെ ദൈവം ലോകത്തോടും വിശ്വാസ സമൂഹത്തോടും മൗനമായെങ്കിലും വാചാലമായി സംസാരിക്കുകയാണ്. ദൈവം തന്റെ സാന്നിദ്ധ്യത്തിന്റെ ചൂടും വെളിച്ചവും നൽകിക്കൊണ്ടിരുന്നതുകൊണ്ടു ക്ലാരമ്മ തളർന്നില്ല.

ദൈവമേ പലരേക്കാൾ യോഗ്യയായ എനിക്കെന്തുകൊണ്ടു ഈ കഷ്ടതയായ ശിക്ഷ തന്നു എന്ന പരാതിയല്ല ക്ലാരമ്മയ്ക്കുള്ളത്. ദൈവമേ പലരേക്കാൾ അയോഗ്യയായ എനിക്കെന്തുകൊണ്ട് ഈ





കഷ്ടത വരമായി നൽകി എന്ന സംതൃപ്തിയാണുള്ളത്. ക്ലാരമ്മ മൺപാത്രമാണ്; എന്നാലതുനിറയെ ദൈവകൃപയാണ്; ദൈവത്തിന്റെ അത്യന്തശക്തിയാണ് (2 കൊരി 4:7). അതുകൊണ്ടാണു ഏലീശാ മരണഹേതുകമായ രോഗം ബാധിച്ചു കിടന്നപ്പോഴും പ്രയോജനപ്പെട്ടതുപോലെ ക്ലാരമ്മയും പ്രയോജനപ്പെടുന്നത് (2 രാജ 13:14).

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വേലിക്കെട്ടുകൾ പൊട്ടിച്ചുകൊണ്ട് സധൈര്യം പുറത്തുകടന്നതിനാൽ ദൈവത്തിനായി ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ കഴിഞ്ഞു. പ്രേഷിത ദൗത്യത്തിനായി ജീവിതം സമർപ്പിച്ച മകൻ ജോമോൻ തോമസും കുടുംബവും വേർപെട്ട വിശ്വാസ സമൂഹത്തിലെ വേണ്ടപ്പെട്ടവരായി മാറിയ ജോമോളുടെയും ജിഷാമോളുടെയും കുടുംബങ്ങളും അതിന്റെ തെളിവുകളാണ്.

"നീ തരുന്ന ശോധന വേദനകൾ നന്മയെന്നു നാളുകൾ കഴിഞ്ഞിടുമ്പോൾ നാഥാ ഞാനറിഞ്ഞിടുമേ" എന്നു നമ്മുടെ സഹോദരൻ ചാൾസ് ജോൺ എഴുതിപാടി. കർത്താവു ചെയ്യുന്നതിന്റെ നന്മകൾ പൂർണ്ണമായി തന്റെ വീണ്ടും വരവിങ്കലേ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

അവനവൻ ആത്മസുഖത്തിനാചരിക്കുന്നവ അപരനു സുഖത്തിനായ് വരണം എന്നൊരു ശ്ലോകമുണ്ട്. ബൈബിളനുസരിച്ച് അവനവന്റെ സുഖങ്ങൾ മാത്രമല്ല കഷ്ടനഷ്ടങ്ങളും മറ്റുള്ളവർക്കു നേട്ടങ്ങളാക്കി മാറ്റാൻ ദൈവത്തിനു കഴിയും. ബെയൂല ദേശത്തേക്കു (യെശ 62:4) പ്രയാണം ചെയ്യുന്ന ആയിരങ്ങൾക്കു ഈ ശേഷിച്ച കഷണം തേൻ ചേർത്ത ദോശപോലെയുള്ള മന്നയായും എലീം താഴ്വരയിലെ ഈത്തപ്പഴമായും തീരട്ടെ.

ദിശ അറിയാതെ വഴിമുട്ടിനിൽക്കുന്ന സത്യാന്വേഷകർക്കു യഥാർത്ഥ വഴിയായ യേശുവിലേയ്ക്കും ദൈവവഴികൾ നേരായി പറഞ്ഞു തരുന്ന ബ്രദറൺ സമൂഹത്തിലേക്കുമുള്ള ദൂരം ഈ ഗ്രന്ഥം കുറയ്ക്കുമെന്നതിനു സംശയമില്ല.

ഗ്രന്ഥകാരന്റെ ഗവേഷണ ചിന്തയും അദ്ധ്വാനവും ഇതിനെ ഒരു മികവുറ്റ സാഹിത്യ സൃഷ്ടിയാക്കിയിരിക്കുന്നു.

എരുമേലി — സി.റ്റി. ജോണിക്കുട്ടി
10-11-2014

# കർത്താവിനെ സ്നേഹിക്കുന്ന ക്ലാരമ്മ

**സിറിയക് ജെ. പടവിൽ**

**ഞ**ങ്ങളുടെ ഇടവകയിലെ ക്ലാരമ്മചേച്ചി വേദനപ്പെട്ടു കിടക്കുന്നതിൽ മനസ്സ് അസ്വസ്ഥമാണെങ്കിലും ആ ശരശയ്യ ജീവചരിത്രമാകുന്നതിൽ സന്തോഷമുണ്ട്.

മലയാള സാഹിത്യത്തിലെ വനിതാ ജീവചരിത്ര ശാഖ സമാദരണീയരായ വി. അൽഫോൻസാമ്മ, സിസ്റ്റർ മേരി ബെനീഞ്ഞ, മാധവിക്കുട്ടി, ബാലാ മണിയമ്മ, മിസ്സിസ്സ് കെ.എം. മാത്യു, അക്കാമ്മ ചെറിയാൻ, അന്നചാണ്ടി, ദയാഭായി, ക്യാപ്റ്റൻ ലക്ഷ്മി, ഡോ.എം. ലീലാവതി, ലളിതാംബിക അന്തർജ്ജനം, ആനി തയ്യിൽ, ക്ലാര എന്ന നടി ഷീല, മേരി റോയി തുടങ്ങിയവരുടെ ചരിത്രങ്ങളാൽ സംപുഷ്ടമാണ്.

വിശുദ്ധ ബൈബിളിലെ രൂത്ത്, എസ്തേർ എന്നീ രണ്ടു പുസ്തകങ്ങൾ സ്ത്രീകളുടെ പേരിലുള്ളതും അവരുടെ ജീവചരിത്രവുമാണെങ്കിലും ബ്രദറൺ സഭാ ഭൂപടത്തിൽ ജീവചരിത്രത്തിന് ഒരു മഹിള കഥാപാത്രമാകുന്നത് നടാടെയാണ്. അതും ജീവിച്ചിരിക്കുമ്പോൾ. ആ മഹിളാരത്നം മലബാറിൽ നിന്നാണെന്നുള്ളത് ഞങ്ങളെ സംബന്ധിച്ച് ഇരട്ടിമധുരമാണ്. ഈ ജീവചരിത്രം നാളെ സിനിമയാകില്ലെന്നാരു കണ്ടു?

നൂതന ആശയാവിഷ്ക്കാരങ്ങൾക്കു എന്നും ധൈര്യം കാട്ടിയിട്ടുള്ള തോട്ടപ്പള്ളിസാർ കുടിയാന്മലയിലെ മുന്നണി പ്രവർത്തകൻ എന്ന നിലയിൽ ഈ രചനയ്ക്കു സർവ്വഥാ യോഗ്യനാണ്.

ഇറ്റലിയിലെ അസ്സീസ്സിയിലെ വിഖ്യാതയായ വിശുദ്ധയായിരുന്നു ക്ലാര (1194-1253). ധനികയും സുന്ദരിയുമായിരുന്ന ക്ലാര കൗമാരത്തിൽ ഒരു ധനാഢ്യയുവകോമളനുമായി സ്നേഹത്തിലായിരുന്നു. എന്നാൽ ഫ്രാൻസിസ് എന്ന ആ യുവാവിന് മാനസാന്തരമുണ്ടായി. അവൻ ജഢീക മോഹങ്ങളോടു മാത്രമല്ല ലൗകീക ധനങ്ങളോടും വിടപറഞ്ഞ് തീവ്രമായ ദാരിദ്ര്യവ്രതം സ്വീകരിച്ചു. അത് ഫ്രാൻസിസ്കൻ സന്യാസ സമൂഹത്തിന്റെ ഉത്ഭവത്തിനു നിദാനമായി. അദ്ദേഹം വിശുദ്ധരുടെ നിരയിലേക്കുയർ ത്തപ്പെട്ടു. പഴയ കാമുകനായ ഫ്രാൻസിസ് അസ്സീസ്സിയുടെ ദർശനങ്ങളിൽ ആകൃഷ്ടയായ ക്ലാരയും സന്യാസവഴി





തെരഞ്ഞെടുത്തു. ധാരാളം സന്യാസിനിമാർ അവരോടു ചേർന്നു. ലോകത്തെമ്പാടും ക്ലാരാ മഠങ്ങളുണ്ടായി. അസ്സിസ്സിയിലെ വിശുദ്ധ ക്ലാരയുടെ പേരിടപ്പെട്ട നമ്മുടെ ക്ലാരമ്മ കർത്താവിനെ ആത്മ മണവാളനായി സ്വീകരിച്ചതിനാൽ അനേകരെ കർത്താവിന്റെ രാജ്യത്തിനായി ഒരുക്കിക്കൊണ്ടിരിക്കുന്നു. (ക്ലാരമ്മ ക്ലാരിറ്റിയിലേക്ക് വഴിതിരിക്കുന്നു)

1980 കളിൽ കേരളത്തിൽ തരംഗമായിരുന്ന കരിസ്മാറ്റിക്ക് നവീകരണം കൊണ്ടു പലരും തൃപ്തിപ്പെട്ടപ്പോൾ ക്ലാരമ്മ ഒരു പടികൂടെ മുമ്പോട്ടുപോയി. ജീവിത നവീകരണമല്ല ജനനമാണു വേണ്ടത്. വീണ്ടും ജനിച്ച് ആത്മീയ ജീവിതം ഒന്നിൽ നിന്നു തുടങ്ങണം എന്നു തിരിച്ചറിഞ്ഞു. അതാണു സുവിശേഷത്തിന്റെ സാരസംഗ്രഹം. അതാണു മതവും സുവിശേഷവും തമ്മിലുള്ള സാരമായ വ്യത്യാസവും.

നിയാമകമായ ഭൂമിയും സൗരയൂഥവും യാദൃശ്ചികമായി ഉണ്ടായതാണെന്നും ദൈവം സൃഷ്ടിച്ചതല്ലെന്നും പോലും പഠിപ്പിക്കുന്ന ഈ കാലത്ത് ദൈവം മനുഷ്യരെ ആത്മീയ ജീവിതത്തിനായി പുതിയ സൃഷ്ടികളാക്കും എന്നു പറയുന്ന താളുകൾക്ക് വിശ്വസനീയമാകുമോ? നോഹയുടെ കാലത്ത് 8 പേർ മാത്രമല്ലേ സത്യം വിശ്വസിക്കാനുണ്ടായിരുന്നത്? ഇക്കാലത്തും കുറച്ചുപേരേയുള്ളൂ.

കേരളത്തെയും കുടകിനെയും വേർതിരിക്കുന്ന വൈതൽ മലനിരയിലെ കുടിയാന്മലയിൽ ബ്രദറൺ സമൂഹത്തിലെ മുൻനിരയിൽപ്പെട്ടവർ സുവിശേഷവുമായി എത്തി. പൌലോസ് തുടിയച്ചായനോടൊപ്പം വന്ന എം.എം. സഖറിയ, എം.ഇ. ചെറിയാൻ, പി.എം. മാത്യു തുടങ്ങിയവരുടെ പ്രസംഗങ്ങൾ കുടിയാന്മലയെ കോരിത്തരിപ്പിച്ചു. പലർക്കും പേടിസ്വപ്നമായിരുന്ന യഹോവസാക്ഷികൾ പിന്നെ തലപൊക്കിയിട്ടില്ല. എം.എം. സഖറിയാസാറിന്റെ റസ്സൽമതഛേദനം കേൾക്കാൻ മാമ്പുഴയച്ചൻ പള്ളിമുറിയിൽ നിന്നിറങ്ങി വന്നിരുന്നു.

കുടിയാന്മലയിലെ ഉണർവ്വിന് പുസ്തകങ്ങൾ വഹിച്ച പങ്ക് വലുതാണ്. ചിന്തിക്കേണ്ട ചില യാഥാർത്ഥ്യങ്ങൾ, വസ്തുതകളെ നേരിടുക, ശാസ്ത്രയുഗത്തിൽ ബൈബിൾ വിശ്വസനീയമോ തുടങ്ങിയവ അവയിൽ ചിലതുമാത്രമാണ്.

കോഴിക്കോടിനടുത്ത് മൈക്കാവിൽ താമസിച്ചിരുന്ന പി.എം. മാത്യുച്ചായൻ കുടിയാന്മലയിൽ വന്ന് പടവിൽ വീട്ടിൽ താമസിച്ചുകൊണ്ടു ചില ദിവസങ്ങൾ പ്രവർത്തിച്ചു. ഒരു ദിവസം കുടിയാന്മലയിൽ ഒരു കവലപ്രസംഗം കഴിഞ്ഞ് ആളുകൾക്ക് ട്രാക്ടുകളും ചെറുപുസ്തക

ങ്ങളും വിതരണം ചെയ്യുകയായിരുന്നു. പെരുമ്പുഴ കൊച്ചേട്ടന്റെ അടുത്തേക്കു ചെന്നു പുസ്തകം വച്ചുനീട്ടിയപ്പോൾ ഒരു ചോദ്യം. ഉഴുതിടത്തു കിളയ്ക്കണോ? (ഞങ്ങളെല്ലാം ജന്മനാ ക്രിസ്ത്യാനികളല്ലെ, വീണ്ടും ക്രിസ്ത്യാനിയാക്കാൻ ശ്രമിക്കണോ എന്നാണുദ്ദേശിച്ചത്.) മാത്യുച്ചായൻ മറുപടി പറഞ്ഞു. ഉഴുതിടത്ത് കിളയ്ക്കേണ്ട-വിതയ്ക്കണം. കൊച്ചേട്ടന് കാര്യം പിടികിട്ടി. ഉഴുതുന്നത് മാനസാന്തരമാണ്, നിലം ഒരുക്കലാണ്. അവിടെ വചനമാകുന്ന വിത്ത് വീഴണം എങ്കിലേ വിളവുണ്ടാകൂ.

അരീക്കമലയിൽ സ്നാനത്തിന്റെ ക്ലാസ് നടക്കുകയാണ്. പിറ്റേന്നാണു സ്നാനം. ഷണ്ഡനായ മന്ത്രിയെ സ്നാനപ്പെടുത്തി ക്കഴിഞ്ഞപ്പോൾ ആത്മാവ് ഫീലിപ്പോസിനെ എടുത്തുകൊണ്ടുപോയി എന്നു പറഞ്ഞുതീർന്നതും ഒരു ചേട്ടൻ ചോദ്യവുമായി എഴുന്നേറ്റതും ഒപ്പമായിരുന്നു. ഞാൻ സ്നാനപ്പെടാം സാറിനെ ആത്മാവു എടുത്തുകൊണ്ടു പോകുമോ? ചേട്ടൻ ജയിച്ചമട്ടിൽ തലയാട്ടുന്നുണ്ടായിരുന്നു. മറുപടിക്കായി ജനം ആ പെട്രോമാക്സിന്റെ വെട്ടത്തിൽ സാറിന്റെ മുഖത്തേക്കു നോക്കി. തോട്ടപ്പള്ളിസാർ കൂസലില്ലാതെ മറുപടി പറഞ്ഞു. ആത്മാവ് എടുത്തുകൊണ്ടു പോകും. എന്താ സംശയം? ജനങ്ങൾ ശ്വാസമടക്കിപ്പിടിച്ചിരിക്കുമ്പോൾ ബാക്കികൂടെ പറഞ്ഞു. ചേട്ടൻ ഷണ്ഡനാണോ? എങ്കിൽ എന്നെ എടുത്തുകൊണ്ടുപോകും. ഷണ്ഡന്മാരെ സ്നാനപ്പെടുത്തുമ്പോഴാണങ്ങനെ. ചേട്ടൻ ഷണ്ഡനാണോ എന്നു അറിയണമെന്നായി ജനം. പക്ഷെ അദ്ദേഹത്തെ നോക്കീട്ടു കാണാനില്ലായിരുന്നു.

ഇങ്ങനെയുള്ള രസകരങ്ങളായ പല സംഭവങ്ങളുടെയും പ്രഭവസ്ഥാനമാണു കുടിയാന്മല. വർഷങ്ങൾ പലതു കഴിഞ്ഞിട്ടും അതെല്ലാം ഇന്നും മധുരസ്മരണകളാണ്.

സ്ത്രീകൾക്കു ബൈബിൾ ക്വിസ്സ് പാസ്സാകാനുള്ള കഴിവു മാത്രമല്ലുള്ളതെന്നു ക്ലാരമ്മ തെളിയിച്ചിരിക്കുന്നു. ക്ലാരമ്മയുടെ ജീവചരിത്രം കുടിയാന്മല സഭയുടെ ചരിത്രം കൂടെയാണ്. ബെഥാന്യ മാർത്തയുടെയും മറിയയുടെയും ഗ്രാമം എന്നറിയപ്പെട്ടതുപോലെ ഇനി മുതൽ കുടിയാന്മല ക്ലാരമ്മയുടെ ഗ്രാമമായി അറിയപ്പെടും.

പട്ടാമ്പി — സിറിയക്ക് ജെ. പടവിൽ

04-11-2014





# ബൈബിൾ: ക്ലാരമ്മയുടെ ശക്തിയുടെ രഹസ്യം

**ജോസഫ് ആന്റണി**

**1999**-ൽ കർത്താവു ഞങ്ങളെ കുടുംബമായി കുടിയാന്മലയ്ക്ക് ശുശ്രൂഷയ്ക്കായി അയച്ചു. സൂസന്റെ ജ്യേഷ്ഠത്തി സെലിനും കുടുംബവും അവിടെ ഉണ്ടായിരുന്നല്ലോ? ആയുസ്സിന്റെ നല്ലകാലം ആ മലയിൽ ചെലവഴിക്കാൻ ഭാഗ്യമുണ്ടായി. സ്തോത്രം.

സഭയിലെ എല്ലാ കുടുംബങ്ങളേയും ഞങ്ങൾ ഒന്നുപോലെ സ്നേഹിച്ചു എന്നുള്ളത് ദൈവസന്നിധിയിൽ സത്യമാണ്. ഇടയന്മാർ അങ്ങനെയായിരിക്കണമല്ലോ? ക്ലാരമ്മ സഹോദരിയുടെ കുടുംബം ഞങ്ങളെ ഏറെ സ്നേഹിച്ചിരുന്നു. 15വർഷങ്ങൾക്കു ശേഷം സ്വദേശമായ തൃശൂർ ചെന്ത്രാപ്പിന്നിയിലേക്കു കർത്താവു ഞങ്ങളെ പറിച്ചു നട്ടപ്പോഴും അതിൽ ഏറെ ദുഃഖിക്കുന്നത് അവരായിരിക്കണം.

കുടിയാന്മലയിൽ ചെന്ന കാലത്ത് എന്നും സഭാഹാളിൽ വരികയും അന്വേഷിക്കുകയും സമീപ മലകളിലെ സുവിശേഷീകരണത്തിൽ സജ്ജീവമായി സഹകരിക്കുകയും ചെയ്തയാളെ കട്ടിലിൽ കണ്ടിട്ടുപോന്നതിലുള്ള വേദന വലുതാണ്.

കിടപ്പിലായിട്ടും പതറാതെ ഫോൺവഴി ദൂരെയുള്ള ദുഃഖിതരെയും അരികിലെത്തുന്നവരെയും വാക്കുകളാൽ താങ്ങുന്നതു കാണുമ്പോൾ അഭിമാനമുണ്ട്. എല്ലാ വിശ്വാസികളും ഇങ്ങനെ ധൈര്യവും പ്രത്യാശയും പ്രതിഫലിപ്പിക്കുന്നവരായിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നാശിച്ചു പോകുന്നു.

ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും നമ്മെ വേർപിരിക്കുന്നതാര്? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ വാളോ? എന്നുള്ള റോമർ 8 ന്റെ 35-ാം വാക്യം ക്ലാരമ്മ പണ്ടേ ഹൃദിസ്ഥമാക്കിയിരുന്നു. അതാണവരുടെ ശക്തിയുടെ രഹസ്യം.

മഹാകവി കെ.വി. സൈമൺ സാറിന്റെ സ്വാന്തഗുണമിയന്ന എന്ന ഗാനത്തിന്റെ ഒരു ചരണമിതാണ്.

"ഏറ്റം കടുത്ത കാറ്റും
ഊറ്റം പെരുത്ത മല
ക്കൂറ്റൻമേൽ അല്പമേശുമോ?
ഇതുപോലെന്നെ ആക്കുവാൻ
ഒന്നു പേശുമോ?"

കാൽവരി മലയിലെ കർത്താവ് കുടിയാന്മലയിലെ ക്ലാരമ്മയെയും ഊറ്റം പെരുത്ത മലക്കൂറ്റനു തുല്യയാക്കിമാറ്റി. ഏറ്റം കടുത്ത കാറ്റും അവളെ ഏശുകയില്ല. കർത്താവിന്റെ കരത്തിലെ ശേഷിച്ച കഷണം മലക്കൂറ്റനു തുല്യമെന്നു തോട്ടപ്പള്ളിസാറും തെളിയിച്ചിരിക്കുന്നു.

മലബാറിലെ വിശ്വാസകുടുംബങ്ങളിൽനിന്നുള്ള ദീപ്തമായ സ്മരണകളോടെയാണു ഞങ്ങൾ മലയിറങ്ങിയത്. അതിൽ എന്നും എപ്പോഴും ക്ലാരമ്മയും ജോമോനും അബിതയും ഡോറിയയുമായി രിക്കും മനസ്സിൽ തെളിഞ്ഞുനിൽക്കുക. ഞങ്ങളുടെ മനുവിനേയും ട്രീസയേയും സാമിനേയും പോലെ തന്നെ.

**ബാബു & സൂസൻ**
പുലിക്കോട്ടിൽ
അഷ്ടമിച്ചിറ, തൃശൂർ





## ആമുഖം

Kneeling Christian എന്ന പേരിലുള്ള ഒരു unknown Author ന്റെ പുസ്തകം ദൈവസന്നിധിയിൽ മുട്ടുമടക്കുമ്പോൾ എന്ന തലക്കെട്ടിൽ G.L.S. നു വേണ്ടി പരിഭാഷപ്പെടുത്തുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. പ്രാർത്ഥനയെക്കുറിച്ചുള്ള ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചുകണ്ടപ്പോൾ തുടങ്ങി ക്ലാരമ്മയുടെ ജീവചരിത്രവും വെളിച്ചം കാണാൻ വൈകിക്കൂടാ എന്നു മനസ്സുപറഞ്ഞിരുന്നു.

സഹോദരി ക്ലാരമ്മയുടെ ജീവിതാനുഭവങ്ങൾ ദൈവനാമ മഹത്വത്തിനായി പ്രസിദ്ധീകരണ യോഗ്യമാണെന്നു ബോദ്ധ്യമുള്ളവർ വളരെയാണ്. ബോവസുചെയ്തതുപോലെ ഞാനും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. പിന്നെ, അല്പമല്ലാത്ത ഭയവും പിന്നോട്ടു വലിച്ചിരുന്നു.

ദൈവത്തിന്റെ കരങ്ങളാൽ രൂപപ്പെടുത്തപ്പെടുകയും (സങ്കീ 139:13) മശിഹായുടെ മുറിവേറ്റ കരങ്ങളാൽ രൂപാന്തരപ്പെടുത്തപ്പെടുകയും (എഫെ 2:10) പരിശുദ്ധന്റെ നീട്ടപ്പെട്ടകരങ്ങളുടെ സ്പർശനത്താൽ തന്റെ പരമാധികാരം വെളിപ്പെടുത്തപ്പെടുകയും (ഈയ്യോ 1:11, ഉല്പ 32:25) ചെയ്ത വിശുദ്ധ സ്ഥലമാണു ക്ലാരമ്മയുടെ ഈ ശയ്യ. അതാണു ഭയത്തിനു കാരണം.

കോട്ടയത്തെ കൂരോപ്പട ഗ്രാമത്തിൽ തോട്ടപ്പള്ളിയിൽ ജനിച്ചു ജീവിക്കുന്ന എനിക്കാണു കണ്ണൂരിലെ കുടിയാന്മലയുടെ നെറുകയിലെ ഒരു ഭവനാങ്കണത്തിൽ വച്ച് ക്ലാരമ്മയ്ക്ക് ആത്മീയതയുടെ ആദ്യാക്ഷര ങ്ങൾ ഹൃദയ താലത്തിൽ കുറിച്ചുകൊടുക്കാൻ ഭാഗ്യമുണ്ടായത്. ക്ലാരമ്മ യുടെ നാൾവഴികൾ രചിക്കാനെടുത്ത ഈ തൂലികയ്ക്ക് അനുവാചക ഹൃദയങ്ങളിൽ ക്രൂശിതന്റെ രൂപം കോറിയിടുവാൻ സാധിച്ചാൽ ഞാൻ ധന്യനായി.

കുടിയാന്മലയിലെ സുവിശേഷ ഘോഷണത്തിൽ ഞങ്ങളോടൊപ്പം നിന്ന ധീരപോരാളിയായിരുന്നു ക്ലാരമ്മ. സഭയുടെ വളർച്ചയ്ക്ക് ഗണ്യ മായ പങ്കു വഹിക്കുവാൻ സഹോദരിയ്ക്ക് ഇടയായിട്ടുണ്ട്. യിസ്രയേൽ ദീപം മങ്ങിക്കത്തിയകാലത്ത് അതു കെടാതെ സൂക്ഷിക്കാൻ ദെബോര, യായേൽ തുടങ്ങിയ സ്ത്രീകളെ ദൈവം കരങ്ങളിലെടുത്തതു പോലെ

ക്ലാരമ്മയും കുടിയാന്മല സഭയ്ക്കുപയോഗപ്പെട്ടിട്ടുണ്ട്. ഓടിനടന്ന കാലത്തേതിനേക്കാൾ മാറ്റുള്ള സേവനങ്ങൾ കിടപ്പിനു ശേഷം ചെയ്യാനിടയായി.

23-ാം സങ്കീർത്തനം ഒരു ആടു തന്റെ ഇടയനെ വർണ്ണിക്കുന്ന താണല്ലൊ? അതിൽ കിടപ്പും നടപ്പും പുല്ലും വെള്ളവും തണുപ്പും ചൂടും വടിയും കോലും എണ്ണയും വീഞ്ഞും ഇരുട്ടും വെളിച്ചവും ശത്രുക്കളും മിത്രങ്ങളും നന്മയും തിന്മയും കുന്നുകളും താഴ്‌വരകളും നീതിയും അനീതിയും സ്വസ്ഥതയും അസ്വസ്ഥതയും ഏകാന്തതയും കൂട്ടായ്മയും സമൃദ്ധിയും ദാരിദ്ര്യവും സന്തോഷവും സന്താപവും എല്ലാമുണ്ട്.

ആടുകളായ നാം എത്രനാൾ നടക്കണമെന്നും ഓടണമെന്നും എത്രനാൾ കിടക്കണമെന്നും ഇടയനാണു തീരുമാനിക്കുന്നത്. എത്ര നാൾ മറ്റുള്ളവരെ ശുശ്രൂഷിക്കണം. മറ്റുള്ളവർ എത്രനാൾ നമ്മെ ശുശ്രൂഷിക്കണം. എല്ലാം അവിടുത്തെ മാസ്റ്റർ പ്ലാനിലുണ്ട്.

നടക്കാൻ സാധിക്കാത്ത ആടിനെ ഇടയൻ തോളിലേറ്റി നടക്കും. വീട്ടിലെത്തുംവരെ. ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കുമെന്നുള്ളതാണ് ഓരോ ആടിന്റെയും പ്രത്യാശ. അതാണല്ലൊ ആ സങ്കീർത്തനത്തിന്റെ അവസാന വാക്യം?

ക്ലാരമ്മയുടെ സചേതനമായ പ്രത്യാശ അടുത്തറിയാവുന്ന നൂറുകണക്കിനു സഹോദരന്മാരും സഹോദരിമാരും ഉണ്ട്. അവരിൽ അഞ്ചാറുപേർ മാത്രമാണീ പുസ്തകത്തിന്റെ പണിപ്പുരയിലേർപ്പെട്ടത്. ഞാനും ജോൺകുര്യനും, സി.റ്റി. ജോണിക്കുട്ടിയും, ജയിംസ് വർഗീസും, ജോസഫ് ആന്റണിയും, സിറിയക്കും മലബാറിലെ പ്രവർത്തനങ്ങ ളോടും കുടിയാന്മലയോടുപ്രത്യേകിച്ചും ബന്ധമുള്ളവരാണ്. കെ.എ. ഫിലിപ്പ് മൈലപ്ര തന്റെ പുസ്തകങ്ങളിലൂടെ മലബാറുകാർക്കു പരിചിതനാണ്. ഈ ശേഷിച്ച കഷണത്തിനൊരാസ്വാദനം എഴുതാൻ മനസ്സുകാണിച്ച ഫിലിപ്പ് സാറിനും ആശംസ നേർന്ന ജനപ്രീയ നായകനായ കേരളാ മുഖ്യമന്ത്രി ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി സാറിനും, ഡി.റ്റി.പി.യും കവർ ഡിസൈനിംഗും ചെയ്ത കോട്ടയം ഗ്രാഫിക് സിസ്റ്റത്തിനും മുദ്രണം നിർവ്വഹിച്ച തൃശൂർ എബനേസർ സഹോദരന്മാർക്കും സാമ്പത്തിക പിന്തുണ നൽകിയ ഈശോ





ജോസീഫസ് ബോംബെ, ബെന്നിസ്കറിയ പഴഞ്ഞി, പൌലോസ് മാർക്കര തൃശൂർ, പി.കെ. വിൻസെന്റ് തൃശൂർ, സാമോൻ ചാക്കോ കുവൈറ്റ് എന്നിവർക്കും ഒരുവാക്കിൽ നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അറിയിക്കുമല്ലൊ?

**കുഞ്ഞുമോൻ തോട്ടപ്പള്ളി.**
**9447868593**

## 1

# ദുഃഖിതരെങ്കിലും......

**2014** ജൂൺ 21-ാം തീയതി ശനിയാഴ്ചയാണു ഞാൻ സഹോദരി ക്ലാരമ്മയെ സന്ദർശിച്ചുപ്രാർത്ഥിക്കുവാൻ ആ വീട്ടിലെത്തിയത്. ഇത്തവണത്തെ കുശലപ്രശ്നം ഞാനൊരു കടലാസിൽ കുത്തിക്കുറിച്ചു. രാത്രിഭക്ഷണത്തിനും പ്രാർത്ഥനയ്ക്കും ശേഷം ഉറങ്ങാൻ കിടന്നപ്പോൾ മനസ്സിനെ ഒരുകാര്യം വല്ലാതെ മഥിച്ചു. ക്ലാരമ്മയുടെ ജീവചരിത്രം.! നേരിട്ടറിവുള്ളതും കേട്ടതുമായ വസ്തുതകൾ അനേകരുടെ ആശ്വാസത്തിനു കാരണമാകും തീർച്ച. അതുകൊണ്ടതെഴുതുവാൻ ഇനി വൈകിക്കൂടാ.

കണ്ണൂരിൽനിന്നു കുടിയാന്മലയ്ക്കുള്ള വഴിയിലെ അരങ്ങ് എന്ന സ്ഥലത്തെ തങ്ങളുടെ വീടിന്റെ പിന്നാമ്പുറത്ത് ഒരാൾ പൊക്കത്തിൽ നിന്നും വീഴാനിടയായതിനാൽ നട്ടെല്ലു തകർന്നിട്ടു 13 വർഷം കഴിഞ്ഞു. 49-ാം വയസ്സിനുശേഷം, കൃത്യമായിപ്പറഞ്ഞാൽ 2001 ജൂലൈ 5-ാം തീയതിക്കുശേഷം ഇന്നുവരെ ഒരുചുവടുപോലും നടന്നിട്ടില്ല. വീണ മാത്രയിൽ പുക്കിളിനു കീഴ്പോട്ടു തളർന്നുപോയി. അന്നുമുതൽ എല്ലാം മലർന്നുകിടന്നുകൊണ്ട്...... മനസ്സു മാത്രം തളർന്നില്ല.

ഒരാൾക്കു അകാലത്തിൽ അപകടമോ രോഗമോ കഷ്ടനഷ്ടങ്ങളോ മരണമോ സംഭവിച്ചാൽ വലിയ പഠിപ്പില്ലാത്തവരും പെട്ടെന്ന് മജിസ്ട്രേറ്റുകളാകാറുണ്ട്. അതായതു വിധിക്കുന്നവർ. വിധിക്കപ്പെടാതിരിക്കാൻ വിധിക്കരുത് എന്നാണു മശിഹാ പറഞ്ഞിട്ടുള്ളതെങ്കിലും! പ്രതികൂലവിധി കേൾക്കുമ്പോൾ ആരുംതളർന്നുപോകുന്നതു സ്വാഭാവികം. എന്നാൽ നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള ആപത്ത് തുടങ്ങിയ അസാധാരണ സംഗതികൾ സമചിത്തതയോടെ സഹിച്ച പൌലോസ് അപ്പൊസ്തലനെപ്പോലുള്ള ചുരുക്കം പുരുഷന്മാരും ചില സ്ത്രീകളും ലോകത്തുണ്ട്. അതിലൊരാളാണു





കണ്ണൂർ ജില്ലയിൽ കുടിയാന്മലയിൽ തട്ടാപറമ്പിൽ ക്ലാരമ്മ. പൌലോസിന്റേതു ദൈവശിക്ഷയാണെന്നു പ്രചരിപ്പിച്ച് അദ്ദേഹത്തിനു ദുഃഖത്തിനുമേൽ ദുഃഖം വരുത്തുവാൻ ചിലർ വിഫലശ്രമങ്ങൾ നടത്തിയിരുന്നു.

ക്ലാരമ്മയുടെ തളർന്ന കാലുകളിൽ ഒന്നിന്റെ മുട്ടുചിരട്ട ഒരിക്കൽ വീൽചെയറിൽനിന്നു വീണപ്പോൾ തകർന്നു. പിന്നീടൊരിക്കൽ സോക്സ് ഇടുവാൻ കാൽ ചെരിച്ചപ്പോൾ വലിയ ശബ്ദത്തോടെ തുടയെല്ല് നീളത്തിൽ പൊട്ടിക്കീറി. പരിയാരം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി പ്ലാസ്റ്റർഇട്ടു. നട്ടെല്ലിനു സ്റ്റീൽറാഡിട്ടു സ്ക്രൂ ചെയ്തിരിക്കുന്നതിനാലുള്ള അസഹനീയവേദന, പ്രമേഹരോഗം, ഉറക്കമില്ലായ്മ, വിശപ്പില്ലായ്മ, മൂത്രത്തിൽപഴുപ്പ്, ഇടയ്ക്കിടെ ഉണ്ടാകുന്ന പനി, ചുമ, ഒരേകിടപ്പു കിടക്കുന്നതിനാലുണ്ടാകുന്നവ്രണങ്ങൾ, കൂടാതെ പലപ്പോഴും നേരിടുന്ന ഏകാന്തത-എല്ലാം മനസ്സിനെ മുരടിപ്പിക്കുന്നതു തന്നെ.

ഇങ്ങനെയുള്ളഒരാൾക്കു കരയാനല്ലാതെ ചിരിക്കാനാകുമോ? പിറുപിറുക്കാനല്ലാതെ പ്രാർത്ഥിക്കാനാകുമോ? പരാതിയ്ക്കും പരിദേവനത്തിനുമല്ലാതെ വചനംവായിക്കാനും ധ്യാനിക്കാനും മനസ്സുണ്ടാകുമോ? ഈർഷ്യയും ദേഷ്യവും ഒഴിഞ്ഞിട്ടു മറ്റുള്ളവരോടു സുവിശേഷം പങ്കുവയ്ക്കുവാൻ സമയംകിട്ടുമോ? സ്വയം ശപിക്കുന്നതിനും മറ്റുള്ളവരെ ശപിക്കുന്നതിനും പകരം സന്ദർശകരെ ആശ്വസിപ്പിക്കാനാകുമോ? ആരോടും വെറുപ്പോ വിദ്വേഷമോ ഇല്ലാതെ ആളുകൾക്കു മാർഗ്ഗനിർദ്ദേശം നൽകാനാകുമോ? തുല്യദുഃഖിതരെ കണ്ടെത്തി ഫോണിലൂടെ അവരെ ധൈര്യപ്പെടുത്താനാകുമോ? സ്വന്തം ആവശ്യങ്ങൾ ആരോടും പറയാതെ മറ്റുള്ളവരുടെ ആവശ്യങ്ങൾ ജനശ്രദ്ധയിൽ പ്പെടുത്താൻ സാധിക്കുമോ? സാധിക്കുമെന്നതിനു ക്ലാരമ്മയുടെ ജീവിതാ നുഭവങ്ങൾ നേർസാക്ഷിയാണ്.

ജന്മനാ കാലുകൾക്കു വൈകല്യമോ ബലഹീനതയോ ഉള്ളവരുണ്ട്. അവർക്കു മറ്റുള്ളവരെപിടിച്ചു നടക്കാമായിരിക്കും. പിള്ളവാതംമൂലം കാലുകൾ ശോഷിച്ചു പോയവരുണ്ട്. അവർക്കു വടികുത്തിയോ എന്തെങ്കിലും സപ്പോർട്ടുകൊണ്ടോ നടക്കാമായിരിക്കും, അല്ലെങ്കിൽ ഇഴഞ്ഞു നടക്കാം. അപകടം സംഭവിച്ചതിനാൽ കാലുകൾ നഷ്ടപ്പെട്ടവരുണ്ട്. അവർക്കു വീൽചെയർ സ്വയമായോ പരസഹായത്താലോ ഉപയോഗിക്കാം. കാൻസറോ പ്രമേഹമോ മൂലം വ്രണങ്ങൾ കരിയാതെ വന്നതിനാൽ അണുബാധമൊത്തം വ്യാപിക്കാതിരിക്കാൻ കാലുകൾ ആംപ്യൂട്ടേറ്റു ചെയ്യപ്പെട്ടവരുണ്ട്. അവർക്കു കൃത്രിമക്കാലുകൾ കൊണ്ടു

നടക്കാനാകും. മേൽപ്പറഞ്ഞവർക്ക് ഉപയോഗിക്കാവുന്ന സ്കൂട്ടറുകളും കാറുകളും ഉണ്ട്. ഇതിനെല്ലാം നട്ടെല്ലിന്റെ സഹായം കൂടിയേ തീരൂ.

ക്ലാരമ്മയുടെ നട്ടെല്ലു തകർന്നതിനാൽ പുക്കിൾ മുതൽ തളർന്നു പോയിരിക്കുകയാണല്ലോ? ഊന്നു വടിയോ വീൽ ചെയറോ സ്കൂട്ടറോ കാറോ ഒന്നും ഫലപ്രദമല്ല. നട്ടെല്ലുകൂട്ടി യോജിപ്പിക്കുവാൻ സ്റ്റീൽപ്ലേറ്റു വച്ചു സ്ക്രൂ ചെയ്തിരിക്കുന്നതിനാൽ അനങ്ങിയാൽ അതിവേദനയാണ്. രാപകൽ മലർന്നുകിടക്കുവാനല്ലാതെ മറ്റൊന്നിനും നിർവ്വാഹമില്ല. വല്ല പ്പോഴും വീൽചെയറിൽ ഒന്നിരുത്തണമെങ്കിൽ രണ്ടു മൂന്നു പേരുടെ സഹായം വേണം. വേദനകാരണം അധികനേരം അതിലിരിക്കാനുമാ കില്ല. മരണംവരെ ഈ സ്ഥിതി അഹോരാത്രം തുടരുകയല്ലാതെ വൈദ്യ ശാസ്ത്രപ്രകാരം പുരോഗതി പ്രതീക്ഷിക്കാനില്ല.

'ചാകുകയുമില്ല കട്ടിൽ ഒഴിയുകയുമില്ല' എന്നുചിന്തിക്കുന്ന ദൈവാ ശ്രയമില്ലാത്തവരാണെങ്കിൽ കൈയ്യിലെ ഞരമ്പുമുറിച്ചു ജീവിതം അവ സാനിപ്പിക്കും. അല്ലെങ്കിൽ കാരണവന്മാർ ചെയ്തുകൂട്ടിയ തിന്മകളുടെ തിരിച്ചടിയാണെന്നു പുലമ്പിക്കൊണ്ടിരിക്കും. ജന്മനക്ഷത്രത്തെയോ ഗ്രഹനിലയേയോ പഴിക്കും. കണ്ണുകിട്ടിയതാണ്, സർപ്പ കോപമാണ്, മാടൻതല്ലിയതാണ്, വീടിന്റെ വാസ്തുവിദ്യപ്പിശകാണ്, അടുക്കളയും ചിമ്മിനിയും അസ്ഥാനത്താണ്, ദർശനദോഷമുണ്ട്, എതിരെയുള്ള മലയുടെ നോട്ടമുണ്ട്, ശത്രുക്കൾ ദുർമന്ത്രവാദം ചെയ്തതാണ് എന്നൊ ക്കെപ്പറഞ്ഞ് എല്ലാറ്റിനെയും ശപിച്ചുകൊണ്ടിരിക്കും. എന്നാൽ ക്ലാരമ്മ യുടെ കാര്യം വ്യത്യസ്തമാണ്. സത്യദൈവമായ യേശു അവളെ വ്യത്യ സ്തയാക്കിയിരിക്കുന്നു. ശരീരത്തിന്റെ താഴത്തെ പാതി തളർന്നതു ആത്മീയ സന്തോഷത്തെ തെല്ലും ബാധിച്ചിട്ടില്ല.

ഈ കാര്യത്തിൽ ബൈബിളിനെന്താണു പറയാനുള്ളത്? "നീതി മാന്റെ അനർത്ഥങ്ങൾ അസംഖ്യം" (സങ്കീർത്തനം 34:19). ദുഷ്ടന്മാരുടെ അനർത്ഥങ്ങൾ എന്നല്ലെ എഴുതേണ്ടിയിരുന്നത്.? യബ്ബേസ് എന്ന ഭക്തൻ പ്രാർത്ഥിച്ചത് അനർത്ഥം സംഭവിക്കരുത് എന്നല്ല അനർത്ഥം വ്യസനകാരണമാകരുത് എന്നായിരുന്നു (1 ദിന. 4:10). യേശു പറഞ്ഞു: "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് " (യോഹ 16:31). പൌലോസ് സഹപ്രവർത്തകനും ഭക്തനുമായ തീമൊഥെയോസിനെഴുതിയതു "കഷ്ടം സഹിക്ക, സുവിശേഷകന്റെ പ്രവൃത്തി ചെയ്ക" എന്നായിരുന്നു (2 തിമൊ 4:5).





മാനസാന്തരപ്പെട്ടു ദൈവമക്കളായിത്തീർന്നവർ പാപത്തിൽനിന്നും ശാപത്തിൽനിന്നും മാത്രമല്ല അതിന്റെ ഉറവിടമായ സാത്താന്റെ അധികാരത്തിൽനിന്നുംകൂടെ വിടുവിക്കപ്പെട്ടവരാണ് (അ.പ്ര. 26:18). അവർ ദൈവസംരക്ഷണയിലാണ്. അവരുടെ തലയിലെ മുടിപോലും എണ്ണപ്പെട്ടിരിക്കയാണ് (മത്താ 10:30). അതുകൊണ്ടു ദുർമന്ത്രവാദത്തി നവരിലെ ദൈവവിശ്വാസത്തേയും ദൈവീക സന്തോഷത്തേയും തകർ ക്കാനാവില്ല (സംഖ്യ 23:23, സങ്കീ 91:10).

കഷ്ടത ഒരു വരദാനമാകയാൽ (ഫിലി 1:29) സാത്താനല്ല ദൈവമാണതു അനു വദിക്കുന്നത്. കഷ്ടത അനുഭവിക്കുന്ന മറ്റുള്ളവരെ ആശ്വസിപ്പിക്കാനിടയാകേണ്ടതിനു വേണ്ടിയാണത് (2 കൊരി 1:4). "ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും പലരേയും സമ്പന്നരാക്കുന്നവർ" എന്നുള്ളതങ്ങനെ അന്വർത്ഥമാകുന്നു (2 കൊരിന്ത്യർ 6:10).

സുഖവും സമൃദ്ധിയും ഉള്ളവർക്കുമാത്രമേ ദൈവത്തിനായി പ്രയോ ജനപ്പെടാൻ കഴിയൂ എന്നില്ല. ഏലീശാ പ്രവാചകന്റെ കാലത്തു ശമര്യയിലെ ക്ഷാമം മാറ്റാൻ 4 കുഷ്ഠരോഗികളെയാണു ദൈവം ഉപയോഗിച്ചത് (2 രാജ 7:10). ദൈവജനത്തിന്റെ ശുത്രുക്കളായിരുന്ന ഫെലിസ്ത്യരിൽ 3000 പേരെ കൊല്ലുവാൻ ഉപയോഗപ്പെട്ടതു അന്ധനായ ശിംശോൻ ആയിരുന്നു (ന്യായാ 16:30). തൊള്ളായിരം ഇരുമ്പുരഥം ഉണ്ടായിരുന്ന സീസെരയെ തകർത്തത് ഒരു സാധാരണ കുടുംബിനിയായ യായേൽ ആയിരുന്നു (ന്യായ 4:21).

ഒരു ദരിദ്രന്റെ വീട്ടിൽ അർദ്ധരാത്രിക്കുവന്ന വിരുന്നുകാരന് സമൃദ്ധിയായ ഭക്ഷണം നൽകാനിടയായ കഥ യേശു പറഞ്ഞുവല്ലൊ? (ലൂക്കോ 11:7). സമയഭേദം കൂടാതെ ചെന്നുമുട്ടിവിളിക്കാവുന്ന ധനികസ്നേഹിതൻ ആ ദരിദ്രനു ണ്ടായിരുന്നു. തന്നിൽ ആശ്രയം അർപ്പിച്ചിരിക്കുന്ന രോഗികളുടെയും ദരിദ്രരുടെയും നല്ല സ്നേഹിത നാണേശു. അവരെയെല്ലാം പ്രയോജനപ്പെടുത്താൻ ആ സ്നേഹിത നാകും. അതാണവിടുത്തെ ലക്ഷ്യവും.

"എത്ര നല്ല മിത്രം യേശു
ഖേദഭാരം വഹിപ്പാൻ
എത്ര സ്വാതന്ത്ര്യംനമുക്കു സർവ്വം
ബോധിപ്പിക്കുവാൻ."
(What a friend we have in Jesus)

## 2

# ധൈര്യം ഒരു സ്വർഗ്ഗീയ കുടുംബസ്വത്ത്

**ചി**ലർ അസാധാരണ മനക്കട്ടിയുള്ളവരാണ്. കരിങ്കല്ലിനു കാറ്റുപിടിച്ചതുപോലെ എന്നുപറയാറില്ലേ? അങ്ങനെയുള്ളവർ മൂത്ത വാഴക്കുലയോ ചക്കയോ പഴുക്കാൻ വെട്ടിവയ്ക്കുന്നു എന്നിരിക്കട്ടെ. കരിഞ്ഞുപോകുന്നതല്ലാതെ പഴുക്കുകയില്ല എന്നു കേട്ടിട്ടുണ്ട്. അതിന്റെ ശാസ്ത്രീയത അറിഞ്ഞുകൂടാ; പക്ഷെ സംഗതി സത്യമാണ്. മിക്കവാറും അവരുടെ മക്കളും തലമുറകളുമൊക്കെ അങ്ങനെ ധൈര്യശാലികളായിരിക്കും.

ക്ലാരമ്മയുടെ ഇരുമ്പുപോലുള്ള മനക്കട്ടി പരമ്പരാഗതമായി ലഭിച്ചതാണെന്നു കരുതിയാൽ തെറ്റി. ഓർത്താൽ കണ്ണുനനയുന്ന ഒരു കഥ അതിനു പറയേണ്ടിവരും. പാലാ പൂവത്തോരിൽ ജോസഫ് ആയിരുന്നു പിതാവ്. അവർ പെരുവന്താനം എന്ന കീഴ്ക്കാം തൂക്കായ മലമ്പ്രദേശത്തേക്കു കുടിയേറി. ഒരു പെരുമഴക്കാലത്ത് ഉരുൾപൊട്ടലോടെ മലഇടിഞ്ഞുപോകുന്നതുകണ്ട അദ്ദേഹത്തിന്റെ മനസ്സിളകിപ്പോയി. പിന്നെ മരിക്കുന്നതുവരെ സമനില തിരിച്ചു കിട്ടിയില്ല. ക്ലാരമ്മയും സഹോദരങ്ങളും സ്വതസിദ്ധമായി ധൈര്യശാലികളല്ല.

എന്നാൽ സ്വർഗ്ഗീയപിതാവ് നൽകിയ പിതൃസ്വത്താണ് ക്ലാരമ്മയുടെ ധൈര്യം. രക്ഷിക്കപ്പെടുന്നമാത്രയിൽ എല്ലാവർക്കും ഭീരുത്വത്തിന്റെ ആത്മാവുമാറി ശക്തിയുടെ ആത്മാവു ലഭിക്കുമെന്നുള്ളതു സത്യമാണ് (2 തിമൊ 1:7). എന്നാൽ ചിലർക്കു ദൈവഭക്തി മുറുകെപിടിക്കുവാൻ (ഇയ്യോ 2:9) ഇയ്യോബിനു സിദ്ധിച്ചതുപോലെ അനിതരസാധാരണമായ ബലം സിദ്ധിക്കാറുണ്ട്.

മല്ലപ്പള്ളിയടുത്തു വായ്പൂര് ദേശത്ത് കരകനിലയാനിവീട്ടിൽ ത്രേസ്യാമ്മയാണ് അമ്മ. മൂത്ത സഹോദരൻ കുട്ടപ്പൻ എന്നു വിളിക്കുന്ന വർഗീസ്. മൂത്തസഹോദരി മറിയക്കുട്ടി. 1953-ൽ ക്ലാരമ്മയ്ക്ക് ഒരു വയസ്സുള്ളപ്പോൾ അമ്മയുടെ അമ്മയും സഹോദരങ്ങളുമെല്ലാം ഇവരേയുംകൂട്ടി മലബാറിൽ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പു കഴിഞ്ഞ് കുടിയാന്മല, ചെമ്പേരി ഭാഗങ്ങളിലേക്കു കുടിയേറി.





സ്വാതന്ത്ര്യാനന്തരകാലത്ത് തിരുവിതാംകൂറിൽ കൊടുംപട്ടിണിയായിരുന്നു. അരിയോ ഗോതമ്പോ കിട്ടാനില്ല. കൊടപ്പന ഇടിച്ചുകുറുക്കിതാളും തകരയും കൂട്ടി കഴിക്കുന്ന രൂക്ഷമായ ക്ഷാമകാലം. മലബാറിനു പോയാൽ കപ്പയെങ്കിലും വിളയിച്ച് വയറുനിറയ്ക്കാമല്ലോ എന്നു പറഞ്ഞാണ് വടക്കോട്ടു ട്രെയിൻ കയറിയത്.

പൂഞ്ഞാർ തമ്പുരാൻ ആയിരക്കണക്കിനു ഏക്കർ സ്ഥലം വാങ്ങി കൃഷിചെയ്യുകയും ആലക്കോട് ഒരുകൊട്ടാരം പണിതു താമസിക്കുകയും ചെയ്തിരുന്നു. അദ്ദേഹം വിറ്റവരോടാണ് അന്നു പലരും കൃഷിസ്ഥലങ്ങൾ വാങ്ങിയത്. വഴിയില്ല, സ്കൂളില്ല, ആശുപത്രി ഇല്ല, എന്തിന് പള്ളിപോലും ഇല്ല. ഇവിടെ വന്നവർ മണ്ണിനോടും മഴയോടും കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലടിച്ചു മക്കളെപോറ്റി. നാടിന്റെ വികസനം ഒച്ചിഴയുന്നതുപോലെയായിരുന്നു. ക്ലാരമ്മയുടെ പ്രാഥമിക വിദ്യാഭ്യാസം കുടിയാന്മലയിലും ഹൈസ്കൂൾ പഠനം ചെമ്പേരിയിലുമായിരുന്നു. 1969-ൽ എസ്.എസ്.എൽ.സി. പാസായി.

കത്തോലിക്കാസഭയിലെ ഒരു പുണ്യവതിയായിരുന്ന ക്ലാരയുടെ പേര് ഇടപ്പെട്ട ക്ലാരമ്മയ്ക്ക് ഒരുകന്യാസ്ത്രീയായി സഭാവസ്ത്രമണിഞ്ഞു സഭാസേവനം ചെയ്യണമെന്നായിരുന്നു മോഹം. അങ്ങനെ സഹനപൂർണ്ണമായസേവനങ്ങൾ ചെയ്യുന്നവർക്കു സ്വർഗ്ഗം കിട്ടാതിരിക്കില്ല എന്നുള്ളതിനാലാണു കന്യാസ്ത്രീയാകാനാഗ്രഹിച്ചത്.

തലശ്ശേരി രൂപതാബിഷപ്പായിരുന്ന ബഹുമാന്യ സെബാസ്റ്റ്യൻ വെള്ളോപ്പള്ളി ചാച്ചൻവഴി ബന്ധുവായിരുന്നു. അദ്ദേഹത്തിന്റെ കത്തുമായി പേരാവൂരുള്ള തിരുഹൃദയമഠത്തിൽ ചെന്ന് അപേക്ഷ കൊടുത്തു. അവർക്കു സന്തോഷമായി. അഡ്മിഷൻ തന്നു. കൊണ്ടു ചെല്ലേണ്ട സാധനങ്ങളുടെ ലിസ്റ്റും തന്നു. വീട്ടിൽ വന്നു സാധനങ്ങൾ ഒന്നൊന്നായി വാങ്ങി. എല്ലാവരോടും യാത്രപറഞ്ഞു. എന്നാൽ പോകേണ്ടതിന്റെ തലേദിവസം കത്തുവന്നു. പിതാവിന്റെ അസുഖം കാരണം അഡ്മിഷൻ നിഷേധിച്ചിരിക്കുന്നു.

ക്ലാരമ്മ ഒരുപാടുകരഞ്ഞു. സ്വർഗ്ഗത്തിൽ പോകാനുള്ള വഴി അടഞ്ഞതിൽ അടക്കാനാവാത്ത ദുഃഖമുണ്ടായി. പുലിക്കുരുമ്പമഠം അടുത്താണ്. അവിടുത്തെ സിസ്റ്റേഴ്സ് ആശ്വസിപ്പിക്കാൻ ഒരുപാടു ശ്രമിച്ചു. അവരുടെ നിർദ്ദേശപ്രകാരം പല മഠങ്ങളും കയറിയിറങ്ങി. എല്ലാവരും വാതിലുകൾ കൊട്ടിയടച്ചു. ക്ലാര മ്മയ്ക്കു ദൈവവിളി

ഇല്ലായിരിക്കാം. അതുകൊണ്ടു വിവാഹജിവിതത്തി നായി പ്രാർത്ഥിക്കാൻ ഇടവക വികാരിയച്ചൻ ഉപദേശിച്ചു.

പിന്നീടൊരിക്കൽ മറ്റൊരാവശ്യത്തിനു പുലിക്കുരുമ്പമഠത്തിൽ പോകാനിടയായി. അപ്പോൾ സാരിയുടുത്ത ഒരു പെൺകുട്ടി മഠത്തിലേക്കുവന്ന് ഒച്ചപ്പാടു വയ്ക്കുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ അത് പേരാവൂർ മഠത്തിൽവച്ച് സഭാവസ്ത്രമണിഞ്ഞുകണ്ട പുലിക്കുരുമ്പ സ്വദേശിനിയായ ഒരു കന്യാസ്ത്രീയാണെന്നു മനസ്സിലായി. ഈ സിസ്റ്ററിനെന്തുപറ്റിയെന്നു ചോദിച്ചപ്പോൾ സിസ്റ്റർ ഗ്രാസിയ വിഷമത്തോടെ പറഞ്ഞു. എന്തു ചെയ്യാനാ. മാനസികരോഗം പിടിച്ചു. മഠത്തിൽ നിന്നും പറഞ്ഞുവിട്ടു. ഇടയ്ക്കിടെ ഇവിടെവന്നു ബഹളം വയ്ക്കും.

ക്ലാരമ്മ ചോദിച്ചു. മാതാപിതാക്കൾക്കും ഈ രോഗമുണ്ടോ? ഇല്ലെന്നാ യിരുന്നു മറുപടി. ഇനിയെങ്കിലും നിങ്ങളുടെ കണ്ണുതുറക്കണം. ശരീര ത്തിനസുഖം ഉണ്ടാകുന്നതുപോലെ മനസ്സിനും ഉണ്ടാകാം. അത് ദൈവ വിളിയുടെ മാനദണ്ഡമാക്കരുത്. ദൈവവിളിയുണ്ടെന്നു നിങ്ങൾ വിധിച്ചയാൾക്കല്ലെ മാനസികരോഗമുണ്ടായത്?. ദൈവവിളി നിങ്ങളുടെ കൈയ്യിലല്ലെന്നു ഇനിയെങ്കിലും മനസ്സിലാക്ക്. ആ കന്യാസ്ത്രീകൾ സുഹൃത്തുക്കളായിരുന്നതുകൊണ്ടാണു അത്രയൊക്കെ പറഞ്ഞിട്ടു പോന്നത്.

എന്നാലും ലൗകീകമോഹങ്ങൾ ത്യജിച്ച് പ്രാർത്ഥനാനിരതവും ജീവകാരുണ്യപരവുമായസേവനങ്ങൾ ചെയ്തു സ്വർഗ്ഗം പൂകുവാനാഗ്രഹിക്കുന്നവരെ മനുഷ്യരിലൂടെ തടയുന്നവനാണോ ദൈവം എന്നൊരു സംശയം മനസ്സിൽ ബാക്കിയുണ്ടായിരുന്നു. സ്വർഗ്ഗത്തിലെത്തുവാൻ വേറെയും വഴികൾ കാണും. അതുകണ്ടെത്തി അതിലൂടെ ഞാൻ സ്വർഗ്ഗം നേടുകതന്നെ ചെയ്യും എന്നൊരു വാശിയുണ്ടായി. നിരാശ ക്രമേണ വഴിമാറി. ശുഭപ്രതീക്ഷയുടെ ശുക്രശോഭമനസ്സിനു ധൈര്യം പകർന്നുകൊണ്ടിരുന്നു.

*"കാർമേഘത്തിനുള്ളിലീഞാൻ*
*മിന്നും സൂര്യശോഭകാണും*
*പരപരമേശാവരമരുളിശാ*
*നിയത്രേയെൻ രക്ഷാസ്ഥാനം"*

*(മഹാകവി കെ.വി. സൈമൺ)*





# 3

# തയ്യലും സത്യാന്വേഷണവും

സന്യാസമോഹംപൊലിഞ്ഞ ക്ലാരമ്മ തയ്യൽപഠിക്കാൻ തയ്യാറായി. പണസമ്പാദനം മാത്രമായിരുന്നില്ല സാമൂഹ്യസേവനം കൂടെയായിരുന്നു ലക്ഷ്യം. അന്നൊന്നും മലയാളി മങ്കമാർ തയ്യൽ പഠിക്കുകയോ കടകളിൽപോയിരുന്നു തയ്ക്കുകയോ ചെയ്യുമായിരുന്നില്ല. അതുകൊണ്ടുതന്നെ അതു വിപ്ലവകരമായ ഒരു കാര്യമായിരുന്നു. തയ്യൽ പഠിത്തം കഴിഞ്ഞ ക്ലാരമ്മ നൂറുകണക്കിനു പെൺകുട്ടികളെ സൗജന്യമായി തയ്യൽ പഠിപ്പിച്ചു. ആ കൈത്തൊഴിൽകൊണ്ടു കുടുംബത്തിനു ചെറിയൊരു വരുമാനമാകുമെങ്കിൽ നല്ലതല്ലേ? അല്ലെങ്കിൽ സ്വന്തം വസ്ത്രങ്ങൾ തയ്ക്കരുതോ എന്നു പറഞ്ഞാണു കുട്ടികളെ ഉത്സാഹിപ്പിച്ചത്. അതു വലിയ ഗുണമായി. പലരും സ്വദേശത്തു മാത്രമല്ല വിദേശത്തും തൊഴിൽചെയ്തു കുടുംബം പോറ്റുന്നുണ്ട്. യഹൂദ സ്ത്രീകൾ വെറുതെയിരുന്ന് അഹോവൃത്തി കഴിക്കാതെ ഒരു കൈത്തൊഴിൽ പരിശീലിച്ച് അതു ചെയ്തു വരുമാനമുണ്ടാക്കുമായിരുന്നു എന്നു പിന്നീട് ബൈബിൾ വായിച്ച് മനസ്സിലാക്കി (സദൃ. 31:10–31).

ക്ലാരമ്മ ചെറുപ്പം മുതൽ സഭയിലെ പോഷക സംഘടനകളിൽ അത്യുത്സാഹിയായിരുന്നു. മിഷൻ ലീഗിന്റെ സജീവ പ്രവർത്തകയായിരുന്നതു കൂടാതെ 7 വർഷക്കാലം വേദപാഠ അദ്ധ്യാപികയുമായിരുന്നു. ബൈബിൾ ഒരിക്കലും വായിച്ചിരുന്നില്ലെങ്കിലും സഭ പഠിപ്പിക്കുന്നതിനു വിപരീതമായി സഭതന്നെ ചെയ്യുന്ന കാര്യങ്ങൾക്കെതിരെ പ്രതീകരിക്കുകയും സെമിനാറുകളിൽ ആവക ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ പലപ്പോഴും ഒറ്റപ്പെട്ടിട്ടുണ്ട്.

ക്രിസ്തു സൃഷ്ടിയല്ല സ്രഷ്ടാവാണെന്നും ആരംഭം ഇല്ലാത്തവനും അവസാനം ഇല്ലാത്തവനുമാണെന്നും ദൈവത്തിന്റെ ഏക മനുഷ്യാവതാരമാണെന്നുമാണ് വേദപാഠത്തിലുള്ളത്. "സത്യനായകാ മുക്തിദായകാ പുൽത്തൊഴുത്തിൽ പുളകമായ സ്നേഹഗായകാ" എന്നുള്ള ഒരു ഹിറ്റ്പാട്ട് അക്കാലത്തു ക്രിസ്തുവിനെക്കുറിച്ച് ഉണ്ടായിരുന്നു. നിൻ കഥ കേട്ടുണർന്നിടാത്ത മനംമനമാണോ? നിന്റെ കീർത്തി കേട്ടിടാത്ത

കാതുകാതാണോ? നിന്റെ രാജ്യം വന്നുചേരും പുലരി എന്നാണോ? തുടങ്ങിയ വരികൾ ഒരു വിപ്ലവഗാനത്തിന്റെ ആവേശത്തോടെയാണു കേട്ടിരുന്നത്. എന്നാൽ സത്യദൈവമായ ക്രിസ്തുവിന്റെ അനുയായികളെന്നവകാശപ്പെടുന്ന ക്രിസ്ത്യാനികൾക്കു മറ്റു മതസ്ഥരിൽനിന്നും പ്രായോഗികജീവിതത്തിൽ വ്യത്യാസമൊന്നുമില്ലാത്തത് ഏറെ ദുഃഖിപ്പിച്ചു.

കൊലപാതകം, കവർച്ച, വ്യഭിചാരം, മയക്കുമരുന്നു കേസ്സുകൾ, തട്ടിപ്പുകൾ തുടങ്ങിയ പത്രവാർത്തകളിൽ മറ്റു മതക്കാരുടെ കൂട്ടത്തിൽ ക്രിസ്ത്യാനിപ്പിള്ളേരുടെ പേരും വായിക്കുമ്പോൾ ക്ലാരമ്മയ്ക്കു വലിയ മനോവിഷമം തോന്നിയിരുന്നു. പ്രശ്നംവയ്ക്കൽ, ജാതകം, മുഹൂർത്തം, മന്ത്രവാദം തുടങ്ങിയവയൊക്കെ രഹസ്യമായി ചെയ്യുന്നവർ ക്രിസ്ത്യാനികളിലുണ്ടെന്നറിയുന്തോറും മനസ്സ് അസ്വസ്ഥമാകുകയായിരുന്നു. എല്ലാവരിലും ജന്മപാപമുണ്ടെന്നും ക്രിസ്ത്യാനികളിലെ ജന്മപാപം മാമോദീസയാൽ മോചിക്കപ്പെടുമെന്നുമായിരുന്നു വേദപാഠക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരുന്നത്. എന്നാൽ ഒരു മുസ്ലീം കുഞ്ഞിന്റെ ജന്മപാപം സുന്നത്തു കർമ്മത്തിനാലോ, ഒരു ഹിന്ദുവിന്റെ ജന്മപാപം 28 കെട്ടിനാലോ നീങ്ങിപ്പോകുന്നില്ലാത്തതുപോലെ ക്രിസ്ത്യാനിക്കുഞ്ഞുങ്ങളിലെ ജന്മപാപം മാമോദീസാവെള്ളം തളിക്കുന്നതു കൊണ്ടു നീങ്ങുന്നില്ല എന്നൊരു കണ്ടെത്തലിൽ ക്ലാരമ്മ എത്തി ച്ചേർന്നു. ക്രിസ്ത്യാനിക്കുഞ്ഞ് എന്ന പ്രയോഗംതന്നെ തെറ്റാണ്. ഒരു ഹിന്ദുവിന്റെ കുഞ്ഞ് ഹിന്ദു തന്നെ. മുസ്ലീമിന്റെ കുഞ്ഞു മുസ്ലീം തന്നെ. എന്നാലൊരു ക്രിസ്ത്യാനിയുടെ കുഞ്ഞു ക്രിസ്ത്യാനിയും സഭാംഗവും കർത്താവിന്റെ മണവാട്ടിയുമായി ജനിക്കുന്നില്ല. ക്രിസ്ത്യാനികളുടെ മക്കളും പാപികളായാണു ജനിക്കുന്നത്. ക്രിസ്തുവിനെക്കുറിച്ചു കേട്ടു വിലയിരുത്തി ആവശ്യബോധത്തോടെ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ മാത്രമേ ആരും ക്രിസ്ത്യാനിയും ദൈവപൈതലുമായി തീരുന്നുള്ളു. ഈയൊരു തിരിച്ചറിവു ക്ലാരമ്മയ്ക്കു വലിയൊരു ഉൾവെളിച്ചവും ദിശാബോധവും നൽകി.

ക്ലാരമ്മ ഈ ആശയം ചില കൂട്ടുകാരികളോടു പറഞ്ഞു. അവർക്കു മതുസത്യമായിതോന്നി. നമുക്ക് അച്ചനോടു ചോദിച്ചാലോ? ക്ലാരമ്മ കൂട്ടുകാരികളെക്കൂട്ടി അച്ചനോടു ചോദിച്ചു. അച്ചാ യോഹന്നാൻ സ്നാപകനും ഈശോയും അപ്പോസ്തലന്മാരും മുതിർന്നവരെയും മാനസാന്തരപ്പെട്ടവരെയുമല്ലെ സ്നാനപ്പെടുത്തിയത്? അതെ, എന്താണങ്ങനെ ചോദിച്ചത്! നമ്മുടെ പള്ളികളിൽ എട്ടും പൊട്ടും





അറിയാത്ത ശിശുക്കളെ മാമോദിസ മുക്കുന്നു. അവർ മാനസാന്തരപ്പെട്ട ശേഷം മനസ്സോടെ ചെയ്യേണ്ട കാര്യം തിരിച്ചറിവില്ലാത്തപ്പോൾ ചെയ്യുന്നതുകൊണ്ടല്ലെ മാമോദിസയുടെ ഗുണം അവർക്കു കിട്ടാത്തതും അവർ മറ്റു മതസ്ഥരെപ്പോലെ വഷളന്മാരാകുന്നതും? അച്ചൻ മറുപടി പറഞ്ഞു. മക്കളെ നിങ്ങൾ പറയുന്നതാണു ശരി. ശിശുമാമോദീസാ ബൈബിളിലുള്ളതല്ല. നൂറ്റാണ്ടുകൾ പലതു കഴിഞ്ഞു സഭയിലുണ്ടായ ഒരുവ്യതിയാനമാണിത്. പണ്ടൊക്കെ മുതിർന്നവരെയാണു സ്നാനപ്പെടുത്തിയിരുന്നത്. അതുകൊണ്ട് മുതിർന്നവരായ നിങ്ങളെ ഞാൻ സ്നാനപ്പെടുത്താം എന്നുപറഞ്ഞ് അദ്ദേഹംപോയി ആനാം വെള്ളം എടുത്തുകൊണ്ടുവന്ന് ഞങ്ങളുടെ മേൽതളിച്ചു. അപ്പോൾ ഞങ്ങൾക്കതു വലിയ സന്തോഷമായി. മുതിർന്ന സ്നാനം സ്വീകരിച്ചവർ എന്നുള്ള ഒരഭിമാനബോധം!

വീട്ടിൽ ചെന്നുകഴിഞ്ഞപ്പോൾ ഒരു ചിന്ത. ആ അച്ചൻ ഞങ്ങളെ വിഢികളാക്കുകയായിരുന്നില്ലേ? തുണിക്കണ്ടങ്ങൾ തുന്നിച്ചേർക്കുന്ന ക്ലാരമ്മ തന്റെ ജീവിതത്തെ ദൈവവുമായി തുന്നിച്ചേർക്കുവാൻ കൊതിച്ചു.

ആയിടയ്ക്ക് തലശ്ശേരി രൂപതയിലെ കിളിയൻതറയിൽ ഒരു സെമിനാർ. 500 പേരെങ്കിലുമുണ്ട്. ചോദ്യങ്ങൾ ചോദിക്കാൻ സമയമായി. ക്ലാരമ്മ അന്നു ചോദിച്ചതു ബെസ്പുർക്കാനയെക്കുറിച്ചാണ്. ശുദ്ധീകരണ സ്ഥലം. ശരിയായി പശ്ചാത്തപിക്കാതെ മരിച്ചുപോയവർ തീയിലൂടെ ശുദ്ധിചെയ്യപ്പെടാൻ ശുദ്ധീകരണ സ്ഥലത്തേക്കു പോകുന്നു. ഭൂമിയിലുള്ള ബന്ധുക്കളുടെ കുർബ്ബാനയുടെയും ഒപ്പീസിന്റെയും ദാനധർമ്മ ങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമായി അവർ ക്രമേണ പറുദീസയിലേക്കു പോകുന്നു. ഒരു ദരിദ്രനും ധനികനും സഭയിലുണ്ടായിരുന്നു. ധനികനുവേണ്ടി കുർബ്ബാന ചൊല്ലിക്കാൻ മക്കളുണ്ടായിരുന്നു. ദരിദ്രനാരും ഇല്ലായിരുന്നു. മദ്യമുതലാളിയായ ധനികൻ പറുദീസായിൽ പോകുമോ അതോ മദ്യപാനിയായിരുന്ന ദരിദ്രൻ പോകുമോ? ഈ ചോദ്യത്തിനുത്തരം ഇന്റർവെൽ കഴിഞ്ഞാകാം എന്ന് അച്ചൻ പറഞ്ഞതു ജനം സമ്മതിച്ചില്ല. ഗത്യന്തരമില്ലാതെ വന്ന സരസനായ അച്ചൻ സ്വന്തം വയറേൽ തട്ടിക്കൊണ്ടുപറഞ്ഞു. ഇതൊക്കെ ഞങ്ങളുടെ വയറ്റിപ്പിഴപ്പാണെന്നു കൂട്ടിക്കോ.

ക്ലാരമ്മയുടെ കൂട്ടുകാരുൾപ്പെടെ എല്ലാവരും അത് ചിരിച്ചുതള്ളിയെങ്കിലും തന്റെ വിലയേറിയ ആത്മാവിനെ ഒരു മതത്തിനും പുരോഹി

തർക്കും ബലിയാടായി ഹോമിക്കപ്പെടുവാൻ കൊടുക്കുകയില്ലെന്ന ധീരമായ തീരുമാനമെടുത്താണു ക്ലാരമ്മ സെമിനാർ വിട്ടുമടങ്ങിയത്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും പണം മുടക്കുന്നതും അന്നു നിർത്തി.

ഒരുബൈബിൾ കിട്ടിയിരുന്നെങ്കിൽ വായിച്ച് ദൈവീക സത്യങ്ങൾ മനസ്സിലാക്കാമായിരുന്നു. ബൈബിളല്ലേ ഉപദേശ സംഹിതകളുടേയും ജീവിതരീതിയുടേയും മാനദണ്ഡം? ആ മാനദണ്ഡംവച്ചല്ലേ നമ്മെയും മറ്റുള്ള വരെയും സൂക്ഷ്മനിരീക്ഷണം നടത്തി നല്ലതും ചീത്തയും വേർതിരിച്ച്, ചീത്തത്യജിച്ചു നല്ലതുസ്വീകരിക്കേണ്ടത്? ബൈബിളില്ലാതെ എന്തു സത്യാന്വേഷണം? ക്ലാരമ്മയ്ക്കു തന്നോടു തന്നെ പുച്ഛം തോന്നി.

ലോകത്തിൽ ധാരാളം സത്യാന്വേഷികൾ ഉണ്ടെന്നു പറയാറുണ്ട്. അത് ശരിയാണോ? തീർത്ഥാടകരെല്ലാം സത്യാന്വേഷികളാണോ? അല്ലെന്നുള്ളതാണു സത്യം. തീർത്ഥാടകരെല്ലാം തങ്ങളുടെ മത കേന്ദ്രങ്ങളിൽ മാത്രമല്ലേ തീർത്ഥയാത്ര നടത്തുന്നത്? ഒരു തീർത്ഥാടന സ്ഥലത്ത് ഏതെങ്കിലും ഒരു അന്യമതസ്ഥൻ സത്യം അറിയാൻ വരാറുണ്ടോ? രോഗംമാറും, കടം മാറും, ഉദ്ദിഷ്ട കാര്യങ്ങൾ സാധിക്കും എന്നൊക്കെ പറഞ്ഞുപരത്തിയാൽ ആ ലക്ഷ്യത്തിൽ അന്യമതസ്ഥർ വന്നേക്കാം. അല്ലാതെ  സത്യദൈവം ആരാണ് എന്നറിയാൻ ഒരു മത വിശ്വാസിയും തന്റേതല്ലാത്ത ഒരു മതസ്ഥാപനത്തിലോ ആരാധനാ സ്ഥലത്തോ പോകാറില്ല. പിന്നെങ്ങനെ അവരൊക്കെ സത്യാന്വേഷികളായതുകൊണ്ടാണു പുണ്യമാസങ്ങളിൽ പുണ്യസ്ഥല ങ്ങൾ മാറി മാറി സന്ദർശിക്കുന്നതെന്നു പറയാൻ കഴിയും? കെട്ടുകഥകളുടേയും കേട്ടുകേൾവിയുടേയും അടിസ്ഥാനത്തിൽ യാത്രകൾ നടത്തിയിട്ടു കാര്യമില്ല. ദൈവവചനമാകുന്ന ദിശാമാപിനിയുടെ സഹായത്തോടെ ദൈവത്തെ അന്വേഷിക്കണം. അതാണ് യഥാർത്ഥ സത്യാന്വേഷണം. എന്തു വിലകൊടുത്തും ക്ലാരമ്മ ദൈവവചനമായ ബൈബിൾ സ്വന്തമാക്കുമെന്നും വായിച്ചു സത്യം കണ്ടെത്തുമെന്നും നിശ്ചയിച്ചു.

*"ദൈവവചനം ജീവനും ശക്തിയുമാകയാൽ*
*ആത്മരക്ഷയുണ്ടേവനും ഉള്ളത്തിൽ*
*കൈക്കൊണ്ടാൽ. ആത്മമരണം മാറും*
*നീതിയിൽ അവൻ വാഴും*
*കേൾക്കുകനാം കാക്കുക നാം ജീവന്റെ വാക്യങ്ങൾ."*





# 4

# ജീവിത പങ്കാളിയും മക്കളും

**1976–**ലായിരുന്നു വിവാഹം. അന്നു വയസ്സ് 24. വരൻ കുടിയാന്മല തട്ടാപറമ്പിൽ തോമസ്സ്, നീണ്ടു മെലിഞ്ഞ സുമുഖൻ. വെളുപ്പുനിറം, ചുരുണ്ട മുടി, ശാന്തൻ, പരോപകാരി, ധാരാളം കൂട്ടുകാരൊക്കെയുണ്ട്. അവരുമായി ഇടയ്ക്കിടെ മദ്യം കഴിക്കുമെങ്കിലും ചീത്തയോ വഴക്കോ ഇല്ലാത്ത മാന്യൻ. ഭാര്യയെ സ്നേഹിക്കുകയും കരുതുകയും ബഹുമാനിക്കുകയും ചെയ്യുന്ന യുവാവ്.

മൂന്നു മക്കളെ ദൈവം നൽകി. മൂത്തതു ജോമോൻ, രണ്ടാമത്തവൾ ജിഷമോൾ, ഇളയതു ജോമോൾ. 1981-ൽ ജോമോളെ ഗർഭിണിയായിരുന്ന സമയം കുടിയാന്മലയടുത്തു പൊന്മലപ്പള്ളിയിൽ കരിസ്മാറ്റിക്ക് ധ്യാനം വന്നു. യൗസേപ്പ് പിതാവിന്റെ നാമത്തിലുള്ള പള്ളിയിൽ അന്നു വികാരി മുക്കാട്ടച്ചനായിരുന്നു. ധ്യാനം നയിച്ച നായ്ക്കപ്പറമ്പിലച്ചന്റെ അടുക്കൽ കൗൺസിലിംഗിനുള്ള ഊഴമായി. അച്ഛൻ ധ്യാനിപ്പിച്ചതിനു വിപരീതമായിട്ടാണല്ലോ സഭയിലുള്ള രൂപങ്ങൾ, പെരുനാളുകൾ തുടങ്ങിയുള്ള നിരവധി ദുരാചാരങ്ങൾ എന്നു ചോദിച്ചപ്പോൾ സഹോദരി വേറെ വല്ല സഭയിലും പോയിട്ടുണ്ടോ എന്നും ബൈബിൾ വായിച്ചിട്ടുണ്ടോ എന്നും അച്ചൻ മറുചോദ്യം ചോദിച്ചു. യാക്കോബായസഭ എന്നു കേട്ടിട്ടുള്ളതൊഴിച്ചാൽ കത്തോലിക്ക സഭയല്ലാതെ വേറെ പേരുകളിൽ സഭകളുണ്ടെന്നറിഞ്ഞു കൂടായിരുന്നു. എന്താ അച്ചൻ അങ്ങനെ ചോദിച്ചത്? അച്ചൻ പറഞ്ഞു: തിരുവിതാംകൂർ ഭാഗത്തു ധാരാളം പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ ഉണ്ട്. അവർ ബൈബിൾ വായിക്കുന്നവരും പഠിക്കുന്നവരുമാണ്. അവർക്കു പാരമ്പര്യങ്ങളില്ല.

കുറെ കഴിഞ്ഞ്, ഒരു സൺഡേസ്കൂൾ അദ്ധ്യാപിക എന്ന നിലയിലുള്ള ബഹുമാനം നൽകിക്കൊണ്ടു നായ്ക്കപ്പറമ്പിലച്ചനും ജോസ് മുക്കാട്ടച്ചനും ഒറ്റയ്ക്കു മുറിയിൽ വിളിപ്പിച്ച് അടുത്തിരുത്തി പറഞ്ഞു. ടീച്ചറെ ഏകമധ്യസ്ഥൻ ക്രിസ്തുവാണ്. രൂപങ്ങൾ, നേർച്ച കാഴ്ചകൾ, പെരുനാളുകൾ ഒക്കെ തെറ്റാണ്. ഇവയൊക്കെ കാലങ്ങൾ കൊണ്ടു

സഭയിൽ ചേക്കേറിയ അബദ്ധോപദേശങ്ങളും ദുരാചാരങ്ങളുമാണ്. നമുക്കൊരു നവീകരണം ആവശ്യമാണ്. ഞങ്ങളാപരിശ്രമത്തിലാണ്. നിങ്ങളെപ്പോലുള്ളവർ സഹകരിക്കണം. നമുക്കൊരുമിച്ചുനിന്നു സഭയെ ഉദ്ധരിക്കണം. ടീച്ചറുടെ തീഷ്ണതയെക്കുറിച്ചറിഞ്ഞു. സന്തോഷം. പക്ഷെ സഭവിട്ടു പൊയ്ക്കളയരുത്. നിങ്ങളെപ്പോലുള്ളവരുടെ സേവനം ഇവിടെ വളരെ അത്യാവശ്യമാണ്.

താൻവഴിയരികിലെ പൊട്ടക്കിണറ്റിൽ വീണുപോയ ആളെപ്പോലെയാണെന്നു ക്ലാരമ്മയ്ക്കു മനസ്സിലായി. പക്ഷെ അച്ചന്മാർ പറയുന്നു: കരയ്ക്കു കയററരുത്. നിങ്ങളെപ്പോലുള്ളവർ ഇവിടെ കിടക്കണം. ഇതുപോലെ കാൽവഴുതി ആളുകൾ വന്നുകൊണ്ടിരിക്കും. അവരോടു മേലാൽ സൂക്ഷിച്ചു നടക്കണം എന്നുപദേശിക്കാമല്ലോ? ഇല്ല. കരയ്ക്കു കയറണം. ആ വഴിയരികിൽനിന്നുകൊണ്ട് ഇവിടെയൊരു പൊട്ടക്കിണറുണ്ട്, വീഴാതെ സൂക്ഷിക്കണെ എന്നു പറയണം എന്നു ക്ലാരമ്മ തീരുമാനിച്ചു. പക്ഷെ ആര് ഈ പൊട്ടക്കിണറ്റിൽനിന്നു കരയ്ക്കു കയറ്റും? കുടിയാന്മലയുടെ മലമടക്കുകളിൽ അന്ന് ഒരു 'യഹോവക്കാർ' ഉണ്ടെന്നറിയാം. അവർ യേശു ദൈവമല്ല, മനുഷ്യന് ആത്മാവില്ല, നരകമില്ല, സ്വർഗ്ഗമില്ല, തിരുവത്താഴം കഴിക്കാൻ യോഗ്യതയുള്ള ആരും ഇന്നില്ല എന്നൊക്കെ പഠിപ്പിക്കുന്ന ഒരു ദുരുപദേശ ഗ്രൂപ്പാണ്. യേശു പിതാവിനോടു സമത്വമുള്ള സത്യദൈവമാണെന്നു ക്ലാരമ്മയ്ക്കറിയാമായിരുന്നു.

യേശു ദൈവമാണെന്നു വിശ്വസിച്ചുകൊണ്ടിരുന്നാൽ മതിയോ? അതിന്റെ കൂടെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉപേക്ഷിക്കുക-അതു മതിയോ? അതാണു മിക്ക ക്രിസ്തീയ ധ്യാനഗുരുക്കന്മാരും പ്രസംഗകരും പഠിപ്പിക്കുന്നത്. യേശുവിനെ വിശ്വസിച്ചുകൊണ്ടുനിൽക്കുന്ന സഭയിൽത്തന്നെ നിൽക്കുക, ആ സഭയെ നന്നാക്കാൻ ശ്രമിക്കുക. നമ്മുടെ വീടുമോശമാകാം, അതിലെ ഭക്ഷണം മോശമാകാം, കുടുംബാംഗങ്ങളും മോശമാകാം. പക്ഷെ ആരെങ്കിലും അതു വിട്ടു കൊള്ളാവുന്ന വീടു തേടിപ്പോകാറുണ്ടോ? സ്വന്തം വീട്ടിൽ നിന്നുകൊണ്ട് അതു നന്നാക്കാൻ ശ്രമിക്കുക. ആദ്യം സ്വയം നന്നാകുക, പിന്നീട് കുടുംബാംഗങ്ങളെയും സഭാംഗങ്ങളെയും നന്നാക്കാൻ ശ്രമിക്കുക. ഇതാണവരുടെ ഉപദേശം.

ഇതൊക്കെ കേൾക്കാൻ ഇമ്പമുള്ള ഉപദേശങ്ങളാണ്. എന്നാൽ ഇടിഞ്ഞു വീഴാൻപോകുന്ന ഒരു വീടിനുള്ളിൽ നിന്നുകൊണ്ടതിനെ നന്നാക്കാൻ ബുദ്ധിയുള്ളവർ ശ്രമിക്കുമോ? പുറത്തു വന്നിട്ടല്ലെ നന്നാ





ക്കാൻ ശ്രമിക്കേണ്ടത്? ഫറവോൻ മോശയോടു പറഞ്ഞത് യിസ്രയേൽ ജനം ഇവിടെ ഈജിപ്തിൽ യഹോവയെ ആരാധിച്ചുകൊള്ളട്ടെ എന്നായിരുന്നു. അവിടെ അവർക്ക് തൊഴിലും താമസസൗകര്യവും ഭക്ഷണവും ഉണ്ടായിരുന്നു. മോശയുടെ മറുപടി എന്തായിരുന്നു? ഇവിടം വിട്ട് മരുഭൂമിയിൽചെന്ന് ആരാധിക്കണം. അതാണു ദൈവകല്പന. യേശുവിനെ ദൈവമായി വിശ്വസിച്ചുകൊണ്ടു നല്ലയൊരു കുടുംബാംഗവും നല്ലയൊരു സഭാംഗവും നല്ല ഒരു പൗരനുമായി ജീവിച്ചാൽ പോരാ. ദൈവം കല്പിക്കുന്നതെല്ലാം അനുസരിക്കണം. ഞാനെന്തായാലും ദൈവത്തെ അനുസരിക്കും. ദൈവ ത്തിനിഷ്ടമുള്ള ജീവിതം നയിക്കും. ക്ലാരമ്മ തീരുമാനിച്ചുറച്ചു.

അന്നു ക്ലാരമ്മയുടെ ഒരു ചിരകാല അഭിലാഷം സഫലമായി. ധ്യാനത്തിൽ പങ്കെടുത്തവർക്കെല്ലാം ബൈബിൾ കിട്ടിയ കൂട്ടത്തിൽ തനിക്കും ഒന്നു കിട്ടി. ആ ബൈബിൾ ഒരു നിധി തന്നെ. മുഴുവൻ വായിക്കണം. അതനുസരിച്ചു ജീവിതത്തെ ചിട്ടപ്പെടുത്തണം. ആരെങ്കിലും ചോദിച്ചാൽ വചനങ്ങൾ എടുത്തു കാണിച്ചു കൊടുക്കണം.

നായ്ക്കപ്പറമ്പിലച്ചന്റെ നവീകരണ ആശയങ്ങൾ ബൈബിളനുസരിച്ച് എത്രമാത്രം ശരിയാണെന്നു നേരിട്ടു വായിച്ച് മനസ്സിലാക്കണം. ഭാവനാ സമ്പന്നരായ കലാകാരന്മാർ കളിമണ്ണിലും, സിമന്റിലും ഉണ്ടാക്കി ചായംപൂശിയതാണീ രൂപങ്ങൾ. ആ കലാകാരന്മാർ ഒരു പക്ഷെ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിരുന്നിരിക്കാം. ദുർമാർഗ്ഗികളാകാം, അക്രൈസ്തവരാകാം. നമ്മുടെ ശ്രദ്ധ ഈ രൂപങ്ങളിലാകരുത് അദൃശ്യനായ ക്രിസ്തുവിലായിരിക്കണം എന്ന ഉപദേശം ക്ലാരമ്മ പ്രവൃത്തിപഥത്തിലാക്കി. പിന്നെ ഒരിക്കലും ഒരു രൂപത്തിന്റെ മുമ്പിലും തൊഴുതിട്ടില്ല. ആ രൂപങ്ങൾ മനസ്സിൽ നിന്നു പോലും പിഴുതെറിഞ്ഞു. അദൃശ്യനും സർവ്വവ്യാപിയുമായ യേശുവിനോടു മാത്രം വീട്ടിലും വെളിയിലും യാത്രയിലും ക്ലാരമ്മ സ്വയം പ്രേരിതമായി പ്രാർത്ഥിക്കാൻ തുടങ്ങി.

"കണ്ട കല്ലും മരങ്ങളും കൊണ്ടു പലരൂപം തീർത്തു
കൊണ്ടു വച്ചിടത്തിരിക്കും തുണ്ടമല്ല സത്യദൈവം.
ഏകസത്യ ദൈവമേയുള്ളു ഭൂവാസികളേ
ഏകസത്യദൈവമേയുള്ളു."

## 5

# പശ്ചാത്താപമോ പ്രായശ്ചിത്തം?

**പൊ**ന്മലപ്പള്ളിയിലെ ധ്യാനത്തിന്റെ സമാപനദിവസം ഉപവാസവും പ്രാർത്ഥനയും പശ്ചാത്താപവും ഏറ്റുപറച്ചിലുമായിരുന്നു. അന്നു രാത്രി ഉറങ്ങാൻ കിടന്നിട്ട് ഒരുപോള കണ്ണടയ്ക്കാൻ കഴിയുന്നില്ല. മറ്റുള്ളവരുടെ ദൃഷ്ടിയിൽ പരമഭക്തയായ ക്ലാരമ്മയുടെ കുറ്റങ്ങൾ അവളെ കുത്തിനോവിക്കുകയായിരുന്നു. തോമാച്ചന്റെ മലഞ്ചരക്കു പലചരക്കു കടയിൽ കച്ചവടം കുറഞ്ഞുകുറഞ്ഞുവന്ന ഒരുകാലം. ആഭിചാരവിശ്വാസമുള്ള ഒരു അക്രൈസ്തവ സ്ത്രീ നിർബന്ധിച്ചു. ഒന്നു പ്രശ്നംവച്ചു നോക്ക്. അനന്യാസിനെ പിൻതിരിപ്പിക്കേണ്ട സഫീറ രഹസ്യപാപത്തിനു കൂട്ടുനിന്നതുപോലെ തോമാച്ചൻ ഏതോ ക്ഷേത്രത്തിൽ പോയപ്പോൾ ക്ലാരമ്മ മടികൂടാതെ പണം എണ്ണിക്കൊടുത്തു. പണം പോയതല്ലാതെ ഒരുഗുണവും കിട്ടിയില്ലെങ്കിലും അതിപ്പോൾ ഉറക്കം കെടുത്തുകയാണ്. അതെല്ലാം എണ്ണിഎണ്ണിപ്പറഞ്ഞു പശ്ചാത്തപിച്ചു. മേലിൽ ഇങ്ങനെയുള്ള പാപങ്ങളൊന്നും ആവർത്തിക്കില്ലെന്നു ദൈവത്തിനു വാക്കു കൊടുത്തു.

പക്ഷെ പശ്ചാത്താപത്തിനു ജീവിതരൂപാന്തരം നൽകാനോ ആത്മീയസന്തോഷം നൽകാനോ കഴിഞ്ഞില്ല. 'പശ്ചാത്താപമേ പ്രായശ്ചിത്തം' എന്നുള്ളതു ബൈബിളിന്റെ വഴി അല്ല. അതു മതങ്ങളുടെ ആപ്തവാക്യമാണ്. ഒരു പാപിക്ക് ആത്മരക്ഷ ലഭിക്കാനുള്ള മാർഗ്ഗം പശ്ചാത്താപമല്ല. "അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്തവനാണു ദൈവം", "കണ്ണുനീർ കാണുമ്പോൾ ദൈവത്തിനു കരളലിയും" എന്നുള്ളതെല്ലാം മനുഷ്യന്റെ മോഹം മാത്രമാണ്.

ഓരോ ദിവസവും പാപങ്ങൾ എണ്ണി എണ്ണി ദൈവത്തോടു പശ്ചാത്താപത്തോടെ പറയുകയല്ല വേണ്ടത്. മനസ്താപത്തിന്റെ അടിസ്ഥാനത്തിൽ പാപിയോടു ക്ഷമിക്കാൻ ദൈവത്തിനാവില്ല. ഈ ലോകത്തിലെ കോടതികൾപോലും പശ്ചാത്താപം വിശ്വാസത്തിലെടുത്ത് കുറ്റവാളികൾക്കു മാപ്പു നൽകുന്നില്ലല്ലൊ? മനുഷ്യനീതിയേക്കാൾ ഉന്നതമായ നീതിയുള്ളവനായിരിക്കേണ്ടേ ദൈവം?





നോട്ടത്തിന്റെയും കേഴ്‌വിയുടെയും സംസാരത്തിന്റെയും ചിന്തയുടെയും ഭാവത്തിന്റെയും പ്രവൃത്തികളുടേയും അടിസ്ഥാനത്തിൽ ഒരിക്കൽ എന്നേക്കുമായി പാപിയാണെന്നു ദൈവമുമ്പാകെ സമ്മതിക്കുന്നതു ആത്മരക്ഷ ലഭിക്കാൻ പ്രഥമപടിയായി ചെയ്യേണ്ടതാണ്. പ്രധാന പടിയല്ല. പ്രധാനപടി മറ്റൊന്നാണ്. പ്രഥമപടിതന്നെ കയറുക ദുഷ്ക്കരമാണ്. കാരണം ഒരു കുട്ടിയുണ്ടായാൽ അതിനു തിരിച്ചറിവാകും മുമ്പുതന്നെ അതിന്റെ ആത്മരക്ഷയ്ക്കുവേണ്ടി മാതാപിതാക്കൾ ചില മതകർമ്മങ്ങൾക്കതിനെ വിധേയപ്പെടുത്തുന്നു. തിരിച്ചറിവാകുന്നമുറയ്ക്കു കുട്ടിയുടെ സമ്മതത്തോടെ ചില മതകർമ്മങ്ങൾക്കു വിധേയപ്പെടുത്തുന്നു. എല്ലാ മതങ്ങളും കർമ്മങ്ങളിലധിഷ്ഠിതമാണല്ലൊ? അറിഞ്ഞും അറിയാതെയും കർമ്മങ്ങൾക്കു വിധേയപ്പെട്ടി ട്ടുള്ളതെല്ലാം പാപമോചനത്തിനാണ്. അങ്ങനെയുള്ള ഒരാൾക്കെ ങ്ങനെ പാപിയാണെന്നു ദൈവത്തോടു പറയാനാകും? പാപി എന്നാൽ നരകാവകാശി എന്നല്ലെ? ഒന്നാം പടി കഠിനമല്ലെ?

മനസ്സാ വാചാ കർമ്മണായുള്ള തെറ്റുകൾ ഓർത്തു പറഞ്ഞു മാപ്പിരക്കാൻ എളുപ്പമാണ്. കാരണം സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവം അവ കണ്ടതും അറിഞ്ഞതുമാണ്. ശിക്ഷിക്കും മുമ്പെ ക്ഷമായാചനം ചെയ്യുന്നതു സാമാന്യ ബുദ്ധിയാണല്ലോ? എന്നാൽ പാപങ്ങൾ പശ്ചാത്താപത്തോടെ പറയുന്നതുകൊണ്ടോ അതിനുള്ള പ്രായശ്ചിത്തമായി പ്രാപ്തിപോലെ എന്തെങ്കിലും ചെയ്യുന്നതുകൊണ്ടോ പാപക്ഷമയും ആത്മരക്ഷയും ലഭിക്കുന്നില്ല. പ്രായശ്ചിത്തത്തിനു പര്യാപ്തമായ ഒരു വസ്തുവും ഭൂമിയിൽ ഇല്ലെന്നുള്ളതാണു മറ്റൊരു സത്യം.

ഒരു പാപി ചെയ്ത ചില പാപങ്ങൾ അവന്റെ അനുതാപത്തിന്റെ പേരിൽ ദൈവം ക്ഷമിച്ചു എന്നിരിക്കട്ടെ, മേലാൽ പാപം ചെയ്യുകയില്ല എന്നുള്ള പ്രതിജ്ഞ പാലിക്കാനവനു പ്രാപ്തിയുണ്ടോ? വളരെ പരിശ്രമിച്ചാൽ ചില പാപങ്ങൾ ചെയ്യാതിരിക്കാൻ കഴിഞ്ഞേക്കും. ചിന്തിക്കാതിരിക്കാൻ കഴിയുമോ? നോക്കാതിരിക്കാൻ, കേൾക്കാതിരിക്കാൻ, പറയാതിരിക്കാൻ കഴിയുമോ? ഇല്ല. ചെയ്തുപോയ ചില പാപങ്ങൾ ക്ഷമിച്ചു കിട്ടുകയല്ല വേണ്ടത്; പാപചിന്തയും നോട്ടവും കേഴ്‌വിയും സംസാരവുമുള്ള പാപിയും നരകയോഗ്യനുമായ മനുഷ്യന്റെ ഘടനയ്ക്കുമാറ്റമുണ്ടാകുകയാണുവേണ്ടത്. ഘടനയ്ക്കുമാറ്റമുണ്ടാക്കാൻ സ്രഷ്ടാവിനു മാത്രമേകഴിയു. ഇവിടെയാണു സ്രഷ്ടാവായ ക്രിസ്തുവിന്റെ പ്രസക്തി. "ക്രിസ്തുയേശു പാപികളെ രക്ഷിക്കാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരക്കാൻ യോഗ്യവുമായ വചനം തന്നെ" (1 തിമൊ 1:15). ക്രിസ്തു സ്രഷ്ടാവല്ലെങ്കിൽ ക്രിസ്തുവിനാൽ രക്ഷ സാദ്ധ്യമല്ല.

ആഴമുള്ള കുഴിയിൽ വീണ മനുഷ്യൻ ശ്രദ്ധക്കുറവുകൊണ്ടു വീണു പോയെന്നും മേലാൽ ശ്രദ്ധയോടെ നടക്കുമെന്നും നൂറാവർത്തി പറഞ്ഞുകൊണ്ടിരുന്നാലും കരയ്ക്കെത്തുകയില്ല. അവന് ഒരു രക്ഷിതാവിനെയാണു വേണ്ടത്. കയറും കൊട്ടയുമായി കുഴിയിലിറങ്ങിവന്നു വീണവനെ കോരിയെടുത്തുരക്ഷിക്കാൻ രക്ഷാമാർഗ്ഗം ഒരുക്കിയത് യേശു മാത്രമാണ്. അതുകൊണ്ടാണു ബൈബിൾ പറയുന്നത് "ദൈവം ഒരുവനല്ലൊ ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ ഏൽപ്പിച്ചു കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ" (1 തിമൊ 2:5).

എന്താണു പ്രധാനപ്പെട്ട രണ്ടാംപടി? മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചു മനുഷ്യന്റെ വേദനകൾ അനുഭവിച്ച യേശുവിനെ രക്ഷകനും ദൈവവുമായി സ്വീകരിച്ച് യേശുവിനെ അനുസരിച്ചും ആരാധിച്ചും ജീവിക്കുവാൻ പ്രതിജ്ഞ ചെയ്യുക. ഒരാൾ പാപിയും നരകയോഗ്യനുമാണെന്നു സമ്മതിക്കുക എളുപ്പമല്ലെന്നു നാം കണ്ടു. പക്ഷെ വളരെ പാടുപെട്ട് അങ്ങനെ സമ്മതിക്കുന്നുവെന്നിരിക്കട്ടെ. ഒരു ചലനവും ഉണ്ടാകില്ല. എന്നാൽ രക്ഷയ്ക്കായി രക്ഷിതാവായ യേശുവിൽ സർവ്വാത്മനാ ആശ്രയിക്കുകയും യേശുവിന്റെ ശിഷ്യനായി ജീവിക്കുവാൻ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്യുമ്പോൾ സ്രഷ്ടാവ് സൃഷ്ടികർമ്മം ആരംഭിക്കുക യാണ്. പുതിയ സൃഷ്ടിയാക്കുകയാണ്. ഘടനയ്ക്കു മാറ്റം വരുത്തുകയാണ്. നരകശിക്ഷ മാറ്റുകയാണ്. വഴിനയിക്കുവാൻ പരിശുദ്ധാത്മാവ് ഉള്ളിലേക്കു വരികയാണ്. ഇതാണു രക്ഷാനുഭവം.

ക്ലാരമ്മയ്ക്ക് യേശുവിന്റെ ശിഷ്യയാകണമെന്ന അദമ്യമായ ആഗ്രഹമുണ്ടായിരുന്നു. മന്ത്രിയായ ഷണ്ഡൻ പറഞ്ഞതുപോലെ അതിന്റെ പൊരുൾ തിരിച്ചുകൊടുക്കാനാരും ഇല്ലായിരുന്നു. ആകെയുള്ള പ്രതീക്ഷ പൊൻമലപ്പള്ളിയിലെ കരിസ്മാറ്റിക്ക് ധ്യാനം മാത്രമായിരുന്നു. പല ധ്യാനങ്ങൾ കഴിഞ്ഞപ്പോഴേക്കും ഇടവകാംഗങ്ങൾക്കെല്ലാം ഉത്സാഹമായി. പ്രാർത്ഥനായോഗങ്ങൾ തുടങ്ങി. ആരാധന സജ്ജീവമായി. പള്ളിയിലെ കുരിശിത രൂപമൊഴികെ എല്ലാ രൂപങ്ങളും മുക്കാട്ടച്ചൻ പള്ളിമുറിയിൽ അടച്ചുപൂട്ടി. പൊന്മലപ്പള്ളി കരിസ്മാറ്റിക്ക് സെന്ററാക്കാനും പദ്ധതിയിട്ടു.

പക്ഷേ ഈ നവീകരണത്തിന് അധികം ആയുസ്സുണ്ടായില്ല. ബഹുമാന്യ തലശ്ശേരി മെത്രാൻ സെബാസ്റ്റ്യൻ വെള്ളോപ്പള്ളി പെട്ടെന്ന് ഇടവക സന്ദർശിക്കാനെത്തി. രൂപങ്ങൾ യഥാസ്ഥാനത്തു വയ്ക്കാൻ കല്പനയായി.





മുക്കാട്ടച്ചനു സ്ഥലം മാറ്റം. കരിസ്മാറ്റിക്ക് വിരോധിയായ ഒരച്ചൻ പകരം വന്നു. അതോടെ പ്രാർത്ഥനായോഗങ്ങൾ നിന്നു. എല്ലാം പഴയതുപോലെ. സഭ നന്നാകും എന്ന പ്രതീക്ഷ അസ്തമിച്ചതിനാൽ ക്ലാരമ്മ പള്ളീൽപോക്കുനിർത്തി. തയ്യലും കച്ചവടവും കഴിഞ്ഞു വീട്ടിലെത്തി അമ്മയുടെയും അമ്മാവിയമ്മയുടെയും ഭർത്താവിന്റെയും മൂന്നു മക്കളുടെയും കാര്യങ്ങൾ ശ്രദ്ധിച്ചശേഷം ബൈബിൾ വായിക്കും പ്രാർത്ഥിക്കും-സ്വയം പ്രേരിതമായി.

വീട്ടിലുള്ളവർ കർത്താവിന്റെ പ്രാർത്ഥന ചൊല്ലുമ്പോൾ ക്ലാരമ്മ മൗനമായി ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുമായിരുന്നു. ഒന്നാമത് അത് കർത്താവു പിതാവിനോടു പ്രാർത്ഥിച്ചുകൊണ്ടിരുന്ന പ്രാർത്ഥനയല്ല. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ എന്നു പ്രാർത്ഥിക്കേണ്ട കാര്യം കർത്താവിനില്ല. കാരണം പിതാവ് ക്ഷമിച്ചുകൊടുക്കേണ്ട ഒരു പാപവും കർത്താവിനില്ല. ശിഷ്യന്മാർ ആവശ്യപ്പെട്ടതനുസരിച്ച് കർത്താവ് അവർക്കു നൽകിയ ഒരു പ്രാർത്ഥനാമോഡലാണത്. ജാതികൾ ചെയ്യുന്നതുപോലെ ജല്പനം ചെയ്യരുതെന്നു കല്പിച്ച യേശു ജല്പനം ചെയ്യുവാൻ അനുവദിക്കുമോ?

പ്രാർത്ഥനയുടെ ഒരുക്കത്തിനാണിതിൽ പ്രാധാന്യം. പിതാവേ എന്നു സംബോധന ചെയ്താണു പ്രാർത്ഥിക്കേണ്ടത്. അതായത് ദൈവമക്കളായിത്തീർന്നവരാണു പ്രാർത്ഥിക്കേണ്ടത്. അതിൽ ഒരുക്കമുണ്ട്. ഞങ്ങളുടെ എന്നുള്ള ബഹുവചന പ്രയോഗമാണിതി ലുള്ളത്. സഭയിലെ (ഇടവകയിലെ) എല്ലാവരെയും വഹിച്ചുകൊണ്ടു പ്രാർത്ഥിക്കണം. എല്ലാവരുടെയും അന്നത്തേക്കുള്ള ഭക്ഷണകാര്യവും എല്ലാവരും തമ്മിൽ വഴക്കില്ലാത്ത കാര്യവും (പരസ്പരം ക്ഷമിച്ചിരി ക്കുന്നു). ഇതും ഒരുക്കമാണ്. ആരെയും പ്രലോഭനത്തിൽ പെടുത്തരുത്. എല്ലാവരും ഒരുപോലെ ആത്മീയമായി വളരണമെന്നർത്ഥം. ഈ മോഡലിൽ രോഗസൗഖ്യം, വിദ്യാഭ്യാസം, തൊഴിൽ, വിവാഹം, മക്കൾ, സുവിശേഷ പ്രവർത്തനങ്ങൾ തുടങ്ങിയ ആവശ്യങ്ങൾ പറഞ്ഞ് സ്വമേധയാ പ്രാർത്ഥിക്കുകയാണുവേണ്ടത്. ചിലർ സ്വമേധയാ പ്രാർത്ഥിച്ചുകഴിഞ്ഞു ആരെയോപേടിച്ചിട്ട് ഈ പ്രാർത്ഥനാ മോഡൽ കൂടെ ഉരുവിടാറുണ്ട്. അതിന്റെ ആവശ്യമില്ല. അപ്പൊസ്തലന്മാർ വ്യത്യസ്ത ആവശ്യങ്ങൾക്കായി പ്രാർത്ഥിച്ച കാര്യവും ആ പ്രാർത്ഥനാ വാചകങ്ങളും അപ്പോസ്തല പ്രവൃത്തികളിലും ലേഖനങ്ങളിലുമുണ്ട്. ഈ പ്രാർത്ഥനാ മോഡൽ കൂടെ അവർ ഉരുവിട്ടതായി എഴുതിയിട്ടില്ലല്ലൊ?

## 6

# 'ബൈബിൾ കൃഷ്ണൻ' എന്ന വിശ്വാസി

**അ**ക്കാലത്ത് കൃഷ്ണൻ എന്നൊരു യുവാവു പാടിച്ചാലിൽ നിന്നും പണി അന്വേഷിച്ചു കുടിയാന്മലയിലെത്തി. അയാൾ വിശ്വാസം കൊണ്ട് ക്രിസ്ത്യാനിയായിരുന്നു. കൃഷ്ണൻ പലർക്കും ബൈബിൾ നൽകുകയും താൻ വാടകയ്ക്കു താമസിക്കുന്ന മുറിയിൽ ബൈബിൾ സംബന്ധിച്ച ചോദ്യോത്തരങ്ങളും വാദപ്രതിവാദങ്ങളും നടത്തുകയും ചെയ്യുമായിരുന്നു. അങ്ങനെ അയാൾക്കു ബൈബിൾ കൃഷ്ണൻ എന്നു പേരു വീണു. അയാൾ നിമിത്തം ബൈബിളിലേക്കു ആകർഷിക്കപ്പെട്ട ചില യുവാക്കൾ ബൈബിൾ ആഴത്തിൽ പഠിക്കാൻ താൽപര്യപ്പെട്ടു. കുടിയാന്മലയെ ദൈവം സന്ദർശിക്കുകയായിരുന്നു.

കണ്ണൂർ ടൗൺ കേന്ദ്രമാക്കി റേഡിയോ പ്രക്ഷേപണം ഉൾപ്പെടെയുള്ള സുവിശേഷപ്രവർത്തനങ്ങൾ ചെയ്തുവരുന്ന ഒരു ടീമിനെ സഹോദരൻ കൃഷ്ണൻ കുടിയാന്മലയിലേക്കു കൂട്ടിക്കൊണ്ടു വന്നു. പൌലോസ് തുടിയൻ എന്ന പ്രായമുള്ളയാളായിരുന്നു അവരുടെ ലീഡർ. ജോൺ സെബാസ്റ്റ്യനും കുഞ്ഞുമോൻ തോട്ടപ്പള്ളിയും പ്രധാന സഹപ്രവർത്തകരും. ബൈബിൾ വോയ്സ് എന്നായിരുന്നു റേഡിയോ പരിപാടിയുടെ പേര്. അതുകൊണ്ടു ബൈബിൾ വോയ്സുകാർ എന്നാണിവർ അറിയപ്പെട്ടിരുന്നത്. കൂടുതൽ പേരും ചെറുപ്പക്കാരായതുകൊണ്ട് ചിലർ തെറ്റിദ്ധരിച്ചു ബൈബിൾ ബോയ്സ് എന്നും പറയുന്നതു കേട്ടിട്ടുണ്ട്.

അനന്തക്കാട്ട് തോമസ്, അനന്തക്കാട്ടു കുട്ടിയച്ചൻ, പടവിൽ സിറിയക്, കോറോത്തു പാപ്പച്ചൻ, അഞ്ചനാട്ടു വർക്കിച്ചൻ, തയ്യിൽ കുഞ്ഞുമോൻ തുടങ്ങിയ കുറെ യുവാക്കൾ ആദ്യഘട്ടത്തിൽ ഇവരുടെ പ്രസംഗത്തിനും ബൈബിൾ ക്ലാസിനും സ്ഥിരമായി സംബന്ധിക്കാൻ തുടങ്ങി. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചേറ്റു പറഞ്ഞവരുടെ സ്നാനം കുടിയാന്മല ഹൈസ്കൂളിനു പുറകിലൂടെ ഒഴുകുന്ന തോട്ടിലായിരുന്നു. ഗീതം ഗീതം ജയ ജയ ഗീതം എന്ന പാട്ടുംപാടി ജാഥയായിട്ടാണു തോട്ടിലേക്കുപോയത്. ആ നാട്ടിലെ





ആദ്യസ്നാനം കാണാൻ വലിയൊരു ജനാവലി ഇരുകരകളിലും തടിച്ചുകൂടി.

സ്നാനശേഷം കുടിയാന്മല ടൗണിൽ സുവിശേഷ പ്രസംഗം നടന്നു. അതു തോമസ്സുചേട്ടന്റെയും ക്ലാരമ്മയുടെയും കടയുടെ തിണ്ണയിൽ നിന്നുകൊണ്ടായിരുന്നു. പൌലോസ് തുടിയച്ചായനായിരുന്നു പ്രസംഗിച്ചത്. യേശു നമ്മെ സ്നേഹിച്ചു ക്രൂശിൽ മരിച്ച് അടക്കപ്പെട്ട് ഉയിർത്ത് അദൃശ്യനായി ജീവിക്കുന്നു. യേശുവിനെ സ്നേഹിക്കാൻ എല്ലാവരും തയ്യാറാകണം എന്നായിരുന്നു പ്രസംഗം. യേശുവിനെ സ്നേഹിക്കുന്നപക്ഷം യേശുവിനെ അനുസരിക്കണം. യേശുവിനെ മാത്രം അനുസരിക്കണം. പക്ഷെ അതെളുപ്പമല്ല, വലിയ എതിർപ്പുവിളിച്ചുവരുത്തും. ക്രൈസ്തവരോ അക്രൈസ്തവരോ യേശുവിനെ വിശ്വസിക്കുന്നതിനു ആരും എതിരല്ല. എന്നാൽ യേശുവിനെ സ്നേഹിക്കാൻ തുടങ്ങിയാൽ സ്വന്തം വീട്ടുകാരുപോലും ശത്രുക്കളാകും. നല്ലൊരു ഗായകൻ കൂടിയായ അദ്ദേഹം താൻതന്നെ എഴുതിയ ഒരു ഗാനവും അന്ന് ആലപിച്ചു.

"സ്നേഹിച്ചീടും ഞാൻ എന്നാത്മനാഥനേ
കാൽവരിക്രൂശിൽ ജീവനും തന്നു
സ്നേഹിച്ചതെന്നെ നീ"

ക്ലാരമ്മ വായിച്ച ചില വചനങ്ങളും ഈ പ്രസംഗവുമായി ഒത്തുനോക്കുവാൻ ക്ലാരമ്മയ്ക്കു തോന്നി. എന്റെ നിമിത്തം അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും നിലംപുരയിടങ്ങളെയും സ്വന്തം ജീവനെയും കൂടി പകയ്ക്കാതിരിക്കുന്നവനു എന്റെ ശിഷ്യനാകാൻ കഴിയുകയില്ല. എന്നേക്കാളധികം അവരെ പ്രീയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. യേശുവിനെ സ്നേഹിക്കുമ്പോൾ സ്വന്ത വീട്ടുകാർ ശത്രുക്കളാകുമെന്നത് എത്ര ശരി? അപ്പനേയും അമ്മയേയും സ്നേഹിക്കണമെന്നാണു പഴയനിയമത്തിലുള്ളത്. എന്നാൽ യേശു പറയുന്നു എന്നെ സ്നേഹിക്കുന്ന കാര്യത്തിനു അപ്പനും അമ്മയും കുടുംബാംഗങ്ങളും തടസ്സം നിന്നാൽ അവരെ പകച്ചിട്ട് എന്നെ സ്നേഹിക്കണം.

ക്ലാരമ്മയുടെ വർഷങ്ങളായുള്ള പ്രാർത്ഥനയ്ക്കു ദൈവം മറുപടി നൽകുകയായിരുന്നു. തന്റെ തിണ്ണയിൽ ദൈവസ്നേഹവുമായി ദൈവദാസന്മാർ എത്തിയിരിക്കുന്നു. ലുദിയയുടെ ഹൃദയം തുറന്ന കർത്താവ് ക്ലാരമ്മയുടെയും ഹൃദയം തുറന്നു. ക്ലാരമ്മ യേശുവിനോടു മൗനമായി ഉടമ്പടി ചെയ്തു. (അ.പ്ര 16:14)

കന്യകമറിയം ദൈവത്തിനു വാക്കുകൊടുത്തുകഴിഞ്ഞപ്പോൾ അവൾ കൂട്ടായ്മപുലർത്തേണ്ട എലിസബത്തിനെ ചൂണ്ടിക്കാണിച്ചു കൊടുത്തതുപോലെ ക്ലാരമ്മ ഇനി മുതൽ ഒരുമിച്ചു പ്രാർത്ഥിക്കുകയും ഒരുമിച്ച് ആരാധിക്കുകയും ചെയ്യേണ്ട സത്യസഭയെ ദൈവം കാണിച്ചു തന്നിരിക്കുന്നു എന്ന കൃതാർത്ഥതയുണ്ടായി. ഉപദേശസത്യങ്ങൾ പഠിച്ചു സംശയങ്ങൾക്കെല്ലാം നിവാരണം വരുത്തണം എന്നൊരന്തർ ദാഹം ശേഷിച്ചു. അതു വീണ്ടും ജനനത്തിന്റെ ലക്ഷണമാണ്. ജനിച്ച സമയം മുതൽ ശിശു കരയുന്നതു പാലിനുവേണ്ടിയാണ്. ദൈവമക്കളായി പിറന്നു വീഴുന്നതു മുതൽ ദൈവവചനമാകുന്ന മായമില്ലാത്ത പാലിനോടു ദാഹമുണ്ടാകുന്നത് സ്വാഭാവികം മാത്രം.

യാതൊരു നല്ല കാര്യത്തിനും തടസ്സം നിൽക്കാത്ത ഭർത്താവു തോമാച്ചൻ ബൈബിൾ ക്ലാസുകൾക്കു പോകാൻ അനുമതി നൽകി. കർത്താവു നമ്മെ രക്ഷിക്കുന്നവൻ മാത്രമല്ല ആത്മീയ ജീവിതത്തിനു വഴി ഒരുക്കുന്നവൻ കൂടെയാണ്. ദൈവത്തിനു വാക്കുകൊടുത്ത മറിയത്തിന്റെ ബേത്‌ലഹേമിലെ പ്രസവം, മിസ്രയീമിലെ പരദേശവാസം, നസറേത്തിലെ കുടുംബജീവിതം തുടങ്ങിയവയിൽ വല്ല കുറവുമുണ്ടായോ? അരീക്കമല പെരുമ്പള്ളിൽ ചിന്നമ്മ കുന്നത്തേളിൽ മേരി എന്നീ രണ്ടു സഹോദരിമാർ ക്ലാരമ്മയെ ആരാധന കാണാൻ ക്ഷണിച്ചു.

കോഴിക്കോടു മലബാർ ക്രിസ്ത്യൻ കോളേജ് ഇക്കണോമിക്സ് പ്രൊഫസറായിരുന്ന ബഹുമാന്യ പി.പി. സ്കറിയാമാഷ് കുടിയാന്മലയിലെ പ്രവർത്തന ത്തിന്റെ ആദ്യകാലത്ത് എത്തിയതു വലിയ ഇംപാക്ട് ഉണ്ടാക്കി. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ യൂണിവേഴ്സിറ്റിയിലെ സകല വിദ്യാർത്ഥികൾക്കും സുപരിചിതമാണ്. അതുകൊണ്ടു തന്നെ പ്രൊഫസർ സുപ്രസിദ്ധനാണ്. ഇവരുടെ കൂട്ടത്തിൽ സമൂഹത്തിലെ സമുന്നതരുണ്ടെന്നുള്ളതു മൗനമായെങ്കിലും വാചാലമായി സംസാരിക്കുന്നതായിരുന്നു.

കോട്ടയം, പാല, കാഞ്ഞിരപ്പള്ളി ഭാഗത്തുനിന്നുള്ളവരാണു ഇവിടെയുള്ള കുടിയേറ്റക്കാരിലധികവും. ദൈവദാസന്മാരിൽ പലരും ആ ദേശങ്ങളിൽനിന്നുമുള്ളവരായിരുന്നു. നമ്മുടെ നാട്ടുകാരല്ലേ എന്നൊരു പരിഗണന ഇവിടുത്തുകാർ ദൈവദാസന്മാർക്കു നൽകിയിരുന്നു. വെട്ടത്തെ കടയുടെ തിണ്ണയിൽ ധാരാളം പ്രസംഗയോഗങ്ങൾ നടത്തിയിട്ടുണ്ട്. ഒന്നുമല്ലെങ്കിലും നമ്മുടെ നാട്ടുകാരല്ലെ എന്നാണു വെട്ടം പറഞ്ഞിരുന്നത്.





# 7

# മുലപ്പാൽ വേറെ മിൽമാപ്പാൽ വേറെ

**ശി**ശുസഹജമായ ജിജ്ഞാസയോടുകൂടെയാണു ക്ലാരമ്മ ബൈബിൾ ക്ലാസ്സിലേക്കു ചെന്നത്. യേശുവിനെ രക്ഷകനായി സ്വീകരിച്ചാൽ പോരേ സ്നാനപ്പെടണമൊ? കുരിശിലെ കള്ളൻ സ്നാനപ്പെട്ടില്ലല്ലോ? ശിശുസ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലായതുകൊണ്ടതിനു വിലയില്ലെ? രക്ഷിക്കപ്പെട്ട വ്യക്തി പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടില്ലെ? ഇതൊക്കെയായിരുന്നു അന്നത്തെ പ്രധാന സംശയങ്ങൾ.

ഏതു ചോദ്യത്തിനും ഉടൻതന്നെ ബൈബിൾ തുറന്നു കൃത്യമായ വാക്യങ്ങൾ വായിച്ചു കേൾപ്പിച്ചുകൊണ്ടു ദൈവദാസന്മാർ നൽകുന്ന ഉത്തരങ്ങൾ കേട്ടപ്പോൾ അത്ഭുതം തോന്നി. താൻ വർഷങ്ങളായി അന്വേഷിച്ചുകൊണ്ടിരുന്ന സത്യസഭ ഇതുതന്നെ എന്ന് അരക്കിട്ടുറപ്പിക്കുന്നതായിരുന്നു ഓരോ ക്ലാസ്സും.

യേശു ലളിതമായ ഉപമകളുടെ സഹായത്തോടെ ആത്മീയ സത്യങ്ങൾ സാധാരണക്കാരെ ബോദ്ധ്യപ്പെടുത്തി ഉപദേശിച്ചിരുന്നതു പോലെ ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചുള്ള പഠനരീതി ക്ലാരമ്മയ്ക്കിഷ്ടമായി. ഒരു ചെറുക്കനും പെണ്ണും പരസ്പരം ഇഷ്ടപ്പെട്ടതുകൊണ്ടോ മനഃസമ്മതം പറയുന്നതുകൊണ്ടോ അവർ ഭാര്യാഭർത്താക്കളാകുന്നില്ല. അവർ ജനങ്ങളെ സാക്ഷിനിർത്തി പള്ളിയിലോ അമ്പലത്തിലോ രജിസ്റ്റർ ആഫീസിലോ ഉടമ്പടി ചെയ്തു രജിസ്റ്ററിൽ ഒപ്പു വയ്ക്കുമ്പോഴാണ് ഭാര്യാഭർത്താക്കളാകുന്നത്. അവർക്കുള്ള പരസ്പര വിശ്വാസം വിവാഹം എന്ന പ്രവൃത്തികൊണ്ടാണു തെളിയിക്കപ്പെടുന്നതു. അതു പോലെ ക്രിസ്തുവിൽ അർപ്പിച്ച വിശ്വാസം സ്നാനം കൊണ്ടു തെളിയിക്കണം. അതാണു പ്രവൃത്തിയുള്ള ജീവനുള്ള വിശ്വാസം.

യേശുവിനെ ദൈവമായി വിശ്വസിക്കുന്നവർ യേശുവിനെ അനുസരിച്ചുകൊണ്ട് ആ വിശ്വാസം തെളിയിക്കും. അനുസരണ

മില്ലാത്തത് വിശ്വാസമല്ല. യേശു പറഞ്ഞു. പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല (യോഹ. 3:36). വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കോ 16:16). ഇതുവായിക്കുമ്പോൾ നാം സ്നാനപ്പെടുമ്പോഴാണു രക്ഷിക്കപ്പെടുന്നതെന്നും രക്ഷയ്ക്കു സ്നാനം കൂടെ വേണമെന്നും സ്നാനം ഉണ്ടെങ്കിലേ രക്ഷപൂർണ്ണമാകൂ എന്നും തോന്നും. എന്നാൽ യേശുവിലെ വിശ്വാസത്താൽ മാത്രമാണു രക്ഷ. വിശ്വസിക്കുമ്പോഴാണു രക്ഷിക്കപ്പെടുന്നത്. ആ വിശ്വാസത്തിൽ സ്നാനത്തിനുള്ള സമ്മതം ഉണ്ടായിരിക്കണമെന്നു മാത്രം. ഞാൻ വിശ്വസിക്കാം, യേശുകല്പിച്ച സ്നാനം അനുസരിക്കില്ലെന്നു പറഞ്ഞാൽ യേശുവിനെ ദൈവമായി അംഗീകരിക്കുന്നില്ലെന്നർത്ഥം. യേശു തിരിഞ്ഞുനോക്കില്ല.

ഒരു പെൺകുട്ടിയെ കാണാൻ വന്ന ചെറുക്കന് ഇഷ്ടമായി. വീട്ടുകാർ അവളോട് ഇതു നിനക്കായി ദൈവം ഒരുക്കിയ വരനാണെന്നു വിശ്വസിക്കുന്നുവോ എന്നു ചോദിക്കുമ്പോൾ ഞാനങ്ങനെ വിശ്വസിക്കുന്നു എന്നു മറുപടി പറഞ്ഞാൽ കല്യാണത്തിനും തുടർന്ന് അയാളുടെ വീട്ടിൽ പോയുള്ള ജീവിതത്തിനും എനിക്കു സമ്മതമാണെന്നാണർത്ഥം. സ്വന്തം വീടിനെയും നാടിനെയും ബന്ധുക്കളെയും വിട്ടു മറ്റൊരു വീടിനോടു ബന്ധപ്പെടാനുള്ള സമ്മതമാണത്.

മതകർമ്മാചാരങ്ങളോടു മനസ്സുകൊണ്ടു വേർപെട്ടാൽ പോരെ സ്നാനപ്പെടേണ്ടതുണ്ടോ എന്നു ചോദിക്കുന്നവരുണ്ട്. നോഹയുടെ കാലത്തെ ജലപ്രളയവും യിസ്രയേൽ ജനം കടന്നുപോന്ന ചെങ്കടലും ഇതിനുത്തരമാണ്.

നോഹയുടെ കാലത്തെ ജനം നീതി പ്രസംഗിയായ നോഹയുടെ പ്രസംഗം കേട്ടു ദൈവത്തെ വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും അവിടെത്തന്നെ ദൈവത്തെ ആരാധിക്കുകയും ചെയ്താൽ പോരായിരുന്നു. നോഹ ഒരുക്കിയ ഏകവാതിലുള്ള പെട്ടകത്തിൽ കയറണം, ജലപ്രളയത്തിലൂടെ ഒഴുകി അറാറാത്തിലെത്തി അവിടെ ഇറങ്ങി ആരാധിക്കണം. ഈ പെട്ടകം സ്നാനത്തിനു സാദൃശ്യമാണെന്നാണു പത്രോസ് സ്ലീഹാ എഴുതിയിരിക്കുന്നത് (1 പത്രോസ് 3:21).





മിസ്രയീമിലെ യിസ്രയേൽജനം മോശയുടെ പ്രസംഗംകേട്ടു മാനസാന്തരപ്പെട്ടു ദൈവത്തിൽ വിശ്വസിച്ചുകൊണ്ടു മിസ്രയീമിൽ ആരാധിച്ചാൽ മതിയായിരുന്നോ? പോരാ. അവർ പെസഹാക്കുഞ്ഞാടിനെ അറുത്തു ചോര വീട്ടുവാതിൽക്കൽപുരട്ടി സംഹാരദൂതനിൽ നിന്നു വിടുതൽ നേടിയശേഷം ചെങ്കടലിലൂടെ മരുഭൂമിയിലെത്തി ആരാധിക്കണമായിരുന്നു. ചെങ്കടൽ കടന്നതു സ്നാനത്തിന്റെ സാദൃശ്യമായിരുന്നു (1 കൊരി 10:2).

എന്താണതിന്റെ പൊരുൾ? യേശുവിന്റെ കുരിശിലെ രക്ഷാമാർഗ്ഗത്തെക്കുറിച്ചു കേട്ട്, മാനസാന്തരപ്പെട്ടു, വിശ്വസിച്ചു നല്ല ജീവിതം നയിച്ചാൽ മാത്രംപോരാ. സ്നാനപ്പെട്ടു നിഷ്ഫല പ്രവൃത്തികളോടു വേർപെടുകയും ദൈവമക്കളോടു ചേർന്ന് ആരാധിക്കുകയും വേണം.

ക്രൂശിലെ കള്ളന്റെ കാലം കഴിഞ്ഞാണു യേശു സ്നാനം കൽപിച്ചത്. അയാൾ മാത്രമല്ല ഹാബേൽ, ഹാനോക്ക്, അബ്രഹാം, ഏലിയാവ്, എലീശ തുടങ്ങിയ പഴയനിയമ ഭക്തർ സ്നാനപ്പെട്ടില്ലല്ലൊ? അന്ന് അതു കൽപിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടവർക്കതു ബാധകമല്ല.

സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലെന്നു പറഞ്ഞാൽ സ്നാനപ്പെടുത്തുമ്പോൾ ഈ മൂന്നു പേരുകളും പറയണമെന്നല്ല. സ്നാനം ദൈവനാമത്തിൽ ചെയ്യുന്ന സത്യപ്രതിജ്ഞയാണ്. പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നയാളിനല്ല ഏറ്റു ചൊല്ലുന്ന ആളിനാണു പാലിക്കാൻ ബാദ്ധ്യതയുള്ളത്. ശിശുസ്നാന സമയത്തു സ്നാനപ്പെടുത്തുന്നയാൾ ദൈവനാമം പറയുന്നുണ്ടെങ്കിലും ശിശു അതറിയുന്നില്ല, ഏറ്റു ചൊല്ലുന്നുമില്ല. അതുകൊണ്ടതു സാധുവല്ല.

മനുഷ്യവർഗ്ഗത്തെ സ്നേഹിച്ച പിതാവായ ദൈവത്തോടും സ്വയം യാഗമായ പുത്രനോടും ഈ രക്ഷാമാർഗ്ഗം ബോദ്ധ്യമാക്കിത്തന്ന പരിശുദ്ധാത്മാവിനോടും മരണം വരെ കൂറുപുലർത്തി ജീവിച്ചുകൊള്ളാമെന്നുള്ളതാണു സ്നാനത്തിലെ സത്യപ്രതിജ്ഞ.

കല്യാണത്തിനു പെൺകുട്ടി സമ്മതമറിയിക്കുന്നു. വീട്ടുകാരുടെ സൗകര്യാർത്ഥം വിവാഹം നടത്തുന്നതുപോലെ യേശുവിലെ വിശ്വാസം ഏറ്റുപറയുന്നതിനാൽ സഭ സൗകര്യാർത്ഥം സ്നാനം നടത്തുന്നു. അതുകൊണ്ടുതന്നെ സ്നാനം സ്നാനപ്പെടുന്നയാളിന്റെ യല്ല സഭയുടെ പ്രവൃത്തിയാണ്. അതുകൊണ്ടാണു വിശ്വാസത്താലാണ്

രക്ഷയെന്നും രക്ഷയ്ക്കു യാതൊരു പ്രവൃത്തിയും ആവശ്യമില്ലെന്നും പറയുന്നത്.

വിശ്വാസം ഏറ്റുപറയുമ്പോൾ ദൈവം നാവിനെയല്ല ഹൃദയത്തെയാണു നോക്കുന്നത്. വിശ്വാസം സത്യസന്ധമാണെങ്കിൽ ആ നിമിഷം തന്നെ ദൈവം രക്ഷിക്കുകയാണ്. തന്റെ സർവ്വജ്ഞാനത്താൽ മരണം വരെയുള്ള ജീവിതം വിലയിരുത്തിയിട്ടു മാത്രമാണു ദൈവം രക്ഷിക്കുന്നത്. നമ്മുടെ ഉയർച്ചയും താഴ്ചയും എല്ലാം വിലയിരുത്തും. നൂറുമേനിക്കാരെ മാത്രമല്ല അറുപതും മുപ്പതും മേനിക്കാരെയും രക്ഷിക്കും. ദൈവം തന്റെ സർവ്വജ്ഞാനത്താൽ ആളുകളെ രക്ഷിക്കുന്നതുകൊണ്ട് ഇടയ്ക്കിടക്കു ഉപേക്ഷിക്കാനും തിരിച്ചെടുക്കാനും ആവശ്യം വരുന്നില്ല. എടുത്താൽ എടുത്തതാണ്. പീലാത്തോസ് പറഞ്ഞു ഞാൻ എഴുതിയതെഴുതി. ദൈവം പീലാത്തോസിനെക്കാൾ എത്രയോ ഉന്നതനാണ്? സ്വർഗ്ഗത്തിൽ പേരെഴുതിയാൽ എഴുതിയതു തന്നെ, പിന്നെ മായ്ക്കില്ല,

ദൈവം, നമ്മുടെ സ്നേഹം നോക്കിയല്ല രക്ഷിക്കുന്നത് തന്റെ നിത്യസ്നേഹത്തിലാണ്. അതുകൊണ്ടു രക്ഷ ഭദ്രമാണ്.

രക്ഷിക്കപ്പെടുമ്പോൾ നാം പുതിയ സൃഷ്ടിയായിത്തീരുകയാണ്. ആ സൃഷ്ടികർമ്മത്തെ മാറ്റാൻ നമുക്കോ, മറ്റുള്ളവർക്കോ സാത്താനോ, സാധിക്കുകയില്ല. സ്രഷ്ടാവ് ഒരാളല്ലെയുള്ളൂ? അതുകൊണ്ടു രക്ഷ ഭദ്രമാണ്.

രക്ഷിക്കപ്പെട്ടവരെ ദൈവംഉപേക്ഷിക്കുകയില്ല എന്നു ആദ്യം തന്നെ ഉറയ്ക്കണം. എങ്കിൽ മാത്രമേ സ്ഥിരോത്സാഹത്തോടെ ആത്മീയ ജീവിതം നയിക്കുവാനും കഷ്ടങ്ങളിൽ തളർന്നു പോകാതിരിക്കുവാനും സാധിക്കയുള്ളൂ. എന്നെ ദൈവം തള്ളിക്കളഞ്ഞുകാണും എന്നു ചിന്തിച്ചാൽ ജീവിതത്തിന്റെ താളം മുഴുവൻ തെറ്റി അവതാളമാകും എന്നു പറയേണ്ടതില്ലല്ലോ.

"ഒരുനാളുമെന്നെ ഉപേക്ഷിക്കയില്ലെന്നു
പരമാർത്ഥമായവൻ ചൊല്ലീട്ടുണ്ട്.
ആകാശം ഭൂമിയും ആകെയൊഴിഞ്ഞാലും
ആയവൻ വാക്കിനു ഭേദമില്ല.
എന്തെല്ലാം വന്നാലും കർത്താവിൻ പിന്നാലെ
സന്തോഷമായി ഞാൻ യാത്ര ചെയ്യും."





## 8

## സ്ത്രീകളുടെ കാതുകളും മൂക്കും തുളയ്ക്കണമോ?

**ക്ലാ**രമ്മ യേശുവിനെ കൈക്കൊണ്ടകാര്യം തോമാച്ചനോടു പറഞ്ഞു. നല്ല കാര്യം എന്നാണദ്ദേഹം പ്രതികരിച്ചത്. ബൈബിൾ പഠിക്കാൻ പോകുന്നതിനൊന്നും തനിക്കെതിരില്ലായിരുന്നു; എന്നാൽ ഒരു മുന്നറിയിപ്പു നൽകി സ്നാനപ്പെടേണ്ട. മറ്റൊന്നും കൊണ്ടല്ല, കുടിയാന്മലയിൽ ആദ്യം സ്നാനപ്പെട്ട സ്ത്രീകൾ ആഭരണം വർജ്ജിക്കുകയും ലളിതമായ വസ്ത്രധാരണം ആരംഭിക്കുകയും ചെയ്തിരുന്നു.

ഒരു വിശുദ്ധസ്ഥലത്തുവച്ചു പുരോഹിതരെ സാക്ഷിയാക്കി ദൈവനാമത്തിൽ താൻ കെട്ടിയ താലി ഉൾപ്പെടെയുള്ള സ്വർണ്ണാഭരണങ്ങൾ അഴിച്ചുകളയുന്നതു തോമാച്ചനു ഉൾക്കൊള്ളാനായില്ല. ക്ലാരമ്മ ബൈബിൾ പഠനം തുടർന്നുകൊണ്ടേയിരുന്നു. ബൈബിൾ ക്ലാസ്സിൽ കേട്ട പുതിയ ആശയങ്ങൾ ഭർത്താവിനോടു പങ്കുവയ്ക്കാനും ശ്രദ്ധിച്ചു. തോമാച്ചന്റെ മനസ്സുമയപ്പെടാൻ തുടങ്ങിയെന്നു കണ്ടപ്പോൾ വിവേകമതിയായ ഭാര്യ ഒരു ദിവസം പറഞ്ഞു. എന്നെ സ്നാനപ്പെടാൻ അനുവദിച്ചാൽ ഈ ആഭരണംമൊത്തം തോമാച്ചനു തന്നേക്കാം. തോമാച്ചൻ സമ്മതിച്ചു. ആഭരണത്തെക്കാൾ വിലയും ശോഭയും ആത്മീയ ജീവിതത്തിനുണ്ട് എന്ന തിരിച്ചറിവ് അവൾക്കുണ്ടായിരുന്നു.

സ്നാനത്തിന്റെ തീയതി നിശ്ചയിച്ചു. സ്നാനം ഒരു ആഘോഷമാക്കണം. കല്യാണം ക്ഷണിക്കുന്നതുപോലെ ബന്ധുമിത്രാദികളെ ക്ലാരമ്മ ക്ഷണിച്ചു. പലരും വന്നു. ചിലർ വന്നത് അല്പം ഒച്ചപ്പാടുണ്ടാക്കി കലക്കാനായിരുന്നു. എന്നാൽ സ്നാനത്തിനു മുമ്പ് പൗലോസ് തുടിയച്ചായൻ കടവിൽ ഒരു പ്രസംഗം ചെയ്തു. യേശു യോർദ്ദാനിലെ കലക്കവെള്ളത്തിൽ ഇതുപോലെയാണു സ്നാനപ്പെട്ടു നമുക്കു മാതൃക കാട്ടിയതെന്നായിരുന്നു പ്രസംഗം. എല്ലാവരും ശ്രദ്ധിച്ചു. അന്നു സ്നാനപ്പെട്ട 8 പേരിൽ അവസാനത്തെയാൾ ക്ലാരമ്മയായിരുന്നു. സ്നാനശേഷം ടൗണിലെ വീട്ടിൽ പായസവിതരണം നടത്തി. ഇതുകണ്ട തുടിയച്ചായൻ പറഞ്ഞു ഫിലിപ്യയിൽ ഒരു തുണി ബിസിനസ്സുകാരി

ലുദിയ കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ടു. അവൾ സ്നാനശേഷം ദൈവദാസന്മാരെ വീട്ടിൽ വിളിച്ചു സൽക്കരിച്ചു. കർത്താവു അവളുടെ ഹൃദയം തുറന്നു. അവൾ കർത്താവിനായി വീട് തുറന്നു. കുടിയാന്മലയിലെ ലുദിയയാണ് ക്ലാരമ്മ.

സാമാന്യം ഭേദപ്പെട്ട നിലയിൽ വിഭൂഷിതയായിരുന്നവൾ ഒരു സുപ്രഭാതത്തിൽ സർവ്വത്ര വർജ്ജിച്ചതു സ്ത്രീകളോടു മാത്രമല്ല പുരുഷന്മാരോടും സാക്ഷ്യം പറയാൻ മുഖാന്തരമായി. ആഭരണധാരണം തുടർന്നിരുന്നെങ്കിൽ ശ്രദ്ധിക്കപ്പെടുകയോ അങ്ങനെ സുവിശേഷമറിയിക്കുവാൻ കഴിയുകയോ ചെയ്യുമായിരുന്നില്ല. വലിയ നഷ്ടമാകുമായിരുന്നു. എനിക്കു ഭവിച്ചതു സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി എന്നു ധൈര്യത്തോടെ ക്ലാരമ്മയ്ക്കു പറയാം.

പ്രഥമദൃഷ്ട്യാതന്നെ ഒരു ക്രിസ്തുശിഷ്യയാണെന്നു തോന്നിപ്പിക്കുന്നതുനന്നല്ല എന്നു പഠിപ്പിക്കുന്നവരുണ്ട്. നമ്മുടെ പെരുമാറ്റരീതികൊണ്ടു സാവധാനം ക്രിസ്തുശിഷ്യയാണെന്നു തോന്നിയാൽ മതിപോലും.! അതുപോലെ ക്രമേണ പാപങ്ങളെ ഉപേക്ഷിച്ചാൽ മതിപോലും!

കടയിൽ തുണിയെടുക്കാൻ വന്നയാൾ ഇനി എന്നാണാവോ വരുന്നത്? ബസ്സിൽ യാത്ര ചെയ്യുന്ന ആളെ ഇനി എന്നാണു കാണുക? ബസ്സ്സ്റ്റാന്റിൽ ബസ്സുകാത്തു നിൽക്കുന്നവരെ, തോട്ടിൽ തുണിയലക്കാൻ വന്നവരെ, കിണറ്റുകരയിൽ വെള്ളം കോരാൻ വന്നവരെ, കറന്റ് ബില്ലും ടെലിഫോൺ ബില്ലും അടയ്ക്കാൻ ക്യൂവിൽ നിൽക്കുന്നവരെ, തൊഴിലുറപ്പു പദ്ധതിയിൽ കൂടെ പണിയാൻ വന്നവരെ ഒക്കെ കർത്താവിനായി നേടാനുള്ള നല്ലൊരു ഉപാധിയാണ് ആഭരണ വർജ്ജനം.

കേരളത്തിൽ കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ട സ്ത്രീകളുടെ മുഖമുദ്രയാണ് ആഭരണ വർജ്ജനം. പ്രഥമദൃഷ്ടിയിൽ ത്തന്നെ അതൊരു ക്രിസ്തുശിഷ്യയാണെന്നു തോന്നുന്നതു നിരാശയിലും ദുഃഖത്തിലും ഒരുപക്ഷെ ആത്മഹത്യയുടെ വക്കിലും ഇരിക്കുന്ന ചിലർക്ക് നമ്മേ സമീപിക്കുന്നതിനും നമുക്കവരെ ആശ്വസിപ്പിക്കുന്നതിനും വഴി ഒരുക്കുന്നതാണ്. ആഭരണം വർജ്ജിച്ചിരിക്കുന്നയാളെ എല്ലാവരും ശ്രദ്ധിക്കും. അത് അവരുടെ മുമ്പാകെ ക്രിസ്തുവിനു യോഗ്യമായി സംസാരിക്കുവാനും പെരുമാറുവാനും നിർബന്ധിതമാക്കും. അങ്ങനെയും ദൈവനാമം മഹത്വപ്പെടും. നേരെമറിച്ച് രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള അവസ്ഥയിൽ നിന്നു ഉടയിലും നടയിലും





വ്യത്യാസം വരുത്താത്തയാൾക്കു സംസാരത്തിലും പെരുമാറ്റത്തിലും ഒരു നിയന്ത്രണത്തിന്റെയും ആവശ്യം വരുന്നില്ല. വിശ്വാസിയാണെന്നാർക്കുമറിഞ്ഞുകൂടാത്തതുകൊണ്ട് നിങ്ങൾക്കിങ്ങനെ ആകാമോ എന്നാരും വിമർശിക്കുമെന്നു ഭയപ്പെടേണ്ടതില്ല.

രക്ഷിക്കപ്പെട്ടവർ ഭക്ഷണപാനീയങ്ങളുടെ കാര്യത്തിൽ പോലും വ്യത്യസ്തതപുലർത്തി അതിലൂടെയും ദൈവനാമത്തെ മഹത്വപ്പെടുത്തണം. ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വീൻ (1 കൊരി 11:31). രണ്ടുമൂന്നു മണിക്കൂറുകൊണ്ടു ദഹിച്ചു പോകുന്ന ഒരു നേരത്തെ ഭക്ഷണത്തിന്റെയും പാനീയത്തിന്റെയും കാര്യത്തിൽ ദൈവനാമം മഹത്വപ്പെടുവാൻ വിശ്വാസി കരുതിക്കൊള്ളണമെങ്കിൽ വസ്ത്രം, ആഭരണം തുടങ്ങിയ കാര്യങ്ങളിൽ എത്ര അധികം?

ആഭരണം വർജ്ജിച്ചിരിക്കുന്ന എല്ലാവരാലും ദൈവനാമം മഹത്വപ്പെടുന്നുണ്ടെന്നല്ല, ദൈവനാമം മഹത്വപ്പെടുവാൻ സഹായകമായ കാര്യമാണെന്നു മനസ്സിലാക്കി ആഭരണം വർജ്ജിച്ചിരിക്കുന്ന ലക്ഷക്കണക്കിനു സ്ത്രീകളുണ്ടല്ലോ? ഇതറിഞ്ഞിട്ടും സ്നാനപ്പെട്ട സ്ത്രീകൾ ആഭരണം ധരിക്കാൻ നിർബന്ധം പിടിക്കുന്നതു കർത്താവിനേക്കാൾ ആഭരണത്തെ സ്നേഹിക്കുന്നതുകൊണ്ടും സുവിശേഷത്തെക്കുറിച്ചു ലജ്ജിക്കുന്നതുകൊണ്ടും മാത്രമാണ്.

ആഭരണധാരണം കൊണ്ടു ദൈവനാമം മഹത്വപ്പെടുമെങ്കിൽ രക്ഷിക്കപ്പെടുന്നതിനു മുമ്പു മാലയും താലിയും നെക്ക്ലേസും മൂക്കുത്തിയും കാതിപ്പൂവും മോതിരങ്ങളും പാദസ്വരവും വളകളും ഉണ്ടായിരുന്നവർ ഒന്നും ഊരരുത്. തിലകക്കുറിയും ഒഴിവാക്കരുത്. പാദസ്വരം പാടില്ല, മുക്കൂത്തി പാടില്ല, അധികം വളയും മോതിരങ്ങളും നെക്ലേസും പാടില്ല. ഒരു മാലയും ഒരുമോതിരവും ഒന്നു രണ്ടുവളയും ആകാം എന്നുപറയുന്നത് ഏതു വാക്യത്തിന്റെ അടിസ്ഥാനത്തിലാണ്?

എങ്കിൽ 10 സിഗരറ്റ് പാടില്ല രണ്ടാകാം, 4 സ്മോൾ പാടില്ല ഒന്നാകാം എന്നു പറയേണ്ടി വരുമല്ലോ? നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണി യുന്നതും വിലയേറിയ വസ്ത്രം ധരിക്കുന്നതും ആയിരിക്കരുത് എന്ന് ഒന്നിലേറെ തിരുവെഴുത്തുകൾ ഉള്ളത് അതൊക്കെ അല്പാല്പം ആകാം എന്നു പഠിപ്പിക്കാനല്ല. ദൈവനാമ മഹത്വത്തിനായി അതു സ്വമനസ്സാ ഒഴിവാക്കുന്നതിനു തന്നെയാണ്.

ഒരിക്കൽ ക്ലാരമ്മ അമ്മയുമൊത്ത് ഒരു ബന്ധുവീട്ടിൽ ഒരു ചടങ്ങിനു പോയി. അമ്മയ്ക്കു കുണുക്കും മാലയുമുണ്ട്. ചില ചേട്ടത്തിമാർ വട്ടംകൂടിയിരുന്ന് അമ്മയോടു ചോദിച്ചു. ഈ മകൾക്കൊരാഭരണവും കൊടുത്തില്ലേ? അതോ കൊടുത്തതു ഭർത്താവു കുടിച്ചു നശിപ്പിച്ചതാണോ? അമ്മ പറഞ്ഞു: മക്കളെ ഞാനിവളെ എല്ലാം കൊടുത്തു കെട്ടിച്ചുവിട്ടതാ. ഇവളിപ്പോൾ ഒരു പുതിയ സഭേൽ ചേർന്നിരിക്കുവാ. അതുകൊണ്ടാ കൊടകൻകാളേപ്പോലെ നടക്കുന്നത്. കൊടകിൽനിന്നും കൊല്ലുവാൻ കൊണ്ടുവരുന്ന കാളകളുടെ കഴുത്തിൽ മാലയും മണിയും ഒന്നുമില്ലാത്തതുകൊണ്ടാണമ്മ അങ്ങനെ വിശേഷിപ്പിച്ചത്. അവർ അടുത്തുവന്ന് ഏതു സഭയാണെന്നും എത്ര നാളായെന്നും ഒക്കെ ചോദിച്ചു. അവരോടു ലളിത സുന്ദരമായി സുവിശേഷം പറയുവാനതു നിമിത്തമായി. ഇങ്ങനെ ധാരാളം അവസരങ്ങൾ വീണു കിട്ടീട്ടുണ്ട്.

എത്ര പണമുണ്ടെങ്കിലും യാതൊരു മുസ്ലീംപെണ്ണിനും അമുസ്ലീമായി തോന്നിക്കത്തക്കവണ്ണം നടക്കണമെന്നില്ല. യാതൊരു ഹിന്ദുപെണ്ണിനും അഹിന്ദുവായി തോന്നത്തക്കവണ്ണം ഉടുത്തൊരുങ്ങണമെന്നില്ല . നിങ്ങളുടെ അലങ്കാരം ആഭരണം ധരിക്കുന്നതരുതെന്ന് നിഷ്ക്കർഷിക്കുന്ന പ്രമാണഗ്രന്ഥം സദാപഠിക്കുന്ന ക്രിസ്ത്യാനി പെണ്ണുങ്ങൾക്ക് അക്രൈസ്തവരാണെന്നു തോന്നിപ്പിക്കുംവിധം ജീവിക്കാനാണിഷ്ടം. ലജ്ജാകരം.!

മലങ്കരയിൽ മുഴങ്ങിക്കേട്ട മശിഹായുടെ സുവിശേഷ സ്വാതന്ത്ര്യ കാഹളത്തിനൊത്ത് ആത്മീയ ചുവടുവയ്ക്കാനൊരുങ്ങിയ പുരുഷന്മാർ മദ്യവും പുകവലിയും മുറുക്കും ഉപേക്ഷിച്ചു. സ്ത്രീകൾ ആഭരണം ഉപേക്ഷിച്ചു. മറ്റുള്ളവരിൽനിന്നു വ്യത്യസ്തരാകുന്നതിനാൽ ദൈവനാമം മഹത്വപ്പെടുവാൻ സഹായകമാകും എന്നാണവർ വിലയിരുത്തിയത്. അതബദ്ധമായിപ്പോയി എന്നു ചിന്തിക്കേണ്ട യാതൊരു സാഹചര്യവും ഇന്നില്ല. നാമമാത്രമായി ഉണ്ടായിരുന്ന ആഭരണം ഊരിയ ചിലർക്കു ഭേദപ്പെട്ട നിലയിൽ ധരിക്കാനുള്ള ധനസ്ഥിതി ഉണ്ടായിട്ടുണ്ടായിരിക്കാം എന്നു മാത്രം.

“ലോകംതൻ വൻമായകളാൽ ആകർഷിക്കാനടുക്കുമ്പോൾ
ഏകാഗ്രതയോടു എൻ മാനസ്സം കാത്തീടണമേ.....
എന്റെ ജീവനാം യേശുവേ നിന്റെ തിരുരക്തംകൊണ്ടു
വീണ്ടെടുത്ത ഈ നിൻ വിശ്വാസിയേ നീ കാക്കേണമേ”





# 9

# സ്ത്രീകൾക്കു ചെയ്യാവുന്ന സുവിശേഷ വേലകൾ

**കു**ടിയാന്മലസഭയുടെ പ്രാരംഭനാളുകളിൽ ക്ലാരമ്മയുടെ കാലുകുത്താത്ത ഒരു ഭവനവും ആ മലകളിൽ ഇല്ലായിരുന്നു. എല്ലാ വീടും പരിചയമുള്ളതാണ്. ഒന്നുകിൽ അവിടുത്തെ ഒരു കുട്ടിയെ തയ്യൽ പഠിപ്പിച്ചിട്ടുണ്ടാകാം. അല്ലെങ്കിൽ കുടുംബിനിയുടെയോ മക്കളുടേയോ തുണികൾ തയ്ച്ചുകൊടുത്തിട്ടുണ്ടാകാം. അതുമല്ലെങ്കിൽ അവർ തങ്ങളുടെ കടയിൽനിന്നും എന്തെങ്കിലും വാങ്ങിച്ചിട്ടുണ്ടാകാം. ആ ബന്ധമൊക്കെ കർത്താവിങ്കലേക്കു തിരിച്ചു വിടുവാൻ ക്ലാരമ്മ ശ്രമിച്ചു.

അക്രൈസ്തവ വീടുകളിൽപോലും ആരെങ്കിലും രോഗം പിടിച്ചു കിടക്കുന്നതറിഞ്ഞാൽ ക്ലാരമ്മപോയി പ്രാർത്ഥിക്കുമായിരുന്നു. സഭയിലെ ഞെരുക്കം അനുഭവിക്കുന്ന സഹോദരികളെ പ്രാപ്തിപോലെ ഒറ്റയ്ക്കും മറ്റു സഹോദരിമാരെ ഉത്സാഹിപ്പിച്ചും സഹായിക്കും. അതൊക്കെ മിഷൻ ലീഗിൽനിന്നു കിട്ടിയപരിശീലനംകൊണ്ടു കൂടെയായിരുന്നു.

കുടിയാന്മലയിലെയും ചില അയൽസഭയിലെയും സഹോദരിമാരുമായി ആശുപത്രികളിലെത്തി രോഗികൾക്കായി പ്രാർത്ഥിക്കുകയും ലഘുലേഖകൾ കൊടുക്കുകയും തീരെ നിർദ്ധനർക്കു മരുന്നുവാങ്ങാൻ സഹായം നൽകുകയും ചെയ്തുപോന്നു. ആ ശുശ്രൂഷകൊണ്ട് ആരെങ്കിലും കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ട് ആത്മീയ ജീവിതം നയിക്കുന്നവരായിത്തീർന്നു എന്നറിഞ്ഞിരുന്നില്ല.

ഒരിക്കൽ പയ്യന്നൂരിൽ ഒരു യുവജന ക്യാമ്പു നടന്നു. 10 സഹോദരിമാർ വീതമുള്ള ഗ്രൂപ്പു ക്ലാസ്സിന്റെ സമയം. ഒരു ഗ്രൂപ്പിന്റെ ലീഡർ തിരുവല്ലയിലെ സുവിശേഷകൻ തോമസ് മാത്യുവിന്റെ ഭാര്യ ഗ്രേസ് ആയിരുന്നു. ക്ലാരമ്മ ആ ഗ്രൂപ്പിലെ അംഗവും. സഹോദരിമാർ ഓരോരുത്തർ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് രക്ഷിക്കപ്പെട്ട സാഹചര്യം ചുരുക്കിപ്പറഞ്ഞുകൊണ്ടിരുന്നു. ഒരു പെൺകുട്ടി പറഞ്ഞു: ഞങ്ങളുടെ അമ്മ തളിപ്പറമ്പ് ലൂർദ് ഹോസ്പിറ്റലിൽ രോഗിയായി കിടന്നപ്പോൾ കുടിയാന്മല എന്ന സ്ഥലത്തുനിന്നും ജൗളിക്കട നടത്തുന്ന ഒരു

സഹോദരിവന്നു സുവിശേഷം പറഞ്ഞു. അമ്മ കർത്താവിനെ സ്വീകരിച്ചു അമ്മവന്നുപറഞ്ഞു കുടുംബത്തിലെ ബാക്കിയുള്ളവരും വിശ്വാസത്തിലായി. ഞങ്ങളിപ്പോൾ സന്തോഷമായി കാസർകോഡുള്ള ബ്രദറൺ സഭയിലാരാധിക്കുന്നു. ആ ജൗളിക്കടക്കാരി ഞാൻ തന്നെയാണെന്നു ക്ലാരമ്മ പറഞ്ഞപ്പോൾ ആ പെൺകുട്ടിക്കും മറ്റെല്ലാവർക്കുമുണ്ടായ സന്തോഷം എത്ര വലുതായിരുന്നെന്നോ?

ആശുപത്രി പ്രവർത്തനം കൂടുതൽ ഊർജ്ജിതമായി. തളിപ്പറമ്പിനടുത്തു കുറുമാത്തൂരിൽ താമസിക്കുന്ന പുന്നവേലിക്കാരൻ രാജൻ മാഷിന്റെ ഭാര്യ മോളി ടീച്ചർ പലപ്പോഴും വരുമായിരുന്നു. കുടിയാന്മലയിലെ അനന്തക്കാട്ടു തോമാച്ചന്റെ ഭാര്യ സെലിൻ സജീവ സാന്നിദ്ധ്യമായിരുന്നു. സെലിൻ ജോൺ സെബാസ്റ്റ്യന്റെ സഹോദരിയാണ്. ആവശ്യമായ ലഘുലേഖകൾ യഥാസമയം സുവിശേഷകൻ ജോൺ കുര്യനും ജോൺ സെബാസ്റ്റ്യനും അയച്ചുതരും. പരിയാരം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികൾ പതിവായി സന്ദർശിച്ചു ലഘുലേഖ വിതരണം ചെയ്തു പോന്നു.

വീട്ടിലെത്തിയശേഷം സുവിശേഷം കേട്ടവർക്കു വേണ്ടിയും രോഗികൾക്കുവേണ്ടിയും അവരുടെ മുഖം ഓർത്തെടുത്തു പ്രാർത്ഥിക്കും. എത്രപേർ കർത്താവിനെ അറിഞ്ഞെന്ന് നിത്യത വെളിപ്പെടുത്തും. സഹോദരിമാർക്കു ചെയ്യാൻ കഴിയുന്ന നല്ലൊരു ശുശ്രൂഷയാണിത്.

അങ്ങനെയിരിക്കെയാണ് ഹോമിയോ ആശുപത്രി തുടങ്ങാനുള്ള സാദ്ധ്യത കൈവന്നത്. രോഗികളോടു സുവിശേഷം പറയാൻതരമാകുമല്ലോ എന്നു കണ്ടു ക്ലാരമ്മ തോമാച്ചനെ ഉത്സാഹിപ്പിച്ചു. രണ്ടു സ്ഥലത്തായി ആശുപത്രികൾ നടത്തി. അക്കാലത്ത് അനേകം രോഗികളെ സുവിശേഷമറിയിക്കാനതു മൂലം സാധിച്ചു. പിൽക്കാലത്ത് അതു വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കിയെങ്കിലും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന വാക്യം നിരാശയ്ക്കുപകരം പ്രത്യാശ നൽകുന്നുണ്ട് (1 കൊരി 15:58).

“ഇന്നു പാരിൽ കണ്ണുനീരിൽ
നിൻവചനം വിതയ്ക്കും ഞാൻ
അന്നു നേരിൽ നിന്നരികിൽ
വന്നു കതിരുകൾ കാണും ഞാൻ
അൻപുനിറഞ്ഞ പൊന്നേശുവേ
നിൻപാദസേവ എന്നാശയേ”





## 10
## വീട്ടിലെ തിരുവത്താഴം

**കു**ടിയാന്മല സഭയുടെ ആദ്യകാല ആരാധനയും തിരുവത്താഴവും പടവിൽ വീട്ടിലും അനന്തക്കാട്ടു വീട്ടിലും ആയിരുന്നു നടന്നിരുന്നത്. തിരുവത്താഴം വീട്ടിൽ നടത്തുന്നതു ശരിയാണോ എന്നു ക്ലാരമ്മയ്ക്ക് സംശയമുണ്ടായിരുന്നു. പഴയ നിയമകാലത്തു സമാഗമന കൂടാരത്തിലെ അതിപരിശുദ്ധ സ്ഥലത്തായിരുന്ന ഏക ഉപകരണമായ ദൈവത്തിന്റെ പെട്ടകം അഥവാ തിരുനിവാസം ഏലി എന്ന പുരോഹിതന്റെ വീട്ടിലും (1 ശമു1) അബീനാദാബ് എന്നയാളുടെ വീട്ടിലും (1 ശമു 7:1) ഓബേദ് ഏദോമിന്റെ വീട്ടിലും (2 ശമു 6:10) ഇരുന്ന ചരിത്രമുണ്ട്.

ആദിമസഭ വീടുകളിൽ കൂടിവന്ന് ആരാധിച്ചിരുന്നു. (റോമർ 16:5; 1 കൊരി 16:19; കൊലോ 4:15; ഫിലെ 2.). യേശു അന്ത്യപെസഹാ കഴിച്ചതും തിരുവത്താഴം സ്ഥാപിച്ചതും ഒരു വീട്ടിലായിരുന്നല്ലൊ? ദൈവമായ യേശു മനുഷ്യനായി 30 വർഷം ജീവിച്ചത് ഒരു ആശ്രമത്തിലായിരുന്നില്ല-വീട്ടിലായിരുന്നു. പരസ്യശുശ്രൂഷക്കാലത്തും ഒരുപാടു വീടുകളിൽ പോകുകയും അവരോടൊത്തു ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നല്ലോ? അതുകൊണ്ടു വീടിന് ആരാധനക്കാവശ്യമായ പരിശുദ്ധിഇല്ല എന്നു ചിന്തിക്കേണ്ടതില്ല. വിവാഹവും കുടുംബ ജീവിതവും ദൈവം സ്ഥാപിച്ചതല്ലേ?

പൊതുവെ രാവിലെ 10 മണി മുതലുള്ള ആരാധനയിൽ തിരുവത്താഴത്തിൽ പങ്കെടുക്കുന്നവർ പ്രഭാതഭക്ഷണം കഴിച്ചിട്ടുണ്ടാകും. യേശുവിന്റെശരീരം ആരേയുംവയ്ക്കാത്ത പുതിയ കല്ലറയിൽ വച്ചതിനു തുല്യം വെറുംവയറ്റിലേക്കു തിരുവത്താഴം കൈക്കൊള്ളുന്ന രീതിയാണു ഇതുവരെ കണ്ടിരുന്നത്. അപ്പോസ്തലന്മാർ സമൃദ്ധിയായി പെസഹാ ഭക്ഷണം കഴിച്ചതിനു മീതെയായിരുന്നു ആദ്യ തിരുവത്താഴം കഴിച്ചതെന്നും തിരുവത്താഴം കഴിക്കേണ്ടതു വെറും വയറ്റിലായിരിക്കണമെന്നു യേശുവോ അപ്പോസ്തലന്മാരോ നിഷ്ക്കർഷിച്ചിട്ടില്ലെന്നും ക്ലാരമ്മയ്ക്കു മനസ്സിലായി.

അതുപോലെ തിരുവത്താഴം വാഴ്ത്തുന്നതിന് നിയോഗിക്കപ്പെട്ട ഒരാൾ ഇല്ല. അപ്പത്തേയും വീഞ്ഞിനേയും വാഴ്ത്താൻ പാടുണ്ടോ? വാഴ്ത്തേണ്ടത് അല്ലെങ്കിൽ സ്തോത്രം ചെയ്യേണ്ടതു ദൈവത്തെയല്ലേ?

ആദ്യതിരുവത്താഴത്തിൽ യേശു അപ്പംഎടുത്ത് അപ്പത്തെയല്ല ദൈവത്തെയാണു വാഴ്ത്തിയത്. അതിനുശേഷം പാനപാത്രം എടുത്ത് പാനപാത്രത്തെയല്ല ദൈവത്തെയാണു വാഴ്ത്തിയത്. വാഴ്ത്തുക സ്തുതിക്കുക, സ്തോത്രം ചെയ്യുക ഇതെല്ലാം ദൈവത്തിനാണു ചെയ്യേണ്ടത്. സഭയിലെ നേതൃനിരയിലുള്ള ആരെങ്കിലും ഒരാൾ അപ്പത്തിനും പാനപാത്രത്തിനും വേണ്ടി ദൈവത്തിനു നന്ദി അർപ്പിച്ചശേഷം വിശ്വാസികൾ എല്ലാവരും അതിൽ പങ്കാളികളാകുകയാണു വേണ്ടത്.

എല്ലാവർക്കുംവേണ്ടി ഒരു അപ്പമേ പാടുള്ളൂ. അവിടെ ധാരാളം അപ്പം ഉണ്ടായിരുന്നെങ്കിലും യേശു ഒരപ്പംഎടുത്തു നുറുക്കിയാണു ശിഷ്യന്മാർക്കു നൽകിയത്. "അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിൽ അംശികൾ ആകുന്നുവല്ലോ?" (1 കൊരി 10:17). അപ്പം കഴിച്ചശേഷം എല്ലാവരും കൂടെ ഒരു പാത്രം മുന്തിരിച്ചാറിൽ നിന്നും കുടിക്കണം. യേശുവിന്റെ കഷ്ടാനുഭവങ്ങളാലും രക്തച്ചൊരിച്ചിലിനാലും പലരായിരുന്ന ഞങ്ങൾ ഒറ്റകുടുംബമായിരിക്കുന്നു എന്നുള്ളചിന്ത നിലനിർത്തേണ്ടതിനു ഒറ്റ അപ്പവും ഒരു പാത്രം വീഞ്ഞും മാത്രമേ പാടുള്ളു. യേശു അപ്പഖണ്ഡം ചാറിൽ മുക്കിക്കൊടുത്തുവെന്നുള്ളത് തിരുവത്താഴത്തിന്റെ കാര്യമല്ല. പെസഹയുടെ കാര്യമാണ്. രണ്ടുംകൂടെ കൂട്ടിക്കുഴയ്ക്കരുത്.

അപ്പത്തിനോ വീഞ്ഞിനോ വസ്തുമാറ്റം സംഭവിക്കുന്നില്ല. നാം നുറുക്കുന്ന അപ്പം എന്ന് എഴുതപ്പെട്ടിരിക്കുന്നു (1 കൊരി 10:16). നുറുക്കുക എന്നാൽ കഴിക്കുക എന്നാണ്. അപ്പം നുറുക്കാൻ കൂടി വന്നപ്പോൾ എന്നുതന്നെയല്ലേ? (അപ്ര. 20:7). താഴെ അപ്പം നുറുക്കിത്തിന്നു എന്നു എഴുതിയിരിക്കുന്നു (അപ്ര.20:11). നുറുക്കിത്തിന്നുന്നതുവരെ ഒരു വസ്തു മാറ്റവുമില്ല. അപ്പം അപ്പം തന്നെ. പെസഹാകഴിക്കുമ്പോൾ ലീഡു ചെയ്യുന്നയാൾ ഈജിപ്തിൽ നിന്നുള്ള വിടുതൽ അനുസ്മരിപ്പിക്കാറുണ്ട്. പെസഹാ ഭക്ഷണത്തിനുശേഷമാണല്ലോ യേശു തിരുവത്താഴം സ്ഥാപിച്ചത്? പെസഹാ അപ്പം കയ്യിലെടുത്ത് ഇത് ഈജിപ്തിൽ നിന്നു യഹൂദജാതിയെ വിടുവിക്കാൻ യാഗമായ പെസഹാക്കുഞ്ഞാടിനെ കാണിക്കുന്നു എന്നു പറഞ്ഞിട്ട് യേശു ദൈവത്തിനു സ്തോത്രം അർപ്പിച്ചപ്പോൾ പെസഹാഅപ്പം ആട്ടിറച്ചിയായി വസ്തുഭേദം





പ്രാപിച്ചില്ല. വീഞ്ഞെടുത്തു ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ട് ഇതു പെസഹാകുഞ്ഞാടിന്റെ രക്തത്തെ കാണിക്കുന്നു എന്നു പറഞ്ഞപ്പോൾ മുന്തിരിച്ചാറ് ആടിന്റെ രക്തമായി വസ്തുഭേദം പ്രാപിച്ചില്ല. അവർ കഴിച്ചതു ആട്ടിറച്ചിയും കുടിച്ചതു ആട്ടുചോരയുമായിരുന്നില്ല.

അതിനുശേഷം അതിൽനിന്ന് ഒരപ്പവും ഒരുപാത്രം വീഞ്ഞും എടുത്ത് യേശു പുതിയ നിയമം സ്ഥാപിക്കുകയായിരുന്നു. ഈജിപ്തിൽ നിന്നുള്ള ദേശീയ വിടുതലിന്റെ ആഘോഷം ഇനി വേണ്ട. അത് മനുഷ്യന്റെ പാപമോചനത്തിന്റെ നിഴലായിരുന്നു. പാപത്തിന്റെ അടിമത്വത്തിൽനിന്നുള്ള മനുഷ്യന്റെ വിടുതലാണ് പ്രധാനം. അതിനുവേണ്ടി പെസഹാക്കുഞ്ഞാടിന്റെ പൊരുളായ യേശു പിറ്റേന്നു യാഗമാകാൻ പോകുകയാണ്. സുവിശേഷം കേട്ട് യേശുവിൽ വിശ്വസിച്ച് പാപത്തിൽ നിന്നും വിടുതൽ നേടുന്നവർ ഒരുമിച്ചുകൂടി പിതാവിനെ ആരാധിക്കണം. അപ്പോഴാണു പുത്രന്റെ യാഗമരണത്തെക്കുറിക്കുന്ന തിരുവത്താഴത്തിനു പ്രസക്തിയുള്ളത്. എല്ലാവർക്കും വേണ്ടി ഒരുവൻ ശിക്ഷയേറ്റു എന്നസത്യം ഓർക്കാനും ഒരപ്പം മാത്രമാണു വേണ്ടത്.

ഈജിപ്തിൽനിന്നു വിടുവിക്കപ്പെടുന്നതിന്റെ തലേദിവസം മോശെ പെസഹയുടെ നിർദ്ദേശങ്ങൾ നൽകിയതുപോലെ താൻ കൊല്ലപ്പെടുന്നതിന്റെ തലേദിവസം യേശു തിരുവത്താഴത്തിന്റെ നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. പ്രപഞ്ചസ്രഷ്ടാവായ യേശു മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ ഒരിക്കൽ എന്നേക്കുമായി മനുഷ്യനായിത്തീർന്നു മനുഷ്യന്റെ ശിക്ഷയേറ്റു മരിച്ചു. ആ യേശുവിനു ഇനി ഒരു അപ്പമായി മാറേണ്ട ആവശ്യമില്ല. യേശു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു സർവ്വവ്യാപിയായി ജീവിക്കുന്നു. ആ യേശുവിന്റെ സുവിശേഷം കേട്ടു വിലയിരുത്തി വിശ്വസിക്കുന്നവർ യേശുവിനാൽ രക്ഷിക്കപ്പെടുന്നു. അവർ ഒരുമിച്ചുകൂടി ഒരപ്പവും ഒരു പാത്രം മുന്തിരിച്ചാറും കഴിച്ചു കൂട്ടായ്മ ആചരിച്ച് ആരാധിക്കണം.

യേശു പറഞ്ഞ ഒരു അവകാശവാദത്തെ തെറ്റിദ്ധരിച്ചതുകൊണ്ടാണ് ഈ വസ്തുമാറ്റ ഉപദേശമുണ്ടായത്. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നെ അനുഗമിക്കണം. ഞാൻ നല്ല ഇടയനാകുന്നു എന്റെ ശബ്ദംകേട്ടു പിന്നാലെ വരണം. ഞാൻ വാതിലാകുന്നു എന്നിലൂടെ കടക്കണം. ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. പിതാവിന്റെ അടുക്കലെത്താൻ എന്നിൽ ആശ്രയിക്കണം. ഞാൻ മുന്തിരിവള്ളിയാകുന്നു. ഫലം കായ്ക്കാൻ എന്നിൽ വസിക്കണം. ഇതുപോലെയുള്ള

ഒരവകാശവാദമായിരുന്നു ഞാൻ ജീവന്റെ അപ്പമാകുന്നു എന്നെ തിന്ന ണമെന്നുള്ളത്. എല്ലാ അവകാശവാദങ്ങളുടെയും അർത്ഥം യേശുവു മായി ഒന്നാകണം എന്നുതന്നെയാണ്. ജീവന്റെ അപ്പമായ യേശുവിനെ വിശ്വാസത്താൽ ഒരിക്കൽ ഹൃദയത്തിലാക്കിയാൽ യേശു എന്നേക്കു മായി നമ്മിൽ വരും. യഹൂദരുടെ പെസഹപോലെ അങ്ങനെയുള്ള വരുടെ കൂട്ടായ്മയാണ് തിരുവത്താഴം. തിരുവത്താഴം പാപമോചനത്തി നല്ല. പാപമുള്ളവർ ഇതിൽ പങ്കാളിയായാൽ ശിക്ഷയാണു ഫലം.

ഒരിക്കൽ മനുഷ്യനായി ക്രൂശിലെ ബലിമരണത്താൽ വിശ്വസി ക്കുന്ന സകലർക്കുംവേണ്ടി രക്ഷാമാർഗ്ഗമൊരുക്കിയ ക്രിസ്തു സർവ്വ വ്യാപിയായി ജീവിക്കുകയാണ്. ഈ സുവിശേഷം കേട്ടു ക്രിസ്തുവിനെ ദൈവമായി വിശ്വസിക്കുന്ന ഏവരേയും ജാതിയും മതവും നോക്കാതെ ക്രിസ്തു രക്ഷിക്കും. അതുകൊണ്ട് എല്ലാ ജനതകളോടും സുവിശേഷം പറയേണ്ടതാണ് ഒരു ക്രിസ്തുശിഷ്യന്റെ കടമ. അതിനു പകരം ഒരിക്കൽ മനുഷ്യനായ ക്രിസ്തു മറ്റൊരിക്കൽ അപ്പമായി മാറിയെന്നും ആ അപ്പം ഞങ്ങളുടെ രഹസ്യഅറയിലുണ്ടെന്നും ഞങ്ങളുടെ മതത്തിൽ ചേരുന്ന വർക്കു ഞങ്ങൾ ആ അപ്പമായ ക്രിസ്തുവിനെത്തരുമെന്നും പറയുന്നത് സർവ്വവ്യാപിയും സ്നേഹവാനുമായ ക്രിസ്തുവിനെ അവഹേളിക്ക ലാണ്. പ്രപഞ്ച സ്രഷ്ടാവായ ക്രിസ്തുവിനാൽ രക്ഷിക്കപ്പെടുവാൻ ഒരു പ്രത്യേക മതത്തിൽ ചേരേണ്ടതില്ല. അതിലെ നേതാക്കളെ ആശ്രയി ക്കേണ്ടതും ഇല്ല. ക്രിസ്തുവിന്റെ സൗജന്യ രക്ഷയെക്കുറിച്ചും ക്രിസ്തു അദൃശ്യനായി എവിടെയും ജീവിക്കുന്നതിനെക്കുറിച്ചും എല്ലാവരോടും പറയാനുള്ള ആത്മാർത്ഥതയും ആർജ്ജവവുമാണു നമുക്കുവേണ്ടത്. ക്രിസ്തു ഒരപ്പവും ഒരുപാത്രം വീഞ്ഞും ശിഷ്യർക്കു നൽകിയപ്പോളത് മനുഷ്യമാംസവും മനുഷ്യരക്തവുമായി മാറിയില്ല. അവർ മനുഷ്യമാംസം തിന്നുകയും മനുഷ്യരക്തം കുടിക്കുകയുമായിരുന്നില്ല. ക്രിസ്തു സ്തോത്രം ചെയ്തപ്പോൾ അപ്പത്തിനും മുന്തിരിച്ചാറിനും വസ്തുഭേദം സംഭവിച്ചില്ല. പിന്നെങ്ങനെ മതനേതാവു സ്തോത്രം ചെയ്താൽ വസ്തു ഭേദമുണ്ടാകും?

ഒരിക്കൽ മനുഷ്യനായ ക്രിസ്തുവിനു പിന്നീട് അപ്പമായും പിന്നീട് മറ്റൊന്നായും മാറേണ്ട ആവശ്യമില്ല. ദൈവം ഒരിക്കൽ മത്സ്യമായും പിന്നെ കൂർമ്മമായും പിന്നെ വരാഹമായും അവതരിച്ചു എന്നു വിശ്വസിക്കുന്നവരുണ്ട്. ദൈവം ഒരിക്കൽ എന്നേക്കുമായി മനുഷ്യനായി, യാഗമായി, ഉയിർത്തു ജീവിക്കുന്നു. മറ്റൊന്നാകേണ്ട ആവശ്യമില്ല. മനുഷ്യനായവന് പിന്നെ അപ്പമായും പിന്നെ മത്സ്യമായും മാറേണ്ടതില്ല.





## 11

## വെള്ളം കൊണ്ടൊരത്ഭുതം

**ക്ലാ**രമ്മ എല്ലാവർക്കും പ്രിയങ്കരി ആയിരുന്നെങ്കിലും സ്നാനപ്പെട്ട തോടെ പലർക്കും വെറുപ്പും വൈരാഗ്യവുമായി. യിസ്രയേൽ ജനം സ്നാനമാകുന്ന ചെങ്കടൽ കടക്കാൻ പോയപ്പോഴാണല്ലോ ഫറവോനു വെറുപ്പും വൈരാഗ്യവുമുണ്ടായി സൈന്യസമേതം യുദ്ധത്തിനുവന്നത്? അന്ന് ദൈവം വെള്ളത്തിൽ ഒരത്ഭുതം പ്രവർത്തിച്ചു തന്റെ സ്നേഹവും കരുതലും തെളിയിച്ചു. ചെങ്കടൽ രണ്ടായി പിളർന്നു. അവർ അക്കരെ കടന്നു. യേശുചെയ്ത ആദ്യഅത്ഭുതം കിണറ്റിൽനിന്നും കോരി എടുത്ത വെള്ളത്തിലായിരുന്നു (യോഹ 2). ഏലീശാ പ്രവാചകൻ ചെയ്ത ആദ്യ അത്ഭുതം യെരിഹോവിലെ മലിനജനം ശുദ്ധമാക്കിയതായിരുന്നു (2 രാജ 2). ക്ലാരമ്മയുടെ ഉറപ്പിനും ധൈര്യത്തിനും വേണ്ടി കർത്താവ് ഒരത്ഭുതം ചെയ്തു. അതും വെള്ളത്തിൽ തന്നെ.

ക്ലാരമ്മ രക്ഷിക്കപ്പെട്ടനാളിൽ അവർ ആദ്യം താമസിച്ചിരുന്നതു കുടിയാന്മല ടൗണിലെ കെട്ടിടത്തിലായിരുന്നു. സാമാന്യം വലിയ കെട്ടിടമായതുകൊണ്ടതിൽ ഇവരുടെ ബിസിനസ്സ് കൂടാതെ ജോസ് എന്നയാൾ ഹോട്ടൽ നടത്തുന്നുണ്ട്. ഗവ. ഹോസ്പിറ്റലിലെ ഡോ. ബാലൻ താമസിക്കുന്നുണ്ട്. എല്ലാവർക്കുംകൂടി വെള്ളത്തിനു ഒരു കിണറാണുള്ളത്.

1983–ലെ രൂക്ഷമായ വരൾച്ച. തോടും കിണറുമെല്ലാം വറ്റിവരണ്ടു. തങ്ങളുടെ കിണറ്റിൽ രാവിലെ നാലഞ്ചു ചെറിയ തൊട്ടി വെള്ള മുണ്ടാകും. അത് ഡോക്ടർ കോരി എടുക്കും. എന്തു ചെയ്യും? കുട്ടികളെ അമ്മച്ചിമാരുള്ള പൊന്മലയിലെ വീട്ടിലേക്കു മാറ്റി. കുളിയ്ക്കാനും കുടിക്കാനും വെള്ളമില്ല. അതുകൊണ്ടു ഹോട്ടലിൽനിന്നായിരുന്നു ഭക്ഷണം. ഹോട്ടലുകാരും മറ്റു കച്ചവടക്കാരും ചതുപ്പുസ്ഥലത്തുള്ള പള്ളിക്കുളത്തിൽ ചെന്നു വെള്ളം മുക്കിയെടുക്കും. ക്ലാരമ്മയും ഒരു ബക്കറ്റുമായി വെള്ളത്തിനു പള്ളിക്കുളത്തിങ്കലേക്കു ചെന്നു. അപ്പോൾ

പള്ളിയിലേക്കു മോട്ടറടിക്കുവാൻ കൈക്കാരനും മറ്റൊരാളും കൂടെ വന്നു. ക്ലാരമ്മയെ കണ്ട അവർ പരിഹസിച്ചു ചിരിക്കാൻ തുടങ്ങി. ക്ലാരമ്മയുടെ തൊലി ഉരിഞ്ഞുപോയി.

വിശ്വാസിയായ ഞാൻ ഇവിടെ വെള്ളമെടുക്കാൻ വന്നതു തെറ്റായിപ്പോയോ എന്നൊരുചിന്ത ക്ലാരമ്മയുടെ മനസ്സിൽ മിന്നൽ പിണർ പോലെ മിന്നിമറഞ്ഞു. ആരെയും പ്രകോപിപ്പിക്കേണ്ട എന്നുകരുതി സങ്കടം ഉള്ളിൽ ഒതുക്കി ഒരു ബക്കറ്റ് വെള്ളവും മുക്കിയെടുത്തു മടങ്ങി. ആ വെള്ളം ഉപയോഗിക്കാൻ തോന്നിയില്ല. മൂടിവച്ചിട്ടു ജ്യേഷ്ഠന്റെ വീട്ടിൽപോയി കുളിച്ചു. അന്നുരാത്രി ആ സങ്കടവും പ്രാർത്ഥനയിൽ ഓർത്തു.

അത്ഭുതം എന്നു പറയട്ടെ. നേരം പരപരാ വെളുത്തപ്പോൾ ആരോ വാതിലിൽ മുട്ടി. തുറന്നപ്പോൾ ബാലൻ ഡോക്ടറാണ്. നിങ്ങൾ കിണറിനടുത്തേക്കു ഒന്നു വന്നേ എന്നു പറഞ്ഞു. ചെന്നു നോക്കിയപ്പോൾ ആഴമുള്ള ആ കിണറിന്റെ മുക്കാൽഭാഗം വെള്ളം നിറഞ്ഞിരിക്കുന്നു. മഴ പെയ്തിട്ടില്ലെന്നോർക്കണം.

കുറെ കഴിഞ്ഞപ്പോൾ അച്ചനും കൈക്കാരനുമൊക്കെ കുളക്കരെയിൽ വന്നുപോകുന്നതു കണ്ടു. കുളം വറ്റിപ്പോയി. കാണാൻ പലരും വന്നു. ക്ലാരമ്മയും ചെന്നു നോക്കി. തുള്ളി വെള്ളമില്ല. ആ ഞായറാഴ്ച അച്ചൻ പള്ളിയിൽ വിളിച്ചുപറഞ്ഞു: ഇതു സ്കൂൾ കുട്ടികൾ ഒരാഴ്ചമുമ്പു വെള്ളമില്ലാത്തതിന് സമരം ചെയ്തതിന്റെ ശിക്ഷയാണ്. കറന്റില്ലാത്തതുകൊണ്ടാണു സ്കൂളിലേക്കു ഒരുദിവസം വെള്ളമടിക്കാതിരുന്നത്.

പിന്നീട് ആ കുളം കുറെകൂടെ താഴ്ത്തിനോക്കി, അവസാനം മറ്റൊരു കുളം കുത്തുകയായിരുന്നു.

വെള്ളത്തിൽമുങ്ങി സ്നാനപ്പെട്ടു കർത്താവിനെ അനുകരിച്ച ക്ലാരമ്മയെ പ്രത്യേകമായി സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നുണ്ടെന്നു കാണിക്കാനാണ് ദൈവം വെള്ളം കൊണ്ടൊരത്ഭുതം ചെയ്തത്. യദൃശ്ചയാ സംഭവിച്ചതെന്നേ ആളുകൾ പറയൂ. അതുകൊണ്ടന്നതിന് പബ്ലിസിറ്റി നൽകിയില്ല. ഇതോടെ ദൈവവുമായി ക്ലാരമ്മയ്ക്കു ഇഴയടുപ്പം വർദ്ധിച്ചു.

“നീ എൻ സ്വന്തം നീ എൻ പക്ഷം
നീറും വേളകളിൽ ആഴിയിൽ
ആഴങ്ങളിൽ ആലംബം നി എനിക്കേ.”





## 12
## ദൈവത്തിന്റെ ഭാഷയേത്?

**ഒ**രിക്കൽ ഒരു പാസ്റ്റർവന്ന്, അവർ ബിലീവേഴ്സ് ചർച്ചിലാണെന്നും ഇവിടെ പ്രവർത്തിക്കാനാഗ്രഹിക്കുന്നെന്നും ഒരു കെട്ടിടം തരപ്പെടുത്തിത്തരണമെന്നും ആവശ്യപ്പെട്ടു. ക്ലാരമ്മയും ഭർത്താവും കൂടെ വീടിനടുത്ത് ഒരു കെട്ടിടം ഏർപ്പെടുത്തികൊടുത്തു. സഭ ഏതാണെങ്കിലും ആളുകൾ സുവിശേഷമറിയട്ടെ എന്നു കരുതി. ക്ലാരമ്മ സുവിശേഷംപറഞ്ഞു രക്ഷിക്കപ്പെട്ട മാരിപ്പുറത്തു റോസക്കുട്ടിയും ഗൾഫിലുള്ള ഹിന്ദു സഹോദരി ലാലിയും ശ്രീകണ്ഠാപുരത്തുള്ള സഹോദരിയുടെ മകനും ഒക്കെ പെന്തക്കോസ്തു സഭയിലാണു പോകുന്നത്. അല്പ ഉപദേശവ്യത്യാസം ഉണ്ടെങ്കിലും അവരും ദൈവമക്കളല്ലെ? പോരെങ്കിൽ ആ വഴിക്കു ഭർത്താവു തോമാച്ചൻ വചനംകേട്ടു ശരിയാകുന്നെങ്കിൽ നല്ലകാര്യമല്ലെ എന്നാണു കരുതിയത്?

അവർ പാട്ടും പ്രാർത്ഥനയും ശബ്ദകോലാഹലവും തുടങ്ങിയെങ്കിലും നാട്ടിൽ ചലനം സൃഷ്ടിക്കാനായില്ല. നാട്ടുകാർക്ക് എതിർപ്പായപ്പോൾ അവർ നാടുവിടാൻ തീരുമാനിച്ചു. പല കെട്ടിടങ്ങളും നോക്കിയെങ്കിലും ലഭ്യമായില്ല. അവസാനം തങ്ങളുടെ വീടിന്റെ ഒരു മുറി കൊടുത്തു. എന്തു ചെയ്യാം ദൈവം അവരെ ഉദ്ദേശിച്ചില്ലായിരിക്കാം.

ക്ലാരമ്മയുടെ താല്പര്യം കണ്ടപ്പോൾ അവർ വിചാരിച്ചതു ക്ലാരമ്മ ഇതെല്ലാം ഒന്നായി കാണുന്നയാളാണെന്നാണ്. സഭയിൽ വരുന്നവരെ ശബ്ദകോലാഹലം കൊണ്ടും ദൈവം ഭൗമികനന്മകൾ നൽകുമെന്ന മോഹനസുന്ദരവാഗ്ദാനംകൊണ്ടും അനുഭൂതിയുണ്ടാക്കിതൃപ്തിപ്പെടുത്തി നിലനിർത്തുന്നവരല്ല ബ്രദറൺകാർ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്, രക്ഷ, സഭ, പാപം, പിശാച്, നരകം, സ്വർഗ്ഗം, ദൂതന്മാർ, ദൈവരാജ്യം തുടങ്ങിയ അടിസ്ഥാന ഉപദേശങ്ങളെല്ലാം തെളിയിച്ചു പഠിപ്പിച്ചു സംശയനിവാരണം വരുത്തി പരിജ്ഞാനത്തോടെയുള്ള ദൈവഭക്തിയിലേക്കു നയിക്കുന്നവരാണ്.

സഹോദരി അന്യഭാഷ പറഞ്ഞിട്ടുണ്ടോ എന്ന ചോദ്യത്തിന്, ഏതെങ്കിലും ഒരു സഹോദരി അന്യഭാഷ പറഞ്ഞതായി ബൈബിളി

ലുണ്ടോ എന്നായിരുന്നു മറുചോദ്യം. പെന്തക്കോസ്തുനാളിൽ 120 പേരുള്ള സംഘത്തിലെല്ലാവരും അന്യഭാഷ പറഞ്ഞകൂട്ടത്തിൽ യേശുവിന്റെ അമ്മ ഉൾപ്പെടെ സ്ത്രീകൾ ഉണ്ടായിരുന്നുവല്ലോ എന്നായി അവർ?

120 പേരുള്ള സംഘത്തിൽവച്ചു പത്രോസ് മത്ഥ്യാസിനെ തെരഞ്ഞെടുത്ത് 11 അപ്പോസ്തലന്മാരോടു ചേർത്തു. ആ 120 പേരിൽ സ്ത്രീകളുണ്ടായിരുന്നു. എന്നാലതു പെന്തക്കോസ്തിനു മുമ്പുള്ള ഒരു ദിവസമായിരുന്നു. അതുകൊണ്ട് ആ സ്ത്രീകൾ അന്യഭാഷ പറഞ്ഞില്ല. പെന്തക്കോസ്തു പെരുന്നാൾ ദിനത്തിൽ 12 അപ്പോസ്തലന്മാർ ഒരുമിച്ചിരുന്നതു മറ്റൊരു സ്ഥലത്തായിരുന്നു. യെരുശലെം തെരുവീഥിയിലെ ഒരു വീടിന്റെ മാളികമുറിയിലായിരുന്നു. മുറിയിൽ 120 പേർക്കിരിക്കാനാകുമോ?

പരിശുദ്ധാത്മാവ് ഭൂമിയിലേക്കുവന്ന പെന്തക്കോസ്തു പെരുന്നാൾ ദിനത്തിൽ മാളികമുറിയിലെ കൂട്ടത്തിൽ സ്ത്രീകളില്ലായിരുന്നു. അപ്പോസ്തലന്മാർക്കു ഭാഷാവരം ലഭിച്ചു. അവർ പറഞ്ഞതു വഴിപോക്കരായ ശ്രോതാക്കൾക്കു അവനവന്റെ ഭാഷയിൽ തിരിയുകയായിരുന്നില്ല. അങ്ങനെയായാൽ ഭാഷാവരം ആത്മാവില്ലാത്ത കേട്ടവർക്കല്ലെ? പറഞ്ഞവർക്കാണു ഭാഷാവരം. അവർ പഠിക്കാതെ കേഴ്‌വിക്കാരുടെ ഓരോഭാഷ ഓരോരുത്തൻ പറയുകയായിരുന്നു. അതുകൊണ്ടാണ് കേൾവിക്കാർ തമ്മിൽ പറഞ്ഞത്: ഇവർ നമ്മുടെ ഭാഷകൾ സംസാരിക്കുന്നല്ലോ എന്ന്. അവിടെ പറയുവാൻ അപ്പോസ്തലന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. ശ്രോതാക്കൾ ചോദിച്ചത്: ഇവർ എല്ലാം ഗലീലക്കാർ അല്ലയോ എന്നാണ്. 120 പേരുണ്ടായിരുന്നെങ്കിൽ എല്ലാം ഗലീലക്കാർ എന്നു പറയാവതല്ല. യെരിഹോക്കാർ, എമ്മവുസുകാർ, ബെഥാന്യക്കാർ, ശമരിയക്കാർ, യെരുശലേംകാർ തുടങ്ങിയവരായിരുന്നുവല്ലൊ വിശ്വാസികൾ?

അന്നവിടെ ഗലീലക്കാരായ അപ്പൊസ്തലന്മാർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. സ്ത്രീകൾ ഇല്ലായിരുന്നു. സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യണം എന്നായിരുന്നു ജനത്തിന്റെ ചോദ്യം. സ്ത്രീകൾ ഉണ്ടായിരുന്നെങ്കിൽ സഹോദരീ സഹോദരന്മാരെ എന്നു സംബോധന ചെയ്യുമായിരുന്നു.

120 പേരുണ്ടായിരുന്നെങ്കിൽ പത്രോസ് 119 പേരോടുകൂടെ നിന്ന് അവരോടു പറഞ്ഞത് എന്നു എഴുതുമായിരുന്നു. എന്നാൽ 11 പേരോടുകൂടെ നിന്നാണു സംസാരിച്ചത്. സുവിശേഷം ഭൂലോകത്തിന്റെ അറ്റ





ത്തോളം അറിയിക്കാൻ പോകുന്ന പുരുഷന്മാർക്കാണു കൃപാവരവും ശക്തിയും വേണ്ടത്. അതുകൊണ്ടാണ് 12 പേരുള്ള അപ്പോസ്തല സംഘത്തിലേക്കു പരിശുദ്ധാത്മാവു വന്നതും, അവർ ശ്രോതാക്കളുടെ ഭാഷയിൽ ദൈവവചനം സംസാരിച്ചതും.

പത്രോസിന്റെ പ്രസംഗത്തിൽ അദ്ദേഹം വ്യക്തമാക്കിയത് പാപങ്ങളെയും വ്യർത്ഥകാര്യങ്ങളെയും വിട്ടു മാനസാന്തരപ്പെടുകയും യേശുവിനെ ദൈവമായി വിശ്വസിച്ച് യേശു കല്പിച്ച സ്നാനത്തിലൂടെ ആ വിശ്വാസം തെളിയിക്കുകയും ചെയ്യാൻ സന്നദ്ധരായാൽ പരിശുദ്ധാത്മാവ് ഉള്ളിൽവന്ന് ആത്മീയ ജീവിതം സാദ്ധ്യമാകും എന്നായിരുന്നു.

അപ്പോസ്തലന്മാർ പ്രാർത്ഥനയോടെ കാത്തിരുന്നതു കൊണ്ടല്ല പരിശുദ്ധാത്മാവ് ലഭിച്ചത്. വരും. അതുകൊണ്ടു കാത്തിരിക്കണമെന്നാണു കല്പന. ചിലർ വിചാരിക്കുന്നതു പ്രാർത്ഥിക്കുന്നതിനും ബൈബിൾ വായിക്കുന്നതിനും വിശുദ്ധ ജീവിതം നയിക്കുന്നതിനുമനുസരിച്ച് വ്യത്യസ്ത അളവിൽ ഓരോരുത്തർക്കും ലഭിക്കുന്ന ശക്തിയാണു പരിശുദ്ധാത്മാവ് എന്നാണ്. അല്ല. യേശുവിനെ രക്ഷകനായി സ്വീകരിക്കുന്നവർക്കു പിതാവു വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവ് ത്രിയേകദൈവത്തിലെ ഒരു വ്യക്തിയാണ്. പുത്രൻ ക്രൂശിൽ മരിച്ചു രക്ഷ ഒരുക്കാൻ വാഗ്ദത്തം ചെയ്യപ്പെട്ടു. പുത്രനെ വിശ്വസിച്ചു രക്ഷിക്കപ്പെടുന്നവരെ ആത്മീയജീവിതം നയിക്കാൻ സഹായിക്കാൻ പരിശുദ്ധാത്മാവ് വാഗ്ദത്തം ചെയ്യപ്പെട്ടു.

പുത്രൻ കാൽവറിയിൽ വെളിപ്പെട്ടു. അത് പെസഹാ പെരുനാളിന്റെ പൊരുളായിരുന്നു. പരിശുദ്ധാത്മാവ് പെന്തക്കോസ്തിൽ വെളിപ്പെട്ടു. അതു പെന്തക്കോസ്തു പെരുനാളിന്റെ പൊരുളായിരുന്നു. പുത്രന്റെ ബലിമരണം ആവർത്തിക്കപ്പെടാത്തതുപോലെ പരിശുദ്ധാത്മാവിന്റെ അവരോഹണവും ആവർത്തിക്കപ്പെടുന്നില്ല. പുത്രൻ വന്നിട്ടുപോയി. വീണ്ടും വരും. എന്നാൽ പരിശുദ്ധാത്മാവ് വന്നിട്ടുപോയിട്ടില്ല എന്നേക്കും ഭൂമിയിൽ നമ്മോടു കൂടെയിരിക്കുകയാണ്.

ഒന്നാമത്തെ വാഗ്ദത്തമായ പുത്രനോടു ബന്ധപ്പെടുന്നവർക്കു മാത്രമാണു രണ്ടാമത്തെ വാഗ്ദത്തമായ പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്. അഥവാ കാൽവറിയോടു ബന്ധപ്പെടുന്നവർക്കാണു പെന്തക്കോസ്തനുഭവം ഉള്ളത്. പെന്തക്കോസ്തനുഭവം അന്യഭാഷയോ അഗ്നിജ്വാലയോ കൊടിയകാറ്റോ മുഴക്കമോ അല്ല. ആത്മീയ ജീവിതത്തിന് ആത്മാവിനെ ലഭിക്കുന്ന കാര്യമാണ്. യേശു ക്രൂശിൽ രക്ഷ

ഒരുക്കിയപ്പോൾ ഭൂമികുലുങ്ങി, പാറ പിളർന്നു, കല്ലറ തുറന്നു, ദൈവമന്ദിരത്തിലെ തിരശ്ശീല രണ്ടായി കീറി തുടങ്ങിയ അമാനുഷിക സംഗതികളുണ്ടായി. പരിശുദ്ധാത്മാവു ഭൂമിയിലേക്കു വന്നപ്പോഴും കൊടിയ കാറ്റടിക്കുന്നതുപോലെ മുഴക്കവും അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകളുടെ പ്രത്യക്ഷതയും അന്യഭാഷയുമുണ്ടായി. ആ രണ്ടു സംഭവങ്ങളും ദൈവ പ്രത്യക്ഷതയുടെ ഭാഗമാണ്.

ഇന്ന് യേശുവിൽ വിശ്വസിക്കുന്നവർക്കു കൊടിയകാറ്റിന്റെ മുഴക്കവും അഗ്നിജ്വാലയും അന്യഭാഷയും ആവശ്യമില്ല. പെന്തക്കോസ്തു നാളിൽ വിശ്വസിച്ചു സ്നാനപ്പെട്ട 3000 പേർ അന്യഭാഷ പറഞ്ഞില്ല. ആത്മാവിന്റെ ഫലത്തിന്റെ കൂടെ അന്യഭാഷ ഇല്ല (ഗലാ 5:22). പെന്തക്കോസ്തുനാളിൽ യേശുവിനെ വിശ്വസിച്ചവരിലേക്കു പരിശുദ്ധാത്മാവു വന്നു. കൊർന്നല്യോസിന്റെ വീട്ടിലും പ്രസംഗം കേട്ടു വിശ്വസിച്ചപ്പോൾത്തന്നെ പരിശുദ്ധാത്മാവുവന്നു.

പരിശുദ്ധാത്മാവു ലഭിച്ച എല്ലാവരും അന്യഭാഷ പറഞ്ഞിട്ടില്ല. അന്യഭാഷ കൃപാവരങ്ങളിൽ ഒന്നു മാത്രമാണ്. വ്യത്യസ്ത കൃപാവരങ്ങളാണുള്ളത്. ചില കൃപാവരങ്ങൾ താൽക്കാലികവുമായിരുന്നു. പുതിയ നിയമമാകുന്ന ദൈവവചനം രേഖപ്പെടുത്തപ്പെട്ടു കിട്ടുന്നതുവരെ മാത്രമായിരുന്നു അന്യഭാഷ, പ്രവചനം, ജ്ഞാനം തുടങ്ങിയ വരങ്ങൾ.

ക്രിസ്തുവിൽ വിശ്വസിക്കുന്നനിമിഷം തന്നെ ആളുകളുടെ ഉള്ളിലേക്കു പിതാവും പുത്രനും പരിശുദ്ധാത്മാവും വരുന്നു. ചിലപ്പോൾ പിന്നീടാണവർക്ക് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ലഭിക്കുന്നത്. അതിനു ആത്മാവ് മേൽവരുക എന്ന ചുരുക്കപ്പേരാണ് ആദ്യ നൂറ്റാണ്ടിലുണ്ടായിരുന്നത്. അപ്പവും വീഞ്ഞും ഉള്ള തിരുവത്താഴത്തിന്റെ ചുരുക്കപ്പേര് അപ്പം നുറുക്കൽ എന്നായിരുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള സ്നാനത്തിന്റെ ചുരുക്കപ്പേര് ക്രിസ്തുവിന്റെ നാമത്തിലുള്ള സ്നാനം എന്നായിരുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം എന്നതിന്റെ ചുരുക്കപ്പേര് കർത്തൃദിവസം എന്നായിരുന്നു.

വിശ്വസിച്ചപ്പോൾത്തന്നെ ആത്മാവ് ഉള്ളിൽ വന്നിരുന്ന ചിലരിൽ പിന്നീടു കൃപാവരം ലഭിച്ച കാര്യത്തെ ആത്മാവ് മേൽവന്നു എന്നാണു എഴുതിയിരിക്കുന്നത്. ചിലർ ഇതിനെ കൂട്ടിക്കുഴയ്ക്കാറുണ്ട്. ആത്മാവ് കിട്ടാൻ അപ്പോസ്തലന്മാർ വന്നു പ്രാർത്ഥിക്കണമെന്നും കൈവയ്ക്കണമെന്നും അവർ പഠിപ്പിക്കുന്നു. അപ്പോസ്തലപ്രവൃത്തി 8-ാം അദ്ധ്യായ





ത്തിൽ വിശ്വസിച്ച ശമര്യക്കാർക്ക് അപ്പോൾത്തന്നെ ഉള്ളിൽ ആത്മാവു വന്നിരുന്നു. എന്നാൽ പിന്നീടവിടെ ഫീലിപ്പോസിനോടുകൂടെ പ്രവർത്തിക്കുവാൻ അപ്പോസ്തലന്മാരായ പത്രോസും യോഹന്നാനും വന്നു. അവർ മൂവരും യെരുശലേമിലേക്കു മടങ്ങുമ്പോൾ ഇവിടെയുള്ള ശുശ്രൂഷകൾക്കായി കൃപാവരമുള്ളവരെ എഴുന്നേൽപ്പിക്കണമെന്നു പ്രാർത്ഥിച്ചപ്പോൾ വ്യത്യസ്ത കൃപാവരങ്ങളോടുകൂടെ ആത്മാവ് അവരുടെമേൽ വന്നു. ആത്മാവു മേൽവരിക എന്നാൽ കൃപാവരം ലഭിക്കുക എന്നാണ്. സുവിശേഷകൻ, ഇടയൻ, ഉപദേഷ്ടാവ് എന്നിവ വരങ്ങളാണ്.

ചില ആദിമസഭകളിൽ പഴയനിയമമോ പുതിയനിയമമോ ആദിമ പ്രവർത്തകരായ അപ്പോസ്തലന്മാരോ ഇല്ലാതിരുന്നപ്പോൾ പിന്നീടു ലഭ്യമാകാൻ പോകുന്ന പുതിയ നിയമ ആശയങ്ങൾ അന്യഭാഷയിലൂടെയും പ്രവചനത്തിലൂടെയും ദൈവം ലഭ്യമാക്കി. സഭയിലെ രണ്ടോ മൂന്നോ പുരുഷന്മാർക്കാണതു ലഭിച്ചിരുന്നത് (അന്യഭാഷക്കാരൻ). ദൈവവചന ശുശ്രൂഷയായതുകൊണ്ടു സ്ത്രീകൾക്കതിനനുവാദമില്ല. ബൈബിളിലെ പഴയ നിയമത്തിലേയോ പുതിയനിയമത്തിലേയോ ഒരു പുസ്തകവും ഒരു സ്ത്രീയെക്കൊണ്ട് എഴുതിച്ചിട്ടില്ല. പഴയ നിയമത്തിലെ 12 ഗോത്രനേതാക്കളും പുരുഷന്മാരായിരുന്നു. പുതിയ നിയമത്തിലെ 12 അപ്പോസ്തലന്മാരും പുരുഷന്മാരായിരുന്നു. മരിച്ച യൂദായ്ക്കുപകരം പോലും സ്ത്രീയെ എടുത്തിട്ടില്ല. അന്യഭാഷ ഉള്ള കാലത്തുപോലും സ്ത്രീകൾ അന്യഭാഷ പറഞ്ഞിട്ടില്ല. പൂർണ്ണമായ ബൈബിൾ വന്നതോടെ അന്യഭാഷ ഉൾപ്പെടെയുള്ള വരങ്ങൾ നിലച്ചു. ഇത്രയും കേട്ട അവർ പിന്നീട് ക്ലാരമ്മയോടു സംവദിക്കാനൊരുങ്ങിയിട്ടില്ല

ഒന്നാംനൂറ്റാണ്ടിന്റെ അന്ത്യംമുതൽ ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭം വരെ സഭാചരിത്രത്തിൽ അന്യഭാഷ ഇല്ലായിരുന്നു. ഇന്നും ഇല്ല. എന്നാൽ 1901 ജനുവരി 1 ന് അമേരിക്കയിലെ കാൻസാസ് സിറ്റിയിലെ ഒരു സഭയിൽ ആഗ്നസ് ഓസ്മാൻ എന്ന മനോദൗർബല്യമുള്ള പെൺകുട്ടി മനസ്സിളകി അപശബ്ദങ്ങൾ പുറപ്പെടുവിച്ചു. അതിനെ അന്യഭാഷയുടെ വീണ്ടും വരവായി പ്രചരിപ്പിക്കാനിടയായി. ഇരുപതാംനൂറ്റാണ്ടു മുതലാണ് അന്ത്യകാലം എന്നവർ ധരിച്ചു.

ന്യായപ്രമാണ കാലത്തിനുശേഷമുള്ളകാലം അന്ത്യകാലമാണ് (എബ്രാ 1:2, യാക്കോ 5:3,1 പത്രോ 1:20, 1 യോഹ 2:18). ന്യായപ്രമാണ കാലത്തിനുശേഷം പരിശുദ്ധാത്മാവു ലോകത്തിലേക്കു വരുമെന്നാണു. യോഹന്നാൻ സ്നാപകൻ പറഞ്ഞത്. ഞാൻ നിങ്ങളെ വെള്ളത്തിൽ

സ്നാനം കഴിപ്പിക്കുന്നു, എന്റെ പിന്നാലെ വരുന്നവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കും. യേശു തന്റെ മരണത്തിലൂടെ രക്ഷ ഒരുക്കിയ ശേഷം അടക്കപ്പെട്ട് ഉയിർത്തു സ്വർഗ്ഗാരോഹണം ചെയ്തശേഷം തന്നിൽ വിശ്വസിക്കുന്നവരോടു കൂടെയിരിക്കുവാൻ പരിശുദ്ധാത്മാവിനെ അയയ്ക്കുന്ന കാര്യമാണത്. അതാണു പെന്തക്കോസ്തുപെരുനാളിൽ സംഭവിച്ചത്.

അന്ന് അപ്പോസ്തലന്മാർക്ക് അന്യഭാഷാവരം ലഭിച്ചെങ്കിലും യെരുശലേം സഭയിൽ മാതൃഭാഷയിൽ വചനം പ്രസംഗിക്കാൻ അപ്പോസ്തലന്മാർ ഉണ്ടായിരുന്നതുകൊണ്ട് അന്യഭാഷാ ഭാഷണം ഒരു തുടർമാനപ്രക്രീയ ആയിരുന്നില്ല. അതുകൊണ്ടാണു പെന്തക്കോസ്തിനുശേഷം പത്തുവർഷത്തോളം കഴിഞ്ഞ് കൊർന്നല്യോസിനും കുടുംബത്തിനും അന്യഭാഷാവരം ലഭിച്ചപ്പോൾ ആദിയിൽ നമ്മുടെ മേൽ എന്നപോലെ എന്ന് യെരുശലേമിൽ നിന്നു വന്നവർ പറഞ്ഞത്. നമ്മുടെ സഭയിൽ ഉള്ളതുപോലെ എന്നല്ല പറഞ്ഞത്. പെന്തക്കോസ്തിനു ശേഷം അവർ അന്യഭാഷയെക്കുറിച്ചു കേൾക്കുന്നതും കാണുന്നതും ഇപ്പോൾ മാത്രമാണ്.

അപ്പോസ്തലന്മാരോ സഹകാരികളോ വചനശുശ്രൂഷയ്ക്ക് ഇല്ലാത്ത സഭകളിൽ ബൈബിൾ എഴുതപ്പെട്ടുകിട്ടുന്നതുവരെയുള്ള താൽക്കാലിക കൃപാവര ക്രമീകരണമായിരുന്നു അന്യഭാഷ. അന്യഭാഷ എന്നപേരിൽ എന്തെങ്കിലും പറയുന്നവർ അമാനുഷരും അതിഭക്തരുമാണെന്നൊരു ധാരണ വചനം അറിയാത്ത പാവങ്ങൾക്കുണ്ട്. ചിലർ അതു മുതലെടുക്കുന്നുമുണ്ട്. അന്യഭാഷ അനുകരണമാണ്, ചിലരുടെ അന്യാഗ്നിയാണ് ചിലരുടെ അജ്ഞതയിൽനിന്നുള്ളതാണ്. ദൈവത്തിന്റെ ഭാഷ സുറിയാനിയാണ്, അറബിയാണ്, ലത്തീനാണ്, സംസ്കൃതമാണ് എന്നു ധരിക്കുന്ന വരില്ലെ? അന്യഭാഷയാണു ദൈവത്തിന്റെ ഭാഷ എന്നു ചില വിശ്വാസി കളും ധരിക്കുന്നു. അത്രേയുള്ളു.

വ്യർത്ഥവും പിതൃപാരമ്പര്യവുമായ മതബന്ധനത്തിൽനിന്നും സ്വതന്ത്രരായവർക്കു നേരിടേണ്ട വ്യർത്ഥവും പിതൃപാരമ്പര്യവുമായ സഭാബന്ധനമാണിത്. ഉപദേഷ്ടാക്കളുടെ കൃപാവരമുള്ളവരിൽനിന്നും പഠിക്കാൻ തയ്യാറാകുകയല്ലാതെ വേറെ മാർഗ്ഗമില്ല. ബൈബിൾ സ്കൂളിൽ പഠിച്ച എല്ലാവർക്കും, ദൈവവേലയ്ക്കു വിളിക്കപ്പെട്ട എല്ലാവർക്കും ഉപദേശവിഷയങ്ങൾ പഠിപ്പിക്കാൻ പ്രാപ്തിയില്ല. അത് ദൈവം തരേണ്ട കൃപാവരമാണ്. ഇന്നു വാളെടുക്കുന്ന എല്ലാവരും.....





## 13

## ദൈവം മനസ്സിനെ പാകപ്പെടുത്തുന്നു

**കു**റെപണം പലിശയ്ക്കെടുത്തിട്ടുണ്ടായിരുന്നെങ്കിലും പല സ്ഥലത്തു ഭൂസ്വത്തുക്കൾ, വാടകയ്ക്കു കൊടുക്കാൻ പല കെട്ടിടങ്ങൾ, രണ്ടു ഹോമിയോ ആശുപത്രികൾ, തുണിക്കട-അസൂയാവഹമായ പുരോഗതിയുണ്ടായ കാലമായിരുന്നുഅത്. എന്നാലും പ്രാർത്ഥനയ്ക്കോ സുവിശേഷീകരണ പ്രവർത്തനങ്ങൾക്കോ യാതൊരു വിഘ്നവും ഉണ്ടായിട്ടില്ല.

ഒരു രാത്രിയിൽ ചെറിയ മയക്കത്തിൽ ഇയ്യോബിന്റെ പുസ്തകമെടുത്തു വായിക്കുക എന്ന് ആരോ പറയുന്ന ശബ്ദം ക്ലാരമ്മ വ്യക്തമായി കേട്ടു. ഉടനെ വീട്ടിലുള്ളവരെ വിളിച്ചുണർത്തി ആ കാര്യം പറഞ്ഞു. ഇയ്യോബിന്റെ പുസ്തകം കുറെ വായിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ആ പുസ്തകം തന്നെ വായിച്ചു. ഈയ്യോബിനുണ്ടായതുപോലുള്ള കഷ്ടകാലമായിരിക്കാം മുമ്പിൽ കാത്തിരിക്കുന്നത്. ഇതുവരെ ദൈവത്തിൽനിന്നും ധാരാളം നന്മകൾ അനുഭവിച്ചു. ഇനി കഷ്ടങ്ങളാണു അനുഭവിക്കേണ്ടതെങ്കിൽ ഒരു പരാതിയും പരിദേവനവും ഉണ്ടാകില്ലെന്നു ക്ലാരമ്മ ഉറച്ചു. കഷ്ടങ്ങളിൽ കർത്താവു ഏറ്റവും അടുത്ത തുണ ആയിരിക്കുമല്ലോ? (സങ്കീ. 46:1).

സമയം ഒട്ടും പാഴാക്കാതെ കർത്താവിനെ സേവിക്കണം. ആശുപത്രി സന്ദർശനം കുറെക്കൂടെ ഉഷാറാക്കി. അരീക്കമല, പൊട്ടൻപ്ലാവ്, കനകക്കുന്നു തുടങ്ങിയ വൈഷമ്യമുള്ള കുന്നുകളിലെ വിശ്വാസികളെ ചെന്നുകണ്ടുപ്രാർത്ഥിക്കുവാനും പ്രവർത്തനങ്ങളിൽ പൂർവ്വാധികം സജ്ജീവമാകുവാനും പ്രത്യേകം ശ്രദ്ധിച്ചു. ഒരിക്കൽ കശാപ്പുകാരുടെ കയ്യിൽനിന്നും കുതറിയോടിയ പോത്ത് ക്ലാരമ്മയുടെ നേരെ പാഞ്ഞടുത്തു. കയ്യിൽനിന്നും തെറിച്ചുപോയ കുടയിലാണത് കുത്തിയത്. ആ കുട തെറിപ്പിച്ചതു കർത്താവായിരുന്നു സ്തോത്രം.

ആശുപത്രി സന്ദർശനത്തിനു പ്ലാൻ ചെയ്തിരുന്ന ഒരു ദിവസം പലർക്കും തുണികൾ തയ്ച്ചുകൊടുക്കേണ്ടതുണ്ടായിരുന്നതുകൊണ്ട് അന്നത്തെ പ്രവർത്തനം മാറ്റിവയ്ക്കാം എന്ന് മറ്റുള്ളവരെ വിളിച്ചു

പറഞ്ഞു. യോനയുടെ ദൈവം ക്ലാരമ്മയെ വേറൊരു നിലയിൽ അന്ന് ആശുപത്രിയിലെത്തിച്ചു. കിഴക്കുള്ള നിനവെയ്ക്കു പോകേണ്ട യോന പടിഞ്ഞാറ് 4 മടങ്ങു ദൂരമുള്ള തർശ്ശീസിനു കൂലി കൊടുത്തു കപ്പലിൽ കയറി. ദൈവം മത്സ്യവയറ്റിലൂടെ നിനവേക്കടുത്തെത്തിച്ചു.

സഭയിലെ ഒരു പുതിയ സഹോദരി ജെസ്സിയുടെ മകൻ മാവിൽ നിന്നു വീണു കൈയൊടിഞ്ഞു. അവർ ആ കുഞ്ഞിനെ ജീപ്പിൽ കയറ്റിക്കൊണ്ടു വന്നിട്ടു പറഞ്ഞു സഹോദരികൂടെ പോരണം. അവർക്ക് ആശുപത്രി സംബന്ധിച്ചു വലിയ പരിചയം ഇല്ലായിരുന്നു. അവരെ ജീപ്പിൽ മുമ്പോട്ടയച്ചിട്ടു കട അടച്ചശേഷം ഭർത്താവിനോടു വിവരം പറഞ്ഞിട്ട് ക്ലാരമ്മ ആശുപത്രിയിലെത്തി, അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു. ക്ലാരമ്മ പോയപ്പോൾ കുറെ ലഘുലേഖകളും കൊണ്ടു പോയിരുന്നു. അവ അനേകർക്കു വിതരണം ചെയ്തു. പലരോടും സുവിശേഷം പറഞ്ഞു.

പിന്നീടൊരിക്കലും അത്യാവശ്യകാര്യം നിമിത്തം ആശുപത്രി സന്ദർശനം മുടങ്ങി. അന്നാണു അമ്മ വീണു കൈ ഒടിയുന്നത്. അമ്മയുമായി ആശുപത്രിയിൽ കഴിഞ്ഞ ദിവസങ്ങളിൽ കൊതുകുകടി കാരണം ഉറങ്ങാൻ കഴിഞ്ഞില്ല. ആ സമയമെല്ലാം അവിടെ ഉറങ്ങാതിരുന്നവരോടു കർത്താവിന്റെ സുവിശേഷം പങ്കുവയ്ക്കാൻ സാധിച്ചു. കർത്താവുതന്നെ അവസരം ഒരുക്കിത്തരുകയായിരുന്നു. കൊതുകിനെപ്പോലും ആളുകളുടെ നന്മയ്ക്കു നിമിത്തമാക്കാൻ ദൈവത്തിനാകും സ്തോത്രം.

ആദ്യകാല പ്രവർത്തകർ സഭയിൽ മാറി മാറി വന്നു ബൈബിൾ പഠിപ്പിച്ചുകൊണ്ടിരുന്നെങ്കിലും അവർക്ക് മറ്റു ശുശ്രൂഷകളും ശ്രദ്ധിക്കേണ്ടിയിരുന്നു. അങ്ങനെയിരിക്കെയാണ് സഭാഹാളിൽ താമസിച്ചുകൊണ്ടു പ്രവർത്തിക്കുവാൻ ഒരു സുവിശേഷ കുടുംബം സന്നദ്ധരായി എത്തിച്ചേർന്നത്. സുവിശേഷകൻ സി.റ്റി. ജോണിക്കുട്ടി. ഭാര്യ സൂസമ്മ, മക്കൾ ഫിന്നിയും ഫെബിനും. ചാത്തന്നൂർ ബൈബിൾ കോളേജ് ഗ്രാഡ്വേറ്റായിരുന്ന അദ്ദേഹം അടിസ്ഥാനഉപദേശങ്ങൾ നന്നായി വിശ്വാസികളെ പഠിപ്പിച്ചു. കീഴ്ക്കാംതൂക്കായ മലകളിലുള്ള വീടുകളിലൊക്കെ സഹോദരന്മാരെകൂട്ടിപോയി സുവിശേഷം പറഞ്ഞു. ചിലർ കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ടു. അന്നു കറന്റില്ല, നല്ലവഴി ഇല്ല, വാഹന സൗകര്യങ്ങളില്ല. വളരെ ഞെരുക്കം അനുഭവിച്ചെങ്കിലും യാതൊരു പിറുപിറുപ്പുമില്ലാതെ അവർ കുടിയാന്മല സഭയെ നനച്ചു വളർത്താൻ നന്നായി അദ്ധ്വാനിച്ചു. രണ്ടു വർഷങ്ങൾക്കുശേഷം എരുമേലിയിലേക്കു പ്രവർത്തനത്തിനുപോയ ആ കുടുംബത്തെ





കർത്താവു വളരെ മാനിച്ചു. മൂത്ത മകൻ ഫിന്നിയും ഭാര്യയും ദുബായിൽ ജോലി ചെയ്യുന്നു. ദുബൈ ബ്രദറൺ അസംബ്ലിയിൽ ആരാധിക്കുകയും വിവിധ ആത്മീയശുശ്രൂഷകൾ ചെയ്യുകയും ചെയ്യുന്നു. ഇളയ മകൻ ഫെബിൻ എം.റ്റി.എച്ച്. പാസ്സായ ശേഷം വിവിധ ബൈബിൾ കോളേജുകളിൽ സ്വദേശത്തും വിദേശത്തും പഠിപ്പിക്കുന്നു. താനും വിവാഹിതനാണ്. സി.റ്റി. ജോണിക്കുട്ടി സുവിശേഷ സാഹിത്യ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കുന്നു.

സി.റ്റി. ജോണിക്കുട്ടി പോയശേഷം ചില വർഷങ്ങൾ ഇവിടെയുള്ള സഹോദരന്മാരായ പ്ലാമൂട്ടിൽ ബാബു, മീൻപുഴയ്ക്കൽ ജോസ് തുടങ്ങിയവരാണ് സഭാ ശുശ്രൂഷകൾ ചെയ്തു പോന്നത്. സഭയുടെ പ്രാർത്ഥനയുടെ ഫലമായി പെരിങ്ങോത്തുനിന്നും സുവിശേഷകൻ ജോസഫ് ആന്റണിയേയും കുടുംബത്തേയും കർത്താവ് ഇങ്ങോട്ടയച്ചു. ആദ്യം സഭാഹാളിലും പിന്നീടു സ്വന്തംവീട്ടിലും താമസിച്ചുകൊണ്ടവർ 15 ദീർഘ വർഷങ്ങൾ ശുശ്രൂഷ ചെയ്തു. ഭാര്യ സൂസൻ ജോൺ സെബാസ്റ്റ്യന്റെ സഹോദരിയാണ്. അവർക്കു മൂന്നു മക്കൾ. മനു, ട്രീസ, സാം. മനുവിനു 24 വയസ്സ് കഴിഞ്ഞു. പക്ഷെ ഇന്നുവരെ ഒരു ചുവടു നടന്നിട്ടില്ല. കാലിനും കൈക്കും ചെവിയ്ക്കും നാവിനും ബുദ്ധിയ്ക്കും വൈകല്യമുണ്ട്. പകലൊക്കെ വീൽ ചെയറിലിരുത്തി കെട്ടിവയ്ക്കും. എന്തായാലും അവർ മനുക്കുട്ടനെ പൊന്നുപോലെ നോക്കുന്നു. കർത്താവ് ഏല്പിച്ച ഒരു ശുശ്രൂഷ എന്ന നല്ല ബോദ്ധ്യത്തിൽതന്നെ. എല്ലാ ദിവസവും മനുവിനെ ഒരുക്കാൻ ബാബു ചില മണിക്കൂറുകൾ ചെലവഴിക്കണം. അതു കഴിഞ്ഞാണ് മറ്റു ശുശ്രുഷകൾ. ദൂരെ പോകുമ്പോൾ എല്ലാം സൂസൻ ചെയ്യണം.

ബാബു വന്നതു സഭയ്ക്കു ഉണർവ്വിനു കാരണമായി. താൻ ഒരു പ്രാർത്ഥനാമനുഷ്യനാണ്. എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും എന്നുള്ളതു കുടിയാന്മല സഭയിലാണ് അന്വർത്ഥ മായിരിക്കുന്നത്. കൊച്ചുകുട്ടികൾ പോലും പ്രാർത്ഥിക്കും. എല്ലാവരും സുവിശേഷ പ്രവർത്തനങ്ങൾക്കുവരും. സ്ഥലത്തെ ശുശ്രൂഷകൾ കൂടാതെ സഭയുടെ പോഷക സംഘടനാ പ്രവർത്തനങ്ങളായ ബാലസംഘം, വൈ.എം.ഇ.എഫ്., യൂത്ത് മിനിസ്ട്രി തുടങ്ങിയവയിലും ജോസഫ് ആന്റണി കുടിയാന്മല സഭയോടുകൂടെ സജ്ജീവമായിരുന്നു. 15 വർഷത്തെ ശുശ്രൂഷകൾക്കുശേഷം അദ്ദേഹം കുടിയാന്മലയോടു യാത്ര പറഞ്ഞു. ഇപ്പോൾ തൃശൂർ ജില്ലയിലാണു താമസവും ശുശ്രൂഷയും.

ക്ലാരമ്മയുടെ മൂത്തമകൻ ജോമോൻ ആരും നിർബന്ധിക്കാതെ സുവിശേഷവേലയ്ക്കു വേർതിരിഞ്ഞ് ബാംഗ്ലൂരിൽ ബൈബിൾ

കോളേജിൽ പഠിക്കാൻ പോയി. ജിഷയും ജോമോളും തിരുവല്ല മെഡിക്കൽ മിഷനിൽ പഠിക്കാൻ പോയി. തൃശൂർ കരിക്കാടു സഭാഗം എം.പി. ഫിലിപ്പോസ് നടുവിൽ പഞ്ചായത്തു സെക്രട്ടറിയായിരുന്ന രണ്ടു വർഷം ഈ സഭയിൽ ഉണ്ടായിരുന്നത് സഭയ്ക്കു വളരെ പ്രയോജന കരമായിരുന്നു. കുടിയാന്മല സഭയിൽ നിന്നും ഇതിനിടെ ജോമോനെ ക്കൂടാതെ മൂന്നു പേരെക്കൂടെ കർത്താവു ശുശ്രൂഷയ്ക്കു വിളിച്ചയച്ചു. സന്തോഷ് അസ്സാമിലും ഷൈജൻ പത്തനംതിട്ടയിലും തോമസ് മാത്യു മണ്ഡലത്തും പ്രവർത്തിക്കുന്നു.

കുട്ടികളുടെ പഠനത്തിനും ബിസിനസ്സിനുമായി പലിശയ്ക്കെടുത്ത പണം സമയത്തു തിരിച്ചടയ്ക്കുവാനും ബിസിനസ്സുകൾ നന്നായി നോക്കിനടത്തുവാനും കഴിയാതെ വന്നപ്പോൾ താങ്ങാനാവാത്ത കട ബാദ്ധ്യതയായി. പിന്നെ വസ്തുക്കളും കെട്ടിടങ്ങളും ഒന്നൊന്നായി കിട്ടിയ വിലയ്ക്കു വിൽക്കേണ്ടി വന്നു. താമസിക്കുന്ന ചെറിയ വീടു കഴിഞ്ഞാൽ ഒരു തയ്യൽമെഷീനും എംബ്രോയിഡറി മെഷീനും മാത്രമായിരുന്നു ബാക്കി. ടൗണിലെ ഒരു കടയിൽ അറിയാവുന്ന ഈ കൈത്തൊഴിലും കൊണ്ടിരുന്നു. അതിൽനിന്നു കിട്ടുന്നതുകൊണ്ടു വേണമായിരുന്നു ഭാരിച്ച വീട്ടുചെലവുകൾ എല്ലാം വഹിക്കേണ്ടിയിരുന്നത്. കർത്താവിൽ മാത്രം ആശ്രയിക്കാൻ കർത്താവു ക്ലാരമ്മയെ പരിശീലിപ്പിക്കുകയായിരുന്നു. പൗലോസ് അറിയാവുന്ന കൈത്തൊഴിൽ ചെയ്തുകൊണ്ട് കൂടെയുള്ളവരുടെ ഉപജീവനത്തിനു പണം കണ്ടെത്തുകയും കർത്തൃശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്ത കാര്യം യൂത്ത് ക്യാമ്പുകളിൽ പഠിച്ചിരുന്നതുകൊണ്ട് നിരാശ തോന്നിയില്ല.

മലബാറിൽ ബിസിനസ്സു നഷ്ടപ്പെട്ടതിനാൽ കടംകേറിയ പലരും ആത്മഹത്യ ചെയ്തിട്ടുണ്ട്. കർണ്ണാടകത്തിൽ ഇഞ്ചിക്കൃഷിക്കു പോയവർ വളരെയുണ്ട്. പക്ഷെ മുതലാളിയായി ജീവിച്ച ആരെങ്കിലും അതേ നാട്ടിൽ തൊഴിലാളിയായി ജീവിച്ചകാര്യം കേട്ടിട്ടില്ല. എന്നാലിതിൽ അപമാനമായിട്ടൊന്നുമില്ല. ദൈവം ഏകനായി അദ്ധ്വാനിച്ച് സൃഷ്ടികർമ്മം നടത്തിയവനാണ്. യേശുവും 30 വയസ്സുവരെ തൊഴിലാളിയായിരുന്നുവല്ലൊ? ദൈവം അനുവദിക്കുന്ന താഴ്ചയിൽ ദൈവം നമ്മോടുകൂടെ ഉണ്ട്. അതുപോരെ?

“ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും പൊന്നേശുവേ-
നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യ സമ്പത്തേശുവേ.
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിക്കാനാരുമേ”





## 14

## 2001 ജൂലൈ 5

**അ**മ്മയുടെകൈ ഒടിഞ്ഞിരിക്കുന്നു. അമ്മാവിയമ്മ ഒരുവശം തളർന്നു കിടപ്പിലാണ്. ചെരിച്ചുവാർത്തിരിക്കുന്ന ചെറിയവീടു നനഞ്ഞൊലിക്കുന്ന കാലവർഷക്കാലം. മേൽക്കൂരയിൽ ഒരു ടാർ പോളിൻ വിരിച്ചു ചോർച്ചമാറ്റണം. വീടിന്റെ പിൻഭാഗത്ത് ആറടി പൊക്കത്തിലൊരു കയ്യാലയുണ്ട്. അതിന്റെ മുകളിൽനിന്നു റൂഫിലേക്കു പാലം പോലെ ഒരു കവുങ്ങുതടിയിട്ടു കയറി ടാർ പോളിൻ വിരിക്കാൻ ഭാര്യയും ഭർത്താവും കൂടെ തീരുമാനിച്ചു. 2001 ജൂലൈ മാസം 5-ാം തീയതി. തോമാച്ചൻ ആദ്യം കയറിപ്പോയി. അദ്ദേഹം അന്നും ഇന്നും മെലിഞ്ഞ ശരീരപ്രകൃതക്കാരനാണ്. പുറകെ ക്ലാരമ്മയും കവുങ്ങു തടിയിൽ ചവിട്ടി രണ്ടടി വച്ചു. പെട്ടെന്നാണതു സംഭവിച്ചത്. തടി നടുവെ ഒടിഞ്ഞു. ക്ലാരമ്മ മലർന്നടിച്ചു വീണു.

ബോധം പോയെങ്കിലും താമസിയാതെ ബോധം തെളിഞ്ഞു. പക്ഷെ കിടന്നിടത്തു കിടക്കുകയാണ്. കാലുകൾ ചലിക്കുന്നില്ല. അര മുതൽ താഴേക്കു തളർന്നെന്നു തോന്നി. അതു വീട്ടിലുള്ളവരോടു പറയുകയും ചെയ്തു. കാരണം ചില ദിവസങ്ങൾക്കുമുമ്പു കൈകളൊഴികെ ബാക്കി ഭാഗങ്ങളെല്ലാം തളർന്ന നിലയിൽ ഒരു സ്വപ്നം കണ്ടിരുന്നു. അന്നുമുതൽ ദൈവം തരുന്ന തെന്തും സഹിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു.

ഓടിക്കൂടിയ അയൽക്കാരാണ് എടുത്തു തിണ്ണയിൽ കിടത്തിയത്. സ്പർശനശേഷി നഷ്ടപ്പെട്ടതിനാൽ തളർന്നുപോയെന്നു ബോദ്ധ്യമായി. ആളുകൾക്കു കൊടുക്കാനുള്ള പണത്തിന്റെയും തുണിയുടെയും കണക്കുകൾ ഓർത്തെടുത്തു ഭർത്താവിനെ ഭരമേൽപ്പിച്ചു. താമസിയാതെ ജീപ്പെത്തി. വളരെ ആളുകൾ ഉണ്ടായിരുന്നു.

“ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കുതന്നെ സകലവും നന്മയ്ക്കായികൂടി വ്യാപരിക്കുന്നു” എന്ന വാക്യം ഉദ്ധരിച്ചു ക്ലാരമ്മതന്നെയാണു പ്രാർത്ഥിച്ചത്. പ്രാർത്ഥന

കഴിഞ്ഞു ബോധം പോയി. ഇടയ്ക്കിടെ ബോധം തെളിയുകയും നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരുന്നു.

ബസ്സ് ഓടുന്ന മെയിൻറോഡിൽ നിന്നും നൂറടി അകലമേ ഉള്ളുവെങ്കിലും നല്ലൊരു കുന്നിൻ മുകളിലാണു വീട്. നടപ്പുവഴിയേയുള്ളു. വളരെ ക്ലേശിച്ചു ജീപ്പിൽ കയറ്റി പരിയാരം മെഡിക്കൽ കോളേജിലെത്തിച്ചു. അവരുടെ നിർദ്ദേശപ്രകാരം ആംബുലൻസിൽ കർണ്ണാടകത്തിൽ മംഗലാപുരത്തുള്ള ഹൈലാന്റ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. അവിടെ എം.ആർ.ഐ. സ്കാൻ ചെയ്തു. പുറമെ ഒരു പോറലുപോലുമില്ലെങ്കിലും നട്ടെല്ലൊടിയുകയും സ്പൈനൽ കോഡ് തകരുകയും ചെയ്തിരിക്കുന്നു.

ഒരു ശതമാനം പോലും പ്രതീക്ഷയ്ക്കുവകയില്ല എന്നു ഡോക്ടർമാർ പറഞ്ഞതുകേട്ടപ്പോൾ ഒരുപ്രത്യേക സന്തോഷമാണു തോന്നിയത്. അതു മറ്റൊന്നല്ല - ഇനിയുള്ള കാലം കർത്താവിന്റെ സഹായത്താൽ മാത്രം കഴിയാമല്ലോ? എന്നെങ്കിലും കാലു കുത്തി നടക്കാനാകുമോ എന്ന ചോദ്യത്തിനു മുമ്പിൽ വൈദ്യശാസ്ത്രം കൈമലർത്തി.

വെറുതെ മലർന്നു കിടക്കണമെങ്കിൽപോലും വലിയ സർജറി വേണ്ടിവരും. ആന്തരിക അണുബാധയും പഴുപ്പും ഉണ്ടാകാതിരിക്കാൻ നട്ടെല്ലൊടിഞ്ഞ ഭാഗത്തെ തൊലിയും മാംസവും മുറിച്ചുമാറ്റി നട്ടെല്ലിന്റെ അടിയിലും മുകളിലും സ്റ്റീൽ റാഡിട്ടു സ്ക്രൂ ചെയ്തു മുറുക്കുവാനുള്ള ഓപ്പറേഷൻ നടന്നു.

ബോധം തെളിയുമ്പോൾ അസ്സഹനീയ വേദനകൊണ്ടു പുളഞ്ഞ് കയ്യും തലയുമിട്ടടിക്കാനിടയാകും എന്നു ഡോക്ടർമാർ നേരത്തെ പറഞ്ഞിരുന്നു. കാലിന്റെ ചലനശേഷി പോയിരുന്നതുകൊണ്ടു കാൽ ഇതൊന്നും അറിയുകയില്ലെന്നു മാത്രം.

പറഞ്ഞ സമയത്തു ബോധം തെളിഞ്ഞു. വലിയ വേദനയുണ്ട് പക്ഷെ പുളഞ്ഞില്ല. വേദന സഹിക്കാൻ കൃപതരണെ, മറ്റുള്ളവർ വിഷമമറിയാനിടയാകരുതേ എന്നു ക്ലാരമ്മ പ്രാർത്ഥിച്ചിരുന്നു. ബോധം തെളിഞ്ഞപ്പോൾ ആദ്യം ചെയ്തതു ഒരു പാട്ടുപാടി പ്രാർത്ഥിക്കുകയായിരുന്നു. ക്ലാരമ്മ പാട്ടുപാടുമ്പോൾ മനസ്സിലാക്കാം വേദനയുണ്ടെന്ന്. പാട്ടിലെ ആശയങ്ങളിൽ ലയിക്കുന്നതിനാൽ വേദന മറക്കുകയാണ്.

എം.ഇ. ചെറിയാൻ സാറെഴുതിയ "ഒന്നേയുള്ളെനിക്കാനന്ദമുലകിൽ യേശുവിൻ സന്നിധി അണയുവതേ, അന്നേരം മമ മാനസഖേദം ഒന്നായകലും വെയിലിൽ ഹിമംപോൽ" എന്ന പാട്ട് ഏറ്റവും പ്രീയപ്പെട്ടതാണ്.





ബോധം വീണോ, പേഷ്യന്റ് നിലവിളിക്കുന്നുണ്ടോ എന്നു ഡോക്ടർ അന്വേഷിച്ചു. പാട്ടുപാടി പ്രാർത്ഥിക്കുകയാണെന്നു പറഞ്ഞപ്പോൾ എന്നാൽ സെൻസ് മുഴുവൻ പോയിക്കാണുമല്ലോ? ഉടനെ ഡോക്ടർമാർ ഐ.സി.യു.വിൽ വന്നു ചോദിച്ചു. വേദന ഇല്ലെ? ഉണ്ട്. ഭയങ്കര വേദനയാണ്. എന്നാലതു സഹിക്കാൻ ഞാൻ വിശ്വസിക്കുന്ന ദൈവമായ യേശു എനിക്കു ശക്തിതരുന്നു എന്നു പറഞ്ഞപ്പോൾ ക്ലാരമ്മയുടെ സുബോധം നഷ്ടപ്പെട്ടെന്നാണ് ആദ്യം അവർ കരുതിയത്.

പിറ്റേന്നു സുബോധത്തിന്റെ ടെസ്റ്റായിരുന്നു. ചോദിച്ച ചോദ്യങ്ങൾക്കെല്ലാം കൃത്യമായ മറുപടി പറഞ്ഞപ്പോൾ She is absolutly normal. പൂർണ്ണ സുബോധമുണ്ട് എന്നവർ തമ്മിൽ പറയുന്നുണ്ടായിരുന്നു. ദിവസങ്ങൾ ആഴ്ചകൾക്കും ആഴ്ചകൾ മാസങ്ങൾക്കും വഴിമാറിയെങ്കിലും ക്ലാരമ്മയുടെ സന്തോഷത്തിനും സമചിത്തതയ്ക്കും തെല്ലും മാറ്റമുണ്ടായില്ല. ഇതൊക്കെ റൗൺസിനു വരുന്ന ഡോക്ടർമാർ നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം അടുത്തുണ്ടായിരുന്ന മകൻ ജോമോനോടു അവർ ചോദിച്ചു. What is the power behind your mum? നിന്റെ അമ്മയുടെ ശക്തിയുടെ രഹസ്യമെന്താണ്? അവൻ മേശപ്പുറത്തെ ബൈബിൾ ചൂണ്ടിക്കാട്ടിയിട്ടു പറഞ്ഞു. Nothing but the bible ഈ ബൈബിളല്ലാതെ മറ്റൊന്നുമല്ല.

നല്ല പ്രായത്തിൽ ശരീരവും ജീവിതവും രണ്ടായി മുറിഞ്ഞുപോയ, മലയോര ഗ്രാമത്തിലെ ഈ പെൺകുട്ടിയ്ക്കു മനോധൈര്യം തെല്ലും ചോർന്നുപോകാതെ കാക്കാൻ സഹായിക്കുന്ന ബൈബിൾ തന്ന കർത്താവിനു ആയിരമായിരം സ്തോത്രം.

ക്ലാരമ്മയ്ക്കൊപ്പം ബൈബിൾ കിട്ടിയ പലരും അതിൽ റേഷൻ കാർഡും മരുന്നുകുറുപ്പടിയും ലോട്ടറിടിക്കറ്റും വച്ചിരിക്കുകയാണ്, ചിലർ രൂപക്കൂട്ടിൽ പരിപാവനമായി വച്ചിട്ടുണ്ട്. അതെടുത്തൊന്നു വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നെങ്കിൽ യേശു ഒരുക്കിയ സൗജന്യ രക്ഷാമാർഗ്ഗത്തെക്കുറിച്ചറിഞ്ഞ് അതിന്റെ അനുഭവസ്ഥരാകുമായിരുന്നു. സകല ബുദ്ധിയേയും കവിയുന്ന സമാധാനത്തിന്റെ ഉടമകളാകുമായിരുന്നു.

*"നിന്റെ നൻമൊഴിക്കരികണയുവതിനൊരുനവ്യമായ*
*സയൻസുമില്ലതു സമ്മതിക്കുന്നജ്ഞരല്ലാ പ്രാണികൾ*
*തെല്ലും ഉണ്മയറിയുന്നതില്ലേ മാനികൾ"* (K.V.S.)

## 15

# ഈയ്യോബിനു കർത്താവു വരുത്തിയ അവസാനം

**പൂ**ർവ്വപിതാക്കളായ അബ്രഹാം, യിസഹാക്ക്, യാക്കോബ് തുടങ്ങിയവരുടെ സമകാലികനായിരുന്നു ഈയ്യോബ്. അബ്രഹാമിന്റെ ആയുസ്സ് 175 വർഷവും യിസഹാക്കിന്റേത് 180 ഉം യാക്കോബിന്റേത് 147 ഉം ആയിരുന്നു. ഈയ്യോബ് 140 വർഷം ജീവിച്ചിരുന്നു എന്നതിൽ നിന്നു കാലഘട്ടത്തെക്കുറിച്ച് ഈ നിഗമനത്തിലെത്താം. പൂർവ്വപിതാക്കളുടെ കാലത്തു കുടുംബനാഥൻ യാഗം കഴിക്കുന്ന പതിവുണ്ടായിരുന്നു. ഈയ്യോബ് യാഗം കഴിച്ചിരുന്നതായി കാണാം. അക്കാലത്തു മൃഗങ്ങളുടെ എണ്ണമായിരുന്നു സമ്പത്തിന്റെ മാനദണ്ഡം. കൽദയരും ശേബായരും കൊള്ളക്കാരായി നടക്കുന്ന കാലമായിരുന്നു. അവരായിരുന്നു ഈയ്യോബിന്റെ മൃഗങ്ങളെ അപഹരിച്ചുകൊണ്ടുപോയത്. യഹോവ ഈയ്യോബിനു പ്രത്യക്ഷനായി (ഈയ്യോബ് 38:1). അബ്രഹാമിനും യിസഹാക്കിനും യാക്കോബിനും ദൈവം പ്രത്യക്ഷപ്പെട്ടിട്ടുണ്ടല്ലോ?

നോഹയുടെ കാലത്തെ ജല പ്രളയത്തെക്കുറിച്ച് ഈ പുസ്തകത്തിലുണ്ട് (22:11,17;31:33) എന്നാൽ യിസ്രായേലിന്റെ പുറപ്പാടിനെക്കുറിച്ചോ മോശയെക്കുറിച്ചോ ന്യായപ്രമാണത്തെക്കുറിച്ചോ സൂചനകളില്ല. അതുകൊണ്ട് അബ്രഹാമിനും മോശയ്ക്കും ഇടയ്ക്കുള്ള കാലഘട്ടത്തിലെ സംഭവമാണെന്നനുമാനിക്കപ്പെടുന്നു. ഈയ്യോബിനെക്കുറിച്ച് പഴയ നിയമത്തിലെ യെഹസ്ക്കേൽ പ്രവചനത്തിലും (യെഹ. 14:14,20) പുതിയനിയമത്തിലെ യാക്കോബിന്റെ ലേഖനത്തിലും (യാക്കോബ് 5:11) പരാമർശമുള്ളതുകൊണ്ട് ഈയ്യോബ് ഒരു ഉപമയല്ലെന്നു വ്യക്തമാണ്. ഈയ്യോബ് ജീവിച്ചിരുന്ന ഊസ് ദേശത്തെക്കുറിച്ചും പരാമർശമുണ്ട് (യിര 25:15,20).

ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുന്നവർക്കു ആപത്തുകളും അനർത്ഥങ്ങളും സംഭവിക്കുകയും ദൈവം അത്ഭുതവഴികളിലൂടെ വിടുവിക്കാതിരിക്കുകയും ചെയ്യുമ്പോൾ അവരുടെ പരമാർത്ഥതയെ ചിലർ ചോദ്യം ചെയ്തേക്കാം. അതാണു ഈയ്യോബിനു സുഹൃത്തുക്കളിൽ നിന്നുണ്ടായത്.





ദൈവഭക്തി ഭൗതികനേട്ടങ്ങളിലധിഷ്ഠിതമാണെന്നായിരുന്നു സാത്താന്റെ ധാരണ. ആളുകൾ ഭക്തരായിരിക്കുന്നതു ദൈവം അവർക്കു മാന്യമായ കൂലി നൽകുന്നതുകൊണ്ടാണെന്നാണു സാത്താൻ പ്രചരിപ്പിക്കുന്നത്. അതു ദൈവത്തിനപമാനമാണ്. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചവനും ദൈവബോധത്തോടുകൂടെ മനുഷ്യനെ സൃഷ്ടിച്ചവനുമാകയാൽ ഇന്നു ദൈവഭക്തിയ്ക്കു യാതൊരുകൂലിയും കൊടുക്കേണ്ട ആവശ്യമില്ല. ദൈവഭക്തിയുടെ കൂലിയും പ്രതിഫലവും ഇഹലോകത്തിലല്ല പരലോകത്തിലാണ്.

ഈയ്യോബ് ഭക്തനായിരിക്കുന്നതു ധനസമൃദ്ധിയും പുത്രസമ്പത്തും ആരോഗ്യവും മാന്യതയും ഒക്കെ ഉള്ളതുകൊണ്ടാണെന്നു സാത്താൻ ദൈവത്തോടും പറയാനിടയായി. പൊതുവേ മനുഷ്യൻ പ്രശംസിക്കുന്ന ഭൗതിക നന്മകൾ ഇല്ലാതായാലും യഥാർത്ഥ ഭക്തർ ദൈവഭക്തി ഉപേക്ഷിക്കാതെ മുറുകെപിടിക്കുമെന്നുള്ള സത്യം ഭാവി തലമുറകളെ പഠിപ്പിക്കുവാൻ ഈയ്യോബിനെ ഒരു സാധനപാഠമാക്കുവാൻ ദൈവം തീരുമാനിച്ചു.

ഈയ്യോബിന്റെ കാളകളേയും കഴുതകളേയും ശെബായർ പിടിച്ചുകൊണ്ടുപോയി. ദാസന്മാരെ വെട്ടിക്കൊന്നു. ഒട്ടകങ്ങളെ കൽദയർ പിടിച്ചുകൊണ്ടുപോയി. കാട്ടുതീമൂലം ആടുകൾ ചത്തു. കാറ്റടിച്ചു വീടു വീണു 10 മക്കളും മരിച്ചു. ശെബായരും കൽദയരും മൂലവും തീയും കാറ്റും മൂലവുമാണ് നഷ്ടമുണ്ടായതെങ്കിലും “യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ” എന്നാണ് ഈയ്യോബു പറഞ്ഞത്. ഇവയെല്ലാം തന്റെ അദ്ധ്വാനം കൊണ്ടുണ്ടായതാണെന്ന അന്തർഗ്ഗതം ഈയ്യോബിനില്ലായിരുന്നു. പകരം യഹോവ തന്നത് എന്ന ഉൾവിളിയാണുണ്ടായിരുന്നതു. തന്നയാൾക്കു തിരികെ എടുക്കാൻ അവകാശമുണ്ട്. തന്നപ്പോൾ ഉൾത്തള്ളലില്ല; എടുത്തപ്പോൾ ഉൾക്കിടിലവുമില്ല. തന്നതു യഹോവയുടെ ഇഷ്ടം, എടുത്തതും തിരു ഇഷ്ടം. ദൈവ ഇഷ്ടം എന്നിൽ നിറവേറ്റുന്ന ദൈവത്തിനു സ്തോത്രം. ഇതാണു യഥാർത്ഥഭക്തരുടെ മുഖമുദ്ര. കപടഭക്തർക്കു മറിച്ചായിരിക്കും.

ഈയ്യോബിന്റെ സ്ഥാനത്ത് ഒരു കപടഭക്തനായിരുന്നെങ്കിൽ ശെബായർ എടുത്തു, കൽദയർ എടുത്തു, തീ എടുത്തു, കാറ്റ് എടുത്തു എന്നു പറഞ്ഞ് നിലവിളിക്കുമായിരുന്നു. യഹോവയാണു തന്നതെങ്കിൽ യഹോവ അനുവദിക്കാതെ ശെബായർക്കോ കൽദയർക്കോ തീയ്ക്കോ കാറ്റിനോ സാത്താനോ എടുക്കാൻ സാധിക്കയില്ല. യഹോവ അനുവദി

ച്ചിട്ടാണ് ഇവ സംഭവിച്ചിരിക്കുന്നതെന്ന ഉൾക്കാഴ്ച ഈയ്യോബിനുണ്ടായിരുന്നു.

എന്നാൽ ഈയ്യോബിനെ ആശ്വസിപ്പിക്കാനെന്ന ഭാവേന വന്ന സ്നേഹിതന്മാരുടെ ചോദ്യശരങ്ങളാണ് ഈയ്യോബിനെ അസ്വസ്ഥനാക്കിയത്. അവരെ പ്രതിരോധിക്കേണ്ടബാദ്ധ്യതകൂടെ ഏറ്റെടുക്കേണ്ടി വന്നു. പാപത്തിന്റെ ശിക്ഷയാണിതെന്നായിരുന്നു അവരുടെ വാദം.

എന്നാൽ തെല്ലും തളർത്താനവർക്കായില്ല. അവസാനംവരെ ഈയ്യോബ് പിടിച്ചുനിന്നു. അന്നു വരമൊഴിയായ ദൈവവചനം ഇല്ലായിരുന്നെങ്കിലും മനഃസാക്ഷിയിലൂടെ ദൈവം സംസാരിച്ചതിനെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നതിനാലാണ് സ്നേഹിതരോടു സൗമ്യതയോടും ഭക്തിയോടുംകൂടെ പ്രതിവാദിക്കാൻസാധിച്ചത്. ശുദ്ധിയുള്ള പക്ഷിമൃഗാദികളേയും ശുദ്ധിയില്ലാത്ത പക്ഷിമൃഗാദികളേയും നോഹ തിരിച്ചറിഞ്ഞതു മനഃസാക്ഷിയിലൂടെയായിരുന്നല്ലോ? അബ്രഹാം മകന്, ആരാധനയുള്ള ശേംവംശത്തിൽനിന്നു ഭാര്യയെ എടുത്തതും മനസ്സാക്ഷി പ്രമാണം മൂലമാണ്.

തനിക്കു കഷ്ടതനൽകിയത് ദൈവമാണെന്ന ദൃഢനിശ്ചയം ഈയ്യോബിനുണ്ടായിരുന്നു. അക്കാര്യം സ്നേഹിതരോടു പ്രതിവാദിച്ചു ജയിക്കുകയും ചെയ്തു. എന്നാൽ ഈ കഷ്ടതയുടെ ഉദ്ദേശലക്ഷ്യത്തെക്കുറിച്ച് ഈയ്യോബു ജിജ്ഞാസുവായിരുന്നു. ഈയ്യോബിന്റെ ചോദ്യങ്ങൾക്ക് കുറെ മറുചോദ്യങ്ങളായിരുന്നു ദൈവത്തിന്റെ ഉത്തരം. ഈയ്യോബിനജ്ഞാതമായിരുന്നു അവ. ദൈവഭക്തർക്കറിഞ്ഞുകൂടാത്ത എണ്ണമറ്റ കാര്യങ്ങൾ ഭൂമിയിലുണ്ട്. ദൈവഭക്തരുടെ കഷ്ടതയുടെ ഉദ്ദേശലക്ഷ്യവും അതിലൊന്നാണ്. അത് ഇപ്പോൾ വെളിപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അത് ഉദ്ദേശമാക്കി നിർത്തുന്നതാണു ദൈവത്തിനിഷ്ടം. സ്വർഗ്ഗത്തിൽ അവർ ഉല്ലസിച്ചാനന്ദിക്കാൻ അതാവശ്യമാണ് (1 പത്രോസ് 4:13).

കഷ്ടതയനുഭവിക്കുന്ന ഭക്തർക്ക് എല്ലാം പലമടങ്ങായി തിരിച്ചു കിട്ടും. ഈയ്യോബിനു കിട്ടിയതുപോലെ ഇവിടെ വച്ചായിരിക്കില്ല. ഇവിടെയായാലും അവിടെയായാലും തിരിച്ചു കിട്ടാതിരിക്കില്ല.

*"കാലങ്ങൾ കഴിയുമ്പോൾ, നിത്യത പുലരുമ്പോൾ*
*ദൈവം ചെയ്തതൊക്കെയും നന്മയ്ക്കെന്നു തെളിയുമ്പോൾ*
*യുക്തമായ് വ്യക്തമായ് കൃപയിൻ കരുതലറിയും നാം*
*അനാദിനാഥനേശു എൻ ധനം"* (M.E.C.)





## 16

# വീർപ്പുമുട്ടിയ്ക്കുന്ന സഹോദര സ്നേഹം

**സു**വിശേഷകരായ ബാബുവും (ജോസഫ് ആന്റണി) തോമാച്ചനും (തോമസ് മാത്യു) ആശ്വാസവാക്കുകളുമായാണുവന്നത്. അതു പറയേണ്ടിവന്നില്ല. ക്ലാരമ്മയുടെ ധൈര്യവും പ്രാർത്ഥനയും അവരെ അത്ഭുതപ്പെടുത്തി. അവർ കണ്ട ആ പ്രത്യാശയുടെ നേർകാഴ്ചകൾ അവർ ദൈവജനത്തെ അറിയിച്ചു. പിന്നെ ഫോൺവിളികളുടെ പ്രവാഹമായിരുന്നു.

കുടിയാന്മല സഭയ്ക്കു പുറത്തായി വലിയ ബന്ധങ്ങളൊന്നും ക്ലാരമ്മക്കില്ലായിരുന്നു. യൂത്തുക്യാമ്പുകളിൽ പോകുമ്പോൾ അപൂർവ്വം ചിലരെ പരിചയപ്പെട്ടിട്ടുണ്ട്. അവരുമായി കത്തിടപാടുകളോ ഫോൺവിളികളോ ഇല്ലായിരുന്നു. ജോൺ കുര്യനും, ജെയിംസ് വർഗീസ് IASഉം തോമസ് മാത്യു തിരുവല്ലയും ഒക്കെ അവരുടെ സ്നേഹിതരെ ഈ വിഷയം പ്രാർത്ഥനയ്ക്കായി വിളിച്ചു പറഞ്ഞു.

വിശ്വാസികളായ എത്രയോ ഡോക്ടർമാർ, എത്രയോ നേഴ്സുമാർ എത്രയോ വീട്ടമ്മമാർ ഫോണിലൂടെ വിശേഷങ്ങൾ ചോദിച്ചെന്നോ. കാലിയായ പേഴ്സായിരുന്നല്ലോ അവർക്കുണ്ടായിരുന്നത്. സ്വദേശത്തേയും വിദേശത്തേയും ദൈവമക്കൾ അവരുടെ സ്നേഹംകൊണ്ടു വീർപ്പുമുട്ടിച്ച നാളുകളായിരുന്നു അത്.

പുക്കിളിനു താഴേക്കു സ്പർശനശേഷി ഇല്ല. കാലുകൾ നിശ്ചലമാണ്. അതു ശോഷിക്കാൻ തുടങ്ങിയിരിക്കുന്നു. നട്ടെല്ലിന്റെ അടിയിലും മുകളിലും സ്റ്റീൽറാഡുള്ളതുകൊണ്ടു മരണംവരെ വേദനതിന്നേണ്ടി വരുമെന്നാണു ഡോക്ടർമാരുടെ വിധി. ഈ വർഷങ്ങളിലെല്ലാം രാപകൽ അനങ്ങിയാൽ അതിവേദനയുണ്ടെങ്കിലും ആ നസറായൻ രാപകൽ കൂടെയിരുന്ന് അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ആശ്വസിപ്പിക്കുന്നു.

വീഴ്ചയിൽ ഒരു വശത്തെ മൂന്നു വാരിയെല്ലുകൾ ഓടിഞ്ഞിരുന്നതുകൊണ്ട് ആ വശത്തേക്കു തിരിയാനാവില്ല. മറുവശത്തു നേഴ്സുമാർ തിളച്ച വെള്ളമുള്ള വാട്ടർ ബാഗ് മറന്നുവച്ചിട്ടുപോയതിനാൽ അവിടം പൊള്ളി വ്രണമായി. ബോധരഹിതയായിരുന്നതുകൊണ്ടു ക്ലാരമ്മയ്

ക്കതെറിയാൻ കഴിഞ്ഞില്ല അതുകൊണ്ടങ്ങോട്ടും തിരിയാനാവില്ല. മൂന്നര മാസം മുകളിലേക്കു നോക്കി ഒരേകിടപ്പ്. ഇത് ദൈവഹിതത്താലുള്ളതും ദൈവനാമ മഹത്വത്തിനായുള്ളതുമാണെന്നുറപ്പുണ്ടായിരുന്നതുകൊണ്ടു മനസ്സിനൊരു ചാഞ്ചാട്ടവും പകലോ രാത്രിയിലോ ആൾകൂട്ടത്തിലോ ഏകാന്തതയിലോ ഉണ്ടായില്ല.

മെഡിക്കൽ സയൻസിൽ അവർ പഠിച്ചതിനു വിപരീതമായി, കൗൺസിലിംഗ് ആവശ്യമില്ലാത്തതും വേദന നിസ്സാരവൽക്കരിക്കുന്നതുമായ ഒരു രോഗിയെ ഡോക്ടർമാർ ആദ്യം കാണുകയായിരുന്നു. അവർ മാറി മാറി വന്ന് ആത്മീയ വിഷയങ്ങളിലെ സംശയങ്ങൾ ചോദിക്കുമായിരുന്നു. ബൈബിളിന്റെ അടിസ്ഥാനത്തിൽ ക്ലാരമ്മ ഉത്തരങ്ങൾ നൽകി.

അതിവേദനയാണേ, വേദന സംഹാരി തരൂ എന്നു നിലവിളിച്ചിരുന്ന പല രോഗികളെയും ഡോക്ടർമാർ ക്ലാരമ്മയുടെ റൂമിലേക്കു പറഞ്ഞുവിടുമായിരുന്നു. വന്നുകണ്ടവർ കണ്ടവർ അത്ഭുതപ്പെട്ടു. അനേകരോടു സുവിശേഷം പറയാൻ അവസരമുണ്ടായി. അതിൽ രണ്ടുപേർ ഫിസിയോ തെറാപ്പിസ്റ്റുകളായിരുന്നു. അവർ കർത്താവിനെ ഏറ്റുപറഞ്ഞു സ്വീകരിക്കുന്നതു കാണാൻ ഭാഗ്യമുണ്ടായി.

തനിക്കു സൗഖ്യം ഉണ്ടാകുകയോ ഇനി മരണം വരെ എഴുന്നേറ്റു നടക്കാനിടവരികയോ ചെയ്യുകയില്ല എന്ന് ക്ലാരമ്മ എല്ലാവരോടും പറയുമായിരുന്നു. പലരുടെയും സുവിശേഷം രോഗസൗഖ്യവും സാമ്പത്തികാഭിവൃദ്ധിയുമൊക്കെയാണ്. റ്റി.വി. തുറന്നാലതേ കാണാനുള്ളു. ദൈവം തനിക്കു അത്ഭുതരോഗശാന്തി നൽകുകയോ വേദന നിവാരണം വരുത്തുകയോ ചെയ്യുകയില്ലെന്നറിഞ്ഞിട്ടും എന്തുകൊണ്ടാളുകൾ സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടു? മനുഷ്യനിലെ ശരീരമല്ല പ്രധാനപ്പെട്ടത് ആത്മാവാണ്. മനുഷ്യശരീരം ഈ മണ്ണിൽ ലയിക്കേണ്ടതാണ്. സ്വത്തുക്കൾ ഒരിക്കൽ അന്യമാകും, സുഖങ്ങൾ ശാശ്വതമല്ല. എന്നാൽ നിത്യമായ ആത്മാവിനെ നേടിയാൽ നിത്യകാലം സ്വർഗ്ഗത്തിൽ സന്തോഷിക്കാനാകും. യേശു മാത്രമാണ് അത്മരക്ഷയുടെ മാർഗ്ഗമൊരുക്കിയത്.

യേശു മനുഷ്യന്റെ നരകശിക്ഷ മനുഷ്യനു പകരം അനുഭവിച്ചു മരിച്ചിട്ട് ഉയിർത്തു ജീവിക്കുന്നു. യേശുവിനെ രക്ഷകനായി സ്വീകരിച്ചാൽ ആ നിമിഷം തന്നെ ആത്മരക്ഷയുണ്ടാകും. അപ്പോൾ ശരീരത്തിനു പ്രകടമായ ഒരു മാറ്റവും ഉണ്ടാകില്ല. മുമ്പു കറുത്തയാളെങ്കിൽ പിന്നെയും കറുത്തതുതന്നെ. മുമ്പുള്ള നീളവും വണ്ണവും വൈകല്യവും സൗന്ദര്യവും രോഗവും വേദനയും ധനസ്ഥിതിയും അങ്ങനെ തന്നെ തുടരും. ഭൗതിക സ്ഥിതി മെച്ചപ്പെട്ടാൽ സന്തോഷം കൂടുകയോ ഭൗതിക സ്ഥിതി മോശമായാൽ സന്തോഷം കുറയുകയോ ചെയ്യുകയില്ല.





യേശുവിനാൽ രക്ഷിക്കപ്പെട്ടവരുടെ ശരീരത്തിനു മാറ്റം വരുന്നതു ഇവിടെ ഭൂമിയിൽവച്ചല്ല. ഇവിടം സ്വർഗ്ഗമല്ല. യേശുവിന്റെ വീണ്ടും വരവിങ്കലാണു വേദനയും രോഗവും യാതൊരു കുറവും ഇല്ലാത്ത തേജസ്സുള്ള ശരീരം ലഭിക്കുന്നത്. അന്നാണു ശാപഗ്രസ്തമായതിനാൽ പകർച്ചവ്യാധികളും ഭൂകമ്പങ്ങളും അപകടങ്ങളും യുദ്ധങ്ങളും മരണവമുള്ള ഈ ഭൂമിയ്ക്കു ശാപമോക്ഷം കിട്ടി അത് ദൈവരാജ്യമായി മാറു ന്നത്.

യേശുവിന്റെ വീണ്ടുംവരവാണു ലോകമെമ്പാടുമുള്ള തന്റെ ശിഷ്യരുടെ പ്രത്യാശ. അന്നാണ് ശിഷ്യർക്ക് തുല്യാകൃതിയും തുല്യവേഷവും ഭേദമില്ലായ്മയും ഉണ്ടാകുന്നത്. അതുവരെ ആഫ്രിക്കൻ വിശ്വാസികൾ കറുത്തവരും മുടി ചുരുണ്ടവരും ആയിരിക്കും. ചൈനയിലെ വിശ്വാസികൾ മഞ്ഞനിറമുള്ളവരും മൂക്കുപതിഞ്ഞവരും ആയിരിക്കും. യൂറോപ്പുകാർ നീണ്ടു വെളുത്തവരും, എസ്കിമോ വിശ്വാസികൾ പൊക്കം കുറഞ്ഞവരും ആയിരിക്കും. രോഗമുള്ള വിശ്വാസികളും ആരോഗ്യമുള്ള വിശ്വാസികളും കാണും. പണമുള്ള വിശ്വാസികളും ദരിദ്രവിശ്വാസികളും കാണും. പല ഭാഷയും പല സംസ്കാരവും നിലനിൽക്കും. എന്നാൽ കർത്താവു വരുമ്പോൾ ഭാഷ ഒന്നാകും. നിറം ഒന്നാകും. നിലവാരം ഒന്നാകും.

ഇന്നു നാം അധിവസിക്കുന്ന ഏഷ്യാഭൂഖണ്ഡത്തിൽപോലും ക്രിസ്ത്യാനികൾ അതിക്രൂരമായി പീഡിപ്പിക്കപ്പെടുന്നുണ്ട്. സിറിയയിലും ഇറാക്കിലും ലിബിയയിലും ക്രിസ്ത്യാനികളെ കള്ളക്കേസിൽ കുടുക്കുകയും രാജ്യദ്രോഹക്കുറ്റം ചുമത്തുകയും ചെയ്യുന്നതിനാൽ അവർ പ്രതിദിനം പാലായനം ചെയ്തു നാടുവിട്ടുകൊണ്ടിരിക്കുകയാണ്. പലയിടത്തും ക്രിസ്ത്യാനികളെ അടിമകളാക്കി പീഡിപ്പിക്കുന്നുണ്ട്. പുറംലോകം അറിയുന്നതു ചിലതു മാത്രം.

കർത്താവു വരുന്നതുവരെ ലോകത്തെമ്പാടും വിശ്വാസികൾക്കു വൈപരീത്യമുണ്ടായിരിക്കുമെങ്കിലും അവർപരസ്പരം നിറവും കുലവും പണവും പരിഗണിക്കാതെ സ്നേഹിക്കേണ്ടതാണ്. വാക്കിനാലും നാവിനാലുമുള്ള സ്നേഹത്തെയല്ല പ്രവൃത്തിയിലും സത്യത്തിലുമുള്ള സ്നേഹത്തെയാണു ബൈബിൾ പ്രോത്സാഹിപ്പിക്കുന്നത് (1 യോഹ 2:18). ദൈവം ക്രിസ്തുവിലൂടെ തെരഞ്ഞെടുത്ത വിശ്വാസികളിൽ ബഹുഭൂരിപക്ഷവും ദരിദ്രരാണ് (യാക്കോ 2:5). ദൈവസ്നേഹത്തിന്റെ

മാനദണ്ഡം മനസ്സിലാക്കിയ സമ്പന്നരാജ്യങ്ങളിലെ വിശ്വാസികൾ ദരിദ്രരാജ്യങ്ങളിലെ വിശ്വാസികൾക്കുവേണ്ടി കയ്യും മെയ്യും മറന്നു സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

സഭ ഒരു ശരീരവും സഭാംഗങ്ങൾ ശരീരാവയവങ്ങളുമാണ്. ഏതെങ്കിലും ഒരവയവം കഷ്ടമനുഭവിച്ചാൽ ആ കഷ്ടം എല്ലാ അവയവങ്ങളും ഏറ്റെടുക്കണം (1 കൊരി 12:26). സഹോദരി ക്ലാരമ്മയുടെ കഷ്ടാനുഭവത്തിലും അതാണു സംഭവിച്ചത്. മലബാറിൽ സുവിശേഷം എത്തിയിട്ടധികം നാളായിട്ടില്ല. സഭകൾ താരതമ്യേന കുറവ്. വിശ്വാസികൾ അധികവും കൃഷികൊണ്ടു ജീവിക്കുന്നവരാണ്. എന്നാലും ഈ മേഖലയിലുള്ള ധാരാളം സഭകളും കുടുംബങ്ങളും വ്യക്തികളും സഹായഹസ്തങ്ങൾ നീട്ടി. എടുത്തുപറയേണ്ടവർ വളരെയാണ്.

ബ്രദർ കെ.യു. തോമസ് കുറുമറ്റത്തിൽ എൽഡറായിട്ടുള്ള മീൻതുള്ളിസഭ ആദ്യഘട്ടത്തിൽത്തന്നെ ഓടിയെത്തി. മലബാറിലെ മാതൃകയുള്ള സഭകളിലൊന്നാണു മീൻതുള്ളി. ഇക്കാലത്തു വിശ്വാസികൾക്കു സെമിത്തേരി ഒരു പ്രശ്നമാണ്. എന്നാൽ മീൻതുള്ളി സഭ തങ്ങൾക്കുള്ള സെമിത്തേരിയ്ക്ക് അധികമുള്ള ഭാഗം വിൽക്കുകയും പരസ്യം ചെയ്ത് സഭകളെ അറിയിക്കുകയും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഏറ്റവും അത്യാവശ്യമെന്നു തോന്നിയ 17 സഭകൾക്ക് സെമിത്തേരി ആവശ്യങ്ങൾക്കായി പണം നൽകുകയും ചെയ്തു. സ്ഥലം സഭകൾക്കു പ്രായോഗികമായി ചിന്തിക്കാൻ കഴിയുന്ന നേതൃത്വമുണ്ടെങ്കിൽ ഇതുപോലെ പ്രയോജനകരമായ കാര്യങ്ങൾ ചെയ്യാനാകും.

രോഗികളെയും അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതാണു ഭക്തി. ചില വ്യക്തികളും സഭകളും സഹായാഭ്യർത്ഥന ലഭിച്ചാൽ മുൻധാരണയനുസരിച്ചു നിശ്ചിതതുക സഹായിക്കും. അതുപോര. അറിയിക്കാതെ അറിഞ്ഞു സഹായിക്കണം. അതിന്റെ സന്തോഷവും സ്വാദും സ്വാധീനവും ഒന്നു വേറെയാണ്. കിണർമുക്കുസഭയും അറിഞ്ഞുസഹായിക്കുന്ന സഭയാണ്. വന്നുകാണാൻ സാധിക്കാത്ത പലരും പ്രാർത്ഥിക്കുന്നുണ്ടെന്നറിയാം. ശരീരംകൊണ്ടു ദൂരസ്ഥരെങ്കിലും ആത്മാവുകൊണ്ട് സമീപസ്ഥർ.

"ഏക പിതാവിന്റെ മക്കൾ നാം
യേശുവിൽ ഏകാവകാശികൾ നാം
ഏകാത്മസ്നാനത്താൽ
ഏക ശരീരത്തിൻ അംഗങ്ങളായവർ നാം
ഹ..ഹ.. എത്ര ശുഭം എത്ര മോഹനം
സോദരരൊത്തു വസിപ്പതോർത്താൽ" (MEC.)





# 17

# മഹാപ്രതിഫലം ഇവിടെയല്ല – അവിടെയാണ്

**യേ**ശുവിനെ കൈക്കൊണ്ടു സ്നാനപ്പെട്ട് യേശുവിന്റെ ശുശ്രൂഷ ചെയ്യുന്നതിനു കൂലി വേണം എന്നു ചിന്തിക്കുന്ന വിശ്വാസികൾ ഉണ്ട്. ആ കൂലി ഇവിടെ വച്ചുതന്നെ കിട്ടണം എന്നും അവർ ആഗ്രഹിക്കുന്നു. കൂലി പണമായി മാത്രം പോരാ; ആരോഗ്യം, രോഗസൗഖ്യം, ജിവിത പങ്കാളി, മക്കൾ, ആധുനിക ജീവിത സൗകര്യങ്ങൾ, സമൂഹത്തിലെ സ്ഥാനം, മാനം, പ്രശസ്തി തുടങ്ങിയവ കൂടെവേണം പോലും! അവർ ഇതെല്ലാം ആഗ്രഹിക്കുന്നതും ഇതിനായി വേണ്ടിവന്നാൽ ഉപവസിച്ചു പ്രാർത്ഥിക്കുന്നതും ദൈവനാമമഹത്വം കൂടെ ലക്ഷ്യം വച്ചാണെന്നാണു പറയുന്നത്.

രോഗിയായിരുന്നാലല്ല ആരോഗ്യമുണ്ടായാലാണ്, ദരിദ്രനായിരുന്നാലല്ല ധനവാനായാലാണ്, വാടകയ്ക്കു താമസിച്ചാലല്ല സ്വന്തം വീട്ടിൽ താമസിച്ചാലാണ്, തൊഴിൽ രഹിതനായാലല്ല ജോലിക്കാരനായാലാണു ദൈവനാമം മഹത്വപ്പെടുന്നതെന്നാണവർ പഠിച്ചുവച്ചിരിക്കുന്നത്. കഷ്ടങ്ങളും രോഗങ്ങളും മാറി നന്മകൾ ഒന്നൊന്നായി ഉണ്ടാകുന്നതു കാണുമ്പോഴല്ലെ മറ്റുള്ളവർ ദൈവത്തിങ്കലേക്കു ആകർഷിക്കപ്പെടുന്നതും അതുവഴി ദൈവനാമം മഹത്വപ്പെടുന്നതും എന്നാണവർ ചോദിക്കുന്നത്.

എന്നാൽ ആരോഗ്യമുള്ളവരെ മാത്രമല്ല രോഗികളെയും ദൈവത്തിനുപയോഗപ്പെടുത്താൻ കഴിയുമെന്നുള്ളതിനു പൗലോസും തീമോഥെയോസും തെളിവുകളാണ്. ആരോഗ്യമുള്ളവർ ചെയ്യുന്ന ശുശ്രൂഷകളായിരിക്കയില്ല മറ്റു ചില ശുശ്രൂഷകൾ ചെയ്തുകൊണ്ടു രോഗക്കിടക്കയിൽ കിടക്കുന്നവർക്കും ദൈവനാമത്തെ മഹത്വപ്പെടുത്താം. നന്മയ്ക്കുപകരം കഷ്ടനഷ്ടങ്ങൾ അടിക്കടിയുണ്ടായാലും അതിനെ മറ്റുള്ളവരുടെ ആത്മീയനന്മയ്ക്കാക്കി മാറ്റാൻ കർത്താവിനു കഴിയും.

ദാനിയേലിന്റെ പുസ്തകത്തിലെ ശദ്രക്ക്, മേശക്ക്, അബേദ് നഗോ എന്നീ യുവാക്കൾ എന്താണു പറഞ്ഞത്? രാജാവിനു ഞങ്ങളെ

തീയിലിടാൻ വിധിക്കാൻ കഴിയും. തീയിലിടേണ്ട എന്നു വിധിക്കാനും കഴിയും. രണ്ടും ദൈവം അനുവദിച്ചിട്ടാണ്. രാജാവ് ഞങ്ങളെ തീയിലിടാൻ വിധിക്കുന്നുവെന്നിരിക്കട്ടെ ഞങ്ങൾ ദൈവത്തെ തള്ളിപ്പറഞ്ഞ് ബിംബത്തെ നമസ്ക്കരിക്കില്ല. ഇതു കേട്ട രാജാവ് അവരെ തീയിലിടാൻ വിധിച്ചു. അവർ തീയിൽ വീണു. തീയിലൂടെ കർത്താവു രക്ഷിച്ചതു മറ്റൊരു കാര്യം. ദൈവഭക്തി മുറുകെ പിടിക്കുന്നവർക്കു ഭൂമിയിൽ നന്മ മാത്രമല്ല തിന്മ ഉണ്ടാകാനും സാദ്ധ്യതയുണ്ടെന്നാണവർ വിശ്വസിച്ചത്.

നിർഭാഗ്യവശാൽ ഇക്കാലത്തു ചില സഭാവിഭാഗങ്ങൾ പ്രസംഗിക്കുന്നതു ദൈവം വിശ്വാസികൾക്കു കഷ്ടങ്ങളോ നഷ്ടങ്ങളോ രോഗങ്ങളോ വേദനകളോ പരാജയങ്ങളോ കടങ്ങളോ ദാരിദ്ര്യമോ അനുവദിക്കയില്ലെന്നാണ്. സുഖവും സമൃദ്ധിയും മാത്രം ദൈവമക്കളുടെ അവകാശമാണുപോലും! കഷ്ടനഷ്ടങ്ങൾ വരുത്തുന്നതു സാത്താനാണെന്നാണ്. അവ സംഭവിക്കുന്നതു പാപംകൊണ്ടും ഭക്തിക്കുറവുകൊണ്ടുമാണെന്നും. വിശ്വാസത്തോടെ സാത്താനെ ശാസിച്ചാൽ എല്ലാം ശരിയാകും എന്നു ചിലർ പറയുന്നു.

ഭൂതങ്ങളുടെ മേലും രോഗങ്ങളുടെ മേലും അധികാരമുള്ള ചിലർ ഒന്നു തൊട്ടാൽ മതി ഏതുരോഗിയും പൂർവ്വസ്ഥിതിയിലാകുമെന്നാണു മറ്റു ചിലരുടെ അവകാശവാദം. അവർ തൊട്ടിട്ടു ശരിയായില്ലെങ്കിൽ പറയും രോഗിക്കു വിശ്വാസമില്ല. യേശു ഭൂതഗ്രസ്തനു സൗഖ്യം നൽകിയതും മരിച്ചവരെ ഉയിർപ്പിച്ചതും അവരുടെ വിശ്വാസം ചോദിച്ചിട്ടായിരുന്നില്ല. വരമുള്ളവരുണ്ടെങ്കിൽകൽ പിച്ചാലോ കൈവച്ചാലോ മതി. പക്ഷെ ഇല്ല. ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ടെന്നാണേശു പറഞ്ഞത്. കഷ്ടവും നഷ്ടവും രോഗവും വേദനയും കടവും ദാരിദ്ര്യവും തൊട്ടുമാറ്റാൻ ഇന്നു ദൈവം ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഊതിയും ഉന്തിയും വീഴ്ത്തുന്നവരുണ്ട്. എന്നാൽ എഴുന്നേല്പിക്കുന്നവരില്ല.

എബ്രായ ലേഖനത്തിലെ ചില വിശ്വാസവീരന്മാർക്കു ദൈവം അനുവദിച്ചതെന്തായിരുന്നുവെന്ന് 11-ാം അദ്ധ്യായം 35 മുതലുള്ള വാക്യങ്ങളിലുണ്ട്. അവർ ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു. പരിഹസം, ചമ്മട്ടി, ചങ്ങല, തടവ് ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറ് ഏറ്റു, ഈർച്ച വാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ





കൊല്ലപ്പെട്ടു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു. കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു നടന്നു.

മേൽപ്പറഞ്ഞവരുടെ ശരീരത്തേയോ ജീവനേയോ ദൈവം അത്ഭുത വഴികളിലൂടെ രക്ഷിച്ചില്ല. കഷ്ടങ്ങൾ സഹിച്ചുകൊണ്ട് തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേൽപ്പിച്ച അവർ (1 പത്രോസ് 4:19) കർത്താവിനു മഹത്വമായി മാറുകയായിരുന്നു. സ്തെഫാനോസിനെ അത്ഭുത വഴിയിലൂടെ ദൈവം വിടുവിച്ചില്ല. ആ മരണത്തിലൂടെ ദൈവത്തിനു മഹത്വമല്ലേ ഉണ്ടായത്?

ആരാധനയിലൂടെ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു (വെളി 4:11). സുവിശേഷീകരണത്തിലൂടെയും ദൈവനാമത്തെ മഹത്വപ്പെടുത്തുകയാണ് (1ദിന 16:24). സഭാശുശ്രൂഷകളെല്ലാം ദൈവ നാമമഹത്വത്തിനുള്ളതാണ് (1 പത്രോ 4:19). വിശ്വാസികളുടെ പരസ്പര സ്നേഹം ദൈവനാമത്തെ മഹത്വപ്പെടുത്തും (റോമർ 15:7). ദൈവ വാഗ്ദത്തങ്ങളെ വിശ്വസിക്കുന്നതിന്റെ അന്ത്യം ദൈവനാമമഹത്വമാണ് (റോമർ 4:20). ശരീരംകൊണ്ടും ഭക്ഷണപാനീയങ്ങൾകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്താം (1 കൊരി 6:20, 10:31). കഷ്ടാനുഭവങ്ങൾ കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തണം (1 പത്രോ 4:18). അവസാനം മരണംകൊണ്ടും കർത്താവിനെ മഹത്വപ്പെടുത്താം (യോഹ21:19).

സ്വത്തും മക്കളും ആരോഗ്യവും നഷ്ടപ്പെട്ടപ്പോഴാണ് ഈയ്യോബ് യഹോവയുടെ നാമം അതിലൂടെയെല്ലാം മഹത്വപ്പെടട്ടെ എന്നു പറഞ്ഞത് (ഈയ്യോ 1:21). ദൈവത്തിന്റെ രക്ഷ അനുകൂല സാഹചര്യങ്ങളിൽ മാത്രം ഫലസിദ്ധിയുള്ളതല്ല. ഏതു പ്രതികൂലങ്ങളിലും രക്ഷയുടെ സന്തോഷം നിലനിർത്താനാകും. അതാണു പിശാചിനെ ലജ്ജിപ്പിക്കുന്നതും ദൈവത്തിനു മഹത്വമാകുന്നതും.

പത്രോസിനേക്കുറിച്ചാണു കർത്താവു പ്രവചിച്ചത്: അവൻ മരണംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് (യോഹ 21:19). രക്തസാക്ഷിത്വം വഹിക്കേണ്ടിവരുമ്പോൾ കർത്താവിനെ തള്ളിപ്പറയാനിടയായാൽ കർത്താവിനപമാനമാണ്. എന്നാൽ സമചിത്തതയോടും ധീരതയോടും കൂടെ കഴുത്തു നീട്ടിക്കൊടുക്കുന്നതാണ് മരണം കൊണ്ടു കർത്താവിനെ മഹത്വപ്പെടുത്തുന്നത്.

ജീവൻകൊണ്ടു മാത്രമല്ല മരണംകൊണ്ടും നമുക്കു കർത്താവിനു മഹത്വം നൽകാം. ഓടിനടന്നുള്ള ശുശ്രൂഷകൊണ്ടു മാത്രമല്ല കിടന്ന കിടപ്പിലുള്ള പ്രാർത്ഥനകൊണ്ടും കർത്താവിനെ മഹത്വപ്പെടുത്താം. കർത്താവിന്റെ സ്നേഹത്തെ സംശയിക്കാതിരുന്നാൽ മതി. ആരോഗ്യം കൊണ്ടെന്ന പോലെ രോഗംകൊണ്ടും കർത്താവിനെ മഹത്വപ്പെടുത്താം. ദൈവം അനുവദിക്കുന്ന അവസ്ഥകളെ എങ്ങനെ നോക്കിക്കാണുന്നു എന്നുള്ളതാണു പ്രധാനം. ഹൃദയ ദൃഷ്ടിയാണു വേണ്ടത്.

മരുഭൂമിയിൽ യിസ്രയേലിനു വെള്ളവും ഭക്ഷണവും ഇല്ലാതെ വന്നപ്പോളവർ പിറുപിറുത്തു. ദൈവത്തെ മഹത്വപ്പെടുത്തിയില്ല. എന്നാൽ ദാവീദ് മരുഭൂമിവാസം ചെയ്യേണ്ടിവന്നപ്പോളതു സന്തോഷത്തോടെ ഏറ്റെടുത്ത് കർത്താവിനെ മഹത്വപ്പെടുത്തി. എത്രയോ സങ്കീർത്തനങ്ങൾ ആ മരുഭൂമി വാസത്തിലുണ്ടായതാണ്?

ദൈവം തന്റെ ഭക്തർക്കു കഷ്ടങ്ങൾ അനുവദിക്കും. കഷ്ടങ്ങളിലൂടെയും മരണത്തിലൂടെയു കർത്താവിനെ മഹത്വപ്പെടുത്തുന്നതിന്റെ മഹാപ്രതിഫലം ഇവിടെയല്ല അവിടെയാണ്.

മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ട യേശു നമുക്കു മാതൃകയാണ്. സ്നാനാനന്തരം 40 ദിവസം ഭക്ഷണം കഴിക്കാതെ ഏകനായി യേശു മരുഭൂമിയിലായിരുന്നു. 40 ദിവസം കഴിഞ്ഞപ്പോൾ വിശന്നു. 40 ദിവസം മോശെ സീനായ് മലയിൽ ഭക്ഷണം കഴിക്കാതിരുന്നിട്ടുണ്ട്. ഏലിയാവും 40 ദിവസം ഭക്ഷണം കഴിക്കാതിരുന്നിട്ടുണ്ട്.

40-ാം ദിവസം വിശന്നപ്പോൾ യേശു ചിന്തിച്ചത് ദൈവം ഭക്ഷണം നൽകാൻ പോകുന്നു എന്നായിരിക്കാം. വിശന്നാലല്ലെ കഴിക്കാൻ സാധിക്കുന്നത്? വിശപ്പും ദൈവമല്ലെ തരുന്നത്? പിശാചു പരീക്ഷിക്കാൻ വന്നെങ്കിലും യേശു വചനം പറഞ്ഞവനെ തോല്പിച്ചു. താമസിയാതെ ദൂതന്മാർ യേശുവിനു ഭക്ഷണം നൽകി. നമ്മെ തോല്പിക്കാനല്ല ജയിപ്പിക്കാനാണു കർത്താവു പരീക്ഷനൽകുന്നത്.

*"ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽതന്നാൽ*
*സന്തോഷത്തോടതുവാങ്ങി ഹല്ലേലുയ്യ പാടിടും ഞാൻ*
*ദോഷമായിട്ടെന്നോടൊന്നും എന്റെ താതൻ ചെയ്കയില്ല*
*എന്നെയവനടിച്ചാലും അവനെന്നെ സ്നേഹിക്കുന്നു."*





## 18

## കൊച്ചുകാര്യങ്ങൾക്കും കർത്താവ്

**മം**ഗലാപുരം കർണ്ണാടക സംസ്ഥാനത്തിലാണ്. അവിടുത്തെ ഭാഷകൾ: കന്നട, തുളു, കൊങ്ങിണി എന്നിവയാണ്. പക്ഷെ ഈ കുടുംബത്തെ സ്നേഹിക്കുവാനും കരുതുവാനും അവിടെ ദൈവം തന്റെ മക്കളെ ഒരുക്കിയിരുന്നു. ഏലിയാവ് ആദ്യം കെരീത്തു തോട്ടിലെ വെള്ളം കുടിക്കുകയും അവിടെ കാക്കകൾ (Ravens) രാവിലെയും വൈകുന്നേരവും കൊണ്ടുവരുന്ന ഭക്ഷണം 6 മാസത്തോളം കഴിക്കുകയും വേണമായിരുന്നു (1 രാജ 18:1). പിന്നീട് അയൽ രാജ്യത്തുള്ള ഒരു വീട്ടിലെ വിധവനൽകുന്ന ഭക്ഷണം കൊണ്ടു 3 വർഷം കഴിയണം. ആ വിധവയെ ദൈവം ഒരുക്കിയിരുന്നതാണ്. ഏലിയാവിനു യാതൊരു മുൻപരിചയവും ഇല്ലായിരുന്നു.

സുവിശേഷകൻ ജോസ് മാത്യുവും ഭാര്യ ഷേർലിയും സ്വന്തം കുടുംബാംഗങ്ങളെപ്പോലെ കണക്കാക്കി, ഒരു ബുദ്ധിമുട്ടും ഉണ്ടാകാതെ എല്ലാ സഹായങ്ങളും ചെയ്തുകൊണ്ടിരുന്നു. അവർ ഉൾപ്പെട്ടു നിൽക്കുന്ന മംഗലാപുരം ടൗൺ സഭാംഗങ്ങളും സ്ഥിരം സന്ദർശകരായിരുന്നു. അവരുടെ സന്ദർശനവും പ്രാർത്ഥനയും നൽകിയ ആശ്വാസം അവാച്യമാണ്.

ആദ്യ ആഴ്ചയിൽ വിശപ്പില്ലായ്മയും സകലവിധ ഭക്ഷണത്തോടും വെറുപ്പും ഉണ്ടാകുക സ്വാഭാവികമാണല്ലോ? അത്ര മേജറായ സർജറിയായിരുന്നുവല്ലോ? വളരെയധികം മരുന്നുകൾ കഴിക്കുന്നതിനാൽ വിശപ്പില്ലെങ്കിലും ഭക്ഷണം കഴിക്കണമെന്നു ഡോക്ടർമാരും നേഴ്സുമാരും നിർബന്ധിച്ചു. പക്ഷെ മംഗലാപുരത്തെ ഹോട്ടൽ ഭക്ഷണം മനം പുരട്ടലുണ്ടാക്കുന്നതായിരുന്നു.

ഒരുദിവസം മകനോടുപറഞ്ഞു, ഓംലെറ്റുകിട്ടിയാൽ കഴിക്കാമെന്നു തോന്നുന്നുണ്ട്. അവനതു വാങ്ങാൻ പുറത്തുപോയെങ്കിലും കിട്ടിയില്ല. ആ സമയത്തു മംഗലാപുരത്തെ ഇടിക്കുള എന്ന വിശ്വാസി കാണാൻ

വന്നു. അദ്ദേഹം ഒരുപൊതികൊണ്ടുവന്നിട്ടുണ്ടായിരുന്നു. ചൂട് ഓംലെറ്റ്. ദൈവത്തെ എങ്ങനെ സ്തുതിക്കാതിരിക്കാൻ കഴിയും? തന്റെ ഭാര്യ കൊടുത്തുവിട്ടതാണ്. സാധാരണ ആശുപത്രിയിൽ സർജറി കഴിഞ്ഞു കിടക്കുന്ന രോഗിക്ക് ആരെങ്കിലും ഓംലെറ്റു കൊടുത്തുവിടുമോ? ആരാണാസഹോദരിയെ അതിനു പ്രേരിപ്പിച്ചത്? ഹൃദയത്തിലെ ആഗ്രഹങ്ങളെ നൽകുന്ന ദൈവം (സങ്കീ 20:4).

മകൻ ഓംലെറ്റു കിട്ടാതെ ഭഗ്നാശനായി മടങ്ങിവന്നപ്പോൾ ആവി പറക്കുന്ന ഓംലെറ്റ് ആർത്തിയോടെ തിന്നുന്ന മമ്മിയേയാണു കണ്ടത്. നമ്മുടെ കൊച്ചുകൊച്ചു കാര്യങ്ങളിൽപോലും താല്പര്യത്തോടെ ഇടപെടാൻ മനസ്സുള്ള കർത്താവു കൂടെയുള്ളപ്പോൾ എന്തിനു അനർത്ഥങ്ങളെക്കുറിച്ചു പരാതിപ്പെടണം? നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യം എന്നു കർത്താവു പണ്ടേ പറഞ്ഞിട്ടില്ലേ? (സങ്കീ. 34:19).

ആഴ്ചകൾ ചിലതു കഴിഞ്ഞപ്പോൾ കപ്പ ബിരിയാണി കഴിച്ചാൽ കൊള്ളാമെന്നൊരു മോഹം. മലയാളികളുടെ പട്ടിണി മാറ്റാൻ മഹാരാജാവ് മലയായിൽനിന്നു കൊണ്ടുവന്നു പ്രചരിപ്പിച്ചതാണു കപ്പകൃഷി. മരച്ചീനി എന്നും കൊള്ളി എന്നും പേരുകളുണ്ട്. പണ്ടു പണക്കാർക്കിതിനോടു പുച്ഛമായിരുന്നെങ്കിലും ഇപ്പോൾ 5 സ്റ്റാർ ഹോട്ടലിൽ ഡിഷാണെന്നു കേട്ടു. മലബാറിലെ ചേട്ടന്മാരുടെ (മലബാറിൽ ക്രിസ്ത്യാനികൾ ചേട്ടന്മാരും മുസ്ലീങ്ങൾ മാപ്പിളമാരുമാണ്) കല്യാണത്തലേന്ന് പോത്തിനെകൊല്ലും. അന്നു രാത്രി അതിന്റെ എല്ലും കപ്പയും ചേർത്തു കപ്പബിരിയാണിയുണ്ടാക്കും. അത് അയൽക്കാർക്കും അടുത്ത ബന്ധുക്കൾക്കും ഉള്ള സ്പെഷ്യൽ വിഭവമാണ്. കപ്പ വട്ടം കണ്ടിച്ചു പുഴുങ്ങുന്നതിനു ചെണ്ട മുറിയൻ എന്നുപറയും. കാന്താരിമുളകു ചമ്മന്തിയാണു പറ്റിയ ടച്ചിംങ്സ്. ഉണക്കമീനും കൊള്ളാം.

മംഗലാപുരം ടൗണിൽ കപ്പബിരിയാണി വിൽക്കുന്ന കടകളില്ല. കേട്ടിട്ടുപോലുമുണ്ടാകില്ല. പച്ചക്കപ്പയും പോത്തിറച്ചിയും ലഭ്യമല്ല. കിട്ടിയാൽത്തന്നെ ആരു പാകപ്പെടുത്തും? അങ്ങനെ ചിന്തിച്ചിരിക്കുമ്പോൾ നാട്ടിൽനിന്നും ഒരു ബന്ധു പയ്യൻ വന്നു, പാപ്പച്ചൻ. അവന്റെ കൈയ്യിൽ കറന്റിൽ പ്രവർത്തിപ്പിക്കുന്ന ഒരു പാത്രം, കുറെ പച്ചക്കപ്പ, ഒരു പൊതി ഇറച്ചി, പിന്നെ മുളക്, ഉള്ളി ഒക്കെ ഉണ്ടായിരുന്നു. വന്നവഴി ഇറച്ചിയും കപ്പയും കണ്ടപ്പോൾ ഒരു രസത്തിനു വാങ്ങിയതാണ്. അവൻ കപ്പബിരിയാണി ഉണ്ടാക്കി. രണ്ടുദിവസം കഴിക്കാനുള്ളതുണ്ടായിരുന്നു.





ക്ലാരമ്മ കപ്പബിരിയാണിക്കുവേണ്ടി പ്രാർത്ഥിച്ചില്ല. ചെറിയൊരാഗ്രഹം തോന്നിയെന്നുമാത്രം. മനുഷ്യന്റെ ആന്തരഇന്ദ്രിയങ്ങളെ നിർമ്മിച്ച ദൈവത്തിനു തന്റെ മക്കളുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ വായിച്ചറിയാനും അവയെ സഫലമാക്കാനും കഴിയും.

കുടിയാന്മലയിലെ സഹോദരീ സഹോദരന്മാർ ഇടയ്ക്കിടെ വന്നു കാണുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനിടെ തിരുവല്ലയിലെ ഡോക്ടർമാരും ഡയറക്ടർമാരുമായി സഹോദരന്മാർ ബന്ധപ്പെട്ടു. അങ്ങോട്ടു കൊണ്ടുചെല്ലുന്നതവർക്കു സന്തോഷമായിരുന്നു. മക്കളായ ജിഷയും ജോമോളും അവിടെ പഠിക്കുന്നുണ്ടായിരുന്നല്ലോ?

ആംബുലൻസിൽ കിടത്തി തിരുവല്ലയ്ക്ക് കൊണ്ടു പോകുന്നതറിഞ്ഞു നാട്ടുകാരും ബന്ധുക്കളും സഹോദരീസഹോദരന്മാരും തളിപ്പറമ്പിൽ കാത്തുനിന്നിരുന്നു. ട്രാഫിക്കു ബ്ലോക്കാകാതിരിക്കുവാൻ അവിടെയുള്ള സുവിശേഷകൻ കെ.എം. ജോണിന്റെ വീട്ടിലേക്കുള്ള വഴിയിൽ ആംബുലൻസ് ഒതുക്കിയിട്ടു. തളിപ്പറമ്പിനോടൊരു ഗതകാല സുഖസ്മരണ ക്ലാരമ്മയ്ക്കുണ്ട്. അവിടെയല്ലെ ആശുപത്രികളിൽ ട്രാക്ടുകളുമായി ഒരു പൂമ്പാറ്റയെപ്പോലെ പറന്നു നടന്നിരുന്നത്?

വലിയ ജനാവലിയായിരുന്നു. എല്ലാവരുടെയും മുഖത്തു കരുവാളിപ്പ്. ക്ലാരമ്മയ്ക്കു മാത്രം മായാത്ത പുഞ്ചിരി. പലരും വിങ്ങി വിങ്ങി കരയുന്നുണ്ടായിരുന്നു. ആശ്വസിപ്പിക്കാൻ വന്നവരെ ക്ലാരമ്മ ആശ്വസിപ്പിച്ചുതിരിച്ചയച്ചു. ഇത്രയേറെപ്പേർ തന്നെ സ്നേഹിക്കുന്നുണ്ടല്ലോ എന്നോർത്തു സന്തോഷിച്ച ഒരു സമയമായിരുന്നു അത്.

“ദുഃഖങ്ങളിൽ ആശ്വാസങ്ങൾ
ആരോഗ്യം രോഗത്തിൽ
ആത്മാവിൽ ദിവ്യോല്ലാസങ്ങൾ
ഉണ്ടുയഹോവയിൽ.
യഹോവ എത്ര നല്ലവൻ...
തൻ ആശ്രിതർക്കെല്ലാം
മാറാത്ത മഹാവിശ്വസ്തൻ
താൻ നിത്യ പാറയാം” .
(Alas! and did my saviour)

19

# മെഡിക്കൽ മിഷൻ സ്വന്തം വീട്

**തി**രുവല്ലാ മെഡിക്കൽമിഷനിൽ വിശാലമായ ഒരുമുറി ഒരുക്കപ്പെട്ടിട്ടുണ്ടായിരുന്നു. അവിടെ ലഭിച്ച ചികിത്സകളേക്കുറിച്ചും പരിചരണങ്ങളെക്കുറിച്ചും പറയാൻ വാക്കുകൾ ഇല്ല. തൃശൂർ നെല്ലിക്കുന്നിലെ എം.പി. ഗോഡ്‌ലി സഹോദരന്റെ മകൻ ഡോ. റോളണ്ട് അന്നവിടെയുണ്ടായിരുന്നു. അദ്ദേഹവും കുടുംബവും ഞങ്ങളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മൈക്കിലൂടെ എല്ലാ ദിവസവുമുള്ള ദൈവവചന ശുശ്രൂഷയായിരുന്നു ഏറ്റവും ആശ്വാസകരം.

ഇടതടവില്ലാതെ വിശ്വാസികൾ ആ മുറിയിലേക്കെന്നുപറഞ്ഞു വന്നുകൊണ്ടിരുന്നു. കൗണ്ടറിലിരുന്നയാൾ ചോദിച്ചത് ആ മുറിയിൽ ഏതോ V.I.P. ആണല്ലേ എന്നായിരുന്നു. അതേ, കർത്താവിനുള്ളവർ കുഗ്രാമത്തിലോ മലമുകളിലോ ഉള്ള പാവങ്ങളാണെങ്കിലും കർത്താവിനവർ V.I.P.കളാണ്.

രണ്ടര മാസമാണു തിരുവല്ല റ്റി.എം.എം.ൽ കഴിഞ്ഞത്. തിരുവല്ലായിലെ ചാപ്പൽ സഭ, ടൗൺ സഭ, ചുമത്ര സഭ, കിഴക്കൻ മുത്തൂർ സഭ, കവിയൂർസഭ, മഞ്ഞാടിസഭ, മഴുക്കീർസഭ തുടങ്ങി സമീപത്തുള്ള സഭകളിലെ സഹോദരീ സഹോദരന്മാർ മിക്കദിവസങ്ങളിലും വന്നു കണ്ടു പ്രാർത്ഥിക്കുമായിരുന്നു. എളിയവരെ ആദരിക്കുന്ന ദൈവസ്നേഹത്തിന്റെ പ്രായോഗികത തിരുവല്ലായിൽ വച്ചാണവർ കരൾ നിറയെ കൺകുളിർക്കെ കണ്ടത്. ഒരു മുൻപരിചയവുമില്ലാത്ത ഒരാളെ ഇങ്ങനെ സ്നേഹിക്കാൻ ഇവർക്കെങ്ങനെ കഴിയുന്നു എന്ന് അത്ഭുതം കൂറിയിട്ടുണ്ട്.

തിരുവല്ലയിൽ വന്നിട്ടും വിശപ്പില്ലായ്മ അലട്ടിക്കൊണ്ടിരുന്നു. ഒരു ദിവസം മോളോടുപറഞ്ഞു തേങ്ങയും മുളകും ഉള്ളിയും ചുട്ട് ഇഞ്ചിയും പുളിയും കറിവേപ്പിലയും ഉപ്പും ചേർത്ത് ഇടിച്ചു ചമന്തിയുണ്ടാക്കിയാൽ അല്പം കഞ്ഞികുടിയ്ക്കാം. പക്ഷേ, എങ്ങനെ അത് ഉണ്ടാക്കും? കാന്റീനിൽ വിറകടുപ്പില്ല. വിറകടുപ്പുള്ള വല്ലവീടും തിരുവല്ലാ ഭാഗത്തു





ണ്ടാകുമോ? എന്തായാലും നിസ്സാരമെന്നു തോന്നാമെങ്കിലും അത്ര എളുപ്പമുള്ള കാര്യം ആയിരുന്നില്ല. എന്നാലതു സംഭവിച്ചു. അധികം വൈകാതെ ഒരു സഹോദരി കാണാൻ വന്നു. കവിയിൽ അന്ന ക്കുട്ടി. ഒരു പാത്രം ചൂടുകഞ്ഞി കൊണ്ടുവന്നിരുന്നു. കറിപ്പൊതിയിൽ ചമ്മന്തിയായിരുന്നു. ക്ലാരമ്മ കൊതിച്ചതുപോലെയുള്ള ചമ്മന്തി. നന്ദിയുടെയും സന്തോഷത്തിന്റെയും ഉപ്പുരസമുള്ള കണ്ണീർ കൂടെ ചാലിച്ചായിരുന്നു തിരുവല്ലായിൽ ആദ്യമായി കഞ്ഞി കുടിച്ചത്. ഇന്നും അതോർക്കുമ്പോൾ കണ്ണു നനയും. അന്നക്കുട്ടി സഹോദരി ഇപ്പോൾ കാസർകോഡു പടുപ്പിൽ ഉണ്ട്.

പിന്നീടൊരിക്കൽ വത്സൻ കഴിച്ചാൽ കൊള്ളാമെന്നു തോന്നി. നാട്ടിൻ പുറത്തുകാരുടെ പലഹാരങ്ങൾ വത്സനും (ഇല അട) കൊഴുക്കട്ടയും കുമ്പിളും ഒക്കെയാണ്. അതിഥികൾ വരുമ്പോൾ കാപ്പിസൽക്കാരത്തിനവയാണുണ്ടാക്കുന്നത്.

അരിപ്പൊടി കുഴച്ചു ഇലയിൽ പരത്തി തേങ്ങയും ശർക്കരയും ജീരകവും ഏലയ്ക്കായും പൊടിച്ചിട്ട് അപ്പച്ചെമ്പിൽ പുഴുങ്ങിയോ വറചട്ടിയിൽ ചുട്ടോ ഇലയടയുണ്ടാക്കാം. അതിന്റെ മണവും രുചിയും യാതൊരു ഇംഗ്ലീഷ് പലഹാരത്തിനുമില്ല.

കാന്റീനിൽ ഇലയട ഉണ്ടോ എന്നന്വേഷിച്ചു. ആശുപത്രി വാതിൽക്കലെ ചായക്കടയിലുമില്ലായിരുന്നു. ഇതൊന്നുമറിയാതിരുന്ന ആനിയമ്മ ഡോക്ടർ വത്സൻ എത്തിച്ചുതന്നു. ഇതൊക്കെ കയ്യിൽനിന്ന് ഇട്ടു പൊലിപ്പിച്ചു പറയുന്നതാകാം എന്നു ചിലർ ചിന്തിച്ചേക്കാം. അല്ല. അതിന്റെ ആവശ്യം എന്താണ്?

പ്രയോജനകരമായ എന്തെങ്കിലും ചെയ്യുവാൻ കഴിയാത്തവർ എന്നു മനുഷ്യരാൽ വിധിക്കപ്പെട്ടവർ ദൈവത്തിനു വിലയേറിയവരും മാന്യരുമാണെന്നു ദൈവം തെളിയിക്കുകയാണ്. പ്രയോജനം നോക്കിയല്ല ദൈവം സ്നേഹിക്കുന്നത്. ഒപ്പം "എന്നെ സഹായിക്കുന്നവരോടുകൂടെ യഹോവ എന്റെ പക്ഷത്തുണ്ടെ"ന്നുള്ളതും അന്വർത്ഥമാക്കുകയാണ് (സങ്കീ.118:7).

ഫൈബർ കൊണ്ട് ഒരു മോൾഡിങ് ഉണ്ടാക്കിയാൽ നട്ടെല്ലിനതു സപ്പോർട്ടാകുമെന്നും വേദനയ്ക്കു ആശ്വാസമാകുമെന്നും ഡോക്ടർമാർ നിർദ്ദേശിച്ചു. എന്നാലതിനു 6300 രൂപ ചെലവാകുന്നതുകൊണ്ടു തൽക്കാലം വേണ്ടെന്നുവച്ചു. പിറ്റേന്ന് ഒരു സമീപസഭയിൽ നിന്നും ചില

സഹോദരിമാർ കാണാൻ വന്നു. പ്രാർത്ഥിച്ചു പോകാൻനേരം ഒരു സഹോദരി ഒരു കവർ തന്നു. സഭയിലെ സഹോദരിമാർ എടുത്ത കളക്ഷനായിരുന്നു. ക്ലാരമ്മ അതു തലയണയ്ക്കരികിൽ വച്ചു. കുറച്ചു കഴിഞ്ഞ് തല ചെരിഞ്ഞപ്പോൾ ആ കവറിലെ എഴുത്തു വായിക്കാമായിരുന്നു. 6300 എന്നായിരുന്നു എഴുതിയിരുന്നത്. മോൾഡിംഗ് ഉണ്ടാക്കുവാൻ കർത്താവു പ്രത്യേകം കൊടുത്തുവിട്ടതായിരുന്നില്ലേ? അതോ അത് യാദൃശ്ചികമായിരുന്നോ? അന്നുതന്നെ മോൾഡിങ്ങിനു ഓർഡർ കൊടുത്തു.

റൂമിൽ ഒരേ കിടപ്പുകിടന്നു ബോറടിക്കാതിരിക്കാൻ നേഴ്സുമാർ വീൽചെയറിലിരുത്തി മുറ്റത്തുകൊണ്ടുവരാൻ ശ്രമിച്ചു. തുരുമ്പെടുത്ത വീൽചെയർ തള്ളിയിട്ടുനീങ്ങുന്നില്ല. അപ്പോഴാണ് ദുബൈ ദേരാ സഭാ എൽഡറും ഇപ്പോൾ ബാംഗ്ലൂരിൽ താമസമാക്കിയിരിക്കുന്നയാളുമായ ഏബ്രഹാം ജോസഫ് എന്ന പാപ്പച്ചായൻ നല്ല ഒരു വീൽ ചെയർ എത്തിച്ചുതന്നത്. കഴിഞ്ഞ 13 വർഷമായി അതു പ്രയോജനപ്പെടുന്നു. കർത്താവു അവരെ അധികം അനുഗ്രഹിക്കട്ടെ.

ഉണ്ണിയേശുവിനെ മിസ്രയീം എന്ന മറ്റൊരു രാജ്യത്തേക്കു കൊണ്ടുപോകാൻ ദൈവ ദൂതൻ പറഞ്ഞു. എന്നാൽ വഴിച്ചെലവിനും മിസ്രയീമിലെ താമസത്തിനുള്ള ചെലവിനും ഉള്ള സ്വർണ്ണനാണയങ്ങൾ വിദ്വാന്മാരിലൂടെ അതിനു മുമ്പുതന്നെ തരപ്പെട്ടുകഴിഞ്ഞിരുന്നു. അങ്ങനെ തന്നെയാണു ദൈവം നമ്മെയും പരിപാലിക്കുന്നത്. നാം അവന്റെ പൊന്നുമക്കളല്ലെ?

“എൻകെരീതുവാസം രമ്യമാക്കുവാൻ
നൽകും നിഷ്പ്രയാസം
സർവ്വംഭംഗിയായ്
ഏലിയാവിൻ ദൈവം
നിത്യ ശക്തനായ്
വാഴുന്നിന്നുമേവം
കാരുണ്യ സമ്പൂർണ്ണനായ്.
ഭീരുവായിടാഞാൻ
സാധുവെങ്കിലും”
(Fear not I am with thee)





## 20

# മക്കളും കൊച്ചുമക്കളും

**മെ**ഡിക്കൽ മിഷനിൽ പഠിച്ചുകൊണ്ടിരുന്ന ജിഷയും ജോമോളും ക്ലാരമ്മ മൂലം അവിടെ അറിയപ്പെട്ടുതുടങ്ങി. മലബാറിലെ മലമേട്ടിൽ നിന്നുവന്ന ആ രണ്ടു പാവംകുട്ടികളെ അതുവരെ ആരും ശ്രദ്ധിച്ചിരുന്നില്ല. അവർ അത്ര സുന്ദരികളുമായിരുന്നില്ല. പക്ഷെ നല്ല ആത്മീയ നിലവാരമുണ്ടായിരുന്നു.

മൂത്തവൾക്കൊരു വിവാഹാലോചന വന്നു. ഇലന്തൂർ പരിയാരം തോമ്പിൽ വടക്കേതിൽ ബിനു. ചങ്ങനാശ്ശേരി സെന്റ് ജോസഫ് പ്രസ്സിൽ പ്രിന്ററാണ്. അപ്പനും അമ്മയും അമേരിക്കയിൽ. ബിനുവിന്റെ ജ്യേഷ്ഠൻ ബിജു സഭയിലെ ഒരു ശുശ്രൂഷകനാണ്.

പ്രിൻസിപ്പലും അഡ്മിനിസ്ട്രേറ്ററുമൊക്കെ നല്ല അഭിപ്രായം പറഞ്ഞതനുസരിച്ചു വിവാഹം ഉറച്ചു. വിവാഹത്തിനു പോകാൻ മലബാ റിൽനിന്നു എത്തിയവർക്കു സുവിശേഷകൻ തോമസ് മാത്യുവിന്റെ വീട്ടിലായിരന്നു ഭക്ഷണവും വിശ്രമവും. അമ്മയുടെ സ്ഥാനത്തുനിന്നു ജിഷയെ ഒരുക്കിക്കൊണ്ടു പോയതു തോമസ് മാത്യുവിന്റെ ഭാര്യ ഗ്രേസ്സ് ആയിരുന്നു. മെഡിക്കൽ മിഷനിൽനിന്നും സ്റ്റാഫും സ്റ്റുഡന്റ്സുമായി ഒരു ടൂറിസ്റ്റ് ബസ്സു നിറയെ ആളുകൾ സ്വന്തക്കാരെപ്പോലെ വന്നു. കോഴ ഞ്ചേരിയിൽവച്ചു വിവാഹം അനുഗ്രഹകരമായി നടന്നു. നല്ല ക്രിസ്തീയ സാക്ഷ്യം പുലർത്തുന്ന ഭവനമാണു ബിനുവിന്റേത്. കർത്താവവർക്കു രണ്ടുമക്കളെ നൽകി. ബെനിറ്റോയും ബെനെറ്റും.

ഇളയമകൾ ജോമോൾക്കു പഠനാനന്തരം സൗദിക്കു പോകാൻ സെലക്ഷൻ കിട്ടി. അവൾ അങ്ങോട്ടു ജോലിക്കു പോയി. കൊട്ടാരക്കര നെല്ലിക്കുന്നത്ത് നിരപ്പുതുണ്ടിയിൽ മാത്തുക്കുട്ടിയുമായി വിവാഹം നടന്നു.. അവർക്കും രണ്ടു മക്കൾ. ജോയാനയും ജോസ്മിയും. മാത്തുക്കുട്ടിയുടെ ജ്യേഷ്ഠൻ തോമസുകുട്ടി സുവിശേഷ വേലയിലാണ്.

നല്ല ആത്മീയാന്തരീക്ഷമുള്ള രണ്ടു ബ്രദറൺ കുടുംബങ്ങളിലേക്കു പോകുവാൻ ക്ലാരമ്മയുടെ പെൺമക്കൾക്കു കഴിഞ്ഞതു ദൈവാനുഗ്രഹമല്ലാതെ മറ്റൊന്നല്ല.

ദൈവപ്രസാദം നേടിയ ആളുകൾ മൂലം കുടുംബാംഗങ്ങളും സുഹൃത്തുക്കളും ബന്ധപ്പെട്ടവരും അനുഗ്രഹീതരായിട്ടുണ്ട്. കുറേനക്കാരനായ ശീമോൻ യേശുവിന്റെ ക്രൂശു ചുമന്നതിനാൽ അവന്റെ മക്കൾ കർത്താവിൽ പ്രസിദ്ധരായി (മർക്കോസ് 15:21 റോമർ 16:13). നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്ന ഭക്തരുടെ മക്കളെ ദൈവം സർവ്വഭൂമിയിലും പ്രഭുക്കന്മാരാക്കും (സങ്കീ. 45:16). നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും (സങ്കീ. 112:2).

ബർത്തിമായി എന്ന കുരുടനും ഭിക്ഷക്കാരനുമായവൻ കർത്താവിനെ കൈക്കൊണ്ടതിനാൽ പിതാവ് തിമായി വിശ്വാസത്തിൽ വരാനും പ്രസിദ്ധനാകാനും ഇടയായി (മർക്കോസ് 10:46). ദാവീദ് നിമിത്തം അപ്പനമ്മമാർക്കു നന്മയുണ്ടായി (1 ശമു 22:3) യോസേഫ് നിമിത്തം അപ്പനായ യാക്കോബിനും സഹോദരങ്ങൾക്കും സുരക്ഷിത വാസമുണ്ടായി (ഉല്പ 47:11).

മാർത്ത കർത്താവിനെ വീട്ടിൽ കൈക്കൊണ്ടതു കുടുംബാംഗങ്ങൾക്കു ഗുണമായി (ലൂക്കോ 10:38). സക്കായിയും ലുദിയയും കൊർന്നല്യോസും കാരാഗ്രഹപ്രമാണിയും നിമിത്തം അവരുടെ കുടുംബങ്ങൾ അനുഗ്രഹീതരായി. യാക്കോബ് നിമിത്തം അമ്മായിയപ്പനായ ലാബാന് ഗുണമുണ്ടായി (ഉല്പ 30:27). നവോമി നിമിത്തം മരുമകൾ രൂത്തും മോർദ്ദെഖായി നിമിത്തം ചിറ്റപ്പന്റെ മകൾ എസ്ത്തേറും ധന്യരായി. പത്രോസ് നിമിത്തം കൂട്ടുകാരായ സെബദി മക്കൾക്കു നന്മയുണ്ടായി. തൊഴിലാളിയായ യോസേഫ് കാരണം യജമാനനായ ഫറവോൻ അനുഗ്രഹിക്കപ്പെട്ടു (ഉല്പ 39:5). യേശുവിനെ കൈക്കൊള്ളുന്നവർമൂലം കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും മുതലാളിയ്ക്കും നന്മയുണ്ടാകും തീർച്ച. ഒന്നുകിൽ യേശുവിനെ കൈക്കൊള്ളുന്നവരുടെ ധീരമായ ചുവടുവയ്പും വാക്കുകളും മറ്റുള്ളവർക്കു കർത്താവിനെ കൈക്കൊള്ളാൻ പ്രചോദനമാകുന്നതിനാൽ അനുഗ്രഹമാകുന്നു; അല്ലെങ്കിൽ അവർക്കായി പ്രാർത്ഥിക്കുന്നതിനാൽ നന്മയുണ്ടാകുന്നു.

ഇതിനോടകം വീട്ടിലേയ്ക്ക് ഒരു ജീപ്പു റോഡു വെട്ടുവാനും മുറ്റം കെട്ടി വൃത്തിയാക്കുവാനും രണ്ടു മുറികൾ കൂടെ പിടിച്ചു വീടു വിസ്തൃത മാക്കുവാനും കർത്താവു സഹായിച്ചു. കുടിയാന്മല സഭയാണതു ചെയ്തത്.





മെഡിക്കൽ മിഷനിലെ രണ്ടരമാസത്തെ വാസം സ്വന്തം വീട്ടിലേക്കാളുപരി ഒരു പിക്കിനിക്കുപോലെ ഉല്ലാസ്സപ്രദമായിരുന്നു. അന്നു കുടുംബാംഗങ്ങളെപ്പോലെ കരുതിലാളിച്ച പല മുഖങ്ങളും പല പേരുകളും മനസ്സിൽ നിന്നും മായുന്നില്ല- മരിക്കുംവരെ മായുകയുമില്ല. മെഡിക്കൽ മിഷനെ ഓർത്ത് എന്നും പ്രാർത്ഥിക്കുന്നുണ്ട്.

തിരുവല്ലയിലെ എബി കുടുംബം, എബിയുടെ പിതാവ് കെ.ജെ. ജോർജ്ജ്സാർ, സണ്ണിച്ചായൻ, ഗോഡ്ലി സഹോദരൻ, രാജുച്ചായൻ, ബെറ്റി സഹോദരി തുടങ്ങിയവരുടെ സ്നേഹവും ചിരിയും എന്നും പോസിറ്റീവ് എനർജി നൽകിക്കൊണ്ടിരിക്കും. ചിലരുടെ പേരുകൾ മറന്നെങ്കിലും മുഖം മറന്നിട്ടില്ല.

അച്ചൻപട്ടം നേടിയെങ്കിലും അതുപേക്ഷിച്ചു കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ട സി.വി. വടവനയുടെ അനുഭവസാക്ഷ്യ ബുക്കുലെറ്റുകൾ ക്ലാരമ്മ രക്ഷിക്കപ്പെട്ട കാലത്തു വായിക്കാനിടയായി. അവയുടെ കൂടുതൽ കോപ്പികൾ വരുത്തി നാട്ടിൽ വിതരണം ചെയ്തിരുന്നു. വടവന സഹോദരനെയും തിരുവല്ലായിൽവച്ചു കാണാൻ കഴിഞ്ഞതു ഏറെ സന്തോഷമായി. സുവിശേഷം നിമിത്തം ദോഹയിൽ ജയിൽവാസം അനുഷ്ഠിക്കുകയും ഇന്ത്യയിൽ മടങ്ങിയെത്തി സുവിശേഷ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്ന എം.വി. ബാബു ബ്രദറും ഇടയ്ക്കിടെ വരുമായിരുന്നു.

രണ്ടരമാസം കഴിഞ്ഞു. തിരികെപ്പോരുവാൻ കണ്ണൂരേക്കു ട്രെയിനിൽ ടിക്കറ്റ് ബുക്കു ചെയ്തു. യാത്ര അയപ്പിനു ഡോ. റോളണ്ട് ഗോഡ്ലി ഉൾപ്പെടെ വലിയൊരു കൂട്ടം വിശ്വാസികൾ തിരുവല്ല സ്റ്റേഷനിൽ വന്നിരുന്നു. നല്ല തിരക്കുണ്ട്. സ്ട്രെച്ചറിൽ കിടത്തി അകത്തു കയറ്റാൻ നോക്കിയിട്ടു സാധിച്ചില്ല. അതുകൊണ്ടു എടുത്തുകയറ്റി കിടത്തി. ട്രെയിൻ വിട്ടു. പക്ഷെ ഒരു പ്രശ്നം വീൽചെയർ കയറ്റാൻ പറ്റിയില്ല. കണ്ണൂർ സ്റ്റേഷനിൽ ചെല്ലുമ്പോൾ വീൽചെയറില്ലാതെ എങ്ങനെ പ്ളാറ്റ്ഫോമിലിറക്കും?

സുവിശേഷകൻ കുഞ്ഞുമോൻ തോട്ടപ്പള്ളിയും ഭാര്യ മേഴ്സിയും വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു വീൽ ചെയറിന്റെ കാര്യം ഞാനേറ്റു. ഉടനെ വീൽചെയറെടുത്തു ജീപ്പിൽ വച്ചിട്ടു രണ്ടുപേരും കൂടെ വടക്കോട്ടു വിട്ടു. മഴയ്ക്കുമുമ്പേ ഏലിയാവ് ഓടിയതുപോലെ ഒരോട്ടം. വളവും തിരിവും കുണ്ടും കുഴിയും ട്രാഫിക്കുബ്ലോക്കുമുള്ള എം.സി. റോഡിലൂടെ ട്രെയിനിനു സമാന്തരമായി ഓടി ഓവർടേക്കു ചെയ്യാനാകുമോ? ദൈവസ്നേഹത്തിലുള്ള ഓട്ടമായിരുന്നു അത്. പലരും പ്രാർത്ഥിക്കുന്നുമുണ്ടല്ലോ? കോട്ടയം പ്ളാറ്റ്ഫോമിൽ വീൽ ചെയറുമായി വന്നുനിന്നുകഴിഞ്ഞാണു മലബാർ എക്സ്പ്രസ് എത്തിയത്.

# 21
# രാധിക

**വീ**ട്ടിൽവന്ന് ഒരേകിടപ്പുകിടക്കുന്ന ക്ലാരമ്മയ്ക്ക് കഴിക്കാനും കുടിക്കാനും സമയാസമയങ്ങളിൽ കൊടുക്കണം. ഇടയ്ക്കിടെ തിരിച്ചും മറിച്ചും കിടത്തണം. ചൂടുകാലത്തു പല പ്രാവശ്യം ദേഹം തുണിമുക്കി തുടയ്ക്കണം. അതൊക്കെ സഹിക്കാം. എന്നാൽ അസഹനീയമായ ഒരു കാര്യമുള്ളത് പലർക്കുമറിഞ്ഞുകൂടാ. സ്വയമായി ശോധന ഇല്ല. പല ദിവസമാകുമ്പോൾ മലം കട്ടയാകും. ഗ്ലൗസിട്ട് എടുത്തുകളയണം. ഏതു ഹോംനേഴ്സിനതു ചെയ്യാനാകും? എത്ര രൂപ ശമ്പളം കൊടുക്കണം? ആ നിസ്സഹായാവസ്ഥയിലാണു സഭയിലെ രാധിക എന്ന പെൺകുട്ടിയെ കർത്താവ് അതിനായി ഒരുക്കിയത്. രാധിക ക്ലാരമ്മയ്ക്ക് അനിയത്തിയെപ്പോലെയായിരുന്നു.

യെരിഹോവഴിയരികിൽ കിടന്നിരുന്ന മനുഷ്യനു കർത്താവു ഒരു ശമര്യക്കാരനെ ഒരുക്കിയിരുന്നു. ഉയർന്ന സ്ഥലമായ യെരുശലേമിൽ നിന്നും 25 മൈൽ വടക്കുള്ള യെരിഹോസമഭൂമിയിലേക്കു പോകുമ്പോഴായിരുന്നു കള്ളന്മാരുടെ കയ്യിൽപെട്ടത്. Went down എന്നാണ്. പാവം നടക്കുകയാണ്, വാഹനമൃഗമില്ല, പുരോഹിതനും യെരുശലേമിൽ നിന്നും വരികയായിരുന്നു. Came down എന്നാണ്. ലേവ്യനും പുരോഹിതനെ അനുഗമിക്കുകയായിരുന്നു. Like wise എന്നാണ്.

ശുശ്രൂഷ കഴിഞ്ഞ പുരോഹിതരും ലേവ്യരുമാണു സാധാരണ യെരുശലേമിൽ നിന്നും മടങ്ങുന്നത്. പോകുന്നതു ശുശ്രൂഷയ്ക്കും. ഒരു 'കൂർ' 15 ദിവസമായതുകൊണ്ട് 15 ദിവസത്തെ ശുശ്രൂഷയാണുള്ളത്. ദശാംശം ഇനത്തിൽ നല്ലൊരു സംഖ്യ കിട്ടിയത് കയ്യിലുണ്ട്. അവർ അല്പം മുമ്പു വന്നിരുന്നെങ്കിൽ അവരായിരുന്നു കവർച്ച ചെയ്യപ്പെടേണ്ടതും മുറിവേൽക്കപ്പെടേണ്ടതും. പക്ഷേ അവരതു ഓർത്തില്ല.

യെരുശലേമിൽനിന്നും 5 മൈൽ വടക്കുള്ള അനാഥോത്ത് എന്ന പട്ടണമാണ് അവിടെ അടുത്തുള്ള പുരോഹിതപട്ടണം. ശുശ്രൂഷകൾ കഴിഞ്ഞു ഫ്രീ ആയതുകൊണ്ടു മുറിവേറ്റവനെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി ശുശ്രൂഷിക്കാം. മുറിവേറ്റവൻ സ്വന്തസമുദായസ്ഥനായ യഹൂദനായതുകൊണ്ട് അതു ചെയ്യാനിവർ കടപ്പെട്ടവരാണ്. പോരെങ്കിൽ ദുഃഖിതരെയും പീഡിതരേയും സഹായിക്കണമെന്നല്ലെ ശുശ്രൂഷാവേളയിൽ പ്രസംഗിച്ചത്? യഹൂദരെ സംബന്ധിച്ചു സ്വർഗ്ഗത്തിൽ പോകാനും അതു അത്യാവശ്യമാണ്. ദൈവത്തെ സ്നേഹിക്കുകയും ആവശ്യക്കാരനായി കണ്ടുമുട്ടുന്ന ഏതു കൂട്ടുകാരനെയും സ്നേഹിക്കുകയുമാണു 10 കല്പനയുടെ ചുരുക്കം.





അവർ രണ്ടുപേരും കണ്ടെങ്കിലും കാണാത്ത ഭാവം നടിച്ചു. അവർ രണ്ടു സമയത്തു വന്നതായാണേശു അവതരിപ്പിച്ചിരിക്കുന്നത്. അതു മനഃപൂർവ്വമാണ്. ഒരുമിച്ചു വന്നിരുന്നെങ്കിൽ ലേവ്യൻ ചതിച്ചെങ്കിലോ എന്നു സംശയിച്ചു പുരോഹിതൻ സഹായിക്കാൻ നിർബന്ധിതനാകുമായിരുന്നു. വലിയ പ്രസംഗം ചെയ്ത പുരോഹിതൻ ഒഴിഞ്ഞുമാറി എന്നു ലേവ്യൻ പറഞ്ഞു നടക്കും. മറിച്ചാണെങ്കിൽ ലേവ്യൻ നാലു പേരോടു പറഞ്ഞിട്ടു തനിക്കു മാനം കിട്ടുവാൻ വേണ്ടി പുരോഹിതൻ സഹായിച്ചെന്നിരിക്കും. സഹായമല്ല പിന്നിലെ പ്രചോദനമാണു പ്രധാനം.

ശമര്യക്കാരൻ 60 മൈൽ വടക്കുനിന്നും യെരുശലേമിലേക്കു വരികയാണ്. കാരണം തിരികെ വരും എന്നുപറയുന്നുണ്ട്. അതുകൊണ്ടു വീടു ശമര്യയിൽത്തന്നെ. അയാൾ സാധിക്കാൻ വന്ന പ്രധാന കാര്യം ഇനിയും അവശേഷിക്കയാണ്. യഹൂദരായ പുരോഹിതനും ലേവ്യനും മുറിവേറ്റവനെ കണ്ടിട്ടുണ്ടെന്നിയാൾക്കറിയാം. എതിരേയാണല്ലോ വന്നത്? സ്വന്തമതക്കാർ ചെയ്യാത്ത കാര്യം ഞാൻ ചെയ്യേണ്ടതുണ്ടോ? ഒരു ശമര്യനാണു മുറിവേറ്റിരുന്നതെങ്കിൽ യഹൂദർ സഹായിക്കുമായിരുന്നില്ലല്ലൊ.

ഇതൊന്നും അയാൾ ചിന്തിച്ചില്ല. ജാതികൊണ്ടയാൾ ശമര്യനായിരുന്നെങ്കിലും സുഖാറിലെ ശമര്യാക്കാരിയെപ്പോലെയും കുഷ്ഠരോഗസൗഖ്യംനേടിയ ശമര്യാക്കാരനെപ്പോലെയും രക്ഷിക്കപ്പെട്ടതായിരുന്നു. രക്ഷിക്കപ്പെട്ടവർ ജാതിയും പ്രതിഫലവും നോക്കാതെ സകലർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്യേണ്ടവരാണ് (ഗലാ 6:10). ദൈവം നമ്മോടു കരുണകാണിച്ചു ആത്മരക്ഷനൽകി. അതാണു മറ്റുള്ളവരെ സഹായിക്കാൻ നമുക്കുള്ള കടപ്പാട്. ആ സ്നേഹം നമ്മെ നിർബന്ധിക്കണം. സ്വർഗ്ഗം കിട്ടാനല്ല; കിട്ടിയതുകൊണ്ട്.

നല്ല ശമര്യക്കാരൻ ഒരു പരിചയവുമില്ലാത്തവനുവേണ്ടി ഒരു പ്രതിഫലവും ഇച്ഛിക്കാതെ ഒരു പിറുപിറുപ്പുമില്ലാതെയാണ് തന്റെ സമയവും വസ്ത്രവും എണ്ണയും വീഞ്ഞും വണ്ടിയും കായികാദ്ധ്വാനവും പണവും ചെലവഴിച്ചത്. ദൈവസ്നേഹം ഒന്നുകൊണ്ടുമാത്രമാണത്.

എന്തെല്ലാം ഒഴികഴിവുകൾ അവനു പറയാമായിരുന്നു? ഞാൻ 80 മൈലോളം യാത്ര ചെയ്തു ക്ഷീണിച്ചിരിക്കുന്നു. ഇയാൾക്കു ദൈവം സംരക്ഷണം നൽകാതിരുന്നതും ഇയാൾ പീഢിപ്പിക്കപ്പെട്ടതും ഇയാള തിനർഹനായതുകൊണ്ടാണ്. അല്ലെങ്കിൽ പരിചയമുള്ള പുരോഹിതനും ലേവ്യനും സഹായിക്കുമായിരുന്നില്ലേ? ഞാനിവിടെ ഇറങ്ങിയാൽ കള്ളന്മാർ എന്നെയും പിടിച്ചെങ്കിലോ? ഞാൻ ഒറ്റയ്ക്കെ ഉള്ളല്ലോ? സഹായത്തിനാരും ഇല്ലല്ലോ? ദൈവസ്നേഹത്തിന്റെ മുമ്പാകെ തടസ്സങ്ങളെല്ലാം മാറി.

"ഉണർന്നിരിപ്പീൻ, വിശ്വാസത്തിൽ നിലനിൽപ്പീൻ, പുരുഷത്വം കാണിപ്പീൻ, ശക്തിപ്പെടുവീൻ, നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വീൻ" (1 കൊരി 16:13).

വാങ്ങുന്നതല്ല കൊടുക്കുന്നതാണ് ആഢ്യത്വം. യഹൂദർ അയിത്തം കല്പിച്ച് പലതീണ്ടാമതി അകറ്റിനിർത്തിയിരുന്ന ശമര്യനിതാ ഇവിടെ ആഢ്യനായി മാറുന്നു. അതാണു യേശുവിനെ കണ്ടവനും അല്ലാത്തവനും തമ്മിലുള്ള ജനിതക വ്യത്യാസം.

"സ്നേഹമാം നിന്നെ കണ്ടവൻ പിന്നെ
സ്നേഹിക്കാതെ ജീവിക്കുമോ?
ദഹിപ്പിക്കണം എന്നെ അശേഷം
സ്നേഹം നൽകണം എൻ പ്രഭോ.
യേശുവേ നിന്റെ രൂപമീ എന്റെ
കണ്ണുകൾക്കെത്ര സൗന്ദര്യം."





# 22

# കനകക്കുന്നിൽ നിന്നും ചില കനകക്കട്ടകൾ

**കു**ടിയാന്മലയിൽ നിന്നും മുമ്പോട്ടു പോകുമ്പോൾ കുറെക്കൂടെ ഉയരത്തിലുള്ള ഒരു പ്രദേശമാണു കനകക്കുന്ന്. വൈതൽമല എന്ന ടൂറിസ്റ്റ് കേന്ദ്രം അതിനടുത്താണ്. രാധികയുടെ വീട് കനകക്കുന്നിലാണ്. ഹൈന്ദവഭൂരിപക്ഷമുള്ള സ്ഥലം.

സഭയുടെ നേതൃത്വത്തിൽ അനന്തക്കാട്ടു തോമസ് മുൻകൈയെടുത്ത് അവിടുത്തെ സ്കൂളിൽ ഒരു വി.ബി. എസ്. നടത്തി. കുറുമാത്തൂരിലെ രാജൻമാഷും ഭാര്യയും കണ്ണൂരിൽ നിന്നും Rtd. Dy.S.P. സാമേട്ടനും മീൻതുള്ളിയിൽനിന്നും ഷാജി, സണ്ണി മാഷ് ഇരട്ടിയിൽ നിന്നും സന്തോഷ് ഗിൽബർട്ട് തുടങ്ങിയവരും അയൽസഭകളിലെ ബാലസംഘം പ്രവർത്തകരും ഒക്കെ അതിഥികളായിവന്നു ക്ലാസ്സുകളെടുത്തു. പയ്യന്നൂരിലെ കെ.യു. തോമസിന്റെ മക്കൾ ശുഭയും ശോഭയും ജയയും ഉണ്ടായിരുന്നു. 150 കുട്ടികൾ വന്നു പാട്ടും കഥകളും പഠിച്ചു.

അവരിൽ ചിലർ സഭയിലെ സണ്ടേസ്കൂളിനും അവരുടെ കുടുംബാംഗങ്ങൾ സഭായോഗം കാണാനും വന്നു. ക്ലാരമ്മ മറ്റു സഹോദരിമാരേക്കൂട്ടി അവരുടെ വീടുകളിൽ പതിവായിപോയി പ്രാർത്ഥിച്ചു. സുവിശേഷകൻ ജോസഫ് ആന്റണി ആ വീട്ടുകാരുടെ സൗകര്യം അനുസരിച്ച് പകലും രാത്രിയുമൊക്കെ ചെന്നു വചനം പഠിപ്പിച്ചു. പലപ്രാവശ്യം അവിടെ സുവിശേഷയോഗങ്ങൾ നടത്തി. മാത്യു ജോണും, ഷാജൻ പുതുപ്പള്ളിയും, ഒക്കെവന്നു പാട്ടുപാടുകയും കുഞ്ഞുമോൻ തോട്ടപ്പള്ളി, പോൾ പുളിങ്ങോം തുടങ്ങിയവർ പ്രസംഗിക്കുകയും ചെയ്തു. കനകക്കുന്നിൽ കനകം വിളഞ്ഞു. അനേകർ കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ടു.

ആദ്യം സ്നാനപ്പെട്ടവരെല്ലാം സ്ത്രീകളായിരുന്നു. അതുകൊണ്ടു സഹോദരന്മാർക്കു തനിച്ചുപോയി പ്രാർത്ഥനകൾ നടത്താൻ ബുദ്ധിമുട്ടായിരുന്നു. കുറെക്കാലം സഹോദരിമാർ മാത്രംപോയി മീറ്റിംഗുകൾ

നടത്തേണ്ടിവന്നു. തോണിക്കുഴി ഫിലിപ്പ് കുടുംബമായി വേർപെട്ടുവന്നതോടെ അവരുടെ വീട്ടിലായി സ്ഥിരം മീറ്റിംഗുകൾ.

കനകക്കുന്നിലെ 3 പെൺകുട്ടികളെ ക്ലാരമ്മ കൊല്ലത്തുള്ള സോദരീ ഭവനിൽ 6 മാസത്തെ ബൈബിൾ ട്രെയിനിംഗിനു കൊണ്ടു ചെന്നു ചേർത്തു. രാധിക, രാജി, സിന്ധു. അവർക്കതു വളരെ പ്രയോജനപ്പെട്ടു. അതിലൊരു കുട്ടിയുടെ സേവനം പിൽക്കാലത്തു തനിക്കുണ്ടാകുമെന്നു ക്ലാരമ്മ സ്വപ്നേപി വിചാരിച്ചിരുന്നില്ല. രാധികയുടെ നല്ല മനസ്സിനേക്കുറിച്ചു പറയാൻ വാക്കുകളില്ല. സ്വന്തം അവയവത്തെ പരിപാലിക്കുന്നതുപോലെ മാത്രമെ തോന്നുന്നുള്ളൂ എന്നായിരുന്നു രാധികയുടെ പ്രതികരണം.

അഞ്ചു നീണ്ടവർഷങ്ങൾ രാപകൽ രാധിക ക്ലാരമ്മയെ ശുശ്രൂഷിച്ചു. ബൈബിളും മറ്റു പുസ്തകങ്ങളും ക്ലാരമ്മക്കുവേണ്ടിയാണു ഉറക്കെ വായിച്ചിരുന്നതെങ്കിലും അതവൾക്കും കൂടെ പ്രയോജനപ്പെട്ടു. ഒരാൾ കിടന്നും ഒരാൾ ഇരുന്നും ആണെങ്കിലും ഒരു മനസ്സോടെ കർത്താവിന്റെ സന്നിധിയിൽ ഹൃദയം പകരുവാൻ രണ്ടുപേർക്കും സാധിച്ചു.

രാധിക സുവിശേഷം പറഞ്ഞതിനാൽ ഉറ്റബന്ധുവും വിധവയുമായ ഉഷയും മക്കളായ ആഘോഷും ആദർശും കർത്താവിങ്കലേയ്ക്കുവന്നു. ഉഷ ആയുർവ്വേദ പഞ്ചകർമ്മം പഠിച്ചിട്ടുണ്ട്. അതു പ്രാക്ടീസ് ചെയ്യുന്നുണ്ട്. അവർക്കും ഒരനർത്ഥമുണ്ടായി. 18 വയസ്സുള്ള ആഘോഷിനു മെനഞ്ചൈറ്റീസ് ബാധിച്ചു 3 വർഷമായി ഒരേ കിടപ്പിലാണ്. കൈകാലുകളുടെ ചലനശേഷിയും സംസാരശേഷിയും നഷ്ടപ്പെട്ടുപോയിരുന്നു. വളരെ ചികിത്സകൾക്കുശേഷം ഒരു കൈയും കാലും അനക്കാൻ തുടങ്ങി. ബുദ്ധിപ്രവർത്തിക്കുന്നതുകൊണ്ടു ചില വാക്കുകളൊക്കെ പറയാൻ കഴിയുന്നുണ്ട്.

ഈ കുടുംബം രാധികയുടെ വീട്ടിലാണു താമസം. രാധിക ആഘോഷിനെ നന്നായി പരിചരിക്കുന്നു. അതിനുള്ള പരിശീലനം നേരത്തെ ക്ലാരമ്മയെ ശുശ്രൂഷിച്ചപ്പോൾ ലഭിച്ചിട്ടുണ്ടല്ലോ? ക്ലാരമ്മ ആഘോഷിന്റെ സൗഖ്യത്തിനായി എല്ലാ ദിവസവും പ്രാർത്ഥിച്ചുവരുന്നു.

കർത്താവിനു ഭൂമിയിലെ തന്റെ ഒരോ കുടുംബത്തെക്കുറിച്ചും പ്രത്യേകം ഉദ്ദേശലക്ഷ്യമുണ്ട്. "ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിന്" എന്നല്ലെ പിറവിക്കുരുടനേക്കുറിച്ചു കർത്താവു പറഞ്ഞത്? എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളടത്തോളം 'നാം' ചെയ്യേണ്ടതാകുന്നു (യോഹ 9:4). 'ഞാൻ' ചെയ്യേണ്ടതാകുന്നു എന്നായിരുന്നില്ല.





എന്തായിരുന്നു അവന്റെ കാര്യത്തിൽ യേശുവിനൊപ്പം ശിഷ്യന്മാർ ചെയ്യേണ്ടിയിരുന്ന പ്രവൃത്തി? യേശു അവന്റെ കണ്ണിൽ ചേറുപൂശി. ശീലോഹാം കുളത്തിൽ പോയി കഴുകുക എന്നവനോടു കല്പിച്ചു. പിറവിക്കുരുടനു ശീലോഹാംകുളം എവിടെയാണെന്നറിഞ്ഞുകൂടാ. അവനെങ്ങനെ പോകും? ഇവിടെയാണു 'നാം' ചെയ്യേണ്ടതാകുന്നു എന്ന വാക്ക് അർത്ഥവത്താകുന്നത്. ശിഷ്യന്മാരല്ലാതെ ആരും അവിടെയില്ലല്ലൊ? അവർ അവനെ സഹായിക്കണം. സഹായിച്ചു.

സഹോദരവർഗ്ഗത്തിന്റെ പ്രശ്നങ്ങളെ കർത്താവു നമ്മുടെ ദൃഷ്ടിയിൽ പെടുത്തുമ്പോൾ 'നാം' ചെയ്യേണ്ടതാകുന്നു എന്നോർക്കുക. സൗഖ്യം നൽകാൻ യേശുവിനു കഴിയും. എന്നാൽ ആരും പറയാതെ കൈ പിടിക്കുവാൻ ശിഷ്യരായ നമുക്കു സാധിക്കണം. അങ്ങനെ സാധിക്കുന്നുണ്ടെന്നുള്ളതിന്റെ കഥകളാണ് യഥാർത്ഥസഭയ്ക്ക് പറയാനുള്ളത്.

ലാസറിനെ ഉയിർപ്പിക്കാൻ കർത്താവിനു കഴിയും. എന്നാൽ കല്ലു നാം നീക്കണം, കെട്ടുകൾ നാം അഴിക്കണം. യായിറോസിന്റെ മകളെ ഉയിർപ്പിച്ച കർത്താവു പറഞ്ഞതു അവൾക്കു ഭക്ഷിക്കാൻ കൊടുക്ക എന്നായിരുന്നു. അതു നാം ചെയ്യണം. അഞ്ചപ്പം കൊണ്ട് അയ്യായിരത്തിനു വേണ്ടത് കർത്താവുണ്ടാക്കും. എല്ലാവർക്കും നാം വിളമ്പിക്കൊടുക്കണം. ശേഷിച്ചതൊന്നും നഷ്ടമാക്കാതെ ശേഖരിക്കണം.

നാം കർത്താവിന്റെ കൂട്ടുവേലക്കാരാണ്. മറ്റുള്ളവർക്കു നന്മയുണ്ടാകുന്ന കാര്യത്തിൽ നാം എപ്പോഴും കർത്താവിനൊപ്പം ഉണ്ടായിരിക്കണം. "ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ"(1 കൊരി 3:9).

"ഭീരുത്വത്താലനേകരും
തീരെ പിന്മാറി ഖേദിക്കും
ധീരത നൽകുകേശുവേ
വീരനാം സാക്ഷി ആക്കുകേ.
യേശുവെപ്പോലെ ആകുവാൻ
യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ"

(More More about Jesus)

## 23

# കൊല്ലം സോദരീഭവൻ ശുശ്രൂഷകൾ

**ജോ**യ്സ് മാത്യു എന്ന ആദരണീയ സഹോദരിയുടെ സുശക്തമായ നേതൃത്വത്തിൽ ഒരു സംഘം സഹോദരിമാരുടെ ചുമതലയിലാണു കൊല്ലം സോദരീഭവൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്. എല്ലാ വർഷവും അവിടെ ഹ്യസ്വകാല ബൈബിൾ കോഴ്സുകളുണ്ട്. ഉപദേശ സത്യങ്ങളെക്കൂടാതെ പ്രായോഗിക ക്രിസ്തീയ ജീവിതത്തെക്കുറിച്ചും കുടുംബ ജീവിതത്തെക്കുറിച്ചും സുവിശേഷീകരണത്തെക്കുറിച്ചും പ്രഗത്ഭ ദൈവദാസന്മാരെ വരുത്തി ക്ലാസ്സുകളെടുക്കുന്നു. അവിടെയെത്തി പരിശീലനം നേടുന്നവർ നല്ല കുടുംബിനികളും നല്ല മാതാക്കളും സുവിശേഷകന്മാരുടെ ഭാര്യമാർ എന്ന നിലയിൽ നല്ല ശുശ്രൂഷകരുമായി മാറുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന അർഹിക്കുന്ന നല്ല സേവനങ്ങളാണിവിടെ നടന്നുവരുന്നത്. കുടിയാന്മലയിലെ പല സഹോദരിമാരും അവിടെപോയി പരിശീലനം നേടിയിട്ടുണ്ട്.

30 വയസ്സുമാത്രമുള്ളപ്പോൾ വിധവയാകേണ്ടിവന്ന കുമ്പനാട്ടു സഭയിലെ അന്നാമ്മ തോമസും മറിയാമ്മ സാറും അച്ചാമ്മ സാറും (അന്നു ടീച്ചർ വിളിയില്ല) ചേർന്നാണ് ബ്രദറൺ സമൂഹത്തിൽ ആദ്യമായി സഹോദരിമാരുടെ മീറ്റിംഗ് തുടങ്ങിയത്. അതു 1950-ൽ ആയിരുന്നു. ഇതു പിടക്കോഴികൂകുന്ന ഏർപ്പാടാണെന്നു പ്രസിദ്ധ പ്രസംഗകനായ അങ്കമാലി ഇ.പി. വർഗീസ് തന്റെ പത്രാധിപത്യത്തിലുള്ള സത്യപ്രകാശിനി എന്ന മാസികയിലെഴുതി. കുമ്പനാട്ടെ 8 മൂപ്പന്മാരിൽ 5 പേരും ആ ചിന്താഗതിക്കാരായിരുന്നു. എന്നാൽ ഒരു സഹോദരീ സമ്മേളനം വന്നു കാണുവാൻ ഈ സഹോദരിമാർ ബഹുമാന്യനായ ഇ.പി.യെ ക്ഷണിച്ചു. അദ്ദേഹം കണ്ടശേഷം സ്വമനസ്സാ മീറ്റിംഗ് പ്രാർത്ഥിച്ചവസാനിപ്പിക്കുകയും എല്ലാസഭകളിലും സഹോദരിമാരുടെ മീറ്റിംഗുകൾ തുടങ്ങുന്നതു നല്ലതാണെന്നു മാസികയിൽ തിരുത്തിടുകയും ചെയ്തു. കുമ്പനാട്ടെ മൂപ്പന്മാരെ അദ്ദേഹമതു ബോദ്ധ്യപ്പെടുത്തി.

സഭകളിൽ സഹോദരീ സമ്മേളനങ്ങളും സ്ത്രീകളുടെ മദ്ധ്യേയുള്ള സുവിശേഷ പ്രവർത്തനങ്ങളും നടന്നുവരവെ മൂന്നു അക്രൈസ്തവ





സ്ത്രീകൾ കർത്താവിനെ കൈക്കൊണ്ടു സ്നാനപ്പെട്ടു. അവരെ വീടുകളിൽ നിന്നും ബഹിഷ്ക്കരിച്ചപ്പോൾ അവരുടെയും അവരേപ്പോലുള്ളവരുടെയും പുനരധിവസിപ്പിക്കൽ ഒരു പ്രശ്നമായി. അന്നാമ്മ തോമസിന്റെ മരുമകൻ പെരുമ്പാവൂരും അങ്കമാലിയിലും മിഷനറിവേല ചെയ്തിരുന്ന ലോനപ്പൻ ഉപദേശിയുടെ മകൻ റ്റി.എൽ. ജോർജ് കൊല്ലത്തു സോദരീഭവൻ പണിയുവാൻ സൗജന്യമായി സ്ഥലം നൽകി. 1970-ൽ അവിടെ കെട്ടിടം പണിതു. സോദരീഭവൻ യാഥാർത്ഥ്യമായി.

മിക്ക ക്രിസ്തീയ സമുദായങ്ങൾക്കും വിവാഹപൂർവ്വ ഉദ്ബോധിപ്പിക്കൽ ക്ലാസ്സ് ഉണ്ട്. പ്രസിദ്ധ മനഃശാസ്ത്ര വിദഗ്ദ്ധരാണു ക്ലാസ്സുകൾ നയിക്കുന്നത്. പെരുമാറ്റമര്യാദകളാണു പഠിപ്പിക്കുന്നത്. പക്ഷെ വിവാഹമോചനങ്ങൾ വർദ്ധിക്കുന്നതേയുള്ളു ഏൻ ഓതി ഓതി പുള്ള കെലിച്ചു കെലിച്ചു. എന്താണിതിനു കാരണം? ഇത് കതിരേൽ വളം വയ്ക്കലാണ്. ലാബാൻ ഒരുരാത്രിയിൽ ഭാര്യയായി തനിക്കു സമ്മാനിച്ചത് റാഹേലിനു പകരം ലേയയേ ആയിരുന്നെന്നു പിറ്റേന്നു മാത്രമാണു യാക്കോബിനു മനസ്സിലായത്. മുഖംമൂടിയാണു ചതിച്ചത്. മേൽപ്പറഞ്ഞ മനഃശാസ്ത്രത്തിലധിഷ്ഠിതമായ ബോധവൽക്കരണങ്ങളൊക്കെ മുഖം മൂടികളാണ്. റോബോട്ടുപോലെ യാന്ത്രികമായി പ്രവർത്തിക്കുന്ന ജീവിതപങ്കാളിയായി ചമഞ്ഞ് ഒരുങ്ങാനേ അതുമൂലം സാധിക്കയുള്ളു.

ചില സമുദായങ്ങൾ ബൈബിളിലെ നല്ല കഥാപാത്രങ്ങളെ അനുകരിക്കാനും ബൈബിളിലെ കുടുംബജീവിതതത്വങ്ങൾ പ്രായോഗികമാക്കാനും പഠിപ്പിക്കുന്നുണ്ട്. ബൈബിളിന്റെ നിദർശനമെന്നോണം നിർദ്ദേശിക്കുന്നതു ഭർത്താവ് സ്നേഹിക്കുകയും ബഹുമാനിക്കുകയും പോറ്റിപ്പുലർത്തുകയും വേണമെന്നും ഭാര്യ കീഴ്പ്പെടുകയും ഭയപ്പെടുകയും അനുസരിക്കുകയും വേണമെന്നുമാണ്. വിവാഹശുശ്രൂഷാവേളകളിലെ ബോധവൽക്കരണത്തിന്റെ ചുരുക്കവും ഇതുതന്നെയാണ്.

പക്ഷെ, ഇതൊക്കെ കേൾക്കുന്ന അക്രൈസ്തവർക്കു ഒരു പുതുമയും തോന്നാറില്ല. കാരണം അവരുടെ മതഗ്രന്ഥങ്ങളിൽ ഇതേ ആശയങ്ങൾ ഇതിലും ഹൃദയസ്പർശിയായി സമർത്ഥിച്ചിട്ടുണ്ട്. ഇവ വെറും ധർമ്മോപദേശം മാത്രമാണ് (1 തിമൊ 1:7). വിവാഹ ശുശ്രൂഷയിലും വിവാഹപൂർവ്വ കൗൺസിലിംഗിലും ധർമ്മോപദേശമല്ല വേണ്ടത്. സുവിശേഷത്തിനു വിവാഹത്തിലുള്ള സ്വാധീനമാണു പഠിപ്പിക്കേണ്ടത്.

എങ്ങനെ കർമ്മങ്ങളിലൂടെ ദൈവപ്രസാദം നേടി സ്വർഗ്ഗത്തിലെത്താമെന്നു മതഗ്രന്ഥങ്ങൾ പഠിപ്പിക്കുമ്പോൾ കർമ്മരഹിതമായി സ്വർഗ്ഗത്തിലെത്താൻ ദൈവമൊരുക്കിയ മാർഗ്ഗമാണല്ലോ സുവിശേഷം? അതു

പോലെ മേൽപ്പറഞ്ഞ കടമകൾ നിറവേറ്റാൻ പരിശ്രമിച്ച് ഉത്തമ ജീവിത പങ്കാളികളായി ഗൃഹസ്ഥാശ്രമം നിർവ്വഹിക്കണമെന്നു മതങ്ങൾ പഠിപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ സുവിശേഷത്തെ സ്വാഗതം ചെയ്യുന്നവർക്ക് ഉത്തമ ജീവിതപങ്കാളിയെ കണ്ടെത്താനും ഉത്തമ ജീവിതപങ്കാളിയായിത്തീരാനും ദൈവം സഹായിക്കുമെന്നുള്ളതാണു ബൈബിളിന്റെ പ്രമേയം. ക്രിസ്തുവിനെ ബഹുമാനിക്കുന്നവരുടെ അവകാശമാണു നല്ല കുടുംബജീവിതം.

സുവിശേഷം വിശ്വസിച്ചാലും ഇല്ലെങ്കിലും ബൈബിളിന്റെ ഉപദേശങ്ങളായ സ്നേഹം, ബഹുമാനം, പോറ്റിപുലർത്തൽ, ഭയപ്പെടൽ, കീഴ്പ്പെടൽ, അനുസരണം എന്നിവ പാലിച്ചാൽ ഉത്തമജീവിത പങ്കാളികളാകാൻ കഴിയുകയില്ലെ എന്നു ചോദിക്കുന്നവർ കണ്ടേക്കാം. ഇല്ലെന്നാണുത്തരം.

ദൈവമായ ക്രിസ്തുവാണു മനുഷ്യനാകുന്നതിനു മുമ്പ് ആദാമിനെയും അവനിൽനിന്നു ഹവ്വയേയും ഉളവാക്കിയത്. അതു പിൽക്കാലത്ത് ക്രിസ്തു മനുഷ്യനായിവന്നു ചോര ചൊരിഞ്ഞ് രക്ഷാമാർഗ്ഗമൊരുക്കുമ്പോൾ അതിലാശ്രയിക്കുന്നവർ ക്രിസ്തുവുമായി ആദംഹവ്വമാരെപ്പോലെ ഒന്നാകുന്നതിന്റെ സാദൃശ്യമായിരുന്നു (എഫെ 5:32). ക്രിസ്തുവായ സത്യദൈവവുമായി ഒന്നാകുന്നവർക്കു മാത്രമാണ് ഉത്തമദാമ്പത്യജീവിതം നൽകേണ്ട ബാദ്ധ്യത ക്രിസ്തുവിനുള്ളത്. അതുകൊണ്ട് ഒന്നാമതു ജീവിതപങ്കാളിയെയല്ല ആദിമനുഷ്യനു വിവാഹം സമ്മാനിച്ച ക്രിസ്തുവിനെയാണ് രക്ഷകനായി കൈക്കൊള്ളേണ്ടത്. രണ്ടാമതാണു തനിക്കായി ക്രിസ്തു ഒരുക്കുന്ന ജീവിത പങ്കാളിയുടെ കാര്യം ചിന്തിക്കേണ്ടത്. ക്രിസ്തു ജീവിത പങ്കാളിയെ ഒരുക്കിക്കൊടുത്തവർ ബൈബിളിലെ വിവാഹതത്വങ്ങൾ പാലിക്കേണ്ടതില്ല എന്നുവരുന്നില്ല.

എന്നാൽ ബൈബിളിലെ വിവാഹ ജീവിതതത്വങ്ങൾ മുമ്പു സൂചിപ്പിച്ചതുപോലെ ഭർത്താവ് സ്നേഹിക്കുക, ബഹുമാനിക്കുക, പോറ്റിപുലർത്തുക, ഭാര്യ അനുസരിക്കുക, കീഴ്പ്പെടുക, ഭയപ്പെടുക എന്നുള്ളതല്ല. അല്പം വ്യത്യാസമുണ്ട്. ഭർത്താവു ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ സ്നേഹിച്ച് ബഹുമാനിച്ച് പോറ്റിപുലർത്തണം, ഭാര്യ സഭ ക്രിസ്തുവിനെ എന്നപോലെ അനുസരിച്ചു ഭയപ്പെട്ടു കീഴ്പെടണം. അതുകൊണ്ടു ക്രിസ്തു എങ്ങനെ ജീവിച്ചു എന്നും സഭ എങ്ങനെ ജീവിക്കണമെന്നുമുള്ളതാണ് പഠിക്കേണ്ടത്.





ഇതാണു ബ്രദറൺ സഭകളിൽ സാധാരണ പഠിപ്പിക്കുന്നത്. സോദരീഭവനിൽ ഇത് ഐച്ഛികമായി പഠിപ്പിക്കുന്നു. നല്ല മകളും മരുമകളും അമ്മയും അമ്മാവിയമ്മയും അമ്മൂമ്മയും നല്ല സഭാവിശ്വാസിയുമായി ജീവിക്കാൻ അവിടുത്തെ പരിശീലനം സഹായകമാണ്.

യുവതിയുവാക്കൾക്കു വിവാഹപൂർവ്വ കൗൺസിലിംഗ് നൽകുന്ന മറ്റൊരു സ്ഥാപനമാണു പത്തനംതിട്ട മണ്ണാറക്കുളഞ്ഞിക്കടുത്ത് ചീങ്കൽത്തടത്തിൽ പ്രവർത്തിക്കുന്ന അഗപ്പെ. ബ്രദർ ജോൺ ജേക്കബ് മുണ്ടുകോട്ടയ്ക്കലാണു നേതൃത്വം നൽകുന്നത്. വിവാഹിതരുടെ തർക്കപരിഹാരങ്ങളും മദ്യവിമുക്തിയും ഇവിടെ സ്തുത്യർഹമായി നടന്നു വരുന്നു. നല്ലൊരു പ്രകൃതിചികിത്സാകേന്ദ്രവും അതോടനുബന്ധിച്ചുണ്ട്. ബ്രദർ ജോൺ ജേക്കബ് സ്കൂളുകളിലും കോളേജുകളിലും സഭകളിലും ക്ലാസ്സെടുക്കുന്നുണ്ട്. ഒരിക്കൽ കുടിയാന്മലയിൽ വന്നിരുന്നു. ക്ലാരമ്മ സഹോദരിയെ അറിയാം.

ദൈവം ആദാമിന് 'ഒരുതുണ' ഉണ്ടാക്കിക്കൊടുക്കുമെന്നാണു പറഞ്ഞത്. ഒരു തുണയേയുള്ളൂ. അത് സ്ത്രീയായിരുന്നു. അവന്റെ ശരീരത്തിൽനിന്നുതന്നെ. അവനില്ലാത്തതൊക്കെ അവളിലുണ്ട്. അവൾക്കില്ലാത്തതു അവനിലും. അവർക്കു ആദാമെന്നു പേരിട്ടു. തന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി സൃഷ്ടിച്ചു. പുരുഷന്റെ ശാരീരികവും മാനസികവുമായ ഘടന വേറെ. സ്ത്രീയുടേതും വേറെ, അത് മരിക്കുംവരെ നിലനിൽക്കണം. മരണശേഷമാണു ഇരുവരും ദൂതന്മാരെപ്പോലെയാകുന്നത്. മിക്കകുടുംബപ്രശ്നങ്ങളുടെയും കാരണം പുരുഷൻ സ്ത്രീയെ തന്നേപ്പോലെ ചിന്തിക്കാൻ, നോക്കാൻ, കേൾക്കാൻ, പഠിപ്പിക്കാൻ ശ്രമിക്കുന്നു അതായതവളെ പുരുഷനാക്കാൻ. സ്ത്രീ തിരിച്ചും. വ്യത്യസ്തതകൾ ദൈവം അറിഞ്ഞനുവദിച്ചതാണെന്നു ചിന്തിച്ചു ദൈവനാമത്തിൽ പരസ്പരം ബഹുമാനിച്ചാൽ പ്രശ്നംതീരും. ജീവിത പങ്കാളി ദൈവസൃഷ്ടിയാകയാൽ ദിവ്യമാണെന്നു കരുതണം. മഹാകവി കെ.വി. സൈമൺ തന്റെ ഭാവനയിൽ ഹവ്വയെ ആദാം കണ്ടപ്പോൾ പാടിയതായി എഴുതി.

"ഉറക്കമുണർന്നവൻ കണ്ണുകൾ മന്ദം മന്ദം
തുറക്കുന്നേരമൊരു ദിവ്യയാം നാരീരത്നം
തനിക്കു മുന്നിലായ് നിൽക്കുന്നു വിഭാവത്തിൽ
കനൽക്കുനേരായ് കിഴക്കുദിച്ച ഭാനുപോൽ"

## 24

# അമ്മ വിശ്വാസത്തിലേക്ക്

**ക്ലാ**രമ്മയ്ക്കു അമ്മയെ സുവിശേഷം പറഞ്ഞുബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞുവെന്നുള്ളതു ചെറിയ കാര്യമല്ല. ആ അമ്മ നിസ്സാരക്കാരി ആയിരുന്നില്ല. ഒരു വയസ്സുള്ള പാലുകുടിക്കുന്ന കുഞ്ഞിനെ തോളിലിട്ട് മറ്റുരണ്ടു കുഞ്ഞുങ്ങളെ കൈയ്യിൽപിടിച്ചുംകൊണ്ടു ധീരയായി മലബാർ കയറിയതാണ്. മൂന്നു മക്കളെയും വളർത്തി വലുതാക്കിയ തിന്റെ ക്രെഡിറ്റ് ഈ അമ്മയ്ക്കു സ്വന്തം. ഈശോമറിയം യൗസേപ്പി ന്റെയും മറ്റു പുണ്യവാളന്മാരുടെയും സഹായംകൊണ്ടാണു ഇത്രയു മൊക്കെ സാധിച്ചതെന്നു വിശ്വസിക്കുന്ന ഒരാളെക്കൊണ്ടു മേൽപ്പറഞ്ഞ വരിൽ ഈശോ ഒഴിച്ചു ബാക്കി എല്ലാവരെയും തള്ളിപ്പറയിക്കുക അത്ര എളുപ്പമല്ല. എന്താണതിന്റെ രഹസ്യം എന്നല്ലെ? ക്ലാരമ്മയ്ക്കു തെറ്റിയിട്ടില്ല. അവൾ ഒരു സത്യാന്വേഷിയായതുകൊണ്ടു പഠിച്ചുബോദ്ധ്യപ്പെട്ടിട്ടു തന്നെയാണ് ഈശോയെ മാത്രം രക്ഷകനായി സ്വീകരിച്ചത്. അതുകൊണ്ട് അമ്മയ്ക്ക് അധികം അന്വേഷിക്കേണ്ടതിന്റെയും പഠിക്കേണ്ടതിന്റെയും ആവശ്യമുണ്ടായില്ല. ഹൃദയം നുറുങ്ങി ഈശോയെ വിളിച്ചപ്പോൾ ഇശോ ഉള്ളിൽ വന്ന ഒരു അനുഭവം മാത്രം മതിയായിരുന്നു. 92 വയസ്സുവരെ എന്നും ബൈബിൾ വായിച്ചിരുന്നു ആ അമ്മ.

നല്ല വാർദ്ധക്യം വരെ ആരെയും ബുദ്ധിമുട്ടിക്കാതിരുന്ന നല്ല അമ്മ. എല്ലാം സ്വന്തമായി ചെയ്യും. മെലിഞ്ഞു നേർത്ത ശരീരമെങ്കിലും പഴയ മണ്ണല്ലെ നല്ല ആരോഗ്യമുണ്ടായിരുന്നു. ഒരു ദിവസം അമ്മ ജോമോനോടു പറഞ്ഞു നാളെ നീ എങ്ങും പോകരുത്-ഇവിടെ ഉണ്ടാകണം. എനിക്കു പോകാറായി. മൂത്ത മകൾ മറിയക്കുട്ടിയുടെ മകന്റെ വിവാഹം പിറ്റേദിവസമാണ്. അതിനു പപ്പായെ വിട്ടാൽ മതി. ജോമോൻ പോകരുത് കല്യാണം കഴിഞ്ഞ് എല്ലാവരും എന്നെ കാണാൻ വരാൻ പറയണം. തലേദിവസം പലരേയും പല കാര്യങ്ങളും  ഭക്ഷണവും വണ്ടിയും ഉൾപ്പെടെ പറഞ്ഞേല്പിച്ചു. ചിലരോടു ക്ഷമയും ചോദിച്ചു. മരിച്ചു കഴിഞ്ഞ് ഉടുക്കാനുള്ള കോട്ടൺതുണി എടുത്തുകെട്ടി ഏൽപ്പിച്ചിട്ടു പറഞ്ഞു പോളിസ്റ്റർ ദ്രവിക്കില്ല. ചിതലരിക്കുന്ന തുണിവേണം.





വൈകുന്നേരം സുവിശേഷകൻ ജോസഫ് ആന്റണി വന്നു. പ്രാർത്ഥിച്ചു പോകാൻ നേരം അമ്മ ആദ്യം പ്രാർത്ഥിച്ചു. നാളെ എന്നെ തിരുസന്നിധിയിൽ വിളിച്ചു ചേർക്കണമെന്നായിരുന്നു പ്രാർത്ഥന.

ആരും അതത്ര കാര്യമാക്കിയില്ല. അമ്മയെ ശരിക്കറിയാവുന്ന ക്ലാരമ്മ ഉള്ളിൽ പറഞ്ഞു ഇതിലല്പം കാര്യം കാണുമല്ലൊ? നേരം വെളുത്ത് പ്രാർത്ഥനയും പ്രഭാതഭക്ഷണവും കഴിച്ചുകഴിഞ്ഞപ്പോൾ വീട്ടിൽ സഹായത്തിനു നിൽക്കുന്ന പെണ്ണിനോടമ്മ പറഞ്ഞു എന്റെ മുടി ഒന്നു ഈരിക്കെട്ടണം. അവൾചോദിച്ചു ഉച്ചയ്ക്കത്തേക്കുള്ള കറി വച്ചുകഴിഞ്ഞുപോരെ? ക്ലാരമ്മ വിലക്കിക്കൊണ്ടു പറഞ്ഞു അമ്മപറഞ്ഞതു ചെയ്യുക. അവൾ മുടിചീകിക്കെട്ടിക്കഴിഞ്ഞപ്പോൾ അമ്മ കട്ടിലിൽ പോയിരുന്നു. ജോമോൻ അടുത്തുണ്ടായിരുന്നു. തല ഒരുവശത്തേക്കു ചെരിയുന്നതു കണ്ടപ്പോൾ ജോമോൻ കട്ടിലിൽ ഇരുന്നു പതുക്കെപിടിച്ചു തല മടിയിലേക്കു വച്ചു. അമ്മയുടെ ആത്മാവ് ആ നിമിഷം തന്നെ ശരീരം വിട്ട് നക്ഷത്രമണ്ഡലങ്ങൾക്കപ്പുറത്ത് പറുദീസയിലേക്കു മാറ്റപ്പെട്ടു. യേശുവിന്റെ വീണ്ടും വരവിങ്കൽ വെള്ളനിലയങ്കി ധരിച്ച മഹാപുരുഷാരത്തിന്റെകൂടെ ആ അമ്മയും ഉണ്ടാകും. (കോഴിക്കോടു കല്യാണത്തിനു വന്നവർ ഇവിടെ വന്നപ്പോൾ അമ്മയുടെ ശവമാണു കണ്ടത്).

മരണത്തെക്കുറിച്ചു പലരും വിചാരിക്കുന്നതു കാറ്റുപോകുകയാണെന്നാണ്. പറയുന്നതും അതല്ലെ? മനുഷ്യന്റെ ഉള്ളിൽ നിന്നും കാറ്റ് അന്തരീക്ഷത്തിലേക്കു പോകുന്നുവെന്ന്. എന്നാൽ കാറ്റല്ല ആത്മാവാണ്. ആത്മാവ് അന്തരീക്ഷത്തിലേക്കു പോകുകയാണോ? അല്ല. പൊടി പണ്ടായിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും. ആത്മാവതിനെ നൽകിയ ദൈവത്തിന്റെ അടുത്തേക്കുപോകും. അവിടെ രണ്ടു സ്ഥലമാണ്. രക്ഷിക്കപ്പെട്ടവർക്കു പറുദീസ എന്ന ആശ്വാസ സ്ഥലവും രക്ഷിക്കപ്പെടാത്ത നല്ല മനുഷ്യർക്കും ചീത്ത മനുഷ്യർക്കും യാതനാ സ്ഥലവും (സഭാ പ്രസംഗി 12:7).

ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ രക്ഷിതാവായ യേശുവിൽ ശരണപ്പെട്ടവരെ യേശു പറുദീസായിലേക്കാനയിക്കുന്നതുകൊണ്ട് അവരുടെ ആത്മശാന്തിക്കായി യാതൊരു കർമ്മ കൂദാശയും ആവശ്യമില്ല. പരേതർ എന്നാൽ പരലോകം പൂകിയവർ എന്നല്ലേ? രക്ഷിക്കപ്പെടാത്തവരെ തങ്ങൾക്കുവേണ്ടി നൊന്തു ചങ്കുടഞ്ഞുമരിച്ച യേശുവിനെ രക്ഷകനായി സ്വീകരിക്കാത്ത ഏക കാരണത്താൽ യാതനാസ്ഥലത്തു അടയ്ക്കുന്നതിനാൽ അവർക്കുവേണ്ടി ആരെല്ലാം എത്രയെല്ലാം ശുപാർശകളാകുന്ന പ്രാർത്ഥനകൾ ചൊല്ലിയാലും ഒരനക്കവും ഉണ്ടാകില്ല. ഭൂമിയിൽ ദൈവം തന്ന ജീവിതം ക്രിസ്തുവുമായി

പങ്കുവച്ചോ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമാണു പരലോക ജീവിതം.

മരണാനന്തരം ആത്മശാന്തിക്കുവേണ്ടി കർമ്മകൂദാശകൾ ചെയ്യുന്നവർ സമ്മതിക്കുന്ന ഒരു കാര്യം തങ്ങളുടെ അളുകൾ ഒരു പുരുഷായുസ്സു മുഴുവൻ ചെയ്തുകൂട്ടിയ മതകർമ്മങ്ങൾകൊണ്ടു സ്വർഗ്ഗം പൂകിയിട്ടില്ല എന്നാണ്. യാതനാസ്ഥലത്തേക്ക് പോയ തങ്ങളുടെ ഇഷ്ടക്കാരെ ശുപാർശയുടെ അടിസ്ഥാനത്തിൽ ദൈവം പറുദീസയിലേക്കു പ്രമോഷനോടുകൂടി സ്ഥലം മാറ്റുന്നപക്ഷം തങ്ങൾക്കിഷ്ടമില്ലാത്തവരെ പറുദീസയിൽ നിന്നും പാതാളത്തിലേക്കും മാറ്റേണ്ടിവരില്ലെ?

കോട്ടയത്തിനടുത്തു സുവിശേഷകൻ ജോർജ്ജ് മാത്യുവിന്റെ മകൻ വർഷങ്ങളായി തളർന്നകാലുകളുമായി കഴിയുകയാണെന്നും കർത്താവിനെ കൈക്കൊണ്ട റ്റിറ്റി എന്ന ആ യുവാവിനെ ക്രെയിനിന്റെ സഹായത്തോടെ വീൽചെയറിൽ ഇരുത്തി സ്നാനപ്പെടുത്തി എന്നുമുള്ള വാർത്ത മാസികയിലുണ്ടായിരുന്നു. എന്നാൽ കുറെക്കാലം കഴിഞ്ഞ് ആ കുഞ്ഞു മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു എന്നു മറ്റൊരു വാർത്തയും വന്നു. അങ്ങനെയുള്ള ക്രെയിൻ എവിടെ കിട്ടും. അതിലൊന്നു കിട്ടിയിരുന്നെങ്കിൽ വീൽചെയറിലിരുത്താനും തിരിച്ചു കിടത്താനും എളുപ്പമായിരുന്നുവല്ലോ?

സുവിശേഷകൻ ജോർജ്ജ് മാത്യുവിനോടു ബന്ധപ്പെട്ടപ്പോൾ പാമ്പാടി അടുത്തുള്ള തന്റെ വീട്ടിലേക്കു വരാൻ ക്ഷണിച്ചു. ജോമോൻ അവിടെ ചെന്നപ്പോൾ ആ ഹൈഡ്രോളിക്ക് ക്രെയിൻ താൻ ഊരി പീസ് പീസാക്കി പായ്ക്കുചെയ്തു വച്ചിരിക്കുകയായിരുന്നു. സൗജന്യമായി തന്നു എന്നുമാത്രമല്ല വണ്ടിച്ചെലവിനുള്ള പണവും തന്നു. വളരെ വിലപിടിപ്പുള്ള ആ ക്രെയിൻ ക്ലാരമ്മയ്ക്കു വലിയ സഹായമാണ്. ജോർജ്ജ് മാത്യുവും കുടുംബവും ഇവരുടെ പ്രാർത്ഥനയിലുണ്ട്. അവർ കാണാൻ കൊതിക്കുന്ന റ്റിറ്റിയെ യാതൊരു രോഗവുമില്ലാത്തവനായി ഒരുനാൾ കാണും. കർത്താവിനോടും തന്റെ വിശുദ്ധരോടും കൂടെ.

"രോഗം എന്നെ പിടിച്ചെൻ
ദേഹം ക്ഷയിച്ചാലുമേ
വേഗം വരുമെൻ നാഥൻ
ദേഹം പുതുതാക്കിടാൻ
യേശു എന്നടിസ്ഥാനം"





# 25

# ഒരുനാൾ തോമാച്ചനും.......

**മ**ക്കളെയും അമ്മയെയും പുറത്തുള്ള പലരേയും വിശ്വാസത്തിലേക്കു നയിച്ച ക്ലാരമ്മയ്ക്ക് എന്തുകൊണ്ടു ഭർത്താവിന്റെ മദ്യപാനം മാറ്റി അദ്ദേഹത്തെ നല്ലൊരു ആത്മീയനാക്കാൻ സാധിച്ചില്ല എന്നു ചിലർക്കു തോന്നിയേക്കാം. യേശുവിന്റെ വീട്ടിൽ യാക്കോബ്, യൂദ, യോസെ, ശീമോൻ എന്നീ കുഞ്ഞനുജന്മാരും ചില അനുജത്തികളുമുണ്ടായിരുന്നു (മർക്കോസ് 6:3). യേശു ആദ്യജാതനായിരുന്നുവല്ലൊ (ലൂക്കോ 2:7). പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു (ലൂക്കോ 2:40). യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു (ലൂക്കോ 2:52). ഇതാണു യേശുവിന്റെ ബാല്യത്തെക്കുറിച്ചെഴുതിയിരിക്കുന്നത്.

തങ്ങൾക്കു ഓർമ്മവച്ചകാലം മുതൽ അനിതരസാധാരണ അച്ചടക്കത്തോടെ ജീവി ക്കുകയും കുടുംബസന്ധാരണത്തിനായി തച്ചുപണി ചെയ്യുകയും (മർക്കോ 6:3) ശബ്ബത്തുനാളുകളിൽ പതിവായി പള്ളിയിൽ പോകുകയും (ലൂക്കോ 4:16) ചെയ്തിരുന്ന യേശു പ്രേഷിത വേല ആരംഭിച്ചപ്പോൾ യഹൂദ്യ, ഗലീല, ശമര്യ സംസ്ഥാനങ്ങളിലുള്ള ആയിരങ്ങൾ അവന്റെ ശിഷ്യരായെങ്കിലും സഹോദരങ്ങൾ വിശ്വസിച്ചില്ല (യോഹ 7:5). അവർ വിശ്വസിച്ചില്ലെന്നുള്ളതല്ല പരിഹസിച്ചുവെന്നുള്ളതാണ് ഏറെ വിചിത്രം (യോഹ 7:3,4). യേശുവിന്റെ ചാർച്ചക്കാർ പറഞ്ഞത് അവന് ബുദ്ധിഭ്രമം ഉണ്ടെന്നായിരുന്നു (മർക്കോ 3:31). യേശു ഇതൊക്കെ കണ്ടിട്ടു പറഞ്ഞു: ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്തഭവനത്തിലും അല്ലാതെ ബഹുമാനം ഇല്ലാത്തവൻ അല്ല (മർക്കോസ് 6:4).

എന്നാൽ യേശുവിന്റെ സഹോദരങ്ങൾ പിന്നീടു വിശ്വാസികളും നല്ല പ്രവർത്തകരുമായി. കുടുംബാംഗങ്ങളെ എല്ലാം വിശ്വാസത്തി

ലേക്കു നയിക്കാൻ ദൈവം ഒരാളെ മാത്രമായിരിക്കയില്ല ഉപയോഗിക്കുന്നത്. നമ്മുടെ സമയത്തല്ല ആളുകൾ കർത്താവിനായി ജീവിതം സമർപ്പി ക്കുന്നത്. യേശുവിന്റെ മരണത്തിനുശേഷമായിരിക്കാം സഹോദര ന്മാരിൽ ചിലർ മാനസാന്തരപ്പെട്ടത്. അതുപോലെ ജീവിത പങ്കാളിയുടെ മരണം കഴിഞ്ഞാകാം ഒരാൾ രക്ഷിക്കപ്പെടുന്നത്. മരണാസന്നനായ ഒരു പിതാവു ഒരു രാത്രിയിൽ ഉറങ്ങാൻനേരം രക്ഷിക്കപ്പെട്ട മക്കളോട് ഗുഡ് നൈറ്റ് എന്നും രക്ഷിക്കപ്പെടാത്തവനോടു ഗുഡ് ബൈ എന്നും പറഞ്ഞു. എന്താണീ വ്യത്യാസം എന്നവൻ ചോദിച്ചു. അവരെ ഞാൻ മരണശേഷം വീണ്ടും കാണും എന്നാൽ നീ രക്ഷിക്കപ്പെടാത്തവനാ യതുകൊണ്ട് സ്വർഗ്ഗത്തിൽ വച്ചു കാണാൻ സാധിക്കയില്ലല്ലൊ? ആ നിമിഷത്തിലാണ് ദൈവാത്മാവ് അവനോടു ഇടപെട്ടതും അവൻ കർത്താവിനെ കൈക്കൊണ്ടതും. അതുകൊണ്ടു കുടുംബാംഗങ്ങളുടെ രക്ഷയ്ക്കായി പ്രാർത്ഥന തുടരുക. കർത്താവിന്റെ സമയത്ത് അവർ കർത്താവിങ്കലേക്കു വരട്ടെ.

ഒരുനാൾ തോമാച്ചനും മുൻനിരയിലേക്കു വരും. നല്ല പ്രായത്തിൽ ഭാര്യ ജീവച്ഛവമായി കിടക്കുന്നതു കാണുമ്പോൾ ഭർത്താവു തളർന്നു പോകുന്നതു സ്വാഭാവികം. ആത്മീയപരിജ്ഞാനം നേടിയവർക്കു മാത്രമേ ആപൽഘട്ടങ്ങളിൽ മാതൃകയായിരുന്നു കുടുംബാംഗങ്ങൾക്കു ധൈര്യം പകരാൻ സാധിക്കയുള്ളു. ഇനിയും സമയമുണ്ട് എന്നു പ്രത്യാശിക്കാം.

മാതാപിതാക്കൾക്കു തങ്ങളുടെ മക്കൾക്കു കൊടുക്കാവുന്ന ഏറ്റവും നല്ല സമ്മാനം ഭക്ഷണമോ വസ്ത്രമോ കളിപ്പാട്ടങ്ങളോ സ്വത്തോ വിദ്യാഭ്യാസമോ മതമോ രാഷ്ട്രീയമോ അല്ല, അവർക്കു മോഡലായിരിക്കുന്നതാണ്. നമ്മുടെ മക്കളോടു അയൽപക്കത്തെ ചേട്ടനെ നോക്കു എന്നു പറയാനല്ല എന്നെ നോക്കു എന്നു പറയാൻ കഴിയണം.

ഭൗതിക കാര്യത്തിൽ മാത്രമല്ല ആത്മീയ കാര്യത്തിലും. മക്കൾക്കു ഇഹലോക ജീവിതക്ഷേമത്തിനു മാത്രമുള്ളവയല്ല പരലോകജീവിതത്തിനുവേണ്ട ദൈവത്തെക്കൂടെ കൊടുക്കുവാൻ മാതാപിതാക്കൾക്കു കഴിയണം. നൊന്തുപ്രസവിക്കുന്നതും വളർത്തി വലുതാക്കുന്നതും നരകത്തിലേക്കു അയയ്ക്കാനാകരുത്.

കുടുംബാംഗങ്ങൾ കർത്താവിനെ സ്നേഹിച്ച് സ്വർഗ്ഗത്തിൽ പോകട്ടെ. എനിക്കവരെ കാണേണ്ട. ഞാൻ നരകത്തിൽ കഴിഞ്ഞു കൊള്ളാം എന്ന് ഒരാൾക്കെങ്ങനെ പറയാൻ കഴിയും? അത്രയ്ക്കേയുള്ളോ രക്തബന്ധം. Blood is thick than water എന്നല്ലെ?





## 26

## അബിത മരുമകളല്ല – മകളാണ്

**മൂ**ത്ത മകൻ ജോമോൻ ചെറുപ്പം മുതൽ ദൈവഭയമുള്ളവനായിരുന്നു. ചീത്ത കൂട്ടുകെട്ടുകളില്ല. വളരെ പക്വതയും കാര്യപ്രാപ്തിയും ഉള്ളവൻ. പത്താം വയസ്സിൽ വിശ്വാസം ഏറ്റുപറഞ്ഞു രക്ഷാനുഭവത്തിലേക്കുവന്നു. പഠിക്കാൻ സമർത്ഥനായിരുന്നു. 407 മാർക്കോടെ 1993ൽ എസ്.എസ്.എൽ.സി. പാസ്സായി. തുടർപഠനത്തെക്കുറിച്ച് വീട്ടുകാർ ആലോചിച്ചപ്പോൾ ജോമോൻ തീർത്തുപറഞ്ഞു ബൈബിൾ കോളേജിൽ പോയി പഠിക്കണം. കർത്താവിന്റെ ശുശ്രൂഷ ചെയ്യണം. നാളുകളായി ക്ലാരമ്മ രഹസ്യമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നതും അതുതന്നെയായിരുന്നു.

7 നീണ്ട വർഷങ്ങളുടെ പഠനംകൊണ്ടു വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദമായ M.Th പാസ്സായി. 2001-ൽ കർത്താവിന്റെ വേലയ്ക്കായി വേർതിരിഞ്ഞു സഭയിൽ സാക്ഷ്യം പറഞ്ഞു. കഴിഞ്ഞ വർഷങ്ങളിൽ സുവിശേഷകൻ ജോസഫ് ആന്റണിയോടു ചേർന്ന് സൺഡേ സ്കൂളിലും സഭയിലെ ഇതര യോഗങ്ങളിലും വചനം ശുശ്രൂഷിക്കുന്നു. പുറമെയുള്ള സഭകളിലും ചില ബൈബിൾ കോളേജുകളിലും ക്ഷണ പ്രകാരം പോയി പഠിപ്പിക്കുന്നു. ബാലസംഘം, Y.M.E.F., യൂത്ത് മിനിസ്ട്രി തുടങ്ങി സഭയിലെ പോഷക സംഘടനകളിലും സജീവമായി പ്രവർത്തിക്കുന്നു. അമ്മ ചെയ്തുപോന്ന ഹോസ്പിറ്റൽ മിനിസ്ട്രി മകൻ ഏറ്റെടുത്തിട്ടുണ്ട്.

അമ്മ ഈ നിലയിൽ കിടക്കുന്നതുകൊണ്ടു മകന്റെ വിവാഹം ഒരു സമസ്യയായി പലർക്കും തോന്നി. ആ കുട്ടിയ്ക്കു ഒരുപാടു ഉറക്കമിളയ്ക്കേണ്ടിവരും. ഒരു ഉദ്യോഗത്തിനു പോകാനാവില്ല. മറ്റുള്ളവർ പോകുന്നതുപോലെ പലപ്പോഴും പുറത്തൊന്നു പോകാനോ സ്വന്തം വീട്ടിൽവരെ പോകാനോ സാധിക്കാതെ വരും. അവൾ മാത്രമല്ല, ഉണ്ടാകുന്ന മക്കളും ഒരുപാടു സഹിക്കേണ്ടിവരും?

എന്നാൽ കർത്താവ് ഒരു പെൺകുട്ടിയെ ജോമോനുവേണ്ടി നിയമിച്ചിരുന്നു. അടുത്തുതന്നെ. എല്ലാം അറിയുന്ന കുടുംബം. കിണർ

മുക്കു സഭയിലെ മൂപ്പന്മാരിൽ ഒരാളായ പറയൻകട്ടയിൽ പോളിന്റെയും ശാന്തമ്മയുടെയും മകൾ അബിത. ഏക സഹോദരൻ അഭിലാഷ് സുവിശേഷകനാണ്. അബിതജോമോന് തക്കതുണയാണ്. ക്ലാസ്സെടുക്കാൻ പുറത്തുപോകുമ്പോൾ അവൾ വീട്ടുജോലികളും ക്ലാരമ്മയ്ക്കു വേണ്ട ശുശ്രൂഷകളും സന്തോഷത്തോടെ ചെയ്യും. ബൈബിൾ വായിച്ചു കേൾപ്പിക്കും. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കും. അവൾക്കു ലഭിക്കാൻ പോകുന്ന പ്രതിഫലം ചെറുതായിരിക്കയില്ല.

അബിതക്കൊരു കുഞ്ഞുണ്ടായി. ഡോറിയ. അവൾ ഒന്നാം ക്ലാസ്സിൽ പഠിക്കുന്നു. ആ കുഞ്ഞു ക്ലാരമ്മയ്ക്കു വലിയ ആശ്വാസമാണ്. അവളുടെ ചിരിയുടെയും കളിയുടെയും മുമ്പിൽ ക്ലാരമ്മയുടെ വേദന തോറ്റു പോകുന്നു. ക്ലാരമ്മയ്ക്കവൾ കൂട്ടുകാരിയാണ്. ക്ലാരമ്മ എപ്പോഴും അവളോടു മാത്രം സംസാരിച്ചുകൊണ്ടും കളിച്ചുകൊണ്ടുമിരിക്കണം എന്നാണു നിർബന്ധം. ക്ലാസ്സില്ലാത്ത ദിവസങ്ങളിൽ കഥകൾ പറഞ്ഞു പറഞ്ഞു മടുക്കും.

അവളുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി ആ മുത്തശ്ശി കഥകൾ ഓർത്തെടുത്തുവയ്ക്കും. അവളോടുകൂടെ കളിക്കാൻ ഇറങ്ങിചെല്ലാൻ മാത്രം കഴിയുന്നില്ലെന്നേയുള്ളു. അവൾ ഉള്ളപ്പോൾ ക്ലാരമ്മയ്ക്കു നേരം പോകുന്നതറിയില്ല. ക്ലാരമ്മ ടി.വി.യിൽ ന്യൂസ് മാത്രമേ വയ്ക്കാറുള്ളെങ്കിലും ഗ്ലോറിയയ്ക്കുവേണ്ടി കാർട്ടൂൺ വയ്ക്കും.

നിരാലംബയായ അമ്മാവിയമ്മയെ ആദരിക്കുന്നതു മഹാപ്രതിഫലമുള്ളതാണെന്നു രൂത്തിന്റെ ജീവിതാനുഭവം തെളിവാണ്. മോവാബിൽ വച്ച് അമ്മാവിയമ്മയായ നവോമിയിൽനിന്നും യഹോവയായ സത്യ ദൈവത്തിന്റെ മഹത്വം രൂത്തു മനസ്സിലാക്കി. അതുകൊണ്ടാണ് “നിന്റെ ദൈവം എന്റെ ദൈവം” എന്ന് സമ്മതിച്ചേറ്റുപറഞ്ഞത്. ഹൃദയത്തിൽ കൈക്കൊണ്ട ആ വിശ്വാസം പ്രവൃത്തികൊണ്ടു തെളിയിക്കണം. രൂത്ത് തുടർന്നുപറഞ്ഞു “നിന്റെ ജനം എന്റെ ജനം”. 10 കല്പനയുടെ ചുരുക്ക രൂപം ദൈവത്തെ സ്നേഹിക്കുകയും കൂട്ടുകാരനെ സ്നേഹിക്കുകയുമാണ്.

ദൈവത്തെ സ്നേഹിക്കുന്നവർ ദൈവജനത്തെയും സ്നേഹിക്കണം. വിശ്വസിക്കുകയും സ്നാനമേൽ ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കോസ് 16:15) എന്നു യേശു പറഞ്ഞതിന്റേയും തത്വം ഇതുതന്നെയാണ്. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും കൂട്ടായ്മയ്ക്കും





വചനപഠനത്തിനും സുവിശേഷ പ്രചരണത്തിനുമായി ദൈവജനത്തോടു ചേരുന്നതാണു സ്നാനം (അപ്ര 2:41,42). സകലരെയും ശിഷ്യരാക്കുവീൻ എന്നാണു യേശുവിന്റെ അന്ത്യനിയോഗം (മത്തായി 28:19). ശിഷ്യന്മാരുടെ കൂട്ടമാണു സഭ (അ.പ്ര. 6:2). യേശുവിനെ രക്ഷിതാവായി വിശ്വസിച്ചാൽ മാത്രം മതി പഴയ ബന്ധങ്ങളോടു വേർപെടുകയോ സ്നാനപ്പെടുകയോ ശിഷ്യരാകുകയോ ചെയ്യേണ്ടതില്ലെന്നു പഠിപ്പി ക്കുന്നവരുണ്ട്. യേശുവിനെ രക്ഷിതാവായി വിശ്വസിക്കുക മാത്രം പോര കർത്താവായി കൈക്കൊള്ളുകയും വേണം (റോമർ 10:9). കർത്താ വെന്നാൽ കർത്തൃത്വമുള്ള ദൈവം എന്നാണ്. യേശുവിനെ വിശ്വ സിക്കു കയും അനുസരിക്കുകയും വേണം. വിശ്വാസം അനുസരണം കൊണ്ടു തെളിയിക്കണം (യോഹ 3:36).

പത്താം തലമുറയ്ക്കുപോലും യഹൂദ ജനത്തോടും ആരാധനയോടും ബന്ധപ്പെടുവാൻ അനുവാദം ഇല്ലാതിരുന്ന മോവാബ്യ ജാതിയിൽപെട്ടവളായിരുന്നു രൂത്ത്. “നിന്റെ ദൈവം എന്റെ ദൈവം” എന്നു വിശ്വസിക്കുകയും “നിന്റെ ജനം എന്റെ ജനം” എന്ന് പറയുകയും ചെയ്തുകൊണ്ട് യിസ്രയേൽ നാട്ടിലേക്കുവന്നാൽ അവൾക്ക് ഒരു ജീവിതം നൽകുവാൻ ആരെങ്കിലും തയ്യാറാകും എന്നുള്ള പ്രതീക്ഷ അസ്ഥാനത്തായിരുന്നു.

നിന്ദയും അവഗണനയുമല്ലാതെ ഒന്നും പ്രതീക്ഷിക്കേണ്ടതില്ലായിരുന്നു. രൂത്ത് യിസ്രായേലിലേക്കു വന്നതു ഭാസുരമായ ഒരു ഭാവിയ്ക്കുവേണ്ടിയായിരുന്നില്ല. ഭർത്താവിന്റെ വൃദ്ധയും വിധവയുമായ അമ്മയെ പോറ്റിപുലർത്തുകയെന്ന ധാർമ്മിക ഉത്തരവാദിത്വം അവൾ സ്വയം ഏറ്റെടുക്കുകയായിരുന്നു. കതിർപെറുക്കിയെങ്കിലും അമ്മാവിയമ്മയ്ക്കു ഭക്ഷണം നൽകണം എന്നവൾ ഹൃദയത്തിലുറച്ചു. അതുകൊണ്ടാണു ബേത്ലഹേമിലെത്തിയപ്പോൾ കതിർപെറുക്കാൻ പോകട്ടെ എന്നു അമ്മാവിയമ്മയോടു ചോദിച്ചതും പോയതും. അനാരോഗ്യം കൊണ്ടാകാം അമ്മാവിയമ്മ കൂടെ പോകാഞ്ഞത്.

രക്ഷയിങ്കലേക്കു നയിച്ച അമ്മാവിയമ്മയ്ക്കു സാന്നിദ്ധ്യംകൊണ്ടും കായികാദ്ധ്വാനം കൊണ്ടും സാന്ത്വനമേകിയാൽ ദൈവം പ്രതിഫലം നൽകുമെന്നു രൂത്ത് കരുതിയിട്ടേയില്ല. അതിനുള്ള സാദ്ധ്യത തെല്ലുമില്ലായിരുന്നു. അവൾക്കു യാതൊരു സ്വാർത്ഥതാല്പര്യവുമില്ലായി

രുന്നു. അവൾ ദൈവനാമത്തിൽ തന്നാലാവതു അമ്മാവിയമ്മയ്ക്കു വേണ്ടി ചെയ്യാൻ വന്നതായിരുന്നു.

നിന്റെ ദൈവം എന്റെ ദൈവം എന്നു രൂത്ത് വിശ്വസിച്ചേറ്റുപറഞ്ഞത് സ്വന്തബുദ്ധികൊണ്ടല്ല, ദൈവാത്മാവിന്റെ ശക്തമായ ഇടപെടൽ കൊണ്ടാണ്. സ്വന്ത ബുദ്ധിയിലാശ്രയിച്ചാൽ നിന്റെ ദൈവം അതായത് നവോമിയുടെ ദൈവം എന്നുള്ളതിനു നിന്റെ ഭർത്താവിനെ കൊന്ന ദൈവം, പുത്രന്മാരെ രണ്ടുപേരെയും കൊന്ന ദൈവം, നിറഞ്ഞവളായിരുന്നവളെ ഒഴിഞ്ഞവളാക്കിയ ദൈവം എന്നൊക്കെ അർത്ഥം കൊടുക്കേണ്ടിവരും. ദൈവാത്മാവ് വ്യാപരിക്കുമ്പോഴാണു തെറ്റുകൾക്കു ന്യായമായ ശിക്ഷ നൽകുന്ന നീതിമാനായ ദൈവം എന്ന തിരിച്ചറിവുണ്ടാകുന്നത്. ശിക്ഷിക്കുന്ന നീതിമാനായ ദൈവത്തിനു മാത്രമേ സ്നേഹിക്കാനും രക്ഷിക്കാനും കഴിയുകയുള്ളൂ.

തന്റെ സൃഷ്ടികളുടെകാര്യത്തിൽ തനിക്കിഷ്ടമുള്ളതൊക്കെ ചെയ്യുവാൻ പരമാധികാരമുള്ള ദൈവം ഭർത്താവിനെയും മക്കൾ രണ്ടു പേരെയും കൊന്നതു കൂടാതെ അവളെ നിർധനയുമാക്കി. എന്നാൽ നവോമി പിറുപിറുക്കുകയോ പരാതിപ്പെടുകയോ ചെയ്യാതെ ആ ദൈവത്തെത്തന്നെ ആശ്രയിക്കുവാനും സ്നേഹിക്കുവാനും ആ ദൈവത്തിന്റെ ജനത്തെ സ്നേഹിച്ച് അവരുടെ കൂടെ താമസിക്കുവാനും തീരുമാനിച്ചു മടങ്ങി വരികയായിരുന്നു.

നിന്റെ ജനം എന്റെ ജനം എന്നു പറയാനും എളുപ്പമല്ല. നവോമിയുടെ ഭർത്താവു മരിച്ചപ്പോളോ മക്കൾ രോഗികളായപ്പോളോ അവർ മരിച്ചപ്പോളോ യിസ്രായേലിൽ നിന്നാരും ആശ്വസിപ്പിക്കാൻ വന്നതായി കാണുന്നില്ല. നവോമി അതിനാരെയും കുറ്റപ്പെടുത്തുന്നില്ല. സ്നേഹിതരെ ദൈവം അകറ്റിയതാണെന്നവൾ മനസ്സിലാക്കി (സങ്കീ. 88-18). ഒരു പരാതിയുമില്ലാതെ ദൈവജനത്തിനടുത്തേക്കു മടങ്ങിവരാൻ നവോമി തീരുമാനിച്ചു.

ഈ രണ്ടുകാര്യങ്ങൾ ദൈവത്തെയും ദൈവജനത്തെയും സ്നേഹിക്കാൻ രൂത്തിനെ സ്വാധീനിച്ചു. നവോമി മരിക്കുന്നതുവരെ യിസ്രയേലിൽ താമസിച്ചിട്ടു മടങ്ങിപ്പോകാനായിരുന്നില്ല അവളുടെ തീരുമാനം "നീ മരിക്കുന്നിടത്തു ഞാനും മരിച്ചടക്കപ്പെടും". നിന്റെ മരണശേഷം ഒറ്റയ്ക്കു യിസ്രയേലിൽ താമസിച്ച് അവിടെ മരിക്കും.





ഇതുപോലെ നുറുശതമാനം ദൈവത്തിനു നൽകിയ പലരുമുണ്ട്. ഒരേയൊരു മകനെ ദൈവം ആവശ്യപ്പെട്ടപ്പോൾ മടികൂടാതെ യാഗപീഠത്തിൽ സമർപ്പിച്ച അബ്രഹാം നൂറുശതമാനം ദൈവത്തിനു കൊടുക്കുകയായിരുന്നു. ഒരു മകനെ തന്നാൽ അവനെ ദൈവസേവയ്ക്കു നൽകുമെന്നു നേർന്ന ഹന്നയും നൂറുശതമാനം കൊടുത്തവരിൽ പെടുന്നു. ദൈവനാമം മഹത്വപ്പെടാൻ ദാഗോന്റെ ക്ഷേത്രത്തിൽ ശിംശോൻ തന്റെ ജീവൻ സമർപ്പിക്കുവാൻ സന്നദ്ധനായപ്പോൾ നൂറു ശതമാനം ദൈവത്തിനു കൊടുത്തു. ഒട്ടും ബാക്കിവയ്ക്കാതെ ആകെയുണ്ടായിരുന്ന രണ്ട് കാശ് ഭണ്ഡാരത്തിലിട്ട ദരിദ്രവിധവയും നൂറുശതമാനം ദൈവത്തിനു കൊടുത്തു എല്ലാറ്റിനും എ.പ്ലസ് നേടുകയായിരുന്നു.

ദൈവത്തിനുവേണ്ടി എന്തെങ്കിലും കൊടുക്കാൻ കഴിയുന്നതു ഭാഗ്യമാണ്. അതു നിത്യതയിൽ ശോഭിക്കാനിടയാകും. ദൈവത്തിനു കൊടുക്കുന്നതു മാത്രമാണു ലാഭം. ഒരു കാലില്ലാത്ത ഒരാളോടു കാൽ യുദ്ധത്തിൽ നഷ്ടപ്പെട്ടതാണോ എന്നു ചോദിച്ചപ്പോൾ നഷ്ടപ്പെട്ടതല്ല രാജ്യത്തിനു കൊടുത്തതാണെന്നായിരുന്നു ഉത്തരം. കിട്ടുന്നതല്ല കൊടുക്കുന്നതാണ് കൃപ (2 കൊരി 8:1). വാങ്ങുന്നതല്ല കൊടുക്കുന്നതാണു ഭാഗ്യം. (അ.പ്ര. 20:35).

ഈ തത്വം ഗ്രഹിച്ചിരുന്നതുകൊണ്ടാണു യേശു ദൈവമാണെന്നു ബോദ്ധ്യമായപ്പോൾ ഞാൻ എന്തു ചെയ്യണം എന്ന് ശൗൽ ചോദിച്ചത്. എനിക്കെന്തുതരും എന്നാണു ചിലരുടെ ചോദ്യം. യേശു പറയുന്നു മുമ്പെ എന്റെ രാജ്യവും നീതിയും അന്വേഷിക്ക. കഴുതക്കുട്ടിയെക്കുറിച്ചവൻ പറഞ്ഞു: കർത്താവിനിതിനെക്കൊണ്ടാവശ്യമുണ്ട്. നമ്മുടെ ധനവും ബലവും സമയവും കർത്താവ് കയ്യിലെടുക്കുമെങ്കിൽ നാം എത്ര ധന്യരാണ്?

"സർവ്വവും യേശു നാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ.
എന്റെ രോഗവും എന്റെ സൗഖ്യവും
നീ എനിക്കു തന്നതൊക്കെയും.
എന്റെ ആയുസ്സും എന്റെ ഭാവിയും
നീ എനിക്കു തന്നതൊക്കെയും സർവ്വവും യേശു."

## 27

## ഏലിയാവിന്റെ ദൈവം എവിടെ?

**ഏ**ലീശാപ്രവാചകൻ ഏലിയാവിന്റെ മേൽനിന്നു വീണ പുതപ്പെടുത്തു യോർദ്ദാനെ അടിച്ചുകൊണ്ടു ചോദിച്ചത് ഏലിയാവിന്റെ ദൈവം എവിടെ എന്നാണ്. ഏലിയാവിൻ പുതപ്പെവിടെ എന്ന് ഒരു പാട്ടിൽകേട്ടു. ഏലിയാവിന്റെ പുതപ്പിനോ ഏലീശായുടെ എല്ലിനോ യേശു തൂങ്ങിയ ക്രൂശിനോ അല്ല പ്രാധാന്യം കൊടുക്കേണ്ടത്. ഏലിയാവിന്റെ ദൈവമായ കാറ്റിനെയും കടലിനെയും ശാസിച്ച യേശുവിനാണ്. യേശുവിനോടു പ്രാർത്ഥിച്ചാൽ അസാദ്ധ്യമായതൊന്നുമില്ല.

ഒരു വേനൽക്കാലത്തു ചൂടും ആവിയും മൂലം ആകെ അസ്വസ്ഥത. ഉറങ്ങിയിട്ടു ദിവസങ്ങളായി. വേനൽക്കാലത്തു വാട്ടർ ബെഡ് ചൂടാകും. പുറത്തെ സ്റ്റീൽ റാഡിനു ചൂടുപിടിക്കും. ക്ലാരമ്മ പ്രാർത്ഥിച്ചു. കർത്താവേ എനിക്കൊന്നുറങ്ങണം. നീ അന്തരീക്ഷത്തെ തണുപ്പിക്കണം. വിശ്വാസത്തോടെയാണു പ്രാർത്ഥിച്ചത്. പ്രാർത്ഥനാനന്തരം വലിയൊരു ധൈര്യവും പ്രത്യാശയുമുണ്ടായി. വീട്ടുകാരോടു പറഞ്ഞു ഇന്നു മഴയുണ്ടാകും. വരണ്ട കാലാവസ്ഥ തുടരുമെന്നാണല്ലോ പത്രത്തിൽ? അല്ല ഇന്നു മഴ പെയ്യും. മണിക്കൂറിനുള്ളിൽ അന്തരീക്ഷം മാറി. മഴ അന്തരീക്ഷത്തെ തണുപ്പിച്ചു. ക്ലാരമ്മയും വീട്ടുകാരും ദൈവത്തിനു നന്ദിപറഞ്ഞു അന്നു സുഖമായി ഉറങ്ങി. തന്റെ പ്രിയനോ അവൻ ഉറക്കം കൊടുക്കുന്നു എന്നാണു വാക്യം (സങ്കീ 127:2). ഇതൊക്കെ സ്വാഭാവികമായി സംഭവിക്കുന്നതാണെന്നേ സാമാന്യജനം പറയൂ. എന്നാൽ യേശുവിനെ തൊട്ടവർക്കറിയാം അനിൽനിന്നു ശക്തി പ്രവഹിച്ച കാര്യം. യേശു ആരോവരച്ച ചിത്രത്തിലല്ല തന്നെ സ്നേഹിക്കുന്നവരുടെ സമീപത്തുണ്ട്, ഒരു കൂട്ടുകാരനോടു ഹൃദയം തുറന്നു സംസാരിക്കുന്നതുപോലെ വേദനകൾ പറയുന്നതാണ് പ്രാർത്ഥന. അതു വൺവേ ട്രാഫിക് പോലെ ഒരു വശത്തേക്കുമാത്രം ഒഴുകി ക്കൊണ്ടിരിക്കുന്നതല്ല ടൂവേ ട്രാഫിക്കാണ്. മറുപടിയും വന്നുകൊണ്ടിരിക്കും.





## 28

## ചവറ്റുകൊട്ടയെയും മാനിക്കുന്ന കർത്താവ്

**കാ**നാവിലെ കല്യാണവീട്ടിൽ ശുശ്രൂഷക്കാരും കിണറും വെള്ളവും കല്പാത്രവും വിരുന്നുവാഴിയും മാനിയ്ക്കപ്പെട്ടതു പോലെ ഗൾഫിലെ ഒരു ചവറ്റുകൊട്ടയും മാനിക്കപ്പെട്ട കഥയാണെടുത്തത്. വേദ നാദം എന്ന മാസിക പൗലോസ് തുടിയന്റെ മക്കൾ പ്രസിദ്ധീകരിക്കുന്നതാണ്. ക്ലാരമ്മയുടെ വീഴ്ചയുടെയും കിടപ്പിന്റെയും കാര്യം പ്രാർത്ഥനയ്ക്കായി അതിൽ ചേർത്തിരുന്നു. ഗൾഫിൽ അതു ലഭിച്ച ആരോ വായിച്ച ശേഷം വീട്ടിൽ സൂക്ഷിക്കാതെ വഴിയരികിലെ വെയ്സ്റ്റു കൊട്ടയിലിട്ടു.

ചില ഗൾഫുരാജ്യങ്ങളിൽ ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ അതീവ രഹസ്യമായി വായിക്കണം. പോലീസുകാർ വീടു പരിശോധിക്കുമ്പോൾ മാസികയോ പുസ്തകങ്ങളൊ കണ്ടാൽ പ്രശ്നമാണ്. അവിടെയൊക്കെയുള്ള വിശ്വാസികൾ ബൈബിൾ പഠിക്കാനും വായിക്കാനും വലിയ വിലകൊടുക്കുന്നവരാണു. ജോലി കഴിഞ്ഞാൽ വീട്ടിൽ പോകാതെ നേരെ ബൈബിൾ ക്ലാസിനു വരുന്നവരും ഉണ്ട്. നമ്മുടെ നാട്ടിൽ ആളുകൾക്ക് ദൈവവചനത്തെക്കാളിഷ്ടം സിനിമയും സീരിയലും കോമഡിയും ക്രിക്കറ്റുകളിയുമാണ്.

ഡൽഹിയിൽ നടന്ന ഏഷ്യാഡിനുശേഷം ഇന്ത്യയിലെ സുവിശേഷീകരണത്തിന് ഏറ്റവും ദോഷം ചെയ്തിട്ടുള്ളത് റ്റി.വി.യാണ്. അന്നു മോശയുടെ വാക്കുകൾ കേൾക്കാൻ പോകാതിരിക്കാൻ ഫറവോൻ യിസ്രയേൽ മക്കളുടെ വേല കഠിനമാക്കിയതുപോലെ ഇന്നു വചനം കേൾക്കാൻ പോകാതിരിക്കാൻ സാത്താൻ റ്റി.വി.ക്കു മുമ്പാകെ ആളുകളെ തളച്ചിടുന്നു.

വെയ്സ്റ്റു കൊട്ടയിൽ കണ്ട ആ മാസിക മറ്റൊരു വിശ്വാസി എടുത്തു വായിച്ചു. അപ്പോൾ വീഴ്ച കഴിഞ്ഞിട്ട് രണ്ടു വർഷം പിന്നിട്ടിരുന്നു. ക്ലാരമ്മയുടെ സാക്ഷ്യം വായിച്ചപ്പോൾ ദൈവാത്മാവ് അദ്ദേഹത്തോടിടപെട്ടു. വേദനാദം ഓഫീസിലേക്കു 5000 രൂപ അയച്ചു കൊടുത്തിട്ട് അതു ക്ലാരമ്മയെ ഏൽപ്പിക്കാൻ നിർദ്ദേശിച്ചു. അവർ അത് വീട്ടി

ലെത്തിച്ചു. വളരെ അത്യാവശ്യമുള്ള സമയത്തായിരുന്നു ആ തുക ലഭിച്ചത്. മോശക്കുഞ്ഞും ഇതുപോലൊരു വേസ്റ്റുകൊട്ടയിലായിരുന്നല്ലോ? ഫറവോന്റെ പുത്രിയുടെ മകൾ നീലനദിയിലൂടെ ഒഴുകിവന്ന ആ കൊട്ടയിൽനിന്നു ആ കുഞ്ഞിനെ എടുത്തുവളർത്തി. അവർ അടിമകളാക്കിവച്ചുകൊണ്ടിരുന്ന യിസ്രായേലിനെ ആ രാജ്യത്തു നിന്നു വിടുവിച്ചു കൊണ്ടുപോകേണ്ട നേതാവാണിതെന്നവൾ അറിഞ്ഞിരുന്നില്ല. കൊട്ടയിൽനിന്നു കൊട്ടാരത്തിലെത്തിയ ആശിശു അവരെ തോല്പിച്ചു കഴിഞ്ഞിരുന്നു. ശിശുവായ യേശു ഹെരോദാരാജാവിനെ തോല്പിച്ചതുപോലെ.

അപ്പൊസ്തലനായ പൗലോസും ഒരിക്കൽ ഒരുകൊട്ടയിൽ ചുരുണ്ടുകൂടികിടന്നിട്ടുണ്ട്. ദമസ്ക്കോസിൽവച്ചു സത്യദൈവം യേശുവാണെന്നു ബോദ്ധ്യപ്പെട്ട പൗലോസ് അവിടെയുള്ള യഹൂദന്മാരോടു യേശുതന്നെ ക്രിസ്തു എന്നു തെളിയിച്ചു പ്രസംഗിച്ചു. യഹൂദന്മാർ പൗലോസിനെ കൊല്ലാനൊരുങ്ങിയപ്പോഴാണു ശിഷ്യന്മാർ അദ്ദേഹത്തെ ഒരു കൊട്ടയിലിരുത്തി മതിൽ വഴിയായി രാത്രിയിൽ പുറത്തിറക്കിവിട്ടു രക്ഷിച്ചത് (അ.പ്ര. 9:25). പിൽക്കാലത്തു രാജാക്കന്മാരുടെ മുമ്പിൽ നട്ടെല്ലു നിവർത്തിനിന്ന് നസറായനു വേണ്ടി വാദമുഖങ്ങളുയർത്തിയവൻ അട്ട ചുരുളുന്നതുപോലെ ഒരു കൊട്ടയിൽ ചുരുണ്ടിരിക്കുകയാണു. കൊട്ടയിൽ ചുരുണ്ടിരിക്കാൻ പറയുമ്പോൾ സന്തോഷത്തോടെ ഇരിക്കുന്നവനാണ് രാജാവിനേക്കാൾ ഉയരുന്നത്.

ചിലർക്കു കൊട്ട വേണ്ട കൊട്ടാരം മതി. കുരിശുവേണ്ട കിരീടം മതി. ഇടയന്റെ വടിവേണ്ട രാജാവിന്റെ ചെങ്കോൽ മതി. പുൽത്തൊട്ടിയിൽ കിടന്ന യേശു സ്വർഗ്ഗ സിംഹാസനത്തിലേക്കുയർന്നില്ലെ? കുരിശിൽ മുൾമുടി ചൂടിക്കിടന്ന യേശു പൊൻമുടി ചൂടി രാജാധിരാജനായി മടങ്ങിവരില്ലെ?

“കാലിത്തൊഴുത്തിൽ ഹീനനായ്
കാൽവറി ക്രൂശിൽ ഏകനായ്
കാൽകരം കാരിരുമ്പിലായ്
കാണുന്നിതെന്തൊരാശ്ചര്യം?
അത്ഭുത സ്നേഹമേ......”

(Fairest of all the earth)





## 29

# സമാധാനത്തിന്റെ ദൈവവും ദൈവസമാധാനവും

സഭ മാറിയതിനാലുള്ള ദൈവശിക്ഷയാകാം ഈ അപകടമെന്നു ക്ലാരമ്മ ധരിച്ചിട്ടുണ്ടാകാം. അങ്ങനെ നൊന്തുനീറിക്കഴിയുകയാണെങ്കിൽ വാതിലുകൾ ഇനിയും അടഞ്ഞിട്ടില്ല എന്നറിയിക്കുവാൻ രണ്ടു കന്യാസ്ത്രീകൾ ഒരിക്കൽ വീട്ടിൽ വന്നു. ക്ലാരമ്മ അവരെ സന്തോഷത്തോടെ സ്വീകരിച്ചു. ഒരിക്കൽ സഭാവസ്ത്രമണിയുവാൻ ക്ലാരമ്മ ഏറെ കൊതിച്ചതാണ്. കുന്നിൻമുകളിലുള്ള ആ വീട്ടിൽ വന്നുകണ്ട് ആശ്വസിപ്പിക്കുവാൻ എത്തിയ ആ കന്യാസ്ത്രീകളോടു വലിയ ബഹുമാനം തോന്നിയ ക്ലാരമ്മ അവരോടു അനുഭവസാക്ഷ്യം വിവരിച്ചു. സഭ വിട്ടുപോയതല്ല, ക്രിസ്തുവിനോടു ചേർന്നതാണ്.

ക്രിസ്തു തന്നിലാശ്രയിക്കുന്നവർക്കു നൽകുന്നസമാധാനം സകല ബുദ്ധിക്കുമതീതമാണ്. “സ്ഥിരമാനസൻ നിന്നിൽ ആശ്രയം വച്ചിരിക്കയാൽ നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കും” (യെശ 26:2). “സമാധാനത്തിനായി എനിക്കു അത്യന്തം കൈപ്പായതു ഭവിച്ചു. എങ്കിലും നീ എന്റെ സകല പാപങ്ങളും നിന്റെ പിറകിൽ എറിഞ്ഞു കളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശക്കുഴിയിൽനിന്നു സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു”.(യെശ 38:17). “കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കില്ല. നിന്റെകണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു. ഇതിൽ നടന്നു കൊൾവീൻ എന്നൊരു വാക്കു പിന്നിൽനിന്നു കേൾക്കും” (യെശ 30:20, 21).

അവർ ഇതുവരെ കേൾക്കാത്ത വാക്യങ്ങളായിരുന്നു അവ. എന്നു മാത്രമല്ല രാപകൽ വേദന സഹിക്കുന്ന തളർന്നു കിടക്കുന്ന രോഗിയിൽ നിന്നും തികഞ്ഞ സന്തോഷത്തിന്റെ വാക്കുകൾ കേട്ടതും ആദ്യത്തെ അനുഭവമായിരുന്നു. പെട്ടെന്നു പോകാൻ വന്ന അവർ മണിക്കൂറുകൾ ഇരുന്നു വചനംകേൾക്കുകയും ക്ലാരമ്മയുമായി നർമ്മസല്ലാപത്തി

ലേർപ്പെടുകയും ചെയ്തു. അവർ ക്ലാരമ്മയോടു പ്രാർത്ഥന അഭ്യർത്ഥിച്ചു. ക്ലാരമ്മ പ്രാർത്ഥിച്ച് അവരെ യാത്ര അയച്ചു.

അവർ പോകാനിറങ്ങിയപ്പോൾ 'തിരിച്ചു പിടിക്കാൻ വന്നതായിരുന്നു' എന്ന രഹസ്യം മറച്ചുവച്ചില്ല. ശമര്യാമലയിൽ പാർത്ത ഏലീശാ പ്രവാചകന്റെ ജീവിതത്തിലെ ഒരനുഭവം ഇതിനു സമാന്തരമാണ്.

സിറിയ യിസ്രായേലിനെ ആക്രമിച്ചുകൊണ്ടിരുന്ന കാലത്തു സിറിയയുടെ പടനീക്കങ്ങളെക്കുറിച്ചു ഏലീശാപ്രവാചകൻ യിസ്രായേൽ രാജാവിനെ അതാതു സമയത്തു അറിയിക്കുകയും സിറിയയെ അങ്ങനെ തോൽപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിൽ കുപിതനായ സിറിയൻ രാജാവ് ഏലീശയെ പിടിക്കാൻ സൈന്യത്തെനിയോഗിച്ചു. അവർ ഏലീശ താമസിച്ചിരുന്ന മല വളഞ്ഞു. ഏലീശയുടെ പ്രാർത്ഥനയാൽ സൈന്യത്തിലെല്ലാവർക്കും അന്ധത പിടിപെട്ടു. ഏലീശ അവരെ വഴികാണിച്ചുതരാം എന്നു പറഞ്ഞ് യിസ്രയേൽ രാജാവിന്റെ മുമ്പിലെത്തിച്ചു. വീണ്ടും ഏലിശ പ്രാർത്ഥിച്ചപ്പോൾ അവരുടെ കണ്ണു തുറക്കപ്പെട്ടു. ഏലീശയുടെ ഉപദേശപ്രകാരം അവർക്കു വലിയൊരു വിരുന്നു നൽകി. അവർ മടങ്ങിപ്പോയി പിന്നെ യിസ്രായേലിനെതിരെ യുദ്ധത്തിനു വന്നില്ല (2 രാജ 6:8-23).

13 വർഷം കഴിഞ്ഞിട്ടും കന്യാസ്ത്രിമാരും പുരോഹിതരും ഉൾപ്പെടെ ധാരാളംപേർ സന്ദർശിക്കാനെത്തുന്നുണ്ട്. ചിലർ ആശ്വാസവാക്കുകൾ പറയാനാണു വരുന്നത്. ക്ലാരമ്മയുടെ ആത്മീയ സന്തോഷവും ധൈര്യവും കാണുന്ന പലരും തങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ പങ്കുവയ്ക്കും. ഏകാന്തതകളിൽ അവ ഒന്നൊന്നായി ഓർത്ത് ആത്മാർത്ഥമായി പ്രാർത്ഥിക്കും. ധാരാളം വിഷയങ്ങൾക്കു ദൈവം മറുപടി നൽകിയിട്ടുണ്ട്.

ഈ രോഗക്കിടക്ക അനേക സുഹൃത്തുക്കളോടു രക്ഷിക്കുന്ന കർത്താവിനെക്കുറിച്ചു പറയാൻ പ്രയോജനപ്പെട്ടു. അവരിൽ ചിലർ വിശ്വസിച്ചു സ്നാനപ്പെട്ടു സ്വദേശത്തും വിദേശത്തുമായി കർത്താവിനെ ആരാധിക്കുന്നു. ചിലർ പ്രതികൂലങ്ങൾ നിമിത്തം പരസ്യമാക്കാതെ രഹസ്യമായി കർത്താവിനോടു പ്രാർത്ഥിച്ചുവരുന്നു.

പലരും ഫോണിലൂടെ പ്രാർത്ഥനാ വിഷയങ്ങൾ അറിയിക്കുന്നു. മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതാണു. ക്ലാരമ്മയുടെ പ്രധാന ശുശ്രൂഷ. പ്രാർത്ഥനയിൽ ലയിക്കുമ്പോൾ വേദന അറിയാറില്ല. ഒരിക്കൽ കഴുത്തിൽ മുഴകൾ ഉണ്ടായിക്കൊണ്ടി രുന്ന ഒരു ആദിവാസി സ്ത്രീ





പ്രാർത്ഥനയ്ക്കായി വന്നു. അവരോടു കർത്താവിനെക്കുറിച്ചു പറഞ്ഞിട്ടു പ്രാർത്ഥിച്ചു. ചില ദിവസം കഴിഞ്ഞ് അവർ പൂർണ്ണ സൗഖ്യത്തോടെ കാണാൻ വന്നു. മേലാൽ ബൈബിൾ വായിച്ച് യേശുവിനോടു മാത്രമേ പ്രാർത്ഥിക്കു എന്നു പറഞ്ഞാണു പോയത്.

ഇരിക്കാനോ നടക്കാനോ സ്വന്തം വീടുവിട്ടു പുറത്തു പോകാനോ ആവതില്ലാത്ത ഒരാൾക്കു സർക്കാർജോലി ചെയ്യാനാ കുമോ? അങ്ങനെയുള്ള ചുരുക്കം ചിലർ വരയ്ക്കുക, സംഗീതോപ കരണങ്ങൾ വായിക്കുക, കമ്പ്യൂട്ടർ ഉപയോഗിക്കുക തുടങ്ങി കൈ ഉപയോഗിച്ചു ചെയ്യാവുന്നവ ചെയ്തു പ്രസിദ്ധരായിട്ടുണ്ടെന്നുള്ളതു വിസ്മരിക്കുന്നില്ല. മനോധൈര്യം കൊണ്ടാണത്. എന്നാൽ ക്ലാരമ്മ പ്രയോജനപ്പെടുന്നതു മനോധൈര്യം കൊണ്ടല്ല ദൈവകൃപ കൊണ്ടാണ്, കൃപാവരം കൊണ്ടാണ്. മറ്റുള്ളവരുടെ ആത്മീയവും ഭൗമികവുമായ ആവശ്യങ്ങൾ ദൈവത്തെ അറിയിക്കുന്നതു (കൊലോ 4:12,13) പ്രതിഫലം കൈപ്പറ്റാവുന്ന സേവനമാണ് (മത്താ 6:18). അതിന് കാലുകളുടെയും നട്ടെല്ലിന്റെയും ആവശ്യമില്ല. ആത്മീയ കാലുകളും ആത്മീയ നട്ടെല്ലും മതി.

മറ്റുള്ളവർക്കു ഗുണമുണ്ടാകാനാഗ്രഹിക്കുന്നവർക്കു മാത്രമേ അവർക്കായി പ്രാർത്ഥിക്കാനാകൂ. മറ്റുള്ളവർക്കു ഗുണകാംക്ഷിയാകുന്നത് ക്രിസ്തുവിന്റെ സ്വഭാവമാണ്. (ഫിലി 2:4,5). അവർക്കു ആത്മീയ ഗുണമുണ്ടാകാൻ തന്നത്താൻ താഴ്ത്തി ക്രൂശുമരണം വരിച്ച ക്രിസ്തുവിനെ പിതാവ് എല്ലാവരേക്കാളും ഉയർത്തി (ഫിലി 2:9). ദൈവജനത്തിന്റെ നന്മ ആഗ്രഹിച്ചു പ്രാർത്ഥിക്കുന്നവർക്ക് ദൈവം പ്രതിഫലം നൽകാതിരിക്കില്ല. ഈയ്യോബ് സ്നേഹിതന്മാർക്കുവേണ്ടി പ്രാർത്ഥിച്ചതിനാൽ ദൈവം അവന്റെ സ്ഥിതിക്കു ഭേദം വരുത്തി. അപരന്റെ നന്മ ലാക്കാക്കി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഉന്നത ആത്മീയ നിലവാരവും മൂല്യബോധവും ദൈവം നമുക്കു നൽകട്ടെ.

"കരുത്തനാമവൻ കരത്തിനാൽ
പിടിച്ചിരിക്കയാൽ
ഒരുത്തനും പിടിച്ചുവേർ
പിരിക്കുവാൻ കഴിഞ്ഞിടാ
വിരുദ്ധമായ് വരുന്നതൊന്നും
ഏതുമേ ഭയന്നിടാ. ഇതെന്തു ഭാഗ്യം...."

# 30

# കർത്താവിന്റെ ഫയർ ഫോഴ്സ്

**ഒ**രിക്കൽ മദ്ധ്യവേനൽക്കാലം. ദേശമെല്ലാം വറ്റിവരണ്ടിരിക്കുന്നു. പുല്ലുകൾ കരിഞ്ഞിരിക്കുന്നു. എങ്ങും ഒരു പച്ചപ്പില്ല. അപ്പോളാണതു സംഭവിച്ചത്. ഇലക്ട്രിക് കമ്പിതട്ടി വീട്ടുമുറ്റത്തെ തെങ്ങിനു തീ പിടിച്ചു. തെങ്ങുനിന്നു കത്തുകയാണ്. തീ താഴേക്കുവീണുതുടങ്ങി. അതു കരിയിലയ്ക്കു പിടിച്ചു പറമ്പാകെ തീ പടരാനും വീട്ടിലേക്കു തീ ആളാനും സാദ്ധ്യതയുണ്ട്. സമയം രാത്രി. ജോമോൻ സ്ഥലത്തില്ല.

തെങ്ങുകത്തുന്നതുകണ്ടും ഒച്ചപ്പാടുകേട്ടും അയൽക്കാരും വഴി പോക്കരും തടിച്ചുകൂടി. വെള്ളം കോരി ഒഴിച്ചു തീ കെടുത്താനാകില്ല. ഒന്നാമതു വെള്ളമില്ല, രണ്ടാമതു തെങ്ങിൻ ചുവട്ടിലേക്കു ആർക്കും അടുക്കാനാവില്ല, തീയിൽ നിൽക്കുന്ന ലൈൻ കമ്പി ഏതു നിമിഷവും മുറിഞ്ഞു താഴെവീഴും. അതു ഏറ്റവും അപകടമാണ്. അതുകൊണ്ട് മനുഷ്യരെല്ലാം നിസ്സഹായരായി.

ക്ലാരമ്മ കട്ടിലിൽ കിടന്നുകൊണ്ട് എല്ലാം കാണുകയും കേൾക്കു കയും ചെയ്യുന്നുണ്ട്. ഗ്രാമമല്ലെ ഫയർഫോഴ്സിന്റെ സേവനം ലഭ്യമല്ല. ദൈവത്തിനല്ലാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത ഒരു ദശാസന്ധി. ക്ലാരമ്മ സ്വർഗ്ഗത്തേക്കു കണ്ണുയർത്തി. ഏലിയാവിന്റെ ദൈവമേ നീ ഒരത്ഭുതം പ്രവർത്തിച്ചേ മതിയാകൂ. ഈ നിൽക്കുന്ന ജനങ്ങൾ യേശു വിന്റെ മഹത്വമറിയാനിടയാകണം.

പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ മഴക്കോളോ കാറ്റോ ഇല്ലാതെ പുതുമഴ. അതും മണിക്കൂറുകളോളം. തോട്ടിൽകൂടെ വെള്ളം ഒഴുകത്തക്കവണ്ണം തുള്ളിക്കൊരുകുടം എന്നു പറയുന്നതുപോലെ മഴ.

മഴ ശക്തമായതോടെ ആളുകൾ ഒടിപ്പോയെങ്കിലും അന്നു കാഴ്ചക്കാരായിരുന്ന പലരും പിന്നീടു പറഞ്ഞു, അതു കർത്താവിന്റെ അത്ഭുതമായിരുന്നെന്ന്. വീടിനു തീ പിടിക്കുകയോ ഇലക്ട്രിക് ലൈൻ പൊട്ടിവീണ് ആർക്കെങ്കിലും എന്തെങ്കിലും സംഭവിക്കുകയോ ചെയ്തി





രുന്നെങ്കിൽ മനുഷ്യർക്കു പറഞ്ഞു നടക്കുവാൻ പലതും ഉണ്ടാകുമായി രുന്നു. എന്നാൽ കർത്താവു ശത്രുക്കളുടെ മദ്ധ്യേ മേശ ഒരുക്കി. ആകാശ ത്തൂടെ തന്റെ ഫയർ ഫോഴ്സുമായി കർത്താവു സഹായത്തിനെത്തു കയായിരുന്നു (ആവ. 33:26). ഇലക്ട്രിസിറ്റി ബോർഡുകാർ വന്നത് രണ്ടുമണിക്കൂർ കഴിഞ്ഞായിരുന്നു.

ആരെങ്കിലും കർത്താവിന്റെ കൈയാണെന്നു മനസ്സിലാക്കി കർത്താവിങ്കലേക്കു തിരിഞ്ഞോ എന്നറിയില്ല. എന്നാലിതെല്ലാം ക്ലാരമ്മ യുടെ വിശ്വാസം ശക്തിപ്പെടുത്തുവാൻ കർത്താവു ചെയ്തതായിരുന്നു.

യോന ഉപ്പുവെള്ളം കുടിച്ചു ചത്തുകാണുമെന്നു വിചാരിച്ചാണു കപ്പൽ യാത്രക്കാർ തർശ്ശീസിനു പോയത്. മഹാമത്സ്യം മനുഷ്യനെ വിഴുങ്ങി കരയ്ക്കെത്തിക്കുമെന്നവർക്കു കേട്ടുകേഴ്‌വി പോലുമില്ലായി രുന്നു. അവർ മത്സ്യത്തെ കണ്ടുമില്ല. യോനയുടെ വിശ്വാസം വർദ്ധിപ്പി ക്കുവാനും പിന്നീട് ഏറെ പ്രയോജനപ്പെടുത്തുവാനുമാണ് ദൈവം അങ്ങനെ ചെയ്തത്. തന്മൂലം ഒരുലക്ഷത്തി ഇരുപതിനായിരത്തി ലധികം മനുഷ്യർക്കും മൃഗങ്ങൾക്കുമാണ് പ്രയോജനമുണ്ടായത്.

യേശു ചെയ്ത പല അത്ഭുതങ്ങളും അരുമശിഷ്യരുടെ വിശ്വാസം വർദ്ധിപ്പിക്കാനായിരുന്നു. ശിഷ്യർ വിശ്വാസത്തിൽ ശക്തരായാൽ അവർക്കു മറ്റുള്ളവരെ വിശ്വാസത്തിലേക്കു നയിക്കാനാകും. അവരുടെ ശക്തമായ പ്രസംഗം കൊണ്ടു മാത്രമല്ല സുവിശേഷം നിമിത്തമുള്ള പീഢയുടെ മുമ്പിൽ അവരുടെ ധീരമായ നിലപാടുകൊണ്ടും ദൈവനാമം മഹത്വപ്പെടും. അതുകൊണ്ട് ശിഷ്യരെ വിശ്വാസത്തിൽ ബലപ്പെടുത്തുകയെന്നുള്ളത് കർത്താവിനു വളരെ പ്രധാനപ്പെട്ടതാണ്.

യോനയുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ഒരു മഹാമത്സ്യത്തെ ഉപയോഗിച്ച ദൈവം 11 ശിഷ്യരുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ 153 വലിയ മത്സ്യങ്ങളെ ഉപയോഗിച്ച സംഭവം യോഹന്നാൻ 21-ാം അദ്ധ്യായത്തിലുണ്ട്. സാത്താൻ എത്ര വലിയ പ്രതിരോധനിര തീർത്താലും വിജയം നമുക്കാണെന്നേശു തെളിയിക്കയായിരുന്നു

"ശത്രുവിൻ അഗ്നി അസ്ത്രം
ശക്തിയോടെതിർക്കുന്ന
മാത്രയിൽ ജയം തന്നു
കാത്തുസൂക്ഷിച്ചീടുന്ന
നീയല്ലോ ഞങ്ങൾക്കുള്ള
ദിവ്യസമ്പത്തേശുവേ"

# 31

# തിരുനാമം നിമിത്തം......

**ഒ**രിക്കൽ സഭയിലും സമീപത്തുമുള്ള 5 കുട്ടികളെയും കൊണ്ട് ആലുവ വൈ.എം.സി.എ.യിൽ നടന്ന എസ്.എസ്.എൽ.സി. ക്യാമ്പിനു പോയി. എസ്.എസ്.എൽ.സി. കഴിയുന്ന കാലം കുട്ടികൾക്കു പെട്ടെന്നു ശരീരത്തിനും മനസ്സിനും മാറ്റം വരുന്ന കാലമാണല്ലൊ? സുപ്രധാനമായ തീരുമാനങ്ങളെടുക്കേണ്ടകാലം. ആ തീരുമാനങ്ങളാണു ഭാവിയെ മാറ്റി മറിക്കുന്നത്. അതുകൊണ്ടു മുതിർന്നവരുടെയും അറിവുള്ളവരുടെയും മാർഗ്ഗനിർദ്ദേശങ്ങൾ ഏറെ ആവശ്യമുള്ള സമയമാണത്. SSLC ക്യാമ്പ് ഉപരിപഠനത്തിനുവേണ്ട നിർദ്ദേശങ്ങളും ശാരീരികവും മാനസികവും ആത്മീയവുമായ പാഠങ്ങളും നൽകുന്ന ക്യാമ്പാണ്.

ബഹറിനിൽനിന്നും ജോലി രാജിവച്ചിട്ടുവന്ന തോമസ് മാത്യുവും ജോൺ കുര്യനും ജെയിംസ് വർഗീസ് ഐ.എ.എസും ഒക്കെയായിരുന്നു അതിന്റെ തുടക്കക്കാർ. ഈ ക്യാമ്പിനു പുറകെ കോളേജ് സ്റ്റുഡന്റ്സ് ക്യാമ്പ്, വി.ബി.എസ്., ഫാമിലി ക്യാമ്പ്, ചലഞ്ചു കോൺഫ്രൻസ്, ദിശ തുടങ്ങിയ ശുശ്രൂഷകൾ തുടങ്ങാൻ ദൈവം അവരെ ഉപയോഗിച്ചു. ബ്രദറൺസഭകൾക്കു ആത്മീയഉണർവുണ്ടാകുവാനും അതിലെ യുവതി യുവാക്കൾ കർത്താവിനെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നവരാകാനും ഈ "യൂത്ത് മിനിസ്ട്രി" വഹിച്ച പങ്ക് വലിയതാണ്. നിത്യത അതു വെളിപ്പെടുത്തും.

ക്യാമ്പു ലീഡേഴ്സിനു വലിപ്പച്ചെറുപ്പമില്ല. എല്ലാവരും ഒത്തൊരുമിച്ച് കുഞ്ഞുങ്ങളുടെ നന്മയ്ക്കായി പ്രവർത്തിക്കുകയാണ്. വടംവലിക്കുന്നവരിൽ ചിലർക്കു പ്രത്യേകതയുണ്ടോ? വള്ളം തുഴയുന്ന വരിൽ ചിലർ കേമന്മാരാണെന്നു പറയാനാകുമോ? ഗ്രൂപ്പ് സോംഗ് പാടുന്നവരിൽ ചിലർ കണ്ഠമാനം പാടി എന്നു പറയാനാകുമോ? കേരള സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കുന്ന മുതിർന്ന ഐ.എ.എസ്. ഓഫീസറും അടുക്കളയിൽ വന്നു പാത്രം കഴുകുന്നു. ഐ.എ.എസ്. എന്നാൽ ഇന്ത്യൻ അടുക്കള സർവ്വീസ് എന്നാണോ എന്ന് ആരോ ഒരിക്കൽ ചോദിച്ചു. കർത്താവിനു സ്തോത്രം.

അന്നത്തെ ആലുവക്യാമ്പ് വളരെ അനുഗ്രഹപ്രദമായിരുന്നു. ഈ ക്യാമ്പുകളുടെയെല്ലാം വിജയത്തിനൊരു രഹസ്യമുണ്ട്. അതവി ടുത്തെ





പവർസ്റ്റേഷനാണ്. മീറ്റിംഗുകൾ നടക്കുന്ന സമയം കുറെ സഹോ ദരീ സഹോദരന്മാർ മോശയും അഹരോനും ഹൂരും മലമുകളിൽ കൈ ഉയർത്തി പ്രാർത്ഥിച്ചു കൊണ്ടിരുന്നതുപോലെ പവർ സ്റ്റേഷനിലിരുന്നു നിലവിളിക്കുന്നുണ്ടാകും. അതിൽ ഞങ്ങളുടെ ജോസഫ് ആന്റണിയും ഉണ്ടാകും. ഒരു കുഞ്ഞുപോലും സാത്താന്റെ പിടിയിൽ പെടരുതെന്നുള്ളതാണു പ്രാർത്ഥന.

ഈ ക്യാമ്പിനുവേണ്ടി പണം മുടക്കിയതു നഷ്ടമായില്ലല്ലോ എന്ന തൃപ്തിയിൽ ക്ലാരമ്മ കുട്ടികളുമായി മടങ്ങിയെത്തി. ക്ലാരമ്മയുടെ കെട്ടിടത്തിൽ ഹോട്ടൽ നടത്തുന്നവരുടെ മകളും ഉണ്ടായിരുന്നു. മാതാപിതാക്കൾ ക്ലാരമ്മയുടെ കൂടെ പറഞ്ഞുവിട്ടതാണ്. രണ്ടുപേർ തയ്യൽക്കടയിലേക്കു കയറിവന്നു. അതിലൊരുത്തൻ എന്റെ പെങ്ങളെ കൊണ്ടുപോയി മതം മാറ്റി അല്ലെ എന്നു ചോദിക്കുകയും കരണത്തടിക്കുകയും ചെയ്തതു ഒരുമിച്ചായിരുന്നു. അടികഴിഞ്ഞവർ പോയി.

ഭർത്താവിനോടോ ഭർത്താവിന്റെ വീട്ടുകാരോടോ ഇതൊന്നു സൂചിപ്പിച്ചാൽ മതി വലിയ കോലാഹലമാകും. കുടിയാന്മല സംഘർഷഭരിത മാകും. എന്നാൽ ക്ലാരമ്മയ്ക്കു പതിവിലേറെ സന്തോഷം. തിരുനാമ ത്തിനുവേണ്ടി അപമാനം ഏൽക്കാൻ യോഗ്യയായി എണ്ണപ്പെട്ടതിലുള്ള സന്തോഷമായിരുന്നു അത്. രണ്ട് സ്ത്രീകളതിനു ദൃക്സാക്ഷികളായിരുന്നു. കണ്ടാവനം തെയ്യാമ്മയും മകളും. ആരോടും പറയേണ്ട എന്നവരോടു ചട്ടം കെട്ടി. യാതൊരു പരാതി യ്ക്കോ പിണക്കത്തിനോ പോയില്ല. അവന്റെ അറിവുകേടു അല്ലെങ്കിൽ തെറ്റിദ്ധാരണയല്ലെ ക്ഷമിക്കാം. രണ്ടു മണിക്കൂർ കഴിഞ്ഞ് അവന്റെ കടയിൽ ചെന്നു ചായ കുടിച്ചു. അമുസ്ലീങ്ങളോടു പ്രണയം നടിച്ചു അവരെ മതംമാറ്റി വിവാഹംകഴിക്കുന്ന ലൗജിഹാദ് എന്ന ഏർപ്പാട് ഉണ്ടെന്നവൻ കേട്ടിട്ടുണ്ട്. ഇതും അതുപോലെ ആയി രിക്കും എന്നാണവൻ തെറ്റിദ്ധരിച്ചത്.

ക്ലാരമ്മ വീട്ടിൽ കിടപ്പിലായ കാര്യമറിഞ്ഞ് അവർ കാണാൻ വന്നു. സന്തോഷത്തോടെ സ്വീകരിച്ചു കർത്താവിന്റെ ആത്മീയ വിപ്ലവം എന്താണെന്നവരോടു വിശദീകരിച്ചു. ക്ലാരമ്മച്ചേച്ചിയുടെ മനോബലം പാറപോലെ ഉറച്ചതാണെന്നു പറഞ്ഞാണവർ മടങ്ങിയത്.

"തൻ തിരുനാമത്തിനായ് മന്നിൽ
നിന്ദകൾ സഹിച്ചവരെ
തിരുസന്നിധൗ ചേർത്തു തൻ
കൈകളാലവരുടെ കണ്ണുനീർ തുടച്ചീടുവാൻ
പ്രതിഫലം തന്നിടുവാൻ...."

## 32

# തുല്യമായി വീതിയ്ക്കുന്ന നീതിയുള്ള കർത്താവ്

**ക്ലാ**രമ്മയ്ക്കു പണ്ടത്തെപ്പോലെ ഓടിനടന്നു പ്രവർത്തിക്കാൻ കഴിയുന്നില്ലല്ലോ എന്നു സഹതാപമുള്ളവരുണ്ട്. ആശുപത്രിയിൽ പോയി രോഗികളോടു സുവിശേഷം പറയുവാൻ കഴിയുന്നില്ലല്ലോ? സ്ഥലം സഭയിലെയും അയൽ സഭകളിലെയും വിശ്വാസികളെ ചെന്നു കണ്ട് ആശ്വസിപ്പിക്കാൻ സാധിക്കുന്നില്ലല്ലോ? സണ്ടേസ്കൂൾ പഠിപ്പിക്കാനും വി.ബി.എസ്. പഠിപ്പിക്കാനും യൂത്ത്ക്യാമ്പുകളിൽ പോയി എന്തെങ്കിലും സേവനം ചെയ്യാനും കഴിയുന്നില്ലല്ലോ? അങ്ങനെയൊക്കെ പ്രവർത്തിക്കുന്നതിനാലല്ലെ ദൈവനാമത്തെ മഹത്വപ്പെടുത്തുവാൻ കഴിയുന്നത്. അതിനൊക്കെയല്ലെ പ്രതിഫലമുള്ളത്?

കർത്താവിനെ കൈക്കൊണ്ട എല്ലാവരെക്കുറിച്ചും കർത്താവാഗ്രഹിക്കുന്നത് അവർ വീടും നാടും വിട്ടു പുറത്തുപോയി ശുശ്രൂഷിക്കണമെന്നല്ല. ചിലരുടെ വയൽ അടുക്കളയാണ്. അടുക്കളയിൽ വച്ച് അവർക്കു ദൈവനാമത്തെ മഹത്വപ്പെടുത്താനാകും. ചിലരുടെ ശുശ്രൂഷ മക്കളെ വളർത്തിവലുതാക്കലാണ്. മറ്റുചിലരുടെ വേലസ്ഥലം രോഗക്കിടക്കയാണ്. ഈ ദിനം മരണത്തിനായിട്ടല്ല ദൈവ പുത്രൻ മഹത്വപ്പെടേണ്ടതിനു ദൈവത്തിന്റെ മഹത്വത്തിനായിട്ടത്രെ എന്നു യേശു ലാസറിന്റെ ദീനത്തെക്കുറിച്ചു പറഞ്ഞല്ലൊ? (യോഹ 11:4).

ആരോഗ്യത്തെയും ധനത്തെയും കായികാദ്ധ്വാനങ്ങളെയും പുറത്തുപോയുള്ള സേവനങ്ങളെയും മാത്രമല്ല ദൈവത്തിനു പ്രയോജനപ്പെടുത്താൻ കഴിയുന്നത്. രോഗത്തെയും ദാരിദ്ര്യത്തെയും നടക്കാനും ഇരിക്കാനും കാണാനും കേൾക്കാനും പറയാനും പറ്റാത്ത അവസ്ഥകളെയും ദൈവത്തിനു ആയുധമാക്കാനാകും.

ഇനി പ്രതിഫലത്തിന്റെ കാര്യം. ദാവീദ് ശൗലിനെ ഭയന്നു വനവാസം ചെയ്ത കാലത്തു ഗത്ത് രാജാവായ ആഖീശിന്റെ അഭയാർത്ഥിയായിരുന്നു. ആഖീശ് അവനു സിക്ലാഗ് സ്വതന്ത്രമായി നൽകി. എന്നാൽ ദാവീദും സൈന്യവും അവിടെ ഇല്ലാതിരുന്ന സമയത്ത് അമാലേക്യർ വന്നു സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി പിടിച്ചുകൊണ്ടു





പോകുകയും പട്ടണം ചുട്ടുകളയുകയും ചെയ്തു. മടങ്ങിവന്ന് ഈ ദാരുണ കാഴ്ച കണ്ട ദാവീദ് ദൈവാലോചന പ്രകാരം അവരെ തോൽപിച്ചു ജനത്തെ വീണ്ടെടുക്കുവാൻ 600 പേരുള്ള സൈന്യവുമായി പിൻതുടർന്നു. എന്നാൽ അവരിൽ 200 പേർ ബെസോർ തോട്ടിങ്കൽ വച്ചു ക്ഷീണിതരായി. അവരെ അവിടെ യുദ്ധസാമാനങ്ങൾ സൂക്ഷിക്കാൻ ചുമതലപ്പെടുത്തിയിട്ട് 400 പേരുമായി ദാവീദ് പോയി യുദ്ധം ചെയ്തു അമാലേക്യരെ തോല്പിച്ച് എല്ലാവരെയും എല്ലാ വസ്തുവകകളെയും മടക്കികൊണ്ടുവന്നു.

ബെസോർ തോട്ടിങ്കൽ എത്തിയപ്പോൾ സൈന്യ ത്തിലെ ചില ദുഷ്ടരും നീചരും യുദ്ധത്തിനുവരാൻ പറ്റാതവണ്ണം ക്ഷീണിതരായിരുന്നവർക്കു ഓഹരി കൊടുക്കരുത് എന്നുപറഞ്ഞെങ്കിലും ദൈവഹൃദയ പ്രകാരമുള്ള ദാവീദ് യുദ്ധത്തിനു പോയവർക്കും സാമാനങ്ങൾക്കരികെ ഇരുന്നവർക്കും തുല്യമായി വീതിച്ചു നൽകാനാണു കല്പിച്ചത് (1 ശമു. 30). പോയി പ്രവർത്തിക്കുന്നവർക്കു തുല്യം പ്രതിഫലം പിന്നിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവർക്കുമുണ്ട്.

ഒരു അമാലേക്യൻ ദീനം പിടിച്ച തന്റെ മിസ്രയീമ്യദാസനെ പടയോട്ടത്തിൽ നിന്നും ഉപേക്ഷിച്ച കാര്യം 1 ശമു 30:11 മുതൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നസറായൻ തന്റെ ദാസീ ദാസന്മാരെ ദീനം വരുമ്പോൾ ഉപേക്ഷിച്ചിട്ടു പോകില്ല. “വാർദ്ധക്യം വരെ ഞാൻ അനന്യൻ, നരക്കുവോളം ഞാൻ ചുമക്കും” (യെശ 46:4).

കർത്താവിനു വേണ്ടതു നമ്മുടെ ശാരീരിക ബലമല്ല ആത്മീയ ബലമാണ്. എന്താണു ആത്മീയ ബലം? ആത്മീയ ജീവിതം നയിക്കാൻ മനുഷ്യനു ബലം ഇല്ലാതിരുന്നപ്പോൾ ക്രിസ്തു ആത്മീയ ബലഹീനർക്കായി മരിച്ചു. (റോമർ 5:6). ഈ ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നവർക്കു പിശാചിന്റെ മുമ്പിൽ മുട്ടുകുത്താതെ നിവർന്നുനിൽക്കാനുള്ള ആത്മീയ ബലം ഉണ്ടാകുന്നു. പരീക്ഷണഘട്ടങ്ങളിലും പ്രതികൂല സാഹചര്യങ്ങളിലും പിശാചിനോടു പോരാടി ജയിക്കാൻ നമുക്കാവശ്യമുള്ള ബലം കർത്താവിന്റെ കൈയ്യിലുണ്ട്. (സങ്കീ 84:5). കർത്താവ് നമ്മുടെ ബലമാണ് (സങ്കീ 27:1,46:1). അവന്റെ ബലത്തിലാശ്രയിക്കുന്നവർ മേൽക്കുമേൽ ബലം പ്രാപിക്കും (സങ്കീ 84:7). തത്സമയത്തു സഹായത്തിനുവേണ്ട കൃപയ്ക്കായി കൃപാസനമായ കർത്താവിനെ സമീപിച്ചു കൃപ അഥവ ബലംപ്രാപിക്കുന്നവർക്കു വിജയപ്രദമായ ആത്മീയ ജീവിതം സാദ്ധ്യമാണ് (എബ്രാ 4:15,16).

അവരെ നിരാശപ്പെടുത്താൻ പിശാചിനാവില്ല. ആരോഗ്യവും സുഖവും ഉള്ള പ്പോഴുണ്ടായിരുന്നതു പോലെതന്നെ രോഗവും വേദനയും ഞെരു ക്കങ്ങളും ഉള്ളപ്പോഴും കർത്താവിൽ സന്തോഷിച്ചു കഴിയുന്നവരാണ് ആത്മീയ ബലമുള്ളവരും ആത്മീയ ജയാളികളും. ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ സിംഹാസനത്തിൽ ഇരിക്കാൻ വരം നൽകും എന്നു കർത്താവ് പറഞ്ഞത് ഈ ജയത്തെക്കുറിച്ചാണ് (വെളി 3:21). കർത്താവു പരീക്ഷകളെ ജയിച്ചതു പിതാവിൽനിന്നും സൽസമയ ങ്ങളിൽ ബലം പ്രാപിച്ചാണ് (എബ്രാ. 4:15, വെളി 3:21).

അങ്ങനെ നോക്കിയാൽ സഹോദരി ക്ലാരമ്മ ജയിച്ചവരുടെ ലിസ്റ്റിലാണ്. ആത്മീയ സന്തോഷത്തെ തെല്ലും കെടുത്തിക്കളയുവാൻ ഈ അപകടത്തിനും വേദനയ്ക്കും ഏകാന്തതയ്ക്കും സാധിച്ചിട്ടില്ല. വളരെ ആരോഗ്യവും ധനവും സുഖവുമുള്ള പല വിശ്വാസികളും പ്രതികൂലങ്ങൾ വരുമ്പോൾ ചേമ്പിൻതാളുപോലെ വാടിത്തളരാറുണ്ട്. അവർക്ക് അത്രയ്ക്കു ആത്മീയ ബലമെയുള്ളൂ. അതുകൊണ്ടുതന്നെ അവർ ജയാളികളല്ല. ജയാളികളുടെ പേരു വിളിക്കുമ്പോൾ തൊഴുത്തിൽ നിന്നുവരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടാനവർ ഉണ്ടാകില്ല (മലാഖി 4:2). തലശ്ശേരിയിലെ സുവിശേഷകൻ കെ.എൻ. തോമസ് ഒരിക്കൽ ആക്രമിക്കപ്പെട്ടപ്പോൾ അദ്ദേഹം സമചിത്തത കൈവെടിയാതെനിന്നു എന്ന വാർത്ത ക്ലാരമ്മയ്ക്ക് ധൈര്യം പകർന്ന ഒന്നായിരുന്നു.

യിസ്രയേൽ ജനം മിസ്രയീമിൽ നിന്നും പുറപ്പെട്ടുപോന്ന കാലത്ത് അതിലൊരു ബലഹീനനുമില്ലായിരുന്നു. 10 ബാധകളും അവരുടെ ആത്മീയ ബലത്തിനുവേണ്ടിയായിരുന്നു. ഫറവോനെ വെല്ലുവിളിച്ചു കൊണ്ടാണു മുഴുവൻപേരും ഇറങ്ങിത്തിരിച്ചത് (സങ്കീ. 105:37). അവരുടെ ഭക്തി അവരുടെ ബലമായിരുന്നു (യിര 2:2) മരുഭൂമിയിലെ ദൈവനടത്തിപ്പുകൾ ഒന്നൊന്നായി കണ്ടു അവർ ബലം വർദ്ധിപ്പിക്കേണ്ടിയിരുന്നു. എന്നാലവർ കർത്താവിൽനിന്നും ബലം ആർജ്ജിച്ചില്ല. അതുകൊണ്ടു പലരും പിശാചിന്റെ മുമ്പിൽ തോറ്റുപോയി. അതു നമ്മുടെ മുന്നറിയിപ്പിനായി എഴുതിയിരിക്കുന്നതാണ്.

"നീ ജയിച്ചപോൽ ഞങ്ങളും
ജയിച്ചു വാഴുവാൻ
ജയാളിയായി ജീവിക്കും
നീ വാഴ്ക, വാഴ്ക, വാഴ്ക യേശുവേ"
(All hail the power of Jesus Name)





# 33

# പ്രതിഫലം സ്നേഹത്തിന്

**രോ**ഗക്കിടക്കയിൽ കിടന്നുകൊണ്ടുതന്നെ നിത്യതയിൽ പ്രശ സ്തിപത്രവും ഫലകവും കിട്ടത്തക്കനിലയിൽ ജീവിക്കാനാകും. കാരണം സ്വർഗ്ഗത്തിൽ ഏറ്റവുമധികം ആദരിക്കപ്പെടാൻ പോകുന്നതു കർത്താവിനെ സ്നേഹിച്ചവരാണ്. ‘‘തന്റെ നാമത്തോടു കാണിച്ച സ്നേഹം മറന്നുകളയുവാൻ തക്കവണ്ണം ദൈവം അനീതിയുള്ളവനല്ല’’ (എബ്രാ 6:10). ‘‘ദൈവം തന്നെ സ്നേഹിക്കുന്നവർക്കാണ് രാജ്യം വാഗ്ദത്തം ചെയ്തിരിക്കുന്നത്’’ (യാക്കോബ് 2:5). കർത്താവുതന്നെ സ്നേഹിക്കുന്നവർക്കു അന്ന് ജീവകിരീടം നൽകും’’ (യാക്കോ 1:12). ‘‘ദൈവംതന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളതു കണ്ണുകണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല’’ (1 കൊരി 2:9).

ദൈവം മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചു (1 യോഹ 4:9). ആ സ്നേഹത്തിന്റെ പ്രദർശനമാണ് ക്രൂശുമരണം (യോഹ 3:16). ദൈവം ഏറ്റവുമധികം സ്നേഹിച്ചിരുന്ന പുത്രനെയാണു നമുക്കായി മരണ ത്തിനും നരകത്തിനുമായി ഏൽപ്പിച്ചുതന്നതു. അതുകൊണ്ടാണു നാം പകരം സ്നേഹിക്കുന്നത്. ദൈവം എന്തു ചോദിച്ചാലും കൊടുത്തു കൊണ്ടു സ്നേഹിക്കണം. അതിനുള്ള തയ്യാറെടുപ്പാണു ബൈബിൾ പഠനം കൊണ്ടു നേടേണ്ടത്.

ചില വിശ്വാസികൾക്കു കിട്ടണം കിട്ടണം എന്നാണ്. തുമ്പയുടെ സ്വഭാവം. ദൈവത്തിൽ നിന്നല്ലെങ്കിൽ മനുഷ്യ നിൽ നിന്നായാലും മതി. അബ്രഹാമിനോടു ദൈവം ഏക മകനെ ആവശ്യപ്പെട്ടു. നിസ്സങ്കോചം കൊടുത്തു. യിസഹാക്കിനോടു സ്വന്തം ജീവനായിരുന്നു ആവശ്യപ്പെട്ടത്. യാഗപീഠത്തിൽ സന്തോഷത്തോടെ കഴുത്തുനീട്ടിക്കൊടുത്തു. അവർക്കതു സാധിച്ചത് അവർ ദൈവ സ്നേഹം നിമിത്തം അതിനെയെല്ലാം പകച്ചിരുന്നതുകൊണ്ടാണ് അഥവ അവയെക്കാൾ ദൈവത്തെ സ്നേഹിച്ചിരുന്നതുകൊണ്ടാണ്.

ഒരേസമയത്തു ദൈവത്തോടൊപ്പം മറ്റുള്ളവരെയും ഭൗതിക വസ്തുക്കളെയും സ്നേഹിക്കാനാവില്ല. എല്ലാവരെയും എല്ലാറ്റിനെയും

പകയ്ക്കുന്നവർക്കു മാത്രമേ ദൈവത്തെ സ്നേഹിക്കാൻ കഴിയു (ലൂക്കോ 14:26). അവയെ പകയ്ക്കുന്നവർക്കു ദൈവം ആവശ്യപ്പെടുന്ന മാത്രയിൽ ദൈവത്തിനു നൽകിക്കൊണ്ട് അവർക്കുള്ള സ്നേഹം തെളിയിക്കുവാൻ സാധിക്കും.

അബ്രഹാമിനെ പരീക്ഷിച്ചുകൊണ്ടു ദൈവം ആവശ്യപ്പെട്ടതു മകനെയായിരുന്നതുപോലെ ക്ലാരമ്മയെ പരീക്ഷിച്ചുകൊണ്ടു ദൈവം ആവശ്യപ്പെട്ടത് ആരോഗ്യമായിരുന്നു. ശരീരത്തിന്റെ പകുതി ജീവൻ എന്നു പറയാം. സന്തോഷത്തോടെ കൊടുക്കുവാൻ അഥവ ദൈവം എടുത്തപ്പോൾ പരാതിയില്ലാതെ സന്തോഷത്തോടിരിക്കാനിടയായി. ഈയ്യോബിനുള്ളതെല്ലാം എടുത്തപ്പോഴും യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നാണു സന്തോഷപൂർവ്വം പറഞ്ഞത്.

ദൈവമക്കൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളും രോഗങ്ങളും സാത്താൻ വരുത്തുന്നതാണെന്നു പഠിപ്പിക്കുന്ന സഭകളുണ്ട്. എങ്കിൽ ഈയ്യോബ് പറയേണ്ടിയിരുന്നത് യഹോവ തന്നു, സാത്താൻ എടുത്തു എന്നല്ലേ? യഹോവ തന്നതെടുക്കാൻ സാത്താനാകുമോ? ഇയ്യോബിന്റെ ഭൗതിക സമ്പത്തും സുഖവും നഷ്ടമായാൽ ഈയ്യോബു ദൈവത്തെ ത്യജിച്ചു പറയും എന്നു സാത്താൻ യഹോവയോടു പറഞ്ഞെങ്കിലും ഇയ്യോബിനു നൽകിയതൊക്കെ തിരിച്ചെടുത്തതു സാത്താനായിരുന്നില്ല ദൈവമായിരുന്നു. സമ്പത്തും ആരോഗ്യവും മാത്രമല്ല മക്കളും നഷ്ടമായാലും ദൈവഭക്തർ ദൈവത്തെ ദുഷിക്കുകയോ ഭക്തി ഉപേക്ഷിക്കുകയോ ചെയ്യുകയില്ലെന്നു തെളിയിക്കാൻ ഈയ്യോബിനെ ദൈവം ഒരു സാധന പാഠമാക്കുകയായിരുന്നു.

ദൈവം എടുത്തതെല്ലാം അബ്രഹാമിനും ഈയ്യോബിനും തിരിച്ചു ലഭിക്കാനിടയായി. അതുപോലെ ക്ലാരമ്മയുടെ കാലുകൾ ഇനി സജ്ജീവമാകുമോ? ആ കാലുകുത്തി നടക്കാനാകുമോ എന്നു ചോദിച്ചേക്കാം. അപൂർവ്വമാളുകൾക്ക് നഷ്ടപ്പെട്ടതു ഭൂമിയിൽ വച്ചു തിരികെ കിട്ടിയിട്ടുണ്ട്. ബഹുഭൂരിപക്ഷത്തിനും കിട്ടിയിട്ടില്ല. നല്ല വിശ്വാസികൾ ധാരാളം രക്തസാക്ഷികളായും അല്ലാതെയും മരിച്ചിട്ടുണ്ട്. മരിച്ചവരിൽ അഞ്ചാറു പേർമാത്രമേ ഉയിർത്തിട്ടുള്ളു. അവർ പിന്നീട് മരിക്കുകയും ചെയ്തു. അതുകൊണ്ടു വിരലിൽ എണ്ണാവുന്ന ആളുകൾക്കു സ്വത്തും ജീവനും തിരിച്ചു കിട്ടിയതുപോലെ എല്ലാവർക്കും ഭൂമിയിൽ വച്ചു തിരിച്ചു കിട്ടുകയില്ല. സ്വർഗ്ഗത്തിലാണു. പ്രതിഫലത്തോടു കൂടെ എല്ലാം തിരികെ ലഭിക്കുന്നത്.





പൗലോസ് അപ്പൊസ്തലൻ രോഗിയായിരുന്നു. പലഭൂഖണ്ഡങ്ങളിലും യാത്രചെയ്തു സുവിശേഷവേലചെയ്യുവാൻ ആരോഗ്യം ആവശ്യമാകയാൽ അതിനുവേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. അദ്ദേഹത്തെ സ്നേഹിക്കുന്ന വിശ്വാസികളും പ്രാർത്ഥിച്ചുകാണും. പക്ഷെ ഭൂമിയിൽ വച്ചു സൗഖ്യമുണ്ടായില്ല. രോഗത്തോടുകൂടെ ദൈവശുശ്രൂഷ ചെയ്യാനുള്ള കൃപ ദൈവംനൽകി. തൽഫലമായി മറ്റെല്ലാവരെക്കാളും അദ്ധ്വാനിക്കാനിടയായി (1കൊരു15:10). അവസാനം രക്തസാക്ഷിമരണം വരിക്കുകയായിരുന്നു.

പക്ഷെ യേശു ഉയിർപ്പിച്ച ലാസറിനെപ്പോലെയോ യായിറോസിന്റെ മകളെപ്പോലെയോ നയീനിലെ വിധവയുടെ മകനെപ്പോലെയോ പത്രോസ് ഉയിർപ്പിച്ച തബീഥയെപ്പോലെയോ താൻ തന്നെ ഉയിർപ്പിച്ച യൂത്തിക്കോസിനെപ്പോലെയോ പൗലോസ് ഉയിർത്തില്ല. കാരണം എല്ലാവരുടെയും ഉയിർപ്പിനു ഒരുദിവസം നിശ്ചയിക്കപ്പെട്ടിട്ടുണ്ട് (അ.പ്ര. 17:31). അതിനുമുമ്പു ജീവിതം കൊണ്ടും മരണം കൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുക (2 കൊരി 5:9).

ദൈവം നമ്മെ സ്നേഹിച്ചുകൊണ്ടാണ് കഷ്ടനഷ്ടങ്ങൾ അനുവദിക്കുന്നത്. "കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു" (എബ്രാ 12:6). കായ്ക്കുന്നതൊക്കെയും അധികം ഫലംകായ്ക്കാൻ ചെത്തി വെടിപ്പാക്കുന്നു (യോഹ 15:2). കർത്താവിനു തെറ്റുപറ്റുകയില്ല. ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല, പിന്നെ അറിയും എന്നു പത്രോസിനോടു പറഞ്ഞു (യോഹ 13:7). കർത്താവു ചെയ്യുന്നതിന്റെ അർത്ഥം അറിയാതെതന്നെ അവനെ സ്നേഹിക്കുക. അതു നമ്മുടേയും മക്കളുടേയും തലമുറകളുടേയും ദോഷത്തിനായിരിക്കില്ല എന്നു വിശ്വസിച്ചു സ്നേഹിക്കുക.

കഷ്ടതയുടെ കൈപ്പുനീരിൻ പാത്രവും
അങ്ങു എൻ കരങ്ങളിൽ കുടിപ്പാൻ തന്നാൽ
ചോദ്യം ചെയ്യാതെ വാങ്ങി പാനം ചെയ്യുവാൻ
തിരുകൃപ എന്നിൽ പകരണമേ.
ആപത്തുവേളകളിൽ
ആനന്ദവേളകളിൽ
അകലാത്ത എൻ യേശുവേ
അങ്ങയുടെ പാദം കുമ്പിടുന്നേ ഞാൻ.

## 34

# പ്രാർത്ഥനയ്ക്കും പ്രതിഫലം

**ക്ലാ**രമ്മ ഇപ്പോൾ ചെയ്തുവരുന്ന പ്രധാന ശുശ്രൂഷ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതാണ്. വീട്ടിലിരുന്നുകൊണ്ടു ചെയ്യാവുന്ന ശുശ്രൂഷയാണിത്. ശബ്ദസഹിതസേവനം പോലെ പ്രതിഫലമുള്ളതാണീ ശബ്ദരഹിത സേവനം. "ഹന്നയുടെ അധരം അനങ്ങിയതല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു" (1 ശമു 1:13). ദൈവാലയത്തിലെ നിലവിലെ ശോച്യാവസ്ഥ മാറുവാൻ അവിടെ നല്ലൊരു പുരോഹിതൻ ഉണ്ടാകണം. തനിക്കൊരു മകനെ തന്നാൽ അവനെ ശീലോവിലെ പുരോഹിത ശുശ്രൂഷയ്ക്കു നൽകാമെന്നായിരുന്നു പ്രാർത്ഥനയും നേർച്ചയും. "രഹസ്യത്തിൽ കാണുന്ന പിതാവു പ്രതിഫലം നൽകും" (മത്തായി 6:18) എന്ന വാഗ്ദാനം നിവൃത്തിച്ചുകൊണ്ട് ശമുവേലിനെക്കൂടാതെ മൂന്നു പുത്രന്മാരെയും രണ്ടു പുത്രിമാരെയും അവൾക്കു പ്രതിഫലമായി നൽകി (1 ശമു 2:21).

വേദപുസ്തകത്തിലെ ഭക്തന്മാർ ദൈവജനത്തിനു വേണ്ടി മാത്രമല്ല അല്ലാത്തവരുടെ ആവശ്യങ്ങൾക്കായും പ്രാർത്ഥിച്ചിരുന്നു. അബ്രഹാം ഗെരാർ എന്ന ദേശത്തു പ്രവാസിയായി പാർത്തകാലത്തു ഗെരാർ രാജാവായ അബീമേലെക്ക് ആളയച്ചു സുന്ദരിയായ ഭാര്യ സാറായെ പിടിച്ചുകൊണ്ടുപോയി. ഇതിന്റെ ശിക്ഷയെന്നോണം ദൈവം അബീമേലെക്കിന്റെ കുടുംബത്തിലെ സ്ത്രീകൾക്കെല്ലാം വന്ധ്യത വരുത്തി. ദൈവം അബീമേലെക്കിനെ കൊല്ലാനും തീരുമാനിച്ച വസ്തുത അറിയിച്ചപ്പോൾ അയാൾ അനുതപിച്ചു യാചിച്ചു. അബ്രഹാം അബീമേലെക്കിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം ക്ഷമിച്ചു. എന്നാൽ അബീമേലെക്കും കുടുംബവും ദൈവഭക്തരായില്ല. പക്ഷെ അവിടെ ദൈവനാമം മഹത്വപ്പെട്ടു. നാം ദൈവജനത്തിനുവേണ്ടി മാത്രമല്ല അബ്രഹാം പ്രാർത്ഥിച്ചതുപോലെ അവിശ്വാസികൾക്കായും പ്രാർത്ഥിക്കേണ്ടതാണ് (ഉല്പ 20).

മിസ്രയീമിലെ ബാധ മാറിക്കിട്ടുവാൻവേണ്ടി ഫറവോൻ പല പ്രാവശ്യം മോശയോടു പ്രാർത്ഥന ആവശ്യപ്പെട്ടു. മോശ പ്രാർത്ഥിച്ച





തിനാലാണു ബാധമാറിയത്. പക്ഷെ അതിന്റെ നന്മ അനുഭവിച്ചവരെല്ലാം ദൈവ ഭക്തരായില്ല. അവർ പഴയതുപോലെ വിഗ്രഹാരാധികളായി തുടർന്നു. ദൈവം ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും മഴ പെയ്യിക്കുന്ന സൽഗുണ സമ്പൂർണ്ണനാണ്. നാമും അതുപോലെ സൽഗുണ സമ്പൂർണ്ണരായിരിക്കണം. ഏലിയാവു പ്രാർത്ഥിച്ചതിനാലാണു മഴ പെയ്തതെന്നു യാക്കോബിന്റെ ലേഖനം പറയുന്നു (5:18). മൂന്നര വർഷത്തെ കൊടിയവരൾച്ച കഴിഞ്ഞുള്ള മഴയുടെ ഗുണഭോക്താക്കളിൽ 7000 പേർ ഒഴിച്ചു ലക്ഷക്കണക്കാളുകൾ വിഗ്രഹാരാധികളായിരുന്നു (1 രാജ 19:18).

ഈയ്യോബ് നിങ്ങൾക്കായി പ്രാർത്ഥിക്കും. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങളോടു ഞാൻ ക്ഷമിക്കും എന്നായിരുന്നു ദൈവം ഈയ്യോബിന്റെ സ്നേഹിതന്മാരോടു പറഞ്ഞത്. ഈയ്യോബ് പ്രാർത്ഥിക്കുകയും ദൈവം ക്ഷമിക്കുകയും ചെയ്തു. എന്നാൽ അവർ ദൈവഭക്തരായി മാറിയില്ല (ഈയ്യോബ് 42:7–10).

യേശു തന്റെ പരസ്യശുശ്രൂഷക്കാലത്തു കണ്ടുമുട്ടിയ സകല ദീനക്കാരോടും മനസ്സലിവുതോന്നി അവർക്കു സൗഖ്യം നൽകി. ആരോടും തന്റെ സഭയിൽ വരണമെന്ന് ആവശ്യപ്പെട്ടില്ല. അപ്പൊസ്തലന്മാരും നിരുപാധികമായാണ് ആളുകൾക്കു രോഗസൗഖ്യം നൽകിയത്. സാദ്ധ്യമായ സഹായങ്ങൾ നിസ്വാർത്ഥമായി ആളുകൾക്കു ചെയ്യുക. അതു തന്നെയായിരിക്കണം പ്രാർത്ഥനാ സഹായങ്ങളുടെയും മാനദണ്ഡം. (ഗലാ 6:10).

രക്ഷിക്കപ്പെട്ടവർ തങ്ങളോടുവന്നു പ്രാർത്ഥന ആവശ്യപ്പെടുന്ന രക്ഷിക്കപ്പെടാത്തവരോടു നിങ്ങൾ യേശുവിനെ വിശ്വസിച്ചാലേ പ്രാർത്ഥിക്കു എന്നു പറയാറില്ല. രക്ഷിക്കപ്പെട്ട നാമും രക്ഷിക്കപ്പെടാത്ത അവരും ചേർന്നു പ്രാർത്ഥിച്ചാലാണോ ദൈവം ഉത്തരം നൽകുന്നത്? അല്ല. തീർച്ചയായും ദൈവമക്കളുടെ പ്രാർത്ഥനയാണു ദൈവം കേൾക്കുന്നത്. രോഗസൗഖ്യത്തിനായോ അത്യാവശ്യങ്ങൾക്കായോ പാപികൾ പ്രാർത്ഥിച്ചാൽ ദൈവം അതു കേൾക്കുന്നില്ല (യോഹ 9:31). എന്നാൽ ദൈവം തനിക്കുള്ളവരുടെ പ്രാർത്ഥനകേൾക്കും. അവർ രക്ഷിക്കപ്പെടാത്തവരുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിച്ചാലും കേൾക്കും. ഭൗതിക കാര്യങ്ങൾ സാധിച്ചാൽ അതിന്റെ അടിസ്ഥാനത്തിൽ ആരും ക്രിസ്തുവിനെ അനുഗമിക്കേണ്ടതുമില്ല. രോഗ സൗഖ്യം

കിട്ടിയതുകൊണ്ടു ഒരാൾ ക്രിസ്തുവിശ്വാസി ആയെന്നിരിക്കട്ടെ, എന്നെങ്കിലും രോഗം വന്നാൽ അതോടെ വിശ്വാസം തീരും. അതുകൊണ്ടു പ്രാർത്ഥനയാൽ രോഗസൗഖ്യം കിട്ടയവർക്കവരുടെ വഴിക്കു പോകാം. ക്രിസ്തു പാപികളെ രക്ഷിക്കാൻ വന്നു പാപികൾക്കായി ശിക്ഷയേറ്റു മരിച്ചു. അതു വിശ്വസിച്ച് അതിലാശ്രയിക്കുന്നവരെയാണു ക്രിസ്തു രക്ഷിക്കുന്നത്. പാപമോചനത്തിനാണു ക്രിസ്തുവിൽ വിശ്വസിക്കേണ്ടത്. അങ്ങനെ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുന്നവർക്കു രോഗമുണ്ടാകാം, അതു ശിക്ഷയാകണമെന്നില്ല. ഈയ്യോബിന്റേതും പൗലോസിന്റേതും തീമൊഥെയോസിന്റേതും പോലെ ദൈവനാമമഹത്വത്തിനായുള്ള രോഗമാകാം. അവരുടെയോ സഹവിശ്വാസികളുടെയോ പ്രാർത്ഥനയാലവർക്കു സൗഖ്യം കിട്ടിയില്ലെന്നുവരാം. എന്നാലവർ പ്രാർത്ഥിച്ചാൽ മറ്റുവിശ്വാസികൾക്കും അവിശ്വാസികൾക്കും സൗഖ്യം ലഭിച്ചെന്നുംവരാം.

പൗലോസ് സ്വന്ത സൗഖ്യത്തിനായി പലവട്ടം പ്രാർത്ഥിച്ചു. പക്ഷെ ഒരു ഗുണവുമുണ്ടായില്ല. എന്നാൽ താൻ രോഗാവസ്ഥയിൽ പലർക്കും വരത്താലും പ്രാർത്ഥനയാലും രോഗശാന്തി നൽകി. ഇങ്ങനെ രോഗിയായിരുന്ന പൗലോസ് ധരിച്ചിരുന്ന ഉത്തരീയവും റുമാലും എടുത്തു രോഗികളുടെമേൽ ഇട്ടപ്പോൾ അവർക്കു സൗഖ്യമുണ്ടായി (അപ്പോ 19:12). പക്ഷേ അതു സദാ ഉപയോഗിച്ചുകൊണ്ടിരുന്ന പൗലോസിനു ഫലമുണ്ടായില്ല.

ബൈബിളിൽനിന്നും ഈ ഭാഗം വായിച്ച ചിലർ, ഭക്തന്മാർ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങൾ ചെറു കഷണങ്ങളാക്കി പൊതിഞ്ഞു ജനങ്ങളുടെ കഴുത്തിലണിയിക്കുന്ന അനാചാരം തുടങ്ങിവച്ചു. പഴന്തുണികൾക്കു നല്ലൊരു വിപണിയുണ്ടായതല്ലാതെ ആർക്കെങ്കിലും വല്ല സൗഖ്യമോ നന്മയോ കിട്ടിയതായി അറിവില്ല.

അന്നു പൗലോസിന്റെ ഉത്തരീയവും റുമാലും രോഗശാന്തിക്കുപയോഗപ്പെട്ടെങ്കിൽ എന്തുകൊണ്ടു ഇന്നും ആയിക്കൂടാ എന്നുചോദിക്കുന്നവർ രോഗശാന്തിദായകം എന്ന പേരിൽ റുമാൽ വിതരണം ചെയ്തുവരുന്നു.

അത്ഭുതങ്ങളും വീര്യപ്രവൃത്തികളും രോഗശാന്തിയുമെല്ലാം ഭക്തിയുടെയും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ഏതു കാലത്തും നടക്കുന്നതാണെന്നു പഠിപ്പിക്കുന്നവരാണ് ജനത്തെ ഈ നിലയിലെല്ലാം വിഢ്ഢിവേഷം കെട്ടിക്കുന്നത്. എന്നാൽ ബൈ





ബിൾ സൂക്ഷ്മമായി പഠിച്ചാൽ ദൈവം എല്ലാക്കാലത്തും അത്ഭുതങ്ങളും വീര്യപ്രവൃത്തികളും രോഗശാന്തിയും ഉപാധിയായി ഉപയോഗിക്കാറില്ല എന്നു മനസ്സിലാക്കാം. അത്ഭുതങ്ങളുടെ കാലവും സാധാരണകാലവുമുണ്ട്

അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് തുടങ്ങിയ പിതാക്കന്മാരുടെ കാലം സാധാരണ കാലമായിരുന്നു. യിസ്രയേൽ ജനം മിസ്രയീമിൽ പാർത്ത 400 വർഷക്കാലവും അത്ഭുതമില്ലാത്ത കാലമായിരുന്നു. എന്നാൽ മോശയുടെ കാലത്ത് അത്ഭുതങ്ങളാരംഭിച്ചു. 10 ബാധകൾ, ചെങ്കടൽപിളർക്കൽ, മേഘസ്തംഭം, അഗ്നിസ്തംഭം, പാറയിലെ വെള്ളം, മാറമധുരമാകൽ, മന്ന, കാടപക്ഷി ഇവയെല്ലാം അത്ഭുതങ്ങളായിരുന്നു.

യോശുവയുടെ കാലത്ത് അത്ഭുതങ്ങൾ കുറയാൻ തുടങ്ങി. മന്ന നിന്നു-കൃഷി ചെയ്തു ഉപജീവനം കഴിക്കണം. മേഘസ്തംഭവും അഗ്നിസ്തംഭവുമില്ല. വെള്ളത്തിനു കിണർ കുഴിക്കണമായിരുന്നു. ന്യായാധിപന്മാരുടെ കാലത്തും അത്ഭുതങ്ങൾ അപൂർവ്വമായിരുന്നു. ശമുവേലിന്റെയും ദാവീദിന്റെയും കാലത്തു ഒറ്റപ്പെട്ട അത്ഭുതങ്ങളുണ്ടായിട്ടുണ്ട്. പിന്നീട് സാധാരണ കാലമാണ്.

ഏലിയാവിന്റെയും ഏലീശയുടെയും കാലം അത്ഭുതങ്ങളുടെ കാലമായിരുന്നു. പിന്നീടു നീണ്ട സാധാരണകാലം. യോഹന്നാൻ സ്നാപകൻ അതീവ ഭക്തനും വിശുദ്ധനുമായിരുന്നെങ്കിലും യാതൊരത്ഭുതവും ചെയ്തില്ല (യോഹ 10:41). കാരണം അതു അത്ഭുതങ്ങളില്ലാത്ത കാലമായിരുന്നു.

യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ശുശ്രൂഷക്കാലത്താണ് പിന്നീട് അത്ഭുതങ്ങൾ കാണാൻ കഴിഞ്ഞത്. പൗലോസ് ഉൾപ്പെടെ അപ്പോസ്തലന്മാരാലും സഹകാരികളാലും വലിയ അത്ഭുതങ്ങളും മികച്ച വീര്യപ്രവൃത്തികളും നടന്നിട്ടുണ്ടെങ്കിലും പൗലോസിന്റെ ജീവിതാന്ത്യ ത്തോടടുത്ത കാലമായപ്പോഴേക്കും അത്ഭുതങ്ങൾ നിന്നു. ഏറ്റവും അവസാനം മരിച്ച അപ്പൊസ്തലന്മാരിൽ ഒരാളായിരുന്നു പൗലോസ്.

പൗലോസിന്റെ ഏറ്റവുമടുത്ത സഹപ്രവർത്തകനായിരുന്ന തീമൊഥെയോസിനു കൂടെക്കൂടെ അജീർണ്ണതയും ക്ഷീണവുമായിരുന്നു. രോഗശാന്തിവരം നിലനിന്നിരുന്നെങ്കിൽ പൗലോസ് കൈവച്ചു സൗഖ്യം നൽകുമായിരുന്നു. വെള്ളം മാത്രം കുടിക്കാതെ ഔഷധം എന്ന നിലയിൽ വീഞ്ഞുകുടിക്കാനാണു പൗലോസ് തീമോഥെയോസിന് നൽകിയ ഉപദേശം (1 തിമൊ 5:23). മറ്റൊരു സഹപ്രവർത്തകനായ ത്രൊഫീമോസിനെ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോകാനിട

യായി (1 തീമൊ 4:20). വരം അന്നും ഉണ്ടായിരുന്നെങ്കിൽ സൗഖ്യമാക്കി കൂടെ കൊണ്ടുപോകുമായിരുന്നു. പൗലോസ് ആദ്യം എഴുതിയ ലേഖനങ്ങളിലല്ലാതെ അവസാനം എഴുതിയ ലേഖനങ്ങളിൽ വരങ്ങളെക്കുറിച്ചുള്ള സൂചനകളില്ല. കാരണം ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തന്നെ അത്ഭുതവരങ്ങൾ നിലച്ചിരുന്നു. അപ്പൊസ്തലന്മാരുടെ ലക്ഷണങ്ങളിലൊന്നാണ് വീര്യപ്രവൃത്തികൾ (2 കൊരി 12:12). അവർ യേശുവിനെ കണ്ടിരിക്കണമായിരുന്നു (1 കൊരി 9:1) അപ്പൊസ്തലന്മാരുടെ കാലം കഴിയുന്നതോടെ വീര്യപ്രവൃത്തികളുടെ വരം ഇല്ലാതാകുമെന്നുള്ളതു യുക്തിപരമാണല്ലൊ?

ഇന്നു രോഗശാന്തിവരപ്രാപ്തർ ഉണ്ടായിരുന്നെങ്കിൽ നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ വരപ്രാപ്തരെ വരുത്തട്ടെ, അല്ലെങ്കിൽ ദീനമായി കിടക്കുന്നവരെ അങ്ങനെയുള്ളവരുടെ അടുത്തേക്കു കൊണ്ടുചെല്ലട്ടെ എന്നു യാക്കോബ് എഴുതുമായിരുന്നു. അദ്ദേഹം എഴുതിയിട്ടുള്ളത് സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ ചികിത്സയുടെ ഭാഗമായി എണ്ണ പൂശുകയും വിശ്വാസത്തോടെ പ്രാർത്ഥിക്കുകയും ചെയ്യട്ടെ എന്നാണ്. പഴയകാലങ്ങളിൽ മരുന്നുകളെല്ലാം തൈലരൂപത്തിലായിരുന്നു (യിര 8:22). ചികിത്സ ചെയ്യുന്നതുപാപമല്ല. സാദ്ധ്യമായ പരിചരണങ്ങൾ ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യുവാനാണു ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്.

'ദീനമായി കിടക്കുന്നവൻ' സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ എന്നാണ്. ദീനമായി കിടക്കുന്നവരുടെ ബന്ധുക്കൾ വരുത്തട്ടെ എന്നല്ല. എണ്ണപൂശി വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നത് രോഗി സൗഖ്യം പ്രാപിക്കാനാണ്. എന്നാൽ യാതൊരാശയ്ക്കും വഴി ഇല്ലാത്തവർക്കു വേണ്ടി ബന്ധുക്കൾ ചെയ്യിക്കുന്ന ഒരു കാര്യമായി ഇത് വ്യതിചലിച്ചിട്ടുണ്ട്. രോഗി തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കേണ്ടതാണ്.

"നിൻകൃപാസനത്തിൽ മുമ്പിൽ
വീണു കെഞ്ചുന്നേ
എൻ വിശ്വാസം ക്ഷീണിക്കുമ്പോൾ
നീ സഹായിക്കേ....
നിന്റെ പുണ്യം മാത്രം എന്റെ
നിത്യശരണം
നിന്റെ കൃപയാലേ മാത്രം
എൻ ഉദ്ധാരണം.
യേശുനാഥാ എന്നപേക്ഷ കേൾ"
(Pass me not, O! gentle Saviour)





## 35

# ബ്രദറൺ സഭയും ബൈബിളും

**അം**ഗബലവും സംഘടനാശേഷിയും സമ്പത്തും അല്ല സഭയുടെ അലങ്കാരം. ബൈബിളിനോട് നീതിപുലർത്തുന്നതാണു ദൈവദൃഷ്ടിയിൽ പ്രധാനം. ക്ലാരമ്മ ഒരു സഭവിട്ടു മറ്റൊരുസഭയിൽ ചേർന്നതല്ല. സഭമാറ്റമല്ല സംഭവിച്ചിരിക്കുന്നത്. ഒരു പെൺകുട്ടിയും കല്യാണം ആലോചിക്കുന്ന യുവാവും പരസ്പരം ഇഷ്ടപ്പെടുകയും വീട്ടുകാർക്കിഷ്ടപ്പെടുകയും ചെയ്യുമ്പോൾ ഒരുനാൾ വിവാഹിതരാകുകയും അവൾ അവനോടൊത്തുള്ള താമസത്തിനു സ്വന്തം വീടുവിട്ടു അവന്റെ വീട്ടിലേക്കു പോകുകയും ചെയ്യുന്നു. അതു സ്വന്തം വീടിനോടുള്ള അവജ്ഞകൊണ്ടോ അവന്റെ വീടിനോടുള്ള അഭീഷ്ടംകൊണ്ടോ അല്ല. ഭർത്താവിനോടുള്ള ഇഷ്ടത്തിന്റെ പാർശ്വഫലങ്ങൾ മാത്രമാണവ. ഭർത്താവിന്റെ വീടു മോശമാകാം. ഭർത്താവിന്റെ അമ്മ സർവ്വത്ര പോരുകാരിയാകാം. നാത്തൂനും പോരുകണ്ടേക്കാം. ഭർത്താവു നിമിത്തം അവൾ അതൊന്നും കാര്യമാക്കുന്നില്ല.

ക്ലാരമ്മയെ ദൈവം ബന്ധിപ്പിച്ചിരിക്കുന്ന ബ്രദറൺ സഭയെക്കുറിച്ചു അറിയാൻ പലർക്കും ജിജ്ഞാസ ഉണ്ട്. ബൈബിളനുസരിച്ചു കൃപാവരത്തിന്റെ അടിസ്ഥാനത്തിലാണു സഭയിൽ ലീഡേഴ്സുണ്ടാകേണ്ടത്. അവർക്കു പ്രത്യേക വേഷവിധാനം വേണ്ട. പ്രത്യേക സംബോധന വേണ്ട. അതാണു ബ്രദറൺ സഭയെ വ്യത്യസ്തമാക്കുന്നത്. നിങ്ങൾ എല്ലാവരും സഹോദരന്മാർ എന്നു യേശുപറഞ്ഞതനുസരിച്ചു ബ്രദേഴ്സ് എന്നു ലീഡേഴ്സിനെയും ലീഡേഴ്സ് തിരിച്ചും വിളിച്ചുവന്നു. ഇതുകണ്ടു നാട്ടുകാരും ബ്രദേഴ്സ് എന്നുവിളിച്ചു തുടങ്ങി. ബൈബിൾ പ്രകാരം സഭയ്ക്കു ഭൂമിയിൽ ഹെഡ് ഓഫീസോ ഒരു കേന്ദ്രഭരണമോ പാടില്ല. മനുഷ്യരാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ആഗോളലീഡറും പാടില്ല. മനുഷ്യവർഗ്ഗത്തിനുവേണ്ടി ക്രൂശിലെ യാഗമരണത്തിലൂടെ രക്ഷാമാർഗ്ഗമൊരുക്കിയശേഷം ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന യേശുവിനെ രക്ഷകനും നായകനുമായി സ്വീകരിക്കുന്നവർ സ്നാനം സ്വീകരിക്കുകയും സൗകര്യപ്രദമായ കെട്ടിടങ്ങളിലോ വീടുകളിലോ

ഒരുമിച്ചു കൂടി പ്രാർത്ഥിക്കുകയും ആരാധിക്കുകയും വേണം. അതാണു പ്രാദേശിക സഭ. അങ്ങനെയുള്ള പ്രാദേശിക സഭകൾ തമ്മിൽ സ്നേഹ ബന്ധവും സുവിശേഷ പ്രവർത്തനങ്ങളിൽ സഹകരണവും വേണം എന്നല്ലാതെ ഒരു പ്രദേശത്തെ സഭകൾക്കു മീതെ അധികാരമുള്ള ജില്ലാ സഭയോ ജില്ലാ സഭകൾക്കുമീതെ അധികാരമുള്ള സംസ്ഥാന സഭയോ സംസ്ഥാന സഭകൾക്കുമീതെ അധികാരമുള്ള ദേശീയ സഭയോ, ദേശീയ സഭകൾക്കുമീതെ അധികാരമുള്ള ഒരു അന്തർദ്ദേശീയ കേന്ദ്രസഭയോ ഉണ്ടാകാൻ പാടില്ല. ആ ക്രമത്തിലുള്ള ലീഡേഴ്സും പാടില്ല. മറിച്ചായാൽ അതു മതമോ സംഘടനയോ ആണ്.

ലോകമെമ്പാടും ഈ നിലയിൽ യേശുവിനെ കൈക്കൊണ്ടു സ്നാനപ്പെട്ട് ആരാധിക്കുന്നവരുടെ കൂട്ടമായ ഓരോ പ്രാദേശിക സഭയും ഓരോ നിലവിളക്കാണ്. സഭകൾ എല്ലാം കൂടെ ചേർന്നു ഒരു നിലവിളക്ക് എന്ന സങ്കല്പം ഇല്ല. യഹൂദർക്കങ്ങനെയായിരുന്നില്ല. അവർക്കു മൊത്തത്തിലുള്ള എംബ്ലം ഏഴു ശിഖരങ്ങളുള്ള ഒരു നിലവിളക്കായിരുന്നു. എന്നാൽ സഭകളെ 7 നിലവിളക്കുകളായി ചിത്രീകരിച്ചാണ് യോഹന്നാന് കാണിച്ചുകൊടുത്തത് (വെളി 1:20).

സഭ സ്ഥാപിക്കപ്പെട്ടതു യെരുശലേമിലായിരുന്നെങ്കിലും 'യെരുശലേം' സഭകളുടെ ആസ്ഥാനമോ അന്നുള്ള സഭകളെല്ലാം യെരുശലേമിന്റെ കീഴിലോ ആയിരുന്നില്ല. പൌലോസ് അന്ത്യോക്യാ സഭയിൽ നിന്നാണു മിഷനറി പ്രവർത്തനങ്ങൾക്കു പോയത്. എന്നാൽ അദ്ദേഹം മൂലമുണ്ടായ സഭകൾ യെരുശലേമിന്റെയോ അന്ത്യോക്യാ യുടെയോ കീഴിലായിരുന്നില്ല. പകരം ഓരോ പ്രാദേശിക സഭയും അവിടെ കൃപാവരമുള്ള ലീഡേഴ്സിന്റെ കീഴിൽ സ്വയംഭരണാവകാശമുള്ള സഭ ആയിരുന്നു.

ഇതാണു ബ്രദറൺസഭകൾ പാലിച്ചുപോരുന്നത്. ഹെഡ് ഓഫീസില്ല, ലീഡറില്ല സഭയ്ക്കു രജിസ്ട്രേഷനും ഇല്ല. എന്നിട്ടും പത്രോസ് സുവിശേഷം പ്രസംഗിച്ചു 3000 പേരെ സ്നാനപ്പെടുത്തിയ അന്നു തുടങ്ങി ഗുഹകളിലും കാടുകളിലും രഹസ്യ സങ്കേതങ്ങളിലുമായി, വാടകക്കെട്ടിടങ്ങളിലും സഭാഹാളുകളിലുമൊക്കെയായി സഭ നിലനിൽക്കുന്നു. രൂപങ്ങളും പെരുന്നാളുകളും പ്രത്യേക പുരോഹിതന്മാരും ഇല്ലെങ്കിലും പുകവലിയും മദ്യവും ആഭരണവും നിഷിദ്ധമാണെങ്കിലും ജനം കൂടിക്കൂടി വരുന്നതേയുള്ളു.

ബ്രദറൺ സഭകളുടെ ഏറ്റവും വലിയ മേന്മ അവർ കർത്താവിന്റെ അന്ത്യനിയോഗം ശിരസ്സാവഹിച്ചുകൊണ്ടു കവലകൾതോറും, വീടുകൾ





തോറും ലജ്ജിക്കാതെ സുവിശേഷമറിയിക്കുന്നുവെന്നുള്ളതാണ്. ഏക മദ്ധ്യസ്ഥനായയേശു എല്ലാവർക്കും വേണ്ടി ഒരുക്കിയ ആത്മരക്ഷ, കേട്ടുവിശ്വസിക്കുന്ന മാത്രയിൽ അനുഭവേദ്യമാകും എന്നുള്ളതാണല്ലോ സുവിശേഷം? ഒരു പുരുഷായുസ്സുമുഴുവനും ചെയ്യുന്ന കർമ്മങ്ങൾ കൊണ്ടാണ് ആത്മരക്ഷ എന്നുവിശ്വസിക്കുന്നവർക്കു ക്രിസ്തുമൂലം ഒറ്റനിമിഷംകൊണ്ടു ലഭിക്കുന്ന സൗജന്യ രക്ഷയാകുന്ന സുവിശേഷം പ്രചരിപ്പിക്കാനാവില്ലല്ലോ? ആരെങ്കിലും ഇരിക്കുന്ന കൊമ്പ് വരയുമോ? പക്ഷെ, നിമിഷംകൊണ്ടാണ് സക്കായിയ്ക്കും പാപിനിയ്ക്കും കുരിശിലെ കള്ളനും ആത്മരക്ഷ ലഭിച്ചത്.

അടുത്തുള്ള പ്രാദേശികസഭകൾ സഹകരിച്ച് കുട്ടികളുടെ മദ്ധ്യത്തിലും യുവാക്കളുടെ മദ്ധ്യത്തിലും സ്ത്രീകളുടെ മദ്ധ്യത്തിലും ലീഡേഴ്സിന്റെ മദ്ധ്യത്തിലും പ്രത്യേകം പ്രത്യേകം പോഷക സംഘടനകളുണ്ട്. അതെല്ലാം ആളുകൾ യേശുവിനെ അറിയുവാനും അറിഞ്ഞവർ ആത്മീയമായി വളരുവാനും ലക്ഷ്യം വച്ചുള്ളതാണ്. പ്രാദേശിക സഭകളുടെ ലീഡേഴ്സ് ഈ പോഷക സംഘടനകളിലും പ്രവർത്തിക്കുന്നു. അവരിൽ പലരും ഉന്നത വിദ്യാഭ്യാസം ഉള്ളവരും ഉന്നത ഉദ്യോഗങ്ങൾ വഹിക്കുന്നവരുമാണെങ്കിലും ഏതു എളിയവന്റെ വീട്ടിലും പോയി സുവിശേഷം പറയുന്നവരും ഏതു എളിയ വിശ്വാസിയുടെ വീട്ടിലും പോയി പ്രാർത്ഥിക്കുന്നവരുമാണ്.

കപട ഭക്തി ഇല്ലായ്മയാണു ഈ സഭാംഗങ്ങളുടേയും ലീഡേഴ്സിന്റെയും മുഖമുദ്ര. തങ്ങൾക്കു രോഗശാന്തിവരം, അന്യഭാഷാവരം, പ്രവചനവരം, വീര്യപ്രവൃത്തികളുടെ വരം ഒക്കെ ഉണ്ടെന്നുഭാവിച്ചു ജനത്തെ വഞ്ചിക്കുന്ന കപടഭക്തർ ചില സഭാവിഭാഗങ്ങളിലുണ്ട്. എന്നാലിതൊന്നുമില്ലെന്നു തുറന്നു സമ്മതിക്കാനുള്ള ആർജ്ജവവും ദൈവഭയവും വിനയവും മനഃസാക്ഷിയും ബ്രദറൺ ലീഡേഴ്സിനുണ്ട്.

അപ്പൊസ്തലന്മാരുടെ കാലത്തു അന്യഭാഷയും പ്രവചനവും രോഗശാന്തിയും വീര്യപ്രവൃത്തികളുടെ വരവും ഉണ്ടായിരുന്നു. ബൈബിൾ രേഖയാക്കിക്കിട്ടുന്നതുവരെയുള്ള താൽക്കാലിക വരങ്ങളായിരുന്നു അവ. അപ്പൊസ്തലന്മാരാലും പ്രവാചകന്മാരാലും വെളിപ്പാടു പുസ്തകംവരെയുള്ള ബൈബിൾ രേഖപ്പെടുത്തിക്കിട്ടി. അങ്ങനെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും സഭയുടെ അടിസ്ഥാനമായി മാറി (എഫെസ്യർ 2:20). അപ്പൊസ്തലന്മാരാലും പ്രവാചകന്മാരാലും ദൈവാത്മാവ് രേഖയാക്കിത്തന്ന ബൈബിൾ സഭയുടെ അന്ത്യംവരെ

അടിസ്ഥാന പ്രമാണമായിരിക്കണം. അവർ അറിയിച്ചതിനു വിപരീതമായി സ്വർഗ്ഗദൂതൻ അറിയിച്ചാലും അതു സ്വീകാര്യമല്ല.

ബൈബിൾ രേഖയായതോടെ അപ്പൊസ്തലന്മാരുടേയും പ്രവാചകന്മാരുടെയും സേവനങ്ങൾ അവസാനിച്ചു. കുഞ്ഞാടിനു 12 അപ്പൊസ്തലന്മാർ മാത്രമെ പാടുള്ളൂ (വെളി 21:14). അതിൽ യൂദയുടെ അദ്ധ്യക്ഷസ്ഥാനം മറ്റൊരുത്തൽ ഏൽക്കട്ടെ എന്നു (സങ്കീ 109:8) പ്രവചനമുണ്ടായിരുന്നതനുസരിച്ചാണു ചീട്ടിട്ട് മത്ഥ്യാസിനെ തെരഞ്ഞെടുത്തത്. എന്നാൽ യാക്കോബു രക്തസാക്ഷിയായപ്പോൾ പകരം ഒരാളെ തെരഞ്ഞെടുത്തില്ല. കാരണം അപ്പൊസ്തലന്മാർ 12 പേരെയുള്ളൂ.

അപ്പൊസ്തലന്റെ യോഗ്യതകൾ പ്രധാനമായി രണ്ടാണ്. ഒന്നു യേശുവിനെ കണ്ടിരിക്കണം. രണ്ട് വീര്യപ്രവൃത്തികളുടെ വരം ഉണ്ടായിരിക്കണം (1 കൊരി 9:1,2 കൊരി 12:12). അപ്പൊസ്തലന്മാരുടെ മരണത്തോടെ വീര്യപ്രവൃത്തികളും അവസാനിച്ചു. ഭാഷാവരം, പ്രവചനവരം, ജ്ഞാനം തുടങ്ങിയവ നിലയ്ക്കും എന്നു എഴുതപ്പെട്ടിട്ടുണ്ടല്ലോ? (1 കൊരി 13:8). മോശയുടെ കാലത്തെ പിച്ചള സർപ്പത്തെ ചിലർ ചുമന്നു കനാൻ നാട്ടിൽ കൊണ്ടുവന്നു പൂജിച്ചതുപോലെ ഇന്നും മേൽപ്പറഞ്ഞ വരങ്ങളൊക്കെ ഉണ്ടെന്നു വരുത്താൻ ശ്രമിക്കുന്നവരുണ്ട്. ശിംശോന്റെ ശക്തിപോയതറിയാതെ അദ്ദേഹം കുടഞ്ഞതുപോലെയുള്ള ചേഷ്ടകൾ കാണിക്കാറുമുണ്ട്. മന്ന 40 വർഷം ഭൂമിയിലുണ്ടായിരുന്നു. ഒരിക്കൽ നിന്നു. എത്ര ഉപവാസമെടുത്തു പ്രാർത്ഥിച്ചാലും മന്നയുണ്ടാകില്ല. അതു മറഞ്ഞിരിക്കുന്ന മന്നയാണ് (വെളി 2:17).

രോഗശാന്തിവരം നിലച്ചതുകൊണ്ടാണു രോഗിയായിരുന്ന തീമോഥെയോസിനോടു മേലാൽവെള്ളം മാത്രം കുടിയ്ക്കാതെ മരുന്നായി അല്പം മുന്തിരിച്ചാറു കുടിയ്ക്കാൻ പൗലോസ് നിർദ്ദേശിച്ചത്. സഹപ്രവർത്തകനായ ത്രൊഫിമോസിനെ പൗലോസ് മിലേത്തോസിൽ രോഗിയായി വിട്ടിട്ടു പോകുകയല്ലെ ചെയ്തത്?

പൗലോസും പത്രോസും സഭതോറും അപ്പൊസ്തലന്മാരെയല്ല മൂപ്പന്മാരെയാണു സഭാഭരണത്തിനു ആക്കിവച്ചത് (പ്ര. 14:23). നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ വിശ്വാസത്തോടെ പ്രാർത്ഥിക്കട്ടെ എന്നാണു തിരുവെഴുത്ത് (യാക്കോബ് 5:14). രോഗശാന്തിവരമുള്ളവർ ഉണ്ടായിരുന്നെങ്കിൽ അവരെ വരുത്തട്ടെ, അവർ കൈവയ്ക്കട്ടെ എന്നല്ലെ എഴുതേണ്ടിയിരുന്നത്?





യേശു ഒരുക്കിയ രക്ഷാമാർഗ്ഗം സകല ജനതകളെയും ബോദ്ധ്യപ്പെടുത്തുക. വിശ്വാസം ഏറ്റുപറയുന്നവരെ സ്നാനപ്പെടുത്തി സൗകര്യപ്രദമായ സ്ഥാനങ്ങളിൽ അവരോടൊത്തുകൂടി ആരാധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. എഴുതപ്പെട്ടുകിട്ടിയിട്ടുള്ള ബൈബിൾ വിശ്വാസികളെ പഠിപ്പിച്ച് നല്ല ആത്മീയ ജീവിതം നയിക്കേണ്ടതിനും സുവിശേഷമറിയിക്കേണ്ടതിനും അവരെ പ്രാപ്തരാക്കുക. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും എന്ന് യേശുപറഞ്ഞതുപോലെ എത്രയും ലളിതവും സുതാര്യവുമാണു ക്രിസ്ത്യാനിത്വം. ജനങ്ങളെ ഒരു തീണ്ടാപ്പാട് അകറ്റിനിർത്തി ഭയപ്പെടുത്തേണ്ടതല്ല. യേശു ചോര കൊടുത്തു വീണ്ടെടുത്തവരെ അയ്മേനികൾ എന്നു വിളിച്ച് അയിത്തം കല്പിക്കുന്നത് ശരിയോ?

യേശുവിന്റെ കാലത്ത് യഹൂദർ ദൈവാലയത്തെ വാണിജ്യവൽക്കരിച്ചതുപോലെ ഇന്നും ചെയ്യാൻ ചിലർ ശ്രമിക്കുന്നതാണ് ക്രിസ്ത്യാനിത്വത്തിനു കളങ്കം. സൗജന്യമായി ക്രിസ്തു ഒരുക്കിയ രക്ഷാമാർഗ്ഗം സൗജന്യമായി ആളുകൾക്കു പകർന്നു കൊടുക്കുക മാത്രം ചെയ്യുക. അതാണു പ്രേഷിത ദൗത്യം. അതാണു ക്രിസ്തുവിന്റെ അന്ത്യനിയോഗം. അല്ലാത്തതെല്ലാം അനീതിയുള്ള മാമോന്റേതാണ്. അന്നൊരാൾ 30 വെള്ളിക്കാശുണ്ടാക്കിയെങ്കിൽ ആധുനികർ കോടികൾ ഉണ്ടാക്കുന്നു.

ധാടിമോടികളില്ലെങ്കിലും ബൈബിളിനോടു നീതിപുലർത്തുന്ന സഭയോടു ബന്ധപ്പെടാൻ കഴിഞ്ഞതാണ് ക്ലാരമ്മയുടെ അഭിമാനം. ചില രാജ്യങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിച്ച ഒറ്റക്കാരണത്താൽ ഈ സഭാംഗങ്ങളിൽ അനേകർ ജയിലിലാണ്. ഗുഹകളിലും രഹസ്യ സങ്കേതങ്ങളിലും ആരാധിച്ചുകൊണ്ടാണു പലരും സുവിശേഷമറിയിക്കുന്നത്. അദൃശ്യനും സർവ്വവ്യാപിയുമായ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കാത്തവർക്കു ഏതു രാജ്യത്തും നിർബ്ബാധം നിർഭയം ധാടിമോടികളോടെ ജീവിക്കാം. യേശു മറ്റുദൈവങ്ങളെപ്പോലെ ഒരു ദൈവമാണെന്നു പറഞ്ഞാൽ പേടിക്കേണ്ടതില്ലല്ലൊ? യേശു ഏകവഴി, ഏക സത്യം, ഏക മദ്ധ്യസ്ഥൻ എന്നുപറഞ്ഞാലല്ലെ പ്രശ്നമുള്ളത്.?

"ഏക സത്യദൈവമേയുള്ളു
ഭൂവാസികളെ ഏക സത്യദൈവമേയുള്ളൂ
ഏക സത്യദൈവമുണ്ട് ഏക രക്ഷിതാവുമുണ്ട്
ഏക സത്യവേദമുണ്ട് ഏകരക്ഷാ മാർഗ്ഗമുണ്ട്
ഏക സത്യ...."

## 36

# പ്രാർത്ഥന എന്ന ധൂപവർഗ്ഗം

**പ**ഴയനിയമത്തിലെ ദൈവാലയത്തിലുള്ള ഉപകരണങ്ങളാണു ധൂപ പീഠവും ധൂപ കലശവും. ധൂപത്തിന്റെ ആത്മീയ അർത്ഥം പുതിയ നിയമത്തിലെഴുതിയിട്ടുണ്ട്. വിശുദ്ധന്മാരുടെ പ്രാർത്ഥനയാണു ധൂപവർഗ്ഗം (വെളി 5:8). നാലു വസ്തുക്കൾ തുല്യമായി ചേർത്താണു ധൂപവർഗ്ഗം ഉണ്ടാക്കിയിരുന്നത്. ദൈവപ്രസാദകരമായ പ്രാർത്ഥനയിൽ നാലുകാര്യം സമമായി വേണം. എങ്കിലതു ദൈവസന്നിധിയിൽ ധൂപമായിരിക്കും (സങ്കീ 141:2).

നറുംപശ, ഗുല്ഗുലു, ഹൽബാനപ്പശ, സാമ്പ്രാണി എന്നിവയാണു ധൂപവർഗ്ഗം. (പുറ 30:34). ഇതിനുതുല്യം പുതിയ നിയമത്തിൽ കാണുന്ന നാലുകാര്യങ്ങൾ യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവുമാണ് (1 തിമൊ 2:1,2). ധൂപം നിഴലായിരുന്നതുകൊണ്ട് ഇന്നു എന്തെങ്കിലും പൊടികത്തിച്ചു ധൂപം ഉണ്ടാക്കേണ്ട ആവശ്യമില്ല. അപ്പൊസ്തലന്മാർ അങ്ങനെ ചെയ്തിട്ടില്ല.

**നറുംപശ:** ഒരു പ്രത്യേക മരത്തിൽ നിന്നും ഊറിവരുന്ന മധുരമുള്ള കറയാണ് നറുംപശ. ദൈവത്തോടുള്ള യാചനയ്ക്കു തുല്യമാണിത്. ഭൗമിക അനുഗ്രഹങ്ങൾക്കായല്ല; ആത്മീയ അനുഗ്രഹങ്ങൾക്കായിരിക്കണം യാചന. ഭൗമിക നന്മകൾ ധാരാളമായി യാക്കോബിനുണ്ടായിരുന്നു. ഏശാവിനു കുറെ കൊടുക്കുവാനും സാധിച്ചു. ആത്മീയ അനുഗ്രഹത്തിനാണു മല്ലുപിടിച്ചത്. ദൈവവുമായി ഒട്ടിച്ചേർന്നു ദൈവത്തിന്റെ പ്രഭു അഥവ യിസ്രയേൽ ആകുന്നതുവരെ പ്രാർത്ഥനയിൽ പോരാടി. മുട്ടുവിൻ, യാചിപ്പീൻ എന്നു യേശു പറഞ്ഞതിന്റെ അർത്ഥം മുട്ടി ക്കൊണ്ടിരിപ്പിൻ, യാചിച്ചുകൊണ്ടിരിപ്പിൻ എന്നാണ്.

**ഗുൽഗുലു:** ഇത് യിസ്രയേൽ ജനത്തിനു പരിചയമുള്ള ഒരു വസ്തുവായിരുന്നു. മന്നയുടെ നിറം ഗുൽഗുലുവിന്റേതായിരുന്നു (സംഖ്യ 11:7). ഗുൽഗുലു എന്ന പേരിൽ ഒരു സമുദ്ര ജീവിയിൽ നിന്നും ഒരുതരം





മുത്ത് ഉണ്ടെങ്കിലും (ഉല്പ 2:11) ഇത് ഒരു മരത്തിന്റെ കറയാണ്. ഉണങ്ങിയാൽ ചെതുമ്പൽപോലെയിരിക്കും. ആത്മീയാനുഗ്രഹങ്ങൾക്കായി യാചിച്ചശേഷമാണ് സ്വന്തആവശ്യങ്ങൾക്കായി പ്രാർത്ഥിക്കേണ്ടത്. കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ എന്നാണ്. (യാക്കോബ് 5:13, ഫിലി 4:6) സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനമാണു പ്രാർത്ഥനയുടെ ഫലം.

**ഹൽബാനപ്പശ:** ഇന്ത്യയിലും അറേബ്യയിലുമുള്ള ഒരു മരത്തിന്റെ കറയാണിത്. മഞ്ഞയോ ഇരുണ്ടതോ ആയ നിറമാണ്. കൈപ്പുരസമാണ്. ഇതിനു തുല്യം പുതിയ നിയമത്തിൽ കാണുന്നത് പക്ഷവാദമാണ്. നമ്മുടെ ജീവിതത്തിൽ കൈപ്പിന്റെ അനുഭവം ഉണ്ടെങ്കിലും മറ്റുള്ളവരുടെ നന്മയ്ക്കായി പക്ഷവാദം ചെയ്യാനാകും. ഈയ്യോബ് എല്ലാം നഷ്ടപ്പെട്ടു രോഗിയായി കഴിഞ്ഞപ്പോഴാണുസുഹൃത്തുക്കൾക്കായി പ്രാർത്ഥിച്ചത്. അബ്രഹാം വൃദ്ധനായിട്ടും ഒരു കുഞ്ഞ് ഉണ്ടാകാതെയിരുന്നപ്പോഴാണ് മക്കളുള്ള ലോത്തിന്റെ അനുഗ്രഹത്തിനായി പക്ഷവാദം ചെയ്തത്. പക്ഷവാദം മൂലം വിശ്വാസികൾ തമ്മിൽ പശപോലെ ഒട്ടിച്ചേരാനും സാധിക്കും. സ്വന്ത ആവശ്യത്തിനുവേണ്ടി എത്ര ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നുവോ ഒട്ടും കുറയാതെ മറ്റുള്ളവർക്കും വേണ്ടി പ്രാർത്ഥിക്കണം. കാരണം ധൂപവർഗ്ഗത്തിനു തുല്യ അളവാണ്.

**നിർമ്മല സാമ്പ്രാണി:** ആഫ്രിക്കയിൽ ഉള്ള ഒരു മരത്തിന്റെ കറയായ കുന്തുരുക്കമാണിത്. എരിവാണ് രസം. ഇതിനു തുല്യം കാണുന്നതു സ്തോത്രമാണ്. കുന്തുരുക്കത്തിന് കത്തുമ്പോൾ മാത്രമാണു സുഗന്ധമുള്ളത്. എമ്മവൂസിലേക്കുപോയ ശിഷ്യന്മാരോടു കർത്താവു വചനം പറഞ്ഞപ്പോൾ അവരുടെ ഹൃദയം കത്തിയെരിഞ്ഞു. തൽഫലമായാണവർ കർത്താവിനോടു നന്ദിയുള്ളവരായിത്തീർന്നത്.

ഈ നാലു വസ്തുക്കളുടെയും ഗന്ധവും രുചിയും വ്യത്യസ്തമാണെങ്കിലും ഒരേ തൂക്കമെടുത്തു പൊടിച്ചു കത്തിക്കുമ്പോൾ ദൈവപ്രസാദകരമായ സുഗന്ധം ഉയരുകയാണ്. അതുപോലെ യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചേരുമ്പോൾ ദൈവം നമ്മിൽ പ്രസാദിക്കുകയാണ്. ഈ നിലയിൽ രഹസ്യമായി ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നവർ പ്രാർത്ഥനാമനുഷ്യരാണ്.

ഒരു പക്ഷെ അവർ ക്ലാരമ്മയെപ്പോലെ വർഷങ്ങളായി കിടപ്പിലാകാം. എന്നാൽ ഇങ്ങനെയുള്ള നിസ്സഹായാവസ്ഥയിൽ അനേകർക്ക് ആത്മീയ സഹായം ചെയ്യാനവർക്കു സാധിക്കും. യേശുവിനാൽ രക്ഷിക്കപ്പെട്ടവരുടെ ഒരു പദവിയാണത്.

യിസ്രയേലിലോ ഇന്ത്യയിലോ ആഫ്രിക്കയിലോ അറേബ്യയിലോ ലഭ്യമായ വസ്തുക്കൾകൊണ്ടു ഒരു പ്രത്യേക സുഗന്ധം സ്വർഗ്ഗത്തിലെത്തിക്കാൻ കഴിയുന്നതുപോലെ പല രാജ്യത്തുമുള്ള ആളുകളുടെ വിഷയങ്ങൾ ദൈവസന്നിധിയിലെത്തിക്കുവാൻ പ്രാർത്ഥനയിലൂടെ സാധിക്കും. സെഖര്യാവിനെപ്പോലെ പുരോഹിതരാണ് ധൂപം കാട്ടേണ്ടത് (ലൂക്കോസ് 1:9). പ്രാർത്ഥനയാകുന്ന ധൂപം ദൈവസന്നിധിയിലർപ്പിക്കുവാൻ നമ്മെ രാജകീയപുരോഹിതവർഗ്ഗമാക്കിത്തീർത്ത കർത്താവിനെ നമുക്കു സ്തുതിക്കാം.

ദൈവാലയത്തിൽ ധൂപ വർഗ്ഗമർപ്പിക്കുവാൻ പുരുഷന്മാരായ പുരോഹിതർക്കു മാത്രമായിരുന്നു അവസരം. എന്നാൽ പുതിയ നിയമപ്രകാരം സ്ത്രീകൾക്കു പ്രാർത്ഥനയാകുന്ന ധൂപമർപ്പിക്കുവാൻ അനുവാദമുണ്ട്. പുതിയ നിയമ പുസ്തകം ആരംഭിക്കുന്നതു തന്നെ മറിയയുടെ പ്രാർത്ഥനയോടുകൂടിയാണ് (ലൂക്കോ 1:46-55). മർക്കോസിന്റെ അമ്മയുടെ വീട്ടിലെ പ്രാർത്ഥനയിൽ സ്ത്രീകളും ഉണ്ടായിരുന്നു (പ്രവൃ 12:12) മർക്കോസിന്റെ വീട്ടിലെ ധൂപപീഠത്തിൽ നിന്നും ഒരു മനസ്സോടെ ഉയർത്തിയ പ്രാർത്ഥനാധൂപം സ്വർഗ്ഗത്തിലെത്തിയതിന്റെ ഫലമായിരുന്നു പത്രോസിന്റെ വിടുതൽ.

"പ്രാർത്ഥനയാലെപ്പോഴും ഞാൻ
ജാഗരിച്ചുപോരാടുവാൻ
നിന്റെ സഹായം നൽകുക
എന്റെ മഹാപുരോഹിതാ...
ഉറപ്പിക്കെന്നെ എൻ നാഥാ
നിറയ്ക്ക എന്നെ ശുദ്ധാത്മാ
ക്രിസ്തൻ മഹത്വത്താലേഞാൻ
മുറ്റും നിറഞ്ഞുശോഭിക്കാൻ."
(More about Jesus")





## 37

## മനുഷ്യരുടെ മുമ്പിൽ കൈനീട്ടാതെ ദൈവ മുമ്പാകെ കൈകൂപ്പുക

**കൈ**നനയാതെ മീൻ പിടിക്കുന്നവർ ആദ്യനൂറ്റാണ്ടിൽ ഉണ്ടായിരുന്നു. പൌലോസു നിശിതമായ വാക്കുകളാണ് അവർക്കെതിരെ തൊടുത്തുവിട്ടത്. വേല ചെയ്യാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത്. നിങ്ങളിൽ ചിലർ ഒട്ടും വേല ചെയ്യാതെ പരകാര്യം നോക്കി ക്രമംകെട്ടു നടക്കുന്നു. ഇങ്ങനെയുള്ളവർ സാവധാനത്തോടെ വേല ചെയ്തു അഹോവൃത്തി കഴിക്കണം (11 തെസ്സ 3:10-12).

സുവിശേഷഗോളം, കൈനീട്ടുകാരുടെ പച്ചമേച്ചിൽപ്പുറമാണ്. ചോദിക്കുന്ന ഏവനും കൊടുപ്പീൻ എന്ന വാക്യത്തിന്റെ അർത്ഥം കൊടുക്കണമെന്നാണെങ്കിലും ഇക്കൂട്ടർ മനസ്സിലാക്കിയിരിക്കുന്നതു ചോദിക്കണമെന്നാണ്. ചിലർ പ്രത്യക്ഷമായി അല്ല പരോക്ഷമായിട്ടാണു ചോദിക്കുന്നത്. ഞെരുക്കത്തിന്റെയും ഉപദ്രവത്തിന്റെയും രോഗത്തിന്റെയും പരസ്യപ്പെടുത്തലിന്റെ ലക്ഷ്യം ശുദ്ധമല്ല.

"വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" എന്ന വാക്യം യേശു പറഞ്ഞതാണെങ്കിലും സുവിശേഷങ്ങളിൽ രേഖപ്പെടുത്താത്തതാണ് (പ്രവൃ 20:35). കൊടുക്കുന്നവർക്കാണു കിട്ടുന്നത്. യാചിക്കേണ്ടതു മനുഷ്യരോടല്ല പിതാവായ ദൈവത്തോടാണ്. മുടിയനായ പുത്രൻ മടങ്ങിവന്നതു ജ്യേഷ്ഠന്റെ അടുത്തേക്കല്ല അപ്പന്റെ അടുത്തേക്കാണ്. ചിലരുടെ പെരുമാറ്റം കണ്ടാലവർ ജ്യേഷ്ഠന്മാരുടെ അടുത്തേക്കാണു വന്നതെന്നു തോന്നും. സഹവിശ്വാസികളോടൊക്കെ മാറി മാറി ചോദിച്ചു നടക്കുന്നതു നല്ല കാര്യമാണെന്നാണവർ കരുതുന്നതു. രക്ഷിക്കപ്പെടുന്നതിനു മുമ്പു രക്ഷിക്കപ്പെടാത്തവരോടു ചോദിച്ചു നടന്നവർ രക്ഷിക്കപ്പെട്ടശേഷം രക്ഷിക്കപ്പെട്ടവരോടു മാത്രം ചോദിക്കുന്നു. രക്ഷിക്കപ്പെടുന്നതിനു മുമ്പു ദൈവത്തോടു ചോദിച്ചിട്ടു കിട്ടാത്തവർ രക്ഷിക്കപ്പെട്ടശേഷം രക്ഷിക്കപ്പെട്ടവരോടു ചോദിച്ചു വാങ്ങുന്നു. എന്നാൽ രക്ഷിക്കപ്പെട്ടവർ രക്ഷിച്ച ദൈവത്തോടുമാത്ര മാണു ചോദിക്കേണ്ടത്.

ക്ലാരമ്മയുടെ വീഴ്ചയ്ക്കു മുമ്പുള്ള പ്രാർത്ഥനയും വീഴ്ചയ്ക്കു ശേഷമുള്ള പ്രാർത്ഥനയും മനുഷ്യരുടെ മുമ്പാകെ കൈനീട്ടാൻ ഇടവരരുതേ എന്നുള്ളതായിരുന്നു. ഭർത്താവിന്റെയും ഭാര്യയുടെയും പിടിപ്പുകേടുകൊണ്ടു കടഭാരമുണ്ടായപ്പോൾ വസ്തുക്കൾ വിറ്റുകടം വീട്ടി. വീഴ്ച സംഭവിച്ചപ്പോൾ ദൈവത്തിന്റെ കയ്യിലേക്കാണു വീണത് എന്ന നല്ല ബോദ്ധ്യമുണ്ടായിരുന്നു.

"എരിതീയിൽ വീണാലും അവിടെഞാനേകനല്ല
വീഴുന്നതു തീയിലല്ല എന്നേശുവിൻ കരങ്ങളിലാം.
പരീക്ഷ എന്റെ ദൈവം അനുവദിച്ചാൽ പരിഹാരമെനിക്കായ്
കരുതീട്ടുണ്ട് എന്തിനെന്നുചോദിക്കില്ല ഞാൻ
എന്റെ നന്മയ്ക്കാണെന്നറിയുന്നു ഞാൻ"

ഒരിക്കൽ സഭയിലെ സെമിത്തേരിപ്പണിയ്ക്കു 5000 രൂപ പിരിവു കൊടുക്കാമെന്നേറ്റു. പക്ഷേ പണമില്ല. കൃത്യം 5000 രൂപ കുവൈറ്റിൽ നിന്നും ഒരു ഹിന്ദു സഹോദരി ലാലി അയച്ചുതന്നു. അതിൽ 3000 രൂപ കുവൈറ്റിലെ ഒരു ക്രിസ്ത്യാനി സഹോദരി കൊടുത്തതായിരുന്നു. അതിനുകാരണം ക്രിസ്ത്യാനി സഹോദരി രോഗംബാധിച്ചു ആശുപത്രിയിലെത്തി. കൂടെ ജോലിചെയ്യുന്ന സുഹൃത്തുക്കളോടു പറഞ്ഞു എന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കണെ. എന്റെ ഭർത്താവിനും കുഞ്ഞുങ്ങൾക്കും ആരുമില്ല. ഇതുകേട്ട ലാലി ആ സ്നേഹിതയുടെ ബെഡ്ഡിൽ പോയിരുന്നു കണ്ണുനീരോടെ പ്രാർത്ഥിച്ചു. അവൾ ചോദിച്ചു: ലാലീ നീ ഒരു ഹിന്ദുവല്ലെ? നിനക്കെങ്ങനെ യേശുവിനോടു ഇതുപോലെ പ്രാർത്ഥിക്കാൻ സാധിക്കുന്നു? ലാലി പറഞ്ഞു: ഞാൻ പേരുകൊണ്ടുമാത്രമാണു ഹിന്ദു. എന്റെ ദൈവം യേശുവാണ്. എന്നെ തയ്യൽ പഠിപ്പിച്ച ക്ലാരമ്മ എന്നോടു സുവിശേഷം പറഞ്ഞു. ഞാൻ കർത്താവിനെ ദൈവമായി സ്വീകരിച്ചതാണ്. ക്ലാരമ്മച്ചേച്ചി തളർന്നു കിടപ്പിലാണെങ്കിലും ഞാൻ വിളിച്ചു പറയാം. ചേച്ചി പ്രാർത്ഥിക്കും. വിളിച്ചു പറഞ്ഞു. പ്രാർത്ഥിച്ചു. വളരെ പെട്ടെന്നു സൗഖ്യമുണ്ടായി. ആ സഹോദരി നമ്പർ വാങ്ങി വിളിച്ചിരുന്നു.

യേശു നമ്മുടെ ചെറിയ കാര്യത്തിനുപോലും മതിയായവനാണ്. ഒരു കൊച്ചുകുട്ടി മാതാപിതാക്കളോടു കളിപ്പാട്ടം മേടിച്ചു തരണമെന്നു പറയുന്ന ലാഘവത്തോടെ നമുക്കു പറയാം. നമ്മുടെ കൊച്ചു കാര്യങ്ങളും ശ്രദ്ധവച്ചു കേൾക്കുന്നവനാണു നമ്മുടെ അപ്പച്ചൻ. പിന്നെ എന്തിനു മനുഷ്യരോടു ചോദിക്കണം.

"മനുഷ്യനിൽ ഞാനാശ്രയിക്കില്ല ധനത്തിലെൻമനം ചായുകയില്ല
ഉയിർപോംവരെ കുരിശേന്തി ഞാൻ ഉലകിൽ മനുവേലനെ
അനുഗമിക്കും. എന്തോരാനന്ദമീ ക്രിസ്തീയ ജീവിതം"





## 38

## കുടിയാന്മലസഭയെ നനച്ചവർ

**കു**ടിയാന്മല സഭയെ നനച്ചുവളർത്താൻ ദൈവം ഉപയോഗിച്ചവർ പലരുണ്ട് ഏറ്റവും വലിയ പങ്കുവഹിച്ചത് ബ്രദർ ജോൺ കുര്യനാണ്. കോട്ടയത്തുള്ള പുതുപ്പള്ളിസഭയിലെ ഒരു സഹോദരനാണദ്ദേഹം വിവിധ പോഷകസംഘടനകളിലും സജീവമാണ്. പൗലോസ് തുടിയനും കുഞ്ഞുമോൻ തോട്ടപ്പള്ളിയുമാണദ്ദേഹത്തെ കുടിയാന്മലസഭയ്ക്കു പരിചയപ്പെടുത്തിയത്.

ക്രിസ്തുവിന്റെ സഹായത്താലുള്ള ആത്മീയജീവിതം ഏതു പ്രതികൂലങ്ങളിലും പ്രലോഭനങ്ങളിലും പ്രായോഗികമാണെന്നുള്ള പഠിപ്പിക്കലാണ് ജോൺ കുര്യന്റെ ഹൈലൈറ്റ്. മോഹങ്ങളും മോഹഭംഗങ്ങളുമുള്ള യുവാക്കൾക്കു ആത്മീയജീവിതം സുഗമമല്ലെ ന്നുള്ള പൊതുധാരണയെ തിരുത്തിക്കുറിക്കുവാൻ അദ്ദേഹത്തിന്റെ സ്വദേശത്തും വിദേശത്തുമുള്ള പഠിപ്പിക്കലിനു സാധിച്ചിട്ടുണ്ട്. തന്റെയും സഹപ്രവർത്തകരായ ജെയിംസ് വറുഗീസ് ഐ.എ.എസ്., തോമസ് മാത്യു തിരുവല്ല തുടങ്ങിയവരുടെയും നേതൃത്വത്തിൽ കേരളത്തിലെമ്പാടുമുള്ള ഒരു സംഘം പ്രവർത്തകരുടെ പ്രാർത്ഥനയുടേയും ക്യാമ്പൈനുകളുടേയും ഫലമായി സഭകളുടെ ആത്മീയ നിലവാരം ഉയർന്നിട്ടുണ്ടെന്നുള്ളതു ഒരു ചരിത്രസത്യമാണ്.

ജോൺകുര്യന്റെ പിതാവു കെ.ജി. കുര്യൻ കായംകുളത്തെ ഒരു യാക്കോബായ കുടുംബത്തിൽനിന്നും സുവിശേഷം കേട്ടു വിശ്വസിച്ചു സ്നാനപ്പെട്ടു മിഷനറിവേലയ്ക്കായി ഇറങ്ങിത്തിരിച്ചയാളാണ്. മഹാകവി കെ.വി. സൈമൺസാറിന്റെ കീഴിൽ പരിശീലനവും നേടിയിട്ടുണ്ട്. നാല് ആൺമക്കളെയും അഞ്ചുപെൺമക്കളേയും കർത്താവ് നൽകി. ആൺമക്കളും പെൺമക്കളുടെ ഭർത്താക്കന്മാരും പൂർണ്ണസമയ പ്രേഷിത പ്രവർത്തകരോ സുവിശേഷ സ്നേഹികളോ ആണ്. ഇങ്ങനെ ഒരു കുടുംബം കേരളത്തിൽ വേറെ ഇല്ല.

ബഹുമാന്യ കെ.ജി. കുര്യച്ചൻ മക്കളെ സുവിശേഷരംഗത്തേക്കു പ്രോത്സാ ഹിപ്പിച്ചത് സാമ്പത്തികനേട്ടത്തിനായിരുന്നെന്നു ആരെ

ങ്കിലും കരുതിയാൽ അവർക്കുതെറ്റി. നല്ല വാർദ്ധക്യത്തിൽ മഹത്വത്തിലേക്കു ചേർക്കപ്പെടുന്നതുവരെ അദ്ദേഹം എറണാകുളം, അങ്കമാലി, ചെങ്ങന്നൂർ, മുളന്തുരുത്തി, വാളകം, കോതമംഗലം, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ മാറിമാറി വാടകയ്ക്കുതാമസിക്കുക യായിരുന്നു. സ്വന്തമെന്നു പറയാൻ സ്ഥലമോ വീടോ കാറോ നേടാൻ ശ്രമിച്ചില്ല.

ജോൺ കുര്യന്റെ ഭാര്യ ബെറ്റി ബിരുദാനന്തര ബിരുദമുള്ളയാളാണ്. അവർക്കു നാലു പെൺമക്കളാണ്. ഉന്നത വിദ്യാഭ്യാസമുള്ളവർ, ഒരാൾക്കു ഡോക്ടറേറ്റുണ്ട്. ഈ മാതാപിതാക്കൾ മക്കളും മരുമക്കളുമായി യോശുവയും കുടുംബവും എന്നപോലെ കർത്താവിനെ സേവിക്കുന്നു. ഇവർ ജന്മനാ ക്രിസ്ത്യാനികളും ദൈവശുശ്രൂഷകരുമല്ല. അങ്ങനെയൊരു കാര്യമില്ല; വീണ്ടും ജനിച്ചവർ മാത്രമാണു ക്രിസ്ത്യാനികൾ.

അപ്പന്റെ ദൈവമായ യേശുവിനെ വിവിധ കാലങ്ങളിൽ മക്കൾ ഓരോരുത്തരായി രക്ഷകനായി സ്വീകരിച്ചു. കൊച്ചുമക്കളും കേട്ടു വിലയിരുത്തി വിശ്വാസം ഏറ്റുപറഞ്ഞു സ്നാനപ്പെട്ടു കർത്താവിനെ സേവിക്കുന്നു. വിശ്വാസത്തിനനുയോജ്യമായ ഒരു പ്രായോഗിക ജീവിതം അപ്പനുണ്ടായിരുന്നു. അതാണു മക്കളെ ദൈവസേവയിലേ ക്കാകർഷിച്ചത്. ആ മക്കളുടെ വിശ്വാസവും ജീവിതവും കൊച്ചുമക്കളിൽ സ്വാധീനം ചെലുത്തി.

ഒരാളുടെ വിശ്വാസത്തെ ഏറ്റവും കൂടുതൽ വിമർശനബുദ്ധ്യാ വിലയിരുത്തുന്നത് ഏറ്റവും അടുത്തുനിന്നുകാണുന്ന മക്കൾ തന്നെയാണ്. നമ്മുടെ ഓരോ ചലനവും മക്കൾ ശ്രദ്ധിക്കുന്നുവെന്ന ഭയത്തോടുകൂടി ജീവിക്കുവാൻ മാതാപിതാക്കൾക്കു ബാദ്ധ്യത ഉണ്ട്. ഏതെങ്കിലും ഒരു കുട്ടി മാതാപിതാക്കളുടെ ദൈവത്തെ വേണ്ട എന്നു പറഞ്ഞു ദൈവവചന വിരുദ്ധമായ മദ്യപാനത്തിനും ഭക്തിവിരുദ്ധമായ ജീവിതത്തിനുമാണു മുതിരുന്നതെങ്കിൽ മാതാപിതാക്കളാണതിനു കണക്കു പറയേണ്ടത്.

തന്റെ മക്കൾ ഹൃദയം കൊണ്ടു നിഗളിച്ചുപോയിട്ടുണ്ടെങ്കിലോ എന്നു ഭയപ്പെട്ട ഈയ്യോബ് അവരെ പ്രത്യേകം പ്രത്യേകം വിളിച്ചുവരുത്തി അവർക്കായി പ്രായശ്ചിത്തം കഴിച്ചിരുന്നു.

അപ്പൻ ഭക്തനായതുകൊണ്ടു മക്കൾ യാന്ത്രികമായി ഭക്തരായിക്കൊള്ളും എന്നു ഈയ്യോബ് ലാഘവബുദ്ധിയോടെ ചിന്തിച്ചില്ല.

സഭയുടെ ലീഡേഴ്സായവരിൽ ചിലർക്കു സുവിശേഷകന്റെയും ചിലർക്കു ഇടയന്റെയും ചിലർക്ക് ഉപദേഷ്ടാവിന്റെയും കൃപാവരമാണുള്ളത്. എന്നാൽ കൃപാവരം മാത്രം പോര കുടുംബപരമായ യോഗ്യത





കൂടെ വേണം. അതു മുൻതലമുറയിലാരെങ്കിലും കൊലപാതകനോ ജയിൽപ്പുള്ളിയോ മാനസികരോഗിയോ ആയിരുന്നോ, ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോ എന്നുള്ളതല്ല. വിവാഹിതനും ഭാര്യയേയും മക്കളെയും മാതൃകയായി അനുസരണത്തിലും ഭക്തിയിലും പാലിക്കുന്നവനും ആണോ എന്നുള്ളതാണു കുടുംബയോഗ്യത. സ്വന്ത കുടുംബത്തെ ഭരിക്കാനറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും എന്നാണു ബൈബിൾ ചോദിക്കുന്നത് (1 തീമൊ 3:5).

പൌലോസിനെപ്പോലെ ദേശാടകരായി വ്യത്യസ്ത രാജ്യങ്ങളിലുള്ള പാപികളോടു സുവിശേഷമറിയിച്ചു പോകുന്ന മുന്നണി പ്രവർത്തകർക്കു വിവാഹം നിർബന്ധമില്ല. ദൈവരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരായി എണ്ണിയവരാണവർ (മത്താ 19:12). എന്നാൽ ഒരു സ്ഥലംസഭയെ അഥവാ ഇടവകയെ പരിപാലിക്കുന്ന ഇടയന്മാരായ മൂപ്പന്മാർ വിവാഹ ജീവിതത്തിലൂടെ ഭാര്യയേയും മക്കളെയും ആത്മീയമായി വളർത്തുന്നതിനാൽ ദൈവസഭയെ നയിക്കാൻ യോഗ്യതയുള്ളവരെന്നു തെളിയിക്കേണ്ടതാണ്. മനശാസ്ത്രമനുസരിച്ചല്ല ബൈബിളനുസരിച്ചാണു സഭയിലെ മുഴുവൻ കാര്യങ്ങളും നടക്കേണ്ടത്.

ഇന്നു പലരും അവിവാഹിതരായിരിക്കുന്നതു വിവാഹപ്രായമായശേഷമെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും സ്വമനസ്സാ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നും സംശയമാണ്. മനശാസ്ത്ര വിദഗ്ദ്ധർ കാലങ്ങൾ മസ്തിഷ്കപ്രക്ഷാളനം ചെയ്തുചെയ്തു യുവാക്കളെ അവിവാഹിതത്വത്തിലേക്കു നയിക്കാറുണ്ട്. അവർ മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുടെ ഗണത്തിൽപ്പെടും (മത്താ 19:12). അവർ ദൈവരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയവരല്ല. കാരണം യേശു വീണ്ടും വരുമെന്നോ ദൈവരാജ്യം സ്ഥാപിക്കുമെന്നോ വിശ്വസിക്കാത്തവർ ആ അവിവാഹിത ഗണത്തിലുണ്ട്. ദൈവം അവിവാഹിതത്വം വരമായി നൽകുന്നതു രക്ഷിക്കപ്പെട്ടവരിൽ ചിലർക്കാണ് (1 കൊരി 7:7).

എന്തു തന്നെയായാലും യേശുവിന്റെ സഭയിലെ ഒരു ഇടവകയെ പരിപാലിക്കുന്ന ഇടയന്മാർ വിവാഹിതരും മക്കളുള്ളവരും മാതൃകാകുടുംബമുള്ളവരും ആയിരിക്കണം എന്നാണു തിരുവെഴുത്തു പഠിപ്പിക്കുന്നത്. സഭയുടെ ഇടയന്മാരിൽ ഒരാളാണെന്നവകാശപ്പെട്ട പത്രോസ് വിവാഹിതനായിരുന്നുവല്ലോ (1 പത്രോസ് 5:1)?

# 39

# ശേഷിച്ച കഷണം

**യേ**ശുചെയ്ത അത്ഭുതങ്ങളിൽ നാലുസുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള അത്ഭുതം അഞ്ചപ്പംകൊണ്ടു അയ്യായിരത്തെ പോഷിപ്പിച്ചതാണ്. എല്ലാവരും തിന്നു തൃപ്തിപ്പെട്ടു കഴിഞ്ഞ് യേശു പറഞ്ഞു 'ശേഷിച്ച കഷണം' ഒന്നും നഷ്ടമാക്കാതെ ശേഖരിപ്പീൻ. ഒരു കൊച്ചുകുട്ടിക്കു കഴിക്കാനുള്ള വക മാത്രമാണു അഞ്ചുയവത്തപ്പവും രണ്ടുമീനും. അവയെ വർദ്ധിപ്പിച്ചു 5000 പുരുഷന്മാരും അതിലധികം സ്ത്രീകളും കുട്ടികളും തിന്നുശേഷിപ്പിക്കുവാൻ കർത്താവിടയാക്കി. ഏതുനാട്ടിൽ ചെന്നാലും ആരുടെയെങ്കിലും കയ്യിൽ എന്തെങ്കിലുമൊക്കെ ഭക്ഷണപദാർത്ഥങ്ങൾ കാണും. കർത്താവിനതുവാങ്ങി വർദ്ധിപ്പിക്കരുതോ? വെള്ളമില്ലാത്ത നാടുണ്ടോ? വെള്ളം കോരി വീഞ്ഞാക്കരുതോ? പിന്നെ എന്തിനു ഈ കഷണങ്ങൾ പെറുക്കിക്കണം? എന്തിനവ കൊട്ടയിലാക്കണം? ആ കഷണങ്ങൾ പലർക്കും പ്രയോജനപ്പെടും. അതാണു കാരണം. യേശു വീട്ടിൽ അനുഭവിച്ച ദാരിദ്ര്യം മറന്നില്ല (2 കൊരി 8:9). ദൈവം നമുക്കു കഷ്ടം തരുന്നത് കഷ്ടത്തിലുള്ള മറ്റുള്ളവരെ ആശ്വസിപ്പിക്കാനാണ് (2 കൊരി 1:4). അതുകൊണ്ടതുവരമാണ് (ഫിലി 1:29).

ക്ലാരമ്മ ഇന്നു കർത്താവിന്റെ കയ്യിലെ ഒരു ശേഷിച്ച കഷണമാണ്. ദൈവാലയത്തിൽ വന്ന ഒരുവിധവയുടെ കയ്യിൽ ശേഷിച്ചിരുന്നതു. രണ്ടു ചെമ്പുകാശു മാത്രമായിരുന്നു. അതവൾ ദൈവത്തിനു സമർപ്പിച്ചു. വിശുദ്ധ മന്ദിരത്തിലെ തുക്കപ്രകാരം കർത്താവുപറഞ്ഞു. ഇവൾ ഏറ്റവുമധികം ഇട്ടിരിക്കുന്നു. ആ സ്ത്രീ ഭർത്താവു നഷ്ടപ്പെട്ട ശേഷിച്ച കഷണമായിരുന്നു, അവളുടെ കയ്യിലെ 2 കാശും ശേഷിച്ച കഷണമായിരുന്നു. കർത്താവു വർദ്ധിപ്പിച്ചില്ലെ?

സാരെഫാത്തിലെ വിധവയും ശേഷിച്ച കഷണമായിരുന്നു. ഭർത്താവു മരിച്ചു. അവളും മകനും മാത്രം ശേഷിച്ചു. ഏലിയാവു വന്നപ്പോൾ വീട്ടിൽ ശേഷിച്ചിരുന്നതു ഒരു പിടി മാവും അല്പം എണ്ണയും.





പ്രവാചകനെ വീട്ടിൽ കൈക്കൊണ്ടു എന്നു രാജാവോ രാജ്ഞിയോ അറിഞ്ഞാൽ പ്രവാചകനോടൊപ്പം അവരുടെയും ജീവൻ പോകും. അവൾ സ്വന്ത ജീവനെക്കാളും കുഞ്ഞിന്റെ ജീവനെക്കാളും പ്രവാചകനെയും അതുവഴി പ്രവാചകന്റെ ദൈവത്തെയും സ്നേഹിച്ചു. മകനു കൊടുക്കേണ്ട അപ്പം അവൾ പ്രവാചകനു കൊടുത്തു. ശേഷിച്ച കഷണമായ അവളെയും അവളുടെ ശേഷിച്ച ഒരുപിടി മാവിനെയും ദൈവം അനുഗ്രഹിച്ചു വർദ്ധിപ്പിച്ചു. പുതിയ നിയമത്തിൽ കർത്താവു തന്റെ ആദ്യ പ്രസംഗത്തിൽ അവളെ പ്രശംസിച്ചു (ലൂക്കോ 4:26).

ശിംശോൻ എന്ന ന്യായാധിപനും ശേഷിച്ച കഷണമായിരുന്നില്ലെ? ജഡപോയി, ശക്തി പോയി, കണ്ണു പോയി, കാലുകളും പോയി. അവ ബന്ധിക്കപ്പെട്ടിരിക്കുന്നു. സകല മാന്യതയും പോയി. മനസ്സുമാത്രം കുരുടായില്ല. അവന്റെ ഹൃദയദൃഷ്ടി പ്രകാശിച്ചു. വിളിയാലുള്ള ആശ ഇന്നതെന്നു ഗ്രഹിച്ചു. ക്ഷേത്രത്തിൽവച്ചു അവൻ യഹോവയോടു പ്രാർത്ഥിച്ചു. ദൈവജനത്തിന്റെ ശത്രുക്കളായ ഫെലിസ്ത്യരോടു പ്രതികാരം ചെയ്യുവാൻ ഒരു പ്രാവശ്യം കൂടെ ശക്തി നൽകണം. ദൈവത്തിന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്നവർക്കുവേണ്ടി വ്യാപരിക്കുന്ന ശക്തിയുടെ അളവറ്റ വലിപ്പം എന്തെന്നവൻ അറിഞ്ഞു (എഫെ 1:19).

ആ ശേഷിച്ച കഷണത്തെ ദൈവം ഫെലിസ്ത്യർക്കെതിരെ ആയുധമാക്കി. ഓടിച്ചാടി നടന്ന കാലത്തു പ്രയോജനപ്പെട്ടതിനേക്കാളധികം പ്രയോജനപ്പെടാൻ കണ്ണുംകാലുമില്ലാതിരുന്ന ജീവിതാന്ത്യത്തിൽ സാധിച്ചു. ശേഷിച്ച കഷണങ്ങളെ മറക്കാത്ത കർത്താവിനു സ്തോത്രം.

രൂത്തും ശേഷിച്ച കഷണമായിരുന്നു. അമ്മാവിയപ്പൻ, ഭർത്താവ്, ഭർത്താവിന്റെ അനുജനും ഭാര്യയും, സ്വന്തദേശം, മാതാപിതാക്കൾ, ഒക്കെ നഷ്ടമായിരുന്നു. അമ്മാവിയമ്മയെ അവളനുഗമിക്കുക യായിരുന്നെങ്കിലും വയലിൽ കതിർ പെറുക്കിയെങ്കിലും ആ വൃദ്ധയെ പോറ്റേണ്ടിയിരുന്നു. ആ ശേഷിച്ച കഷണമായ മേവാബ്യസ്ത്രീ മോവാബിൽ വച്ച് യഹോവയായ സത്യദൈവത്തിലാശ്രയം അർപ്പിച്ചിരുന്നു. അതുകൊണ്ട് ആ ശേഷിച്ച കഷണത്തെ ദൈവം കൈകളിലെടുത്തപ്പോൾ മഹാധനികന്റെ ഭാര്യയായി, മക്കളുണ്ടായി, മാന്യതയുണ്ടായി. ബൈബിളിൽ അവളുടെ പേരിൽ പുസ്തകമുണ്ടായി.

ദാവിദ് ശേഷിച്ച കഷണമായിരുന്നു. വീട്ടിലെ ഇളയവൻ 8-ാമൻ. യിശ്ശായിയുടെ മക്കളിൽ ഒരാളെ അടുത്ത രാജാവാക്കാൻ വരുന്നു എന്നു ശമുവേൽ പ്രവാചകനറിയിച്ചപ്പോൾ ദാവീദിനെ ആ ദൃശ്യത്തിനു സാക്ഷ്യം വഹിക്കാൻ പോലും അനുവദിക്കാതെ കാട്ടിൽ ആടിനെ മേയ്ക്കാൻ അയച്ചു. "എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചു" എന്നു പീന്നീട് എഴുതിയത് (സങ്കീ 27:10) ഇതോർത്താകാം ദാവീദ് അഭിഷേകം ചെയ്യപ്പെട്ടിട്ടും സഹോദരന്മാർ അവനെ ആടിന്റെ കുടെ വിട്ടു (1 ശമു 17:28). അതോർത്താകാം എന്റെ സഹോദരന്മാർക്കു ഞാൻ അന്യൻ എന്നെഴുതിയത് (സങ്കീ. 69:8). എല്ലാവരും നിസ്സാരമായി തള്ളിയ ശേഷിച്ച കഷണമായ ദാവീദ് അവിഭക്ത യിസ്രായേലിന്റെ സമുന്നത രാജാവാകുകതന്നെ ചെയ്തു.

ശേഷിച്ച ഒരു താലന്തിനെ തുച്ഛീകരിക്കാതെ വ്യാപാരം ചെയ്തിരുന്നെങ്കിൽ രണ്ടു താലന്താക്കാമായിരുന്നു. രണ്ടു പട്ടണത്തി നധിപനാകാമായിരുന്നു (ലൂക്കോ 19:13).

ശേഷിച്ച ഒരു മണിക്കൂറിനെ തുച്ഛീകരിക്കാതെ വിശ്വസ്തമായി മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുന്നതു കണ്ട യജമാനൻ അവസാനം വന്നവരെയാണു ആദ്യം വിളിച്ചതും 12 മടങ്ങു പ്രതിഫലം നൽകിയതും (മത്താ 20:9). 85-ാം വയസ്സിൽ കാലേബ് പറഞ്ഞു ശേഷിക്കുന്ന സമയം കർത്താവിന്റെ യുദ്ധസേവയ്ക്കുള്ളതായിരിക്കും. വാർദ്ധക്യത്തിൽ യോശുവ പറഞ്ഞു ശേഷിക്കുന്ന കാലം ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും.

ശേഷിച്ച കഷണം ലോകദൃഷ്ടിയിൽ ഗണനീയമല്ല. എന്നാൽ മണ്ണുകൊണ്ടു മനുഷ്യനെ സൃഷ്ടിച്ച കർത്താവിനത് വലുതും വിലയേറിയതുമാണ്. നാമും നമ്മുടെ കഴിവുകളും നമുക്കുള്ള സമയവും ഒരു കഷണം മാത്രമാകാം. കർത്താവിന്റെ പൊൻകരങ്ങളിലേക്കു സമർപ്പിച്ചാൽ അതിനെക്കൊണ്ടത്ഭുതം ചെയ്യുവാൻ കർത്താവിനു കഴിയും. തന്റെ കരങ്ങളിലേക്കു സമ്പൂർണ്ണമായി സമർപ്പിക്കുന്ന ശേഷിച്ച കഷണങ്ങളെക്കൊണ്ടു ദൈവത്തിനു എന്തെല്ലാം ചെയ്യാൻ കഴിയും എന്നു ലോകം ഇനിയും കാണേണ്ടിയിരിക്കുന്നു.





## 40

## ശീതകാലത്തിനു മുമ്പെ......

**പൌ**ലോസ് ഏകനായിരുന്നപ്പോൾ സഹോദരന്മാരുടെ സാന്നിദ്ധ്യം കൊതിച്ചു തീമോഥെയോസിനെഴുതി ശീതകാലത്തിനു മുമ്പെ വരുവാൻ ശ്രമിക്ക.

നാം ഇടയ്ക്കൊക്കെ പിക്കിനിക്കിനു പോകാറുള്ളവരാണ്. ഒരു യാത്ര ക്ലാരമ്മ സഹോദരിയെപ്പോലെ യാത്ര ചെയ്യുവാൻ നിവൃത്തിയില്ലാത്തവരുടെ അടുത്തേയ്ക്കാകട്ടെ. അതവർക്കു വലിയ സന്തോഷവും ചൈതന്യവും നൽകും.

സഭ ഒന്നായിട്ടോ അതിലെ യുവാക്കളോ സഹോദരിമാരോ കുടുംബങ്ങളോ ഒരു യാത്രയ്ക്കൊരുങ്ങുമ്പോൾ കണ്ണൂർ ജില്ലയിലെ ക്ലാരമ്മ സഹോദരിയെ ഓർക്കുക. വരിക, ചില പാട്ടുകൾ ഒരുമിച്ചിരുന്നു പാടുക, വചനം ധ്യാനിക്കുക, പ്രാർത്ഥിക്കുക-അങ്ങനെ നമ്മുടെ ക്രിസ്തീയ സ്നേഹം പങ്കുവയ്ക്കുക. കർത്താവതിനു അവസരം തരട്ടെ. വിലാസം താഴെ ചേർക്കുന്നു.

**Claramma Thomas**
Thattaparmbil, Arang P.O.,
Naduvil, Kannur. 670 582
Ph: 0460 2218323, 9446945146